
സ്വദേശാഭിമാനി പ്രതിഭാവിലാസം

പി. ഗോവിന്ദപ്പിള്ള



PG
070.9

സ്വദേശാഭിമാനി പ്രതിഭാവിലാസം

Swadesabhimani Prathibhavilasom (Study) • Author: P. Govinda Pillai • First Published: December 2010 • Cover Design: Bhattathiri • Layout: Sithara • Printing: Progressive, Kochi-17 • Published by: Sithara Books, Pallickal P.O., Kayamkulam-690503, Mob: 9447245842 • Price: 110/-

സ്വദേശാഭിമാനി പ്രതിഭാവിലാസം

(പഠനം)

7832

പി. ഗോവിന്ദപ്പിള്ള

എഡിറ്റർ

വിപിൻചന്ദ് വി.ജി.

സിതാര ബുക്സ്

പള്ളിക്കൽ പി.ഒ., കായംകുളം

പി. ഗോവിന്ദപ്പിള്ള

പെരുമ്പാവൂരിനടുത്തുള്ള പുല്ലുവഴിയിൽ 1926 മാർച്ച് 25-ന് ജനിച്ചു. വിദ്യാർഥി പ്രസ്ഥാനത്തിലും കേരള കർഷകസംഘത്തിലും പ്രവർത്തിച്ചു. 1951-ൽ തിരു-കൊച്ചി നിയമസഭയിലും പിന്നീട് 1957-59, 1967-69 കാലയളവിൽ കേരള നിയമസഭയിലും അംഗമായിരുന്നു. കിറ്റ് ഇന്ത്യാ സമരത്തിലും മറ്റും പങ്കെടുത്ത് പലതവണ ജയിൽവാസം അനുഭവിച്ചു.

1964 മുതൽ 1982 വരെ *ദേശാഭിമാനി*യുടെ മുഖ്യപത്രാധിപർ.

പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ: *ഇസങ്ങൾക്കിപ്പുറം, വിപ്ലവപ്രതിഭ, കേരളം ഇന്ത്യയിലെ അധഃകൃത സംസ്ഥാനം, സാഹിത്യവും രാഷ്ട്രീയവും, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഉദ്ഭവവും വളർച്ചയും, വിപ്ലവങ്ങളുടെ ചരിത്രം, സാഹിത്യം: അധോഗതിയും പുരോഗതിയും, പൂന്താനം മുതൽ സൈമൺ വരെ, ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ, ഭഗവദ്ഗീത-ബൈബിൾ-മാർക്സിസം, മഹാഭാരതം മുതൽ മാർക്സിസം വരെ, കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം, സ്വാതന്ത്ര്യത്തിന്റെ സാർവദേശീയത, ആഗോളവൽക്കരണം സംസ്കാരം മാധ്യമം, കേരള നവോത്ഥാനം: മതാചാര്യർ മതനിഷേധികൾ, ഫ്രെഡറിക് എംഗൽസ്: സ്നിഗ്ധനായ സഹകാരി വരിഷ്ഠനായ വിപ്ലവകാരി, ഇ എം എസും മലയാള സാഹിത്യവും, കേരള നവോത്ഥാനം: യുഗസന്ധതികൾ യുഗശിൽപ്പികൾ, മുൾക്കിരാജ് മുതൽ പവനൻ വരെ, സർഗാത്മകതയും പ്രതിബദ്ധതയും, ഇ എം എസ് നമ്പൂതിരിപ്പാട് (ജീവചരിത്രം), ചാൾസ് ഡാർവിൻ: ജീവിതവും കാലവും, വൈജ്ഞാനിക വിപ്ലവം ഒരു സാംസ്കാരിക ചരിത്രം, മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും, തർജുമ: കാട്ടുകടന്നൽ, ഇന്ത്യാചരിത്ര വ്യാഖ്യാനം മാർക്സിസ്റ്റ് വീക്ഷണത്തിൽ, ആര്യ ദ്രാവിഡ വിവാദവും മത നിരപേക്ഷതയും.*

ഭാര്യ : എം ജെ രാജമ്മ

മക്കൾ : എം ജി രാധാകൃഷ്ണൻ, ആർ പാർവതി ദേവി

മേൽവിലാസം: മുളയ്ക്കൽ, 9-സുഭാഷ് നഗർ,

തിരുവനന്തപുരം-695 008

ഉള്ളടക്കം

1. കലാപകാരിയായ പരിഷ്കർത്താവ് 9
2. ഭയകൗടില്യ ലോഭങ്ങൾക്കെതിരെ 23
3. വൃത്താന്ത പത്രപ്രവർത്തനം 39
4. ഭാഷാപരിഷ്കരണയത്നങ്ങൾ 46
5. പുസ്തകനിരൂപണം 63
6. സ്വദേശാഭിമാനിയുടെ പുസ്തക രചനകൾ 85
7. സ്വദേശാഭിമാനിയുടെ പാഠപുസ്തകങ്ങൾ 105
8. സ്വദേശാഭിമാനി പ്രസ്ഥാനവും രണ്ടു മൂവർസംഘങ്ങളും 116

അനുബന്ധം 1: സ്വദേശാഭിമാനിയെ നാടുകടത്താൻ പുറപ്പെടുവിച്ച രാജകീയ വിളംബരം 132
അനുബന്ധം 2: ജീവിത രേഖ 134
അനുബന്ധം 3: സ്വദേശാഭിമാനിയുടെ കൃതികൾ 135

ആമുഖം

ഇതിഹാസ നായകനായ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള യുടെ നാടുകടത്തലിന്റെ നൂറാം വാർഷികം ആചരിക്കുന്ന ചടങ്ങുകളോട് അനുബന്ധിച്ച് വിവിധ മാധ്യമങ്ങളിൽ എഴുതിയ പഠനങ്ങളാണ് ഈ സമാഹാരത്തിലെ ഉള്ളടക്കം. കേരള ഗ്രന്ഥശാലാ സഹകരണസംഘം പ്രസിദ്ധീകരിച്ച *സ്വദേശാഭിമാനിയുടെ സമ്പൂർണ്ണകൃതികൾ*ക്കുവേണ്ടി എഴുതിയ അവതാരികകളിലെ ചില ഭാഗങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വദേശാഭിമാനിയെക്കുറിച്ച് ഏറ്റവും അമൂല്യമായ ഒരു ജീവചരിത്ര പഠനം *(രാജ്യദ്രോഹിയായ രാജ്യസ്നേഹി)* എഴുതുകയും അദ്ദേഹത്തിന്റെ നശിച്ചുപോകാൻ ഇടയുണ്ടായിരുന്ന മുഖപ്രസംഗങ്ങളും മറ്റ് കൃതികളും ശേഖരിക്കുകയും ചെയ്ത ടി വേണുഗോപാലനും ഗ്രന്ഥശാലാ സഹകരണസംഘത്തിന്റെ പ്രസിഡൻറ് എന്ന നിലയിൽ സമ്പൂർണ്ണകൃതികളുടെ പ്രസിദ്ധീകരണത്തിന്റെ മുഖ്യ കൈകാര്യകർത്താവും ആയിരുന്ന പിരപ്പൻകോട് മുരളിക്കും ആണ് ഈ പഠനങ്ങൾ സമർപ്പിച്ചിരിക്കുന്നത്.

ഈ സമാഹാരം സ്വദേശാഭിമാനിയുടെ അവിശ്വസനീയമാംവിധം വിപുലമായ ആശയപ്രപഞ്ചത്തിലേക്കും കാലത്തിനപ്പുറം ചെല്ലുന്ന ഉൾക്കാഴ്ചകളിലേക്കും ഉള്ള ഒരു കിളിവാതിൽ മാത്രമാണ് അദ്ദേഹത്തിന്റെ സമ്പൂർണ്ണ കൃതികൾ എല്ലാം ഒരുമിച്ച് വായിച്ച് തീർന്നപ്പോൾ ഇക്കാര്യം കൂടുതൽ ബോധ്യമായി. അങ്ങനെ കർമപഥത്തിൽ മാത്രമല്ല ജ്ഞാനപഥത്തിലും രാമകൃഷ്ണപിള്ള ഒരു യോഗീശ്വരനെപ്പോലെ പ്രവർത്തിച്ചു എന്ന് അദ്ദേഹത്തിന്റെ സമ്പൂർണ്ണകൃതികൾ വായിച്ചാൽ ആർക്കും ബോധ്യപ്പെടും. പുതിയ തലമുറയിൽപെട്ട വായനക്കാർക്ക് ഈ മഹാവിജ്ഞാനസ്രോതസ്സിൽ നിന്ന് അല്പം എങ്കിലും തീർത്ഥം കൈക്കുമ്പിളിൽ എടുത്ത് ആചമിക്കുവാൻ ഈ എളിയ പുസ്തകം സഹായകമായി എങ്കിൽ അതിൽപരം ഒരു കൃതാർത്ഥത അനുഭവപ്പെടാനില്ല.

എന്റെ പല പുസ്തകങ്ങളുടേയും എഡിറ്റിങ് നിർവ്വഹിച്ച വിപിൻ ചന്ദ് തന്നെയാണ് ഇതിന്റെയും എഡിറ്ററും സമ്പാദകനും. അദ്ദേഹത്തോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു.

ക്രിസ്തുമസ് ദിനം, 2010 — പി. ഗോവിന്ദപ്പിള്ള

എ.കെ.ജി. സെന്റർ



അദ്ധ്യായം 1

കലാപകാരിയായ പരിഷ്കർത്താവ്

കേരളക്കരയുടെ ചരിത്രത്തിൽ സ്വദേശാഭിമാനി പത്രാധിപർ കെ. രാമകൃഷ്ണപിള്ളയുടെ (1878–1916) സ്ഥാനം അതുല്യമാണ്. അന്ന് തിരുവിതാംകൂർ, കൊച്ചി എന്നീ രണ്ട് നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് മലബാറും ആയി മൂന്ന് ഭരണഖണ്ഡങ്ങളായിരുന്നു കേരളം. തിരുവിതാംകൂറിലെ രാജാധികാരത്തിന്റെയും സേവകവൃന്ദത്തിന്റെയും അഴിമതിയേയും ദുരധികാരപ്രമത്തതയേയും എതിർത്തതിന് തിരുവിതാംകൂറിൽനിന്ന് 1910–ൽ നാടുകടത്തപ്പെട്ട സംഭവമാണ് അദ്ദേഹത്തെ അഖിലേന്ത്യാ പ്രശസ്തനാക്കിയത്. എങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളും ആദർശങ്ങളും കേരളമാകെ സ്വാധീനം ചെലുത്തുകയും നാടുകടത്തലിന് ശേഷം കൊച്ചിയിലും മലബാറിലുമായി പിൽക്കാലജീവിതം നയിച്ച് തന്റെ ജീവിതദൗത്യം അഭംഗുരം തുടരുകയും ചെയ്തതിനാൽ അദ്ദേഹത്തെ തിരുവിതാംകൂറുകാരൻ മാത്രമായി ചുരുക്കുന്നത് ചരിത്രദൃഷ്ട്യാ പ്രമാദമായിതീരും. അതുകൊണ്ടാണ് ആധുനിക കേരളചരിത്രത്തിലെ അദ്ദേഹത്തിന്റെ സ്ഥാനമെന്തെന്ന് പരിശോധിക്കാൻ ഇവിടെ മുതിരുന്നത്.

തെക്കൻ കേരളത്തിന്റെ തെക്കേ അറ്റത്ത് നെയ്യാറ്റിൻകര താലൂക്കിൽ ഒരു ഇടത്തരം നായർ കൂട്ടുകുടുംബത്തിൽ ജനിച്ച രാമകൃഷ്ണപിള്ള വളരെയേറെ ഇല്ലായ്മകളും വല്ലായ്മകളും സഹിച്ചാണ് അന്നത്തെ മെട്രിക്കുലേഷൻ പരീക്ഷ പാസായി തിരുവനന്തപുരത്ത് രാജകീയ കലാലയത്തിലെത്തി ബിരുദം നേടിയത്.

നെയ്യാറ്റിൻകര ക്ഷേത്രത്തിലെ പൂജാരി നരസിംഹൻ പോറ്റിയുടെയും ക്ഷേത്രത്തിലെ ജീവനക്കാരിയായിരുന്ന മുല്ലപ്പള്ളി വീട്ടിൽ ചക്കിയമ്മയുടെയും പുത്രനായിരുന്നു രാമകൃഷ്ണപിള്ള. ചക്കിയമ്മയ്ക്ക് മുൻഭർത്താവിൽ രണ്ടു മക്കൾ വേറെയുമുണ്ടായിരുന്നു. ചക്കിയമ്മയുടെ സഹോദരൻ കേശവപിള്ള വക്കീലായിരുന്നു തറവാട്ടിലെ കാരണവർ. പിന്നീട് അദ്ദേഹം

പ്രജാസഭാ മെമ്പർ എന്ന നിലയിലും പ്രമാണിയായി. ക്ഷയോന്മുഖമായ മുല്ലപ്പള്ളി തറവാടിനെ കരകയറ്റിയത് കേശവപിള്ളയാണ്. പക്ഷെ അനന്തരവന്മരോടോ പെങ്ങന്മാരോടോ വലിയ ഔദാര്യമോ വാത്സല്യമോ പ്രകടിപ്പിക്കുന്ന സ്വഭാവം അക്കാലത്തെ കാരണവന്മാർക്കില്ലായിരുന്നു, കേശവപിള്ളയ്ക്കും. ഈ സാഹചര്യങ്ങളിലാണ് വിദ്യാലയ പഠനം പ്രശസ്തമായ രീതിയിൽ പൂർത്തിയാക്കി രാമകൃഷ്ണപിള്ള തിരുവനന്തപുരത്ത് ഉപരിപഠനത്തിനായി എത്തുന്നത്.

കൗമാര വാസനകൾ

വിദ്യാലയത്തിലും കോളേജിലും മിതഭാഷിയായ ഒതുങ്ങിയ മട്ടുകാരനായിരുന്നു രാമകൃഷ്ണപിള്ള. ഉറക്കംതൂങ്ങിയും മന്ദനുമായി കൂട്ടുകാരും അധ്യാപകരും അയാളെ വിലയിരുത്തി. പക്ഷെ പരീക്ഷകൾക്കൊക്കെ പ്രശംസാർഹമായ ജയം. രാമകൃഷ്ണപിള്ള മെട്രിക്കുലേഷൻ ജയിച്ചപ്പോൾ "ആ ഉറക്കംതൂങ്ങി ജയിച്ചുവെന്നോ" എന്ന് ഒരു അധ്യാപകൻ അത്ഭുതപ്പെട്ടു ചോദിച്ചുപോയി എന്നും പറയപ്പെടുന്നു. അതേതുടർന്ന് അനന്തരവനെ തന്റെ തൊഴിലിൽ സഹായിയായി കൂട്ടണം എന്നും തന്റെ മകളുടെ മുറച്ചെറുക്കനായ അയാളെ മരുമകനാക്കണമെന്നും ആശിച്ചിരുന്ന അമ്മാവൻ കേശവപിള്ള വക്കീൽ അയാളെ ഉപരിപഠനത്തിനായി തിരുവനന്തപുരത്ത് രാജകീയ കലാലയത്തിൽ ചേർത്തു. വർഷം 1894. കഥാനായകന് വയസ്സ് 16. ഇന്നത്തെ പ്ലസ് ടുവിന് സമാനമായ എഫ് എ ജയിച്ച് 1898-ൽ ബിരുദ പഠനത്തിന് ചേർന്നു.

അർധമൗനിയായി 'ഉറക്കംതൂങ്ങി'യെപ്പോലെ ക്ലാസ്മുറിയുടെ മൂലകളിൽ ഒതുങ്ങി, ചിലപ്പോൾ അധ്യാപകന്റെ സംഭാഷണം ശ്രദ്ധിച്ചും ചിലപ്പോൾ ജാലകത്തിലൂടെ പുറത്തേക്ക് ദൃഷ്ടിനട്ടും ഇരുന്നിരുന്ന ആ കുമാരന്റെ ഉള്ളം വികാര വിചാരങ്ങളാൽ പ്രക്ഷുബ്ധമായിരുന്നു എന്ന് ആദ്യമാരും കരുതിയില്ല. അന്ന് ലഭ്യമായിരുന്ന പുസ്തകങ്ങളും പത്രമാസികകളും അദമ്യമായ തൃഷ്ണയോടെ വായിച്ച് കിട്ടുന്ന അറിവും ചുറ്റുപാടും കണ്ടും കേട്ടും കിട്ടുന്ന വിവരങ്ങളുമാണ് ആ യുവവിദ്യാർത്ഥിയുടെ മനനത്തിനും മഥനത്തിനും വിഷയമായത് എന്നതും അധികമാരും അറിഞ്ഞിരുന്നില്ല. എന്നാൽ അതൊക്കെ ഉള്ളിൽ ഒതുക്കി തന്റെ മനനത്തിനും ധ്യാനത്തിനുമായി ശേഖരിച്ചുവയ്ക്കുന്ന പ്രകൃതമായിരുന്നില്ല രാമകൃഷ്ണപിള്ളയുടേത്. കൗമാരാരംഭത്തിലേ കവിതയിലും ലേഖനവിദ്യയിലും വിരുതുകാട്ടാൻ തുടങ്ങിയിരുന്ന രാമകൃഷ്ണപിള്ള താൻ കണ്ടും കേട്ടും അറിഞ്ഞതും വായിച്ച് ഗ്രഹിച്ചതും ചിന്തിച്ച് ചെന്നെത്തിയതുമെല്ലാം വിവിധ പത്രമാസികകൾക്ക് എഴുതി അയച്ച് തുടങ്ങി. പലതും അച്ചടിച്ച് വന്നു. അവയ്ക്കെല്ലാം കിട്ടിയ അൽപപ്രതിഫലങ്ങൾ തന്റെ ശോഷിച്ച കീശയെ അല്പമെങ്കിലും വീർപ്പിക്കാൻ ഉതകുകയും ചെയ്തു.

അനന്തരവന്റെ ഈവക അഭ്യാസങ്ങൾ അമ്മാവന് തീരെ രുചിച്ചില്ലെന്ന് പറയേണ്ടതില്ലല്ലോ. അക്കാലത്ത് നെയ്യാറ്റിൻകര കോടതിയിലെ മുൻസിഫ്, വക്കീലന്മാരിൽ നിന്നും കക്ഷികളിൽനിന്നും കോഴി, മുട്ട, നേന്ത്രക്കായ്, മുറുക്ക്, പ്രഥമൻ തുടങ്ങി പലതും പതിവായി കൈപ്പറ്റി അതനുസരിച്ച് ജാമ്യമനുവദിക്കുകയും വിധി പ്രസ്താവിക്കുകയും ചെയ്തുവന്നത് അന്നാട്ടിൽ ഒരു രഹസ്യമല്ലായിരുന്നു. *മലയാളമനോരമ*യിൽ നെയ്യാറ്റിൻകര കത്തായി അത് അച്ചടിച്ച് വന്നപ്പോൾ വിവർണനായ മുൻസിഫ് വക്കീൽ കേശവപിള്ളയെ ചേമ്പറിൽ വിളിച്ച് അനന്തരവന്റെ തോന്ന്യാസത്തെ മുൻനിറുത്തി ശകാരിച്ചു. കേശവപിള്ള അതേ ശകാരം വീട്ടിലെത്തി അനന്തരവനും കൊടുത്തു. മാത്രമല്ല ക്ലാസ് കഴിഞ്ഞ് കൃത്യമായി വീട്ടിലെത്തിയില്ലെങ്കിൽ ഫലം അപ്പോൾ കാണാമെന്ന താക്കീതും നൽകി. ലേഖനവിദ്യ ഉടൻ അവസാനിപ്പിച്ചുകൊള്ളണമെന്ന ഉഗ്രശാസനവും. ഉഗ്രശാസനം ലംഘിച്ചു എന്നു വരുത്താതെ കൃത്യസമയത്ത് വീട്ടിലെത്തി 'മര്യാദരാമനാ'യി നടന്നുകൊണ്ട് അനന്തരവൻ തന്റെ ഇഷ്ടവ്യാപാരം നിർവിഘ്നം അനുഷ്ഠിച്ചുകൊണ്ടിരുന്നു എന്നത് മറ്റൊരു കാര്യം.

രാജധാനിയിലെ സ്വതന്ത്രലോകം

അങ്ങനെ 1894-ൽ രാജകീയ കലാലയത്തിലെ എഫ്എ വിദ്യാർഥിയായി ഈ പതിനാറുകാരൻ എത്തുമ്പോഴേക്കും വായനക്കാരനും എഴുത്തുകാരനും പത്രപ്രവർത്തകനും എന്ന നിലയിൽ പ്രായത്തിൽ കവിഞ്ഞ പക്വതയുള്ള ഒരാളായിത്തീർന്നിരുന്നു സ്മര്യപുരുഷൻ. സംഭവങ്ങളുടെയും വാർത്തകളുടെയും പ്രഭവസ്ഥാനമായിരുന്ന രാജധാനിയിലെ സ്വതന്ത്രാന്തരീക്ഷം നെയ്യാറ്റിൻകരയിലെ ശ്വാസംമുട്ടിക്കുന്ന വിലക്കുകളിൽനിന്നും വിമുക്തിനേടാൻ അയാൾക്ക് സഹായകമായി. പല സുഹൃത്തുക്കൾ, പല എതിരാളികൾ, പല അപരിചിതർ, പ്രിൻസിപ്പൽ മിച്ചൽ സായിപ്പ്, മഹാനായ എ.ആർ. രാജരാജവർമ, പണ്ഡിതനായ രാമക്കുറുപ്പ് മുൻഷി തുടങ്ങിയ അധ്യാപകശ്രേഷ്ഠന്മാർ, പിൽക്കാലത്ത് തിരുവിതാംകൂർ ചരിത്രത്തിൽ ഹൈക്കോടതി ജഡ്ജിമാരും മഹാകവികളും സാഹിത്യരസികന്മാരും പൊതുജനനേതാക്കളും മറ്റുമായി ഉയർന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ഉള്ളൂർ എസ്. പരമേശ്വര അയ്യർ, പി.കെ. നാരായണപിള്ള, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ തുടങ്ങിയ സതീർഥ്യർ. കോളേജിന് പുറത്തെങ്കിലും സാഹിത്യലോകത്തിലും വിദ്യാഭ്യാസരംഗത്തും മഹാസാന്നിദ്ധ്യമായിരുന്ന സാഹിത്യസാർവഭൗമൻ കേരളവർമ വലിയകോയി തമ്പുരാൻ, പൊതുജനനേതാവും ആഖ്യായികാകാരനുമായിരുന്ന സി.വി. രാമൻപിള്ള - എന്തിനേറെ പറയുന്നു, ആ മഹൽസംഗമത്തിലേക്കാണ് ഉൾനാട്ടുകാരൻ പയ്യൻ എത്തിപ്പെട്ടത്. ഇതിനകം തന്നെ അപകടകരവും വരുമാനം കുറഞ്ഞതുമായ തന്റെ ജീവിതദൗത്യം മിക്കവാറും തീരുമാനിച്ചുകഴിഞ്ഞിരുന്ന നെയ്യാറ്റിൻകരക്കാരൻ ചെറുപ്പക്കാരന് തലസ്ഥാ

നനഗരിയുടെ പ്രതാപത്തിലോ സഹപാഠികളുടെ മഹത്വാകാംക്ഷയിലോ ഭ്രമം തോന്നിയില്ല. അവിടെയും ധർമ്മനിഷ്ഠമായ തന്റെ പത്രപ്രവർത്തനം (ഇന്നത്തെ ഭാഷയിൽ ഫ്രീലാൻസ് പത്രപ്രവർത്തനം) ഊർജ്ജസ്വലമായി തുടരുകയാണ് ചെയ്തത്.

അതിനിടയ്ക്ക് രാമകൃഷ്ണപിള്ള മോഹിച്ചിരുന്ന ഒരു പദവി വീണുകിട്ടി, *കേരളദർപ്പണം* എന്ന ഒരു വാർത്താപത്രികയുടെ പത്രാധിപത്യം. പാൽക്കുളങ്ങരയിലെ വെയിലൂർ തറവാട്ടിലെ ഭാഷാസ്നേഹിയായ പരമേശ്വരൻപിള്ള എന്ന ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു *കേരളദർപ്പണ*ത്തിന്റെ ഉടമസ്ഥൻ. വെയിലൂർ വീടിനു സമീപമായിരുന്നു പിൽക്കാലത്തു കവിയും സാംസ്കാരിക നായകനും മറ്റുമായി പേരെടുത്ത ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ താമസിച്ചിരുന്നത്. കൊച്ചിക്കാരനായ ഒടുവിൽ ഉപരിവിദ്യാഭ്യാസത്തിനാണ് തിരുവനന്തപുരത്ത് എത്തി വാടക വീട്ടിൽ താമസമാക്കിയത്. ചെറുപ്പത്തിലെ തലയെടുപ്പിനോടൊപ്പം സാഹിത്യവാസനകളും പ്രകടിപ്പിച്ച മേനോന്റെ വീട് സാഹിത്യരസികരും വിജ്ഞാനഭിക്ഷുകളും ആയ ചെറുപ്പക്കാരുടെയും, ചിലപ്പോൾ മുതിർന്നവരുടെയും, സംഗമതാവളവും വിവാദവേദിയുമായതിൽ അത്ഭുതമില്ല. ഈ സദസ്സുകളിൽ സ്ഥിരം സാന്നിധ്യമായിരുന്ന രാമകൃഷ്ണപിള്ളയോടൊപ്പം അയൽപക്കത്തെ *കേരളദർപ്പണം* ഉടമസ്ഥൻ പരമേശ്വരൻപിള്ളയും വരാറുണ്ടായിരുന്നു. ചിലപ്പോൾ സംഗമവേദി വെയിലൂർ വീട്ടിലാകുകയും പതിവായിരുന്നു. ഇങ്ങനെയാണ് പരമേശ്വരൻപിള്ള നമ്മുടെ കഥാനായകനെയും അദ്ദേഹത്തിന്റെ ബുദ്ധിവിശേഷത്തെയും കഴിവുകളെയും മനസ്സിലാക്കി 1899-ൽ തന്റെ പത്രത്തിലേക്ക് ക്ഷണിച്ച് പത്രാധിപരായി നിയമിച്ചത്.

ഇത്രകൂടിയായപ്പോൾ അമ്മാവൻ കേശവപിള്ള വക്കീലിന്റെ ക്ഷമകെട്ടു. അനന്തരവൻ രാമകൃഷ്ണപിള്ളയെ അദ്ദേഹം തറവാട്ടിൽനിന്ന് ബഹിഷ്കരിച്ചു. സാമ്പത്തികമായും മറ്റും അതൊരു പ്രഹരമായിരുന്നു എങ്കിലും രാജധാനിയിലെത്തിയതിന് ശേഷം അനുഭവപ്പെടാൻ തുടങ്ങിയിരുന്ന സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പടവായി രാമകൃഷ്ണപിള്ള അതിനെയും പരിഗണിച്ചു.

ഈ ഘട്ടത്തിലെ മറ്റൊരുപകഥ പരമേശ്വരൻപിള്ളയുടെ സുന്ദരിയും സുശീലയും സർവോപരി വിദുഷിയും ആയിരുന്ന അനന്തരവൾ നാണിക്കുട്ടിയമ്മയെ 1901-ൽ രാമകൃഷ്ണപിള്ള വിവാഹം കഴിച്ചതാണ്. അന്നത്തെ മലയാളം ഹയർ പരീക്ഷ പാസായി നിന്നിരുന്ന ബുദ്ധിമതിയായ ഈ യുവതി ഇംഗ്ലീഷ് ഭാഷയിൽ അല്പം പിന്നോക്കമായിരുന്നു. നാണിക്കുട്ടിയുടെ അച്ഛൻ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കേശവകൈമളുടെയും മാതുലൻ പരമേശ്വരൻപിള്ളയുടെയും അഭ്യർത്ഥന പ്രകാരം രാമകൃഷ്ണപിള്ള വെയിലൂർ വീട്ടിലെത്തി നാണിക്കുട്ടിക്ക് ട്യൂഷൻ നൽകാറുണ്ടായിരുന്നു. അങ്ങിനെയിരിക്കെ *കേരളദർപ്പണ*ത്തിന്റെ പത്രാധിപരെകൊണ്ട് കുട്ടിയെ വിവാഹം കഴിപ്പിക്കാൻ

ആലോചന വരികയും ആർഭാടരഹിതമായി അത് നടക്കുകയും ചെയ്തു. ആർഭാടരാഹിത്യം ആദർശദാർഢ്യം മാത്രം കൊണ്ടുണ്ടായതല്ല. അക്കാലത്ത് ഉച്ചനീചത്വാടിസ്ഥാനത്തിൽ, നായന്മാരുടെ ഇടയിൽ നിലവിലിരുന്ന അവാന്തരവിഭാഗങ്ങളിൽപെട്ടവർ തമ്മിൽ, മഹാകവി കുമാരനാശാന്റെ ഭാഷയിൽ "കെട്ടില്ലാത്ത"വരും "തമ്മിലൂട്ടില്ലാത്തവരും" ആയിരുന്നു നെയ്യാറ്റിൻകരയിലെ മുല്ലപ്പള്ളി വീട്ടുകാരുടെ അഭിപ്രായത്തിൽ പാൽക്കുളങ്ങരയിലെ വെയിലൂർ തറവാട്ടുകാർ താഴ്ന്ന പടിയിൽപെട്ട നായന്മാരായിരുന്നു. അതുകൊണ്ട് അമ്മാവൻ കേശവപിള്ളയും ബന്ധുജനങ്ങളും ഈ 'വിജാതീയ' വിവാഹത്തെ എതിർക്കുകയും ബഹിഷ്കരിക്കുകയും ചെയ്തതിനാൽ വരനോടൊപ്പം വിവാഹത്തിന് പോകാൻ ഏതാനും സതീർഥ്യർ മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷെ ഈ വിവാഹം നായന്മാരുടെ ഇടയിൽ വിവാദം സൃഷ്ടിച്ചു. അവർക്കിടയിലെ പ്രാകൃതമായ അവാന്തരവിഭാഗ വ്യവസ്ഥയ്ക്ക് താൻ നൽകുന്ന പ്രഹരമായി വിവാഹത്തെ രാമകൃഷ്ണപിള്ള അഭിമാനപൂർവം കരുതി.

നാണിക്കുട്ടിയമ്മയുമായുള്ള ദാമ്പത്യജീവിതം രാമകൃഷ്ണപിള്ളയ്ക്ക് ആനന്ദകരമായിരുന്നു. ബുദ്ധിമതിയും മലയാളഭാഷയിൽ വിദഗ്ധയും ആയിരുന്ന നാണിക്കുട്ടി അമ്മയ്ക്കും അങ്ങിനെതന്നെ. തന്റെ പ്രതിഭാധനനായ ഭർത്താവിന്റെ പത്രപ്രവർത്തനത്തിൽ വിവിധ നിലകളിൽ സഹായിക്കാനുള്ള കഴിവും സന്മനസ്സും അവർക്കുണ്ടായിരുന്നത് അദ്ദേഹത്തിന് അനുഗ്രഹമായി. പക്ഷെ വിധിവിപര്യയത്താൽ 1904-ൽ അവർ അകാലചരമം അടഞ്ഞു. അങ്ങിനെയാണ് വിദ്യാസമ്പന്നയും ഗുണവതിയും സാഹിത്യകാരിയും ആയിരുന്ന വഞ്ചിയൂർ കുഴിവിളവീട്ടിൽ ബി. കല്യാണിഅമ്മയെ 1905-ൽ രാമകൃഷ്ണപിള്ള വിവാഹം ചെയ്തത്. ദുരിതത്തിന്റെയും ദാരിദ്ര്യത്തിന്റെയും കാലത്ത് നാടുകടത്തപ്പെട്ട് അന്യനാടുകളിൽ പാർക്കുമ്പോഴെല്ലാം രാമകൃഷ്ണപിള്ളയ്ക്ക് കല്യാണിയമ്മ സ്നേഹസമ്പന്നയായ ഹസ്താവലംബയും ആശ്വാസപ്രദായിനിയും ആയിരുന്നു.

സംക്രമ സന്ധ്യ

അങ്ങനെ 21-ാം വയസ്സിൽ രാമകൃഷ്ണപിള്ള *കേരളദർപ്പണ*ത്തിന്റെ പത്രാധിപത്യം ഏറ്റെടുക്കുമ്പോൾ 20-ാം നൂറ്റാണ്ട് ആരംഭിക്കാൻ ഒരു വർഷം ബാക്കി. 1901-ൽ നാണിക്കുട്ടി അമ്മയെ വിവാഹം ചെയ്ത് കുടുംബസ്ഥനാകുമ്പോൾ 20-ാം നൂറ്റാണ്ട് പിറന്ന് ഒരു വർഷം. അങ്ങിനെ 19-ഉം 20-ഉം നൂറ്റാണ്ടുകളുടെ സംക്രമസന്ധി കേരളത്തിനെന്നല്ല ഇന്ത്യയിലും ഒരു തയ്യാറെടുപ്പിന്റെ അന്ത്യത്തെയും സാക്ഷാൽക്കാര പ്രക്രിയയുടെ ആരംഭത്തെയും കുറിക്കുന്നു. ഈ രണ്ടു ഘട്ടങ്ങളുടെ പ്രത്യേകതകളും പ്രതീക്ഷകളും പ്രക്ഷുബ്ധതയും ഒത്തുചേർന്ന ഒരു സംക്രമപുരുഷനായിരുന്നു സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള. ഈ സംക്രമയുഗ വ്യക്തിത്വത്തിന്റെ സവിശേഷത

കൾ മനസ്സിലാക്കാൻ സംക്രമസന്ധ്യയെക്കുറിച്ച് അല്പം വിവരിച്ചേ മതിയാവൂ.


19-ാം നൂറ്റാണ്ടിലെ യൂറോപ്യൻ വ്യവസായവൽക്കരണവും ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പുരോഗതിയും നൽകിയ ഭീമശക്തിയിലൂടെ ലോകത്തെ മുഴുവനും പാശ്ചാത്യശക്തികൾ വെട്ടിപ്പിടിച്ച് കഴിഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശുഭാപ്തിവിശ്വാസത്തിന്റെ വിക്ടോറിയൻ യുഗമായി 19-ാം നൂറ്റാണ്ടിനെ അവർ കൊണ്ടാടി. ഈ അഹന്തയും അതിക്രമങ്ങളും ആധിപത്യവുമെല്ലാം ആസന്നമായ തകർച്ചയുടെ ആരംഭം മാത്രമാണെന്ന് വി ഐ ലെനിൻ തൊട്ടുള്ള സോഷ്യലിസ്റ്റുകാർ നൽകിയ മുന്നറിയിപ്പ് ബധിരകർണങ്ങളിലാണ് പതിച്ചത്. 1914-ൽ ഒന്നാം ലോകമഹായുദ്ധം (1914-1918) ആരംഭിക്കുകയും 1917-ൽ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം ലോകമുതലാളിത്ത ഘടനയിൽ വലിയ വിള്ളൽ സൃഷ്ടിക്കുകയും ചെയ്തതോടെ വിക്ടോറിയൻ ശുഭാപ്തിവിശ്വാസം വെയിലത്ത് വച്ച മഞ്ഞ് പോലെ അലിഞ്ഞുപോകുകയും ആ ദുരന്ത ദുശ്ശകുനങ്ങൾ യൂറോപ്പിനെ വീണ്ടുവിചാരങ്ങളിലേക്ക് നയിക്കുകയും ചെയ്തു. 1916-ൽ രാമകൃഷ്ണപിള്ള 38-ാം വയസ്സിൽ അകാലചരമം അടയുമ്പോൾ അതുവരെ നടന്ന സംഭവങ്ങളും നടക്കാനിരിക്കുന്ന സംഭവങ്ങളും അദ്ദേഹത്തിന്റെ കൃതികളിലും ലേഖനങ്ങളിലും പ്രതിഫലിക്കുകയുണ്ടായി. പടിഞ്ഞാറൻ മേധാവികൾ അധികാരമദത്തിൽ പുളച്ചുകൊണ്ടിരുന്നപ്പോൾ, യൂറോപ്പിലും ഏഷ്യയിലും ഒന്നാംലോകമഹായുദ്ധം എന്ന ദുരന്തത്തിലേക്ക് നയിച്ച സംഭവങ്ങൾ നടക്കുകയായിരുന്നു. ജർമനിയിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉയർച്ച, 1905-ലെ റഷ്യൻ-ജപ്പാൻ യുദ്ധത്തിൽ റഷ്യയുടെ തോൽവി, ആ വർഷത്തിലെ പരാജയപ്പെട്ട റഷ്യൻ വിപ്ലവം, റഷ്യയുടെ ദ്യൂമ എന്ന പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പ്, തുർക്കിയിലെ വിപ്ലവാരംഭം, 1911-ലെ ചൈനീസ് ബൂർഷ്വാ വിപ്ലവം എന്നിങ്ങനെ പോകുന്നു 1916-ലേക്കുള്ള പോക്ക്. ഇന്ത്യയിലാകട്ടെ സ്വാതന്ത്ര്യസമരത്തിന്റെ പുതിയ ഘട്ടം, കഴ്സൺ പ്രഭുവിന്റെ ബംഗാൾ വിഭജനം, ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ ഉല്പതിഷ്ണുക്കളും മിതവാദികളും തമ്മിലുള്ള പിളർപ്പ്, ബാലഗംഗാധര തിലകന്റെ നാടുകടത്തലും ലാലാ ലജ്പത് റായിക്കെതിരായ രാജദ്രോഹക്കേസും - ഈ പറഞ്ഞ മിക്ക കാര്യങ്ങളെക്കുറിച്ചും അക്കാലത്തെ മറ്റൊരു പത്രവും പ്രസിദ്ധീകരിക്കാത്ത, മറ്റൊരു പത്രപ്രവർത്തകനും എഴുതാത്ത, എത്രയോ കാര്യങ്ങൾ രാമകൃഷ്ണപിള്ള അദ്ദേഹം പ്രവർത്തിച്ചിരുന്ന ഒൻപത് പത്രമാസികകളിൽ എഴുതിയിട്ടുണ്ട്. കൂടാതെ ദേശീയ പ്രസ്ഥാനത്തിൽ അക്കാലത്ത് പ്രസിദ്ധനായിത്തീർന്നിട്ടില്ലാത്ത മോഹൻദാസ് കരംചന്ദ് (പിൽക്കാലത്ത് മഹാത്മാ) ഗാന്ധിയുടെ ജീവചരിത്രം, സോഷ്യലിസത്തെക്കുറിച്ചുള്ള പല ലേഖനങ്ങൾക്ക് പുറമേ ഇന്ത്യയിൽ ഇന്ത്യൻ ഭാഷകളിൽ ആദ്യമായി രചിക്കപ്പെട്ട കാൾ മാർക്സിന്റെ ജീവചരിത്രം മുതലായവയും രാമകൃഷ്ണപിള്ളയുടെ വിശ്വവ്യാ

പകമായ വീക്ഷണത്തിന്റെയും അറിവിന്റെയും നിദർശനങ്ങളാണ്.


സാർവദേശീയ രംഗത്ത് ഈ രാഷ്ട്രീയ സാമ്പത്തിക സംഭവവികാസങ്ങൾ മാത്രമല്ല ശ്രദ്ധാർഹമായത്. 1900-ത്തിന് തൊട്ടുമുമ്പ് റോൺജന്റെ എക്സ്റേ, തോംസന്റെ ഇലക്ട്രോൺ, മേരി ക്യൂറിയുടെ റേഡിയം എന്നീ കണ്ടുപിടുത്തങ്ങൾ. ഇരുപതാം നൂറ്റാണ്ടു പിറക്കുമ്പോൾ 18 വർഷം മുൻപ് അന്തരിച്ച ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തത്തെ വികസിപ്പിച്ച് നവ ഡാർവിനിസത്തിന് തുടക്കം കുറിച്ച ഗ്രിഗോർ മെൻഡലിന്റെ പാരമ്പര്യശാസ്ത്രവും ജനിതകവും 1900 ത്തിൽ പ്രസിദ്ധമായി. 1905-ലെ ആൽബർട്ട് ഐൻസ്റ്റീന്റെ സവിശേഷ ആപേക്ഷിക സിദ്ധാന്തം, ഏണസ്റ്റ് റുഥർഫോർഡിന്റെ അണുഘടന കണ്ടെത്തൽ തുടങ്ങിയവയും നവഡാർവിനിസവും ഭൗതികവും ജൈവവും ആയ ലോകത്തെ സംബന്ധിച്ച് മനുഷ്യന്റെ അറിവുകൾ അചുംബിതമായ ഉയരങ്ങളിലേക്ക് കുതിപ്പിക്കുകയായിരുന്നു. ഡാർവിനെ സംബന്ധിച്ചും പരിണാമവാദത്തെ സംബന്ധിച്ചും ശാസ്ത്രസാങ്കേതിക വിദ്യകളെ സംബന്ധിച്ചും രാമകൃഷ്ണപിള്ളക്ക് അറിവും താല്പര്യവും ഉണ്ടായിരുന്നുവെന്നതിന് അദ്ദേഹത്തിന്റെ ലേഖനങ്ങളും ഗണിതം, കൃഷി തുടങ്ങിയ വിഷയങ്ങളെ മുൻനിർത്തിയുള്ള പഠനങ്ങളും വ്യക്തമാക്കുന്നു.

കേരള നവോത്ഥാനം

ഭാരതം ഉൾപ്പെടെ ലോകമാകെ ഇപ്രകാരം ഒരു പുതിയ ചരിത്രഘട്ടത്തിലേക്ക് നീങ്ങുമ്പോൾ അവയെക്കാളെല്ലാം പിന്നിലായിരുന്ന കേരളത്തിലും ഈ സംക്രമണത്തിന്റെ മാറ്റൊലികൾ കേട്ടു തുടങ്ങിയിരുന്നു. അവയിൽ ഏറ്റവും പ്രധാനം 1888-ൽ അരുവിപ്പുറത്ത് ശ്രീനാരയണ ഗുരുവിന്റെ കാർമ്മികത്വത്തിൽ നടന്ന ശിവപ്രതിഷ്ഠയാണ് എന്നതും, ശ്രീനാരായണ ഗുരു കേരള നവോത്ഥാനത്തിന്റെ പിതാവാണെന്നതും ഇന്ന് സാർവ്വത്രികമായി അംഗീകരിക്കപ്പെടുന്നു. ഈ ഘട്ടത്തിൽ തന്നെ നടന്ന മലയാളി മെമ്മോറിയൽ പ്രക്ഷോഭണവും, ഈഴവ മെമ്മോറിയൽ സമർപ്പണവും, പത്രപ്രവർത്തനരംഗത്ത് ഉണ്ടായ പുരോഗതിയും, അപ്പു നെടുങ്ങാടിയുടെ *കുന്ദലത*യോടും ഒ ചന്തുമേനോന്റെ *ഇന്ദുലേഖ*യോടും കൂടെ ഗദ്യശാഖയും മലയാളിയുടെ ഭാഷാ വ്യവഹാരങ്ങളിൽ മുന്നേറിതുടങ്ങിയതും നവോത്ഥാനത്തിന്റെ നേർഫലങ്ങളും പാർശ്വഫലങ്ങളും ആയിട്ടാണ്. പദ്യശാഖയെ പിന്തള്ളി ഗദ്യശാഖയും പത്രപ്രവർത്തനവും വ്യാപിച്ചത് ജനാധിപത്യ പ്രക്രിയയുടെ ഫലമായിട്ടാണ്. വൃത്തനിബദ്ധവും അന്വയവും ദൂരാന്വയവുംകൊണ്ട് ദുർഘടങ്ങളും അന്വയാർത്ഥവും ടിപ്പണികളും കൊണ്ട് വികൃതവും ആയ ക്ലാസിക് ശൈലി അഥവാ നവക്ലാസിക് ശൈലിയെ കാൽപനികം എന്ന് വിശേഷിക്കപ്പെടുന്ന ലാളിത്യത്തിലേക്കും ഗ്രഹണക്ഷമതയിലേക്കും നയിച്ചത് സാംസ്കാരിക രംഗത്തെ ജനാധിപത്യവൽക്കരണമാണ്. 19-ാം നൂറ്റാ




ചട്ടമ്പിസ്വാമി




ശ്രീനാരായണഗുരു



ജി.പി.പിള്ള



ബ്രഹ്മാനന്ദ ശിവയോഗി



അയ്യങ്കാളി



വക്കം മൗലവി

ണ്ടിന്റെ അവസാനം എ ആർ രാജരാജവർമ എഴുതിയ *മലയവിലാസ*വും ഇരുപതാം നൂറ്റാണ്ടിൽ വി സി ബാലകൃഷ്ണപണിക്കർ എഴുതിയ *ഒരു വിലാപവും* സർവോപരി കുമാരനാശാന്റെ 1907-ലെ *വീണപൂവും* കവിതാരംഗത്ത് വിപ്ലവം സൃഷ്ടിക്കുകയായിരുന്നു. മഹാനായ രാജരാജവർമ്മയുടെ *കേരളപാണിനീയവും ഭാഷാഭൂഷണവും നളചരിതം* മുതലായ കൃതികൾക്കെഴുതിയ നിരൂപണവും 1911-ലെ ആശാൻ കൃതിയായ *നളിനി*യെ പുതിയ പ്രസ്ഥാനത്തിന്റെ തുടക്കമായി കാണാനുള്ള ഉൾക്കാഴ്ചയും, മലയാളഭാഷയെയും സാഹിത്യത്തെയും ഒരു പുത്തൻ തലത്തിലേക്ക് ഉയർത്തുകയായിരുന്നു. രാജരാജവർമ്മയുടെ ഉത്തമശിഷ്യനും വാത്സല്യപാത്രവും ചിലപ്പോൾ ഗുരുവിന്റെ അന്വേഷണങ്ങൾക്ക് മറുപടി നൽകി ഉപദേഷ്ടാവായിപ്പോലും വർത്തിച്ചിരുന്ന രാമകൃഷ്ണപിള്ള സാംസ്കാരികരംഗത്തെ ഈ പുത്തനുണർവിനെ പൂർണമായും സ്വാംശീകരിച്ചിരുന്നുവെന്ന് ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടിയുള്ള വാദങ്ങൾപോലെ സാഹിത്യരംഗത്തെ ഇടപെടലുകളും വ്യക്തമായി തെളിയിക്കുന്നു.

നിരൂപണം എന്ന സാഹിത്യശാഖതന്നെ ജനാധിപത്യത്തിന്റെ വികാസവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ടെറി ഈഗിൾട്ടനെപോലുള്ളവർ സമർത്ഥിച്ചിട്ടുണ്ട്. (*Functions of Criticism*) ദേവാംശസംഭവരും രാജകീയ പുരസ്കർത്താക്കളും ആയ മഹാ സർഗപ്രതിഭകളെ വിമർശിക്കാൻ ആർക്കധികാരം? രാജാവിനെയും പ്രഭുക്കളെയും മേലാളന്മാരെയും അനുസരിക്കുകയല്ലാതെ ചോദ്യം ചെയ്യാൻ അവകാശമില്ലാത്ത സാധാരണക്കാരുടെ സമൂഹത്തിന് സർഗപ്രതിഭകളെയും വിമർശിക്കാൻ അവകാശമില്ലെന്നായിരുന്നു പഴയ സങ്കല്പം. രാജാവിനെയും പ്രഭുക്കന്മാരെയും വിമർശിക്കാൻ മാത്രമല്ല സ്ഥാനഭ്രഷ്ടരാക്കാൻപോലും അവകാശം നൽകുന്ന ജനാധിപത്യബോധം സാഹിത്യകാരന്മാരെയും ഒഴിച്ചു നിർത്തിയിരുന്നില്ല. ഇംഗ്ലീഷ് സാഹിത്യ വിമർശനത്തിന്റെ ആദ്യപഥികരായിരുന്ന ജോൺസണും ഹസ്ലിറ്റും കോളറിഡ്ജും മറ്റും രാഷ്ട്രീയത്തിൽ ഉല്പതിഷ്ണുക്കളും ജനാധിപത്യവാദികളും ആയിരുന്നു എന്നോർക്കുക. അതുപോലെ കേരളത്തിലും സാഹിത്യ നിരൂപണമെന്നത് നവോത്ഥാനത്തോടുകൂടി വളർന്നുവന്ന ജനാധിപത്യമണ്ഡലത്തിന്റെ (Public sphere) ധർമങ്ങളിൽ ഒന്നാണ്. കേരളത്തിൽ പ്രത്യേകിച്ച് തിരുവിതാംകൂറിൽ ഈ പബ്ലിക് സ്ഫിയർ രൂപം കൊള്ളുന്നത് ബാരിസ്റ്റർ ജി പി പിള്ളയുടെയും മറ്റും നേതൃത്വത്തിൽ അഭ്യസ്തവിദ്യരായ മലയാളികൾക്ക് അർഹമായ ഉദ്യോഗം സർക്കാർ നൽകണം എന്നും തമിഴരോടും തെലുങ്കരോടും മറാത്തികളോടും ഉള്ള അമിതമായ മമത അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് മഹാരാജാവിന് നൽകിയ നിവേദന പത്രത്തോടുകൂടിയാണ്. മലയാളി മെമ്മോറിയൽ പ്രക്ഷോഭണവും (1889-1891) അരുവിപ്പുറം പ്രതിഷ്ഠയും അതിന് വേണ്ടി രൂപീകരിച്ച ക്ഷേത്രസമിതിയും ഈ പ്രക്രിയകളെ മുന്നോട്ടുകൊണ്ടുപോയി. 1888-ൽ തിരുവിതാംകൂറിലെ

പരിമിതാധികാരങ്ങളോടെയുള്ള പ്രഥമ നിയമസഭയുടെ രൂപീകരണവും ഈ മണ്ഡലത്തിന്റെ വികാസത്തിന്റെ സൂചനയാണ്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ ഗദ്യസാഹിത്യകൃതിയായ *ഇന്ദുലേഖ* പ്രസിദ്ധീകരിച്ച വർഷംതന്നെ മലയാളത്തിലെ പ്രഥമ സാഹിത്യനിരൂപണ മാസികയായ *വിദ്യാവിനോദിനി* സി.പി. അച്യുതമേനോന്റെ പത്രാധിപത്യത്തിൽ ആരംഭിച്ചത് ആകസ്മികമാകാമെങ്കിലും അർഥവത്തായ സന്ദർഭപ്പൊരുത്തം ഇരു പ്രസിദ്ധീകരണങ്ങൾക്കുമുണ്ട്. കേരളവർമ്മ വലിയകോയിത്തമ്പുരാനും മറ്റും സാഹിത്യ നിരൂപണങ്ങളും അവതാരികകളുമൊക്കെ എഴുതി തുടങ്ങിയിരുന്നുവെങ്കിലും നിരൂപണത്തെ സാഹിത്യശാഖയായി മുഖംനോക്കാതെ ത്യാജ്യ ഗ്രാഹ്യവിവേചനത്തോടെ വളർത്തിയത് അച്യുതമേനോനാണ്. ജനാധിപത്യരാഷ്ട്രീയത്തിന്റെയും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്റെയും ഉത്തിഷ്ഠമാന പ്രയോക്താവായ രാമകൃഷ്ണപിള്ളതന്നെയാണ് അച്യുതമേനോന്റെ ചുവട് പിടിച്ച് മലയാള നിരൂപണത്തെ വളർത്തിയത്.

അച്ചടിയും പത്രപ്രവർത്തനവും ഗദ്യസാഹിത്യവ്യാപനവും മറ്റും വിജയകരമാകണമെങ്കിൽ പഴയ കൈയക്ഷരത്തെയും ഓലയും നാരായവും ഉപയോഗിച്ചുള്ള രായസത്തെയും മറികടക്കേണ്ടിയിരുന്നു. 1847-ൽ ഹെർമൻ ഗുണ്ടർട്ടും ബെഞ്ചമിൻ ബെയ്‌ലിയും *രാജ്യസമാചാര*മെന്നും *ജ്ഞാനനിക്ഷേപ*മെന്നും പേരുള്ള കാലിക പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചപ്പോൾ തന്നെ തുടങ്ങിയതാണ് അച്ചടിക്ക് ഉതകിയ വിധത്തിൽ അക്ഷരമാല പരിഷ്കരിക്കുകയെന്നത്. വളച്ചുകെട്ടില്ലാത്ത ലളിതമായ ഗദ്യശൈലി വാർത്തെടുക്കുന്നതിന് കണ്ടത്തിൽ വർഗീസ് മാപ്പിള പത്രാധിപരായിരുന്ന *കേരള മിത്ര*വും ചെങ്കുളത്ത് കുഞ്ഞിരാമമേനോന്റെ *കേരള പത്രിക*യും വർഗ്ഗീസ് മാപ്പിളയുടെതന്നെ *മലയാള മനോരമ*യും *ഭാഷാപോഷിണി*യും കേരളവർമ്മ ഉൾപ്പെടെ അക്കാലത്തെ പ്രമുഖ സാഹിത്യനായകരുടെ പങ്കാളിത്തത്തോടെ സ്ഥാപിച്ച ഭാഷാപോഷിണിസഭയും പല പല പരിഷ്കാരങ്ങൾ പടിപടിയായി നടത്തിക്കൊണ്ടിരുന്നു. എന്നാൽ എ ആർ രാജരാജവർമ്മയും അദ്ദേഹത്തിന്റെ വത്സലശിഷ്യൻ രാമകൃഷ്ണപിള്ളയുമാണ് ഈ വഴിക്ക് തുടർന്നുള്ള പടവുകൾ ചവിട്ടിക്കയറിയത്. ഇംഗ്ലീഷ് സാങ്കേതികപദങ്ങൾക്ക് മലയാളത്തിൽ സമാനപദങ്ങൾ കണ്ടെത്താൻ ഉപകരിക്കുന്ന ഒരു നിഘണ്ടു നിർമ്മിക്കാൻ രാജരാജവർമ്മ ആലോചിച്ചപ്പോൾ അതിന് സഹായിയായി കണ്ടത് രാമകൃഷ്ണപിള്ളയെയാണ്. രാമകൃഷ്ണപിള്ളയുടെ നാടുകടത്തലും മറ്റും ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് വിഘാതമായി.

ഭാഷാപരിഷ്കരണത്തിന്റെ വിവിധ മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ച് തന്റെ പുസ്തകനിരൂപണങ്ങളിലും, ലേഖനങ്ങളിലും, ഇംഗ്ലീഷിൽ നിന്ന് വിവർത്തനം ചെയ്ത പുസ്തകങ്ങളെക്കുറിച്ചുള്ള വിമർശനങ്ങളിലും രാമ

കൃഷ്ണപിള്ള ധാരാളം പരാമർശങ്ങളും സൂചനകളും നൽകിയിട്ടുണ്ട്.

സാഹിത്യ അഭിരുചിയിൽ ക്ലാസിക് പണ്ഡിതർക്ക് സഹജമായ പഴയ രചനാരീതികളോട് ചിലപ്പോഴെല്ലാം രാമകൃഷ്ണപിള്ള ആഭിമുഖ്യം പ്രകടിപ്പിക്കുന്നുണ്ട്. എങ്കിലും ഭാഷാ പരിഷ്കരണകാര്യത്തിൽ അദ്ദേഹം തികച്ചും ഒരു ഉൽപ്പതിഷ്ണുവായിരുന്നു.

നവോത്ഥാനത്തിന്റെ വ്യാപനവും രാഷ്ട്രീയവും

കേരള നവോത്ഥാനത്തിന്റെ ആദ്യപടവുകളെക്കുറിച്ചും യൂർഗൻ ഹെബർമാസും മറ്റും വിവരിക്കുന്ന പൊതുമണ്ഡലത്തിന്റെ വികാസത്തെക്കുറിച്ചും, പൊതുജനാഭിപ്രായം, അവകാശസ്ഥാപനത്തിനുള്ള ജനകീയ പ്രക്ഷോഭണശൈലികൾ മുതലായവയെക്കുറിച്ചും നാം ചർച്ച ചെയ്തുവല്ലോ. ഈ പൊതുമണ്ഡലരൂപീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നത് ജനകീയ സംഘടനകളും വർത്തമാന പത്രങ്ങളുമാണ്. രാമകൃഷ്ണപിള്ളയുടെ മേഖല സംഘടനകളായിരുന്നില്ല. പത്രപ്രവർത്തനം ആയിരുന്നു. ഒൻപത് പത്രങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഒരു സ്വതന്ത്ര ലേഖകൻ എന്ന നിലയയിൽ സ്കൂൾ വിദ്യാഭ്യാസകാലം മുതലെ പ്രവർത്തിച്ചുവന്ന രാമകൃഷ്ണപിള്ള, 21-ാമത്തെ വയസ്സിൽ *കേരള ദർപ്പണ*ത്തിന്റെ പത്രാധിപരായതും അതിൽ രോഷംപൂണ്ട മാതുലൻ വക്കീൽ കേശവപിള്ള അദ്ദേഹത്തെ വീട്ടിൽനിന്ന് പുറത്താക്കിയതും മറ്റും വിവരിച്ചിരുന്നല്ലോ. 1899-ൽ *കേരള ദർപ്പണ*ത്തിന്റെ പത്രാധിപത്യത്തോടൊപ്പം വിദ്യാഭ്യാസ കാര്യങ്ങൾക്ക് മുൻതൂക്കം നൽകിവന്ന *ഉപാദ്ധ്യായൻ* എന്ന ഒരു മാസികയുടെ പത്രാധിപത്യവും അദ്ദേഹം വഹിച്ചിരുന്നു. പിൽക്കാലത്ത് സമുദായ ഉത്തേജകൻ എന്ന് ആരാധകർ വിശേഷിപ്പിച്ചുവന്ന സി. കൃഷ്ണപിള്ള *ഉപാദ്ധ്യായൻ* തുടങ്ങുമ്പോൾ ഒരു സ്കൂൾ ഇൻസ്പെക്ടറായിരുന്നു. അദ്ദേഹം സ്ഥാപിച്ച കേരളീയ നായർ സമാജം പിൽക്കാലത്ത് രൂപംകൊണ്ട നായർ സർവീസ് സൊസൈറ്റിയുടെ മുൻഗാമിയായിരുന്നു എന്നു പറയാം. *ഉപാദ്ധ്യായൻ* അധികകാലം നീണ്ടുനിന്നില്ല. തന്റെ ഭാര്യ നാണിക്കുട്ടി അമ്മയുടെ മാതുലനും *കേരള ദർപ്പണ*ത്തിന്റെ ഉടമസ്ഥനുമായിരുന്ന വെയിലൂർ പരമേശ്വരൻ പിള്ളയ്ക്കും രാമകൃഷ്ണപിള്ളയ്ക്കും അധികകാലം യോജിച്ചു പോകാൻ പല കാരണങ്ങളാൽ സാധിച്ചില്ല. *കേരള ദർപ്പണം* വിട്ടശേഷം *കേരള പഞ്ചിക*, *മലയാളി*, *കേരളൻ* എന്നീ പത്രങ്ങളുടെ പത്രാധിപസ്ഥാനം മാറിമാറി രാമകൃഷ്ണപിള്ള വഹിച്ചു. എന്തുകൊണ്ട് ഇവയിൽ ചിലത് നിന്നുപോയി? എന്തുകൊണ്ട് രാമകൃഷ്ണപിള്ള ചിലതുമായി തെറ്റിപ്പിരിഞ്ഞു? എന്നൊന്നും ഇവിടെ വിവരിക്കുന്നില്ല. ഒരു പ്രധാന കാരണം രാമകൃഷ്ണപിള്ളയുടെ രാഷ്ട്രീയ നിലപാടുകളിൽ ഉടമസ്ഥർക്കുണ്ടായ ഭിന്നാഭിപ്രായം

തന്നെ. രാജാധിപത്യത്തെയും രാജസേവകന്മാരെയും വിമർശിക്കുന്നതിൽ അവർക്ക് ഭയം ഉണ്ടായിരുന്നു. ഒടുവിൽ പാണ്ഡിത്യവും പരിഷ്കരണാഭിമുഖ്യവും, ധൈര്യവും ഒത്തുചേർന്ന ഒരു മഹാപുരുഷനെ രാമകൃഷ്ണപിള്ളയ്ക്ക് സഹായിയായി ലഭിച്ചു. കേരള നവോത്ഥാനത്തിന്റെ ചരിത്രത്തിലെ അഗ്രഗണ്യരുടെ നിരയിൽപ്പെട്ട വക്കം മുഹമ്മദ് അബദുൾ ഖാദർ മൗലവിയായിരുന്നു (1873-1932) അത്. ശ്രീനാരായണഗുരുവിന്റെ സുഹൃത്തും സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രോത്സാഹകനും മദ്രസ വിദ്യാഭ്യാസത്തെ ആധുനിക വിദ്യാഭ്യാസവുമായി കോർത്തിണക്കിയ പരിഷ്കർത്താവും ബഹുഭാഷാപണ്ഡിതനുമായിരുന്ന വക്കം മൗലവി നടത്തിവന്ന പത്രമാണ് *സ്വദേശാഭിമാനി*. താനൊരിക്കലും പത്രാധിപരുടെ സ്വാതന്ത്ര്യത്തിലോ പത്രത്തിന്റെ നടത്തിപ്പിലോ ഇടപെടുകയില്ല എന്ന് രാമകൃഷ്ണപിള്ളയ്ക്ക് ഉറപ്പു നൽകുകയും, രാജകോപത്തെപോലും വകവയ്ക്കാതെ ആ വാഗ്ദാനം പാലിക്കുകയും ചെയ്ത ഒരു ധീരാത്മാവായിരുന്നു മൗലവി. ഒടുവിൽ ശങ്കരൻതമ്പി തുടങ്ങിയ അഴിമതിക്കാരായ രാജസേവകന്മാരുടെയും ദിവാൻ രാജഗോപാലാചാരിയെ പോലുള്ള ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളുടെയും ഉപജാപത്തെ തുടർന്ന് 1910 സെപ്തംബർ 26-ന് *സ്വദേശാഭിമാനി* പത്രവും പ്രസ്സും കണ്ടുകെട്ടുകയും പത്രാധിപരെ നാടുകടത്തുകയും ചെയ്തപ്പോഴും മൗലവി ചഞ്ചലചിത്തനായില്ല.

1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാപനത്തിന് തൊട്ടുമുമ്പ് ആരംഭിച്ച *കേരള പത്രിക*യുടെ പത്രാധിപർ ചെങ്കളത്ത് കുഞ്ഞിരാമമേനോൻ അടിയുറച്ച ദേശീയവാദിയും കോൺഗ്രസ്സുകാരനുമായിരുന്നു. രാമകൃഷ്ണപിള്ള എഴുതിയ പ്രസിദ്ധമായ *വൃത്താന്തപത്രപ്രവർത്തനം* എന്ന പുസ്തകത്തിന് അവതാരിക എഴുതിയത് കുഞ്ഞിരാമമേനോനാണ്. മലയാള പത്രപ്രവർത്തനം അതിന്റെ ശൈശവദശയിലായിരുന്ന കാലത്ത് താൻ *കേരള പത്രിക* എന്ന ലക്ഷണം തികഞ്ഞ ഒരു പൊതുജനമാധ്യമം പ്രസിദ്ധീകരിക്കുമ്പോൾ പൊതുജനാഭിപ്രായം എന്ന ഒരു സംഗതിയേ നാട്ടിൽ ഇല്ലായിരുന്നുവെന്നും വിമർശനങ്ങളിൽ നിന്നും മാധ്യമ വെളിച്ചത്തിൽനിന്നും വിമുക്തരായിരുന്ന സർവതന്ത്ര സ്വതന്ത്രരായ അധികാരികളുടെ അഴിമതിയും തോന്ന്യാസവുമാണ് നടന്നുവന്നിരുന്നതെന്നും മേനോൻ അവതാരികയിൽ പറയുന്നു. രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തന കാലമായപ്പോഴേക്കും ഈ ദുർനടപടികൾ അവസാനിച്ചുവെന്ന് പറയാറായില്ലെങ്കിലും വിമർശനത്തിന്റെയും വെളിപ്പെടുത്തലുകളുടെയും വെള്ളിവെളിച്ചത്തിൽ നിന്ന് അഴിമതിക്കാർക്കും ദുരധികാരപ്രമത്തർക്കും രക്ഷപെടാൻ കഴിഞ്ഞില്ല. അപ്പോഴും ഉദരംഭരികളായ 'തിരുമുമ്പിൽ സേവക്കാർ' ഉണ്ടായിരുന്നു എന്നതിന്റെ തെളിവ് രാമകൃഷ്ണപിള്ളയുടെ അനുഭവങ്ങൾ തന്നെയാണ്.

*കേരള ദർപ്പണ*ത്തിന്റെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് രാമകൃഷ്ണപിള്ള തെളിവുറ്റ ഭാഷയിൽ തന്റെ ആദ്യത്തെ മുഖപ്രസംഗം (*പത്രങ്ങളുടെ ചുമതല*) എഴുതുമ്പോൾ അത് അദ്ദേഹത്തിന്റെ ജീവിത ദൗത്യത്തിന്റെ വിളംബരം കൂടിയായിരുന്നു. പിന്നീട് പത്രാധിപത്യം വഹിച്ച പത്രങ്ങളിലെല്ലാം പലതവണ ഈ വിഷയത്തിലേക്ക് അദ്ദേഹം തിരിച്ചെത്തിയിട്ടുണ്ട്. 'പൊതുജനദാസന്മാരും വർത്തമാനപത്രങ്ങളും' 'ഒരു പത്രാധിപയോഗത്തിന്റെ ആവശ്യകത' 'മലയാള പത്രങ്ങളുടെ ലേഖകന്മാർ' തുടങ്ങിയവ *കേരളപഞ്ചിക*യിലെ മുഖപ്രസംഗങ്ങളാണ്. പിന്നീടും ഈ വിഷയത്തിലേക്ക് അദ്ദേഹം പലതവണ തിരിച്ചുവന്നുകൊണ്ടിരുന്നു.

സ്വദേശാഭിമാനിയുടെ നാടുകടത്തലിന്റെ 100-ാം വാർഷികം ആചരിക്കുമ്പോൾ പോലും അന്ന് അദ്ദേഹം ഉയർത്തിപ്പിടിച്ച ആദർശങ്ങൾ ഇന്നത്തെ ഭൂരിപക്ഷം പത്രങ്ങൾക്കും പുതുതായി രംഗപ്രവേശം ചെയ്തിരിക്കുന്ന ഇലക്ട്രോണിക് മാധ്യമങ്ങൾക്കും ബാധകമല്ലേ എന്ന് നാം സ്വയം ചോദിച്ചുപോകുന്നു. ഈ ദുരവസ്ഥ പരിഹരിക്കുകയും നന്മയ്ക്കും സത്യത്തിനും മേന്മയ്ക്കും മുൻതൂക്കമുള്ള ഒരു സമൂഹസൃഷ്ടിക്കുവേണ്ടി പടവെട്ടുകയും ചെയ്ത രാമകൃഷ്ണപിള്ള ഒടുവിൽ നാട്ടിൽനിന്ന് ബഹിഷ്കൃതനായതിന്റെ കഥ കേരള നവോത്ഥാനചരിത്രത്തിലെ ഒരു സുപ്രധാന ഏടാണ്. കേരളത്തിന്റെ ആധുനിക ചരിത്രത്തിൽ രാമകൃഷ്ണപിള്ളയുടെ സ്ഥാനവും പങ്കും എന്തെന്ന് പ്രശസ്ത ചരിത്രകാരനായ ഡോ. കെ.എൻ. പണിക്കർ തന്നെ പറയുന്നത് വായിക്കുക:

> മലയാളിയുടെ ആധുനിക അവബോധരൂപീകരണത്തെ സ്വാധീനിച്ച പല ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് പത്രപ്രവർത്തനം. ആദ്യകാല പത്രങ്ങൾ വാർത്തകൾ വായനക്കാരിൽ എത്തിക്കുക എന്ന പ്രാഥമിക കർത്തവ്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവയായിരുന്നു. അതിൽനിന്ന് വ്യത്യസ്തമായി മലയാളത്തിൽ ആദ്യമായി പത്രങ്ങളെ രാഷ്ട്രീയസമൂഹ്യവിമർശനത്തിന്റെ വേദിയാക്കിയത് സ്വദേശാഭിമാനിയാണെന്നതിന് ഭിന്നാഭിപ്രായം ഉണ്ടാകാനിടയില്ല. അതിലൂടെ രാമകൃഷ്ണപിള്ള സുപ്രധാനമായ രണ്ട് പ്രവണതകൾക്ക് കരുത്ത് നൽകി. ജനാധിപത്യവൽക്കരണത്തിനും പൊതുമണ്ഡല രൂപീകരണത്തിനും. മലയാളി മെമ്മോറിയലിൽ നാമ്പെടുത്ത ജനാധിപത്യ അവബോധത്തിന്റെ ജിഹ്വയായി *സ്വദേശാഭിമാനി*യെ വിശേഷിപ്പിക്കാം. ഫ്യൂഡൽ ബന്ധങ്ങളിൽ അധിഷ്ഠിതമായ രാജവാഴ്ചയുടെ ഭരണസമ്പ്രദായത്തിന് ബദലായി അദ്ദേഹം വിഭാവനം ചെയ്യുന്നത് പ്രജകളുടെ താല്പര്യങ്ങളിൽ ഊന്നിയ ഒരു ആധുനിക വ്യവസ്ഥയാണ്, രാജഭക്തിയിലല്ല

രാജ്യഭക്തിയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥ. ഈ കാഴ്ചപ്പാടിനെ ആദ്യകാല ആധുനികാവബോധത്തിന്റെ പ്രതിഫലനമായി കണക്കാക്കാവുന്നതാണ്. രാമകൃഷ്ണപിള്ള ആ അവബോധത്തിന്റെ പ്രണേതാവും രാജ്യത്തെ രാജഭക്തിയിൽനിന്ന് വേർതിരിച്ചുകൊണ്ട് ആധുനിക രാഷ്ട്രസങ്കൽപ്പത്തിന് രൂപം കൊടുക്കുവാൻ ശ്രമിക്കുകയായിരുന്നു. സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം ഈ പ്രക്രിയയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ഈ ബന്ധമാണ് സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനത്തിന്റെ കാതൽ. (അവതാരിക, *സ്വദേശാഭിമാനിയുടെ സമ്പൂർണ്ണകൃതികൾ*, സഞ്ചിക 4)

അധ്യായം 2

ഭയകൗടില്യ ലോഭങ്ങൾക്കെതിരെ

നാടുവാഴി സ്വേച്ഛാധിപത്യം, സവർണമേൽകോയ്മ, സ്വജനപക്ഷപാതം, അഴിമതി, സദാചാരഭ്രംശം തുടങ്ങിയ കളങ്കങ്ങൾകൊണ്ട് കലുഷിതമായിരുന്ന തിരുവിതാംകൂർ രാജഭരണത്തെയും ഉദ്യോഗസ്ഥ പ്രഭുത്വത്തെയും നിശിതമായി ലേഖനങ്ങളിലൂടെയും മുഖപ്രസംഗങ്ങളിലൂടെയും വിമർശിച്ചതിനാണല്ലോ 1910-ൽ *സ്വദേശാഭിമാനി* പത്രാധിപർ തിരുവിതാംകൂറിൽ നിന്ന് നാടുകടത്തപ്പെട്ടതും അദ്ദേഹത്തിന്റെ പത്രവും അച്ചുകൂടവും കണ്ടുകെട്ടിയതും. അതുകൊണ്ടായിരിക്കാം കേരള നവോത്ഥാനത്തിന്റെ ഉജ്ജ്വലമായ രാഷ്ട്രീയമുഖമായി അദ്ദേഹം സ്മരിക്കപ്പെടുന്നത്. അതിൽ തെറ്റില്ല. സമൂഹത്തിന്റെ സർവ്വാംഗീണമായ പരിവർത്തനത്തിന് ഉതകുംവിധമുള്ള വൈകാരികവും വൈചാരികവും ആയ പുത്തനുണർവാണ് നവോത്ഥാനത്തിന്റെ ലക്ഷ്യമെന്നതുകൊണ്ട് രാഷ്ട്രീയം തീർച്ചയായും അതിന് അന്യമല്ല. എങ്കിലും സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും വിദ്യാഭ്യാസരംഗത്ത് മേൽജാതി-വരേണ്യ കുത്തകയ്ക്കും അയിത്തം തുടങ്ങിയ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്ക് എതിരായ ആശയങ്ങൾക്കും കർമ്മപദ്ധതികൾക്കും നവോത്ഥാനത്തിൽ രാഷ്ട്രീയത്തോളമോ അതിലേറെയോ മുൻതൂക്കമുണ്ടെന്ന് പാശ്ചാത്യ-പൗരസ്ത്യ നവോത്ഥാന ചരിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ആധുനിക ശാസ്ത്രീയ ചിന്തയ്ക്കും യുക്തിവാദത്തിനും നവോത്ഥാന പ്രക്രിയയിൽ നിർണ്ണായക സ്വാധീനമാണുള്ളത്. അച്ചടിവിദ്യയും പുസ്തകപ്രസിദ്ധീകരണവും മാധ്യമപ്രചാരവും നവോത്ഥാനസന്ദേശ വ്യാപനത്തിന് അനുപേക്ഷണീയമാണ്. ഈ വിവിധ രംഗങ്ങളിലുള്ള പ്രവർത്തനങ്ങൾക്കും പ്രചാരവേലയ്ക്കും ഉതകുന്ന ഒരുപാധിയായിട്ടാണ് രാമകൃഷ്ണപിള്ള അദ്ദേഹത്തിന്റെ നിശിതമായ തൂലിക നിരന്തരമായി ചലിപ്പിച്ചതും ലേഖകനും പത്രാധിപനുമെന്ന നിലയിൽ മാധ്യമങ്ങളെ ഫലപ്രദവും ചിലപ്പോൾ പ്രകോപനപരവുമായി ഉപയോഗപ്പെടുത്തിയതും.

ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ ആയിരത്തി എണ്ണൂറ്റി നാല്പത്തിയേഴ് മുതൽ ഹെർമൻ ഗുണ്ടർട്ടിന്റെ *രാജ്യസമാചാരം* തലശ്ശേരിയിൽ നിന്നും ബെഞ്ചമിൻ ബെയ്‌ലി സായ്പ്പിന്റെ *ജ്ഞാനനിക്ഷേപം* കോട്ടയത്തുനിന്നും മലയാള പത്രപ്രവർത്തനത്തിന് നാന്ദി കുറിച്ചു എന്നു പറയാം. എങ്കിലും മതനിരപേക്ഷമായ രാജ്യകാര്യ വിചാരങ്ങൾക്കും വിവാദങ്ങൾക്കും ഉതകുന്ന ആധുനിക പത്രപ്രവർത്തനം 1880 കളോടുകൂടി കൊച്ചിയിൽനിന്ന് ദേവ്ജി ഭീംജി എന്ന ഗുജറാത്തി വ്യാപാരി, കണ്ടത്തിൽ വർഗീസുമാപ്പിളയുടെ പത്രാധിപത്യത്തിൽ തുടങ്ങിയ *കേരളമിത്രത്തോ*ടുകൂടിയും ദേശീയവാദിയായ ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ കോഴിക്കോട്ടുനിന്നാരംഭിച്ച *കേരള പത്രിക*യോടുംകൂടി മാത്രമേ ആരംഭിച്ചതായി കണക്കാക്കാനാവൂ. മലയാളി മെമ്മോറിയിൽ പ്രക്ഷോഭണത്തെ സഹായിക്കാനായി ആരംഭിച്ച *മലയാളി*, 1888 ൽ ആരംഭിച്ച *നസ്രാണി ദീപിക*, 1890 ൽ ആരംഭിച്ച *മലയാള മനോരമ* എന്നിവയോടുകൂടി മലയാള പത്രപ്രവർത്തനം കൗമാരത്തെ പിന്നിട്ട് യൗവ്വനത്തിലേക്ക് കുതിക്കുകയായിരുന്നു എന്നു പറയാം. 1888 ൽ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠയോടുകൂടി ശ്രീനാരായണഗുരു പ്രോദ്ഘാടനം നിർവ്വഹിച്ച കേരള നവോത്ഥാന പ്രസ്ഥാനവും "മലയാളി മെമ്മോറിയൽ" "ഈഴവ മെമ്മോറിയൽ" തുടങ്ങിയ പ്രക്ഷോഭണ പരിപാടികളും 1888-ൽ പരിമിത അധികാരത്തോടുകൂടി തിരുവിതാംകൂറിൽ സ്ഥാപിക്കപ്പെട്ട നിയമനിർമ്മാണസഭയും എല്ലാം ദക്ഷിണകേരളത്തെ നാടുവാഴിത്തത്തിന്റെ ദീർഘനിദ്രയിൽ നിന്ന് തട്ടിയുണർത്താൻ തുടങ്ങിയെങ്കിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തോടെയാണ് നവോത്ഥാനസൂര്യന്റെ ഉദയരശ്മികൾ ചൂടുപിടിച്ച് പരക്കാൻ തുടങ്ങിയത്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ദൗത്യവും ഈ സംക്രമസന്ധിയിലാണ് ആരംഭിക്കുന്നത്. അദ്ദേഹത്തിന്റെ ആദ്യത്തെ മുഖപ്രസംഗം 1899 സെപ്തംബർ 14-ന്റെ *കേരള ദർപ്പണ*ത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതാണെന്ന വസ്തുത ഈ പശ്ചാത്തലത്തിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

ഈ സംക്രമസന്ധ്യയിൽ ഉദിച്ചുയർന്ന സംക്രമപുരുഷനായിരുന്നു നമ്മുടെ കഥാനായകൻ എന്ന് "പത്രങ്ങളുടെ ചുമതല" എന്ന പ്രഥമ മുഖപ്രസംഗം തന്നെ പ്രഖ്യാപിക്കുന്നു. അതാരംഭിക്കുന്നത് ഇങ്ങനെയാണ്:

> മലയാള പത്രങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ യാതൊരുവിധത്തിലും ശ്ലാഘനീയമായിരിക്കുന്നില്ലെന്ന് പല സജ്ജനങ്ങളും പ്രസംഗിക്കുന്നുണ്ട്. ഇതിന്റെ ഹേതു എത്രതന്നെ സാധുവായിരിക്കട്ടെ; ഇതിൽ ഏറെക്കുറെ വാസ്തവം അന്തർഭവിച്ചിട്ടുണ്ടെന്ന് നിർമ്മൽസരന്മാരായ ഏവർക്കും സമ്മതിക്കാതിരിക്കാൻ പാടില്ല. വർത്തമാന പത്രങ്ങളുടെ കൃത്യമിന്നതെന്നും അകൃത്യമിന്നതെന്നും - ഗ്രഹിക്കുന്നതിന് നമ്മുടെ ഇടയിൽ പല ആളുകളും ഇതേവരെ പ്രാപ്തന്മാരായിട്ടില്ലെന്ന് കാണുന്നതുതന്നെയാണ് ഇതിലേക്ക് മുഖ്യമായ ലക്ഷ്യം.


REGD. No. H 66

സ്വദേശാഭിമാനി

THE SVADESABHIMANI

PUBLISHED EVERY WEDNESDAY.

സ്വദേശാഭിമാനി പത്രത്തിന്റെ പുറംചട്ട

തുടർന്ന് അദ്ദേഹം അക്കാലത്തെ പത്രപ്രവർത്തന ദൗർബല്യങ്ങൾക്കുള്ള കാരണം, ശാസ്ത്രീയമായി സ്വപ്രത്യയസ്ഥൈര്യവും ഉള്ള പത്രപ്രവർത്തകരുടെ വിരളതയിലേക്ക് വിരൽചൂണ്ടുന്നു. ഈ കുറിപ്പെഴുതുമ്പോൾ ഈ മുഖപ്രസംഗത്തിന് ഒരു നൂറ്റാണ്ടിലേറെ പ്രായമായിട്ടും ഇന്നും അതിലെ വിമർശനങ്ങളും നിർദ്ദേശങ്ങളും ഒട്ടും കാലഹരണപ്പെടാതെ പ്രസക്തമായി തുടരുന്നു എന്നുള്ളത് രാമകൃഷ്ണപിള്ളയുടെ കാലിക പ്രതികരണങ്ങൾക്കുപോലും ക്ലാസിക്കൽ കാലാതീതത്വ സ്വഭാവം കൈവരുന്നു എന്നതിന്റെ തെളിവാണ്. ഈ മുഖപ്രസംഗം എഴുതിയശേഷം കഷ്ടിച്ച് പതിനാറുവർഷം മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. അതും പീഡനങ്ങളും ദാരിദ്ര്യവും രോഗവും സ്ഥിരതാമസത്തിനുപോലും ഇടം ഇല്ലാതെ അലച്ചിലും നിറഞ്ഞ നാളുകൾ. എങ്കിലും ഈ പതിനാറു വർഷത്തിനിടയിൽ പത്രപ്രവർത്തനത്തിലും രാഷ്ട്രീയത്തിലും പൊതുജീവിതത്തിലും സാമാന്യമായി വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്ക് സാധിച്ചു എന്നതാണ് അദ്ദേഹത്തെ കലാപകാരിയായ ഒരു പരിഷ്കർത്താവും ത്യാഗോജ്ജ്വലജീവിതം നയിച്ച ഇതിഹാസനായകനുമായി ഉയർത്തിയത്.

"രാജസേവകന്മാരും തിരുവിതാംകൂർ ഗവൺമെന്റും" എന്ന പേരിൽ *സ്വദേശാഭിമനിയിൽ* മൂന്നു ഭാഗങ്ങളായി (1907 ഏപ്രിൽ 22, മെയ് 1, മെയ് 22) എഴുതിയ മുഖപ്രസംഗ പരമ്പരയിൽ അന്നു നാടുവാണിരുന്ന ശ്രീമൂലം തിരുനാളിന് പുറമെ അദ്ദേഹത്തിന്റെ മുൻഗാമികളായിരുന്ന വിശാഖം തിരുനാളിന്റെയും ആയില്യം തിരുനാളിന്റെയും കാലത്തെ വിദ്വാന്മാരെയും സേവകപരിഷകളെയും പേരെടുത്ത് പറഞ്ഞ് അവരർഹിക്കുന്ന വിധം പ്രശംസയും ആക്ഷേപവും വസ്തുതകൾ നിരത്തി പത്രാധിപർ വിവരിക്കുന്നുണ്ട്. എല്ലാവരെയും അടച്ചാക്ഷേപിക്കാതെ അർഹതയുള്ളവരെ പ്രശംസിക്കുന്നു എന്നതുതന്നെ പത്രാധിപരുടെ നിഷ്പക്ഷമായ നീതിബോധത്തെ വ്യക്തമാക്കുന്നു. ആയില്യം തിരുനാളിനെയും ശ്രീമൂലത്തെയും സേവക പരിഷകൾക്ക് കീഴടങ്ങുന്നവരായി വിമർശിക്കുന്ന പത്രാധിപർ അത്തരക്കാരുടെ ഉപജാപങ്ങൾക്ക് വഴങ്ങാത്ത വിശാഖം തിരുനാളിനെ അനുകരണീയ മാതൃകയായി എടുത്തുകാട്ടുകയും ചെയ്യുന്നു. ശ്രീമൂലം തിരുനാളിന്റെ കാലത്തെ രണ്ട് കുപ്രസിദ്ധ രാജസേവകരായ ഫൗസ്ദാർ അനന്തനാരായണ അയ്യരും (ശരവണസ്വാമി), വെറും തിരുമുമ്പിൽ സേവകൊണ്ട് രാജകൊട്ടാരത്തിലും അന്തഃപുരത്തിലും ആധിപത്യം നേടിയ ശങ്കരൻ തമ്പിയും 'രാജസേവകപ്രഭാവം' (*സ്വദേശാഭിമാനി* : 1907 ജൂൺ 5) എന്ന മുഖപ്രസംഗത്തിൽ രൂക്ഷമായി വിമർശിക്കപ്പെടുന്നു. ഇവരിരുവരും, പിൽക്കാലത്ത് ദിവാനായി വന്ന രാജഗോപാലാചാരിയുമാണ് രാമകൃഷ്ണപിള്ളയുടെ നാടുകടത്തലിന് വഴിയൊരുക്കിയത് എന്നത് ചരിത്രം. 'രാജസേവകപ്രഭാവം' ഉപസംഹരിക്കുന്ന രീതിയിൽനിന്നുതന്നെ അനതിവിദൂരഭാവിയിൽ പത്രാധിപർക്ക് നേരിടേണ്ടി

വരുന്ന ദുരന്തത്തെക്കുറിച്ച് വായനക്കാർക്കൊരു മുൻകൂർ മിന്നലാട്ടം ലഭിച്ചേക്കും. അതൽപം ഉദ്ധരിക്കാം:

> തിരുമനസ്സിലെ അറിവു കൂടാതെ അനേകം സാമാനങ്ങളും പണവും ഇവർ കൊട്ടാരത്തിൽ നിന്ന് കൊള്ളയിട്ടിട്ടുണ്ടെന്ന് ജനങ്ങൾ പരക്കെ വിശ്വസിക്കത്തക്കവണ്ണം, കൊട്ടാരത്തിൽ കണ്ടിട്ടുള്ള പല സാധനങ്ങളും ഇവരുടെ ഗൃഹങ്ങളിൽ കണ്ടിരിക്കുന്നു. ഇവർക്കുള്ള പ്രഭാവത്തിന്റെ വലുപ്പം നിർണ്ണയിക്കുന്നതിന് പലേ ലക്ഷ്യങ്ങളും നമുക്ക് സിദ്ധിക്കുന്നുമുണ്ട്. ഈയിടെ തന്നെ ഫൗസദാരി കമ്മിഷണർ അനന്തരാമയ്യരുടെ മഠത്തിലുണ്ടായ കല്യാണ അടിയന്തിരത്തിന്, പൊൻ പണ്ടങ്ങൾ പണിവാനും, അരികോപ്പുകൾ വാങ്ങാനും മറ്റുമായി പതിനയ്യായിരത്തോളം രൂപ വലിയ കൊട്ടാരത്തിൽ നിന്ന് ചെലവെഴുതിച്ചതായി ഞങ്ങൾ പറഞ്ഞിരുന്നുവല്ലോ. ഇത്രയേറെ പണം മഹാരാജാവു തിരുമനസ്സിനെ കൊണ്ട് അനുവദിപ്പിച്ചതിനുപുറമെ, പല ചില്ലറ ചെലവുകളും കൊട്ടാരത്തിൽനിന്നുതന്നെ നടത്തിച്ചിരിക്കുന്നതായി അറിയുന്നു. മുപ്പതുലക്ഷം രൂപ സമ്പാദ്യമുള്ള ഒരുവന്റെ സ്വന്തകാര്യത്തിന് ഇങ്ങനെ ക്രമത്തിലധികം പണം ചെലവു ചെയ്യുവാൻ എന്ത് നിർബന്ധാവശ്യമാണ് ഉണ്ടായിരുന്നത്? ഇത്രയുമല്ലാ, അനന്തരാമയ്യരുടെ ഈ അടിയന്തിരാവശ്യത്തിന് മഹാരാജാവു തിരുമനസ്സുകൊണ്ടു പകൽ സമയം എഴുന്നള്ളുകയും, പബ്ലിക് റോട്ടിൽ കെട്ടിയിട്ടിരുന്ന ഒരു പുരയിൽ ദാസിയാട്ടം കാണുന്നതിനായി സൽക്കരിക്കപ്പെടുകയും ചെയ്തു എന്നു കേൾക്കുന്നതും, രാജസേവക പ്രഭാവത്തിന്റെ വലുപ്പത്തിനുള്ള ലക്ഷ്യങ്ങളിൽ ഒന്നാകുന്നു. അജ്ഞന്മാരും അഴിമതിക്കാരും, അധർമ്മനിരതന്മാരുമായവരെ ബഹുമാനിക്കുന്നതിന് ഒരു രാജ്യാധിപതി ഉദ്യമിക്കുന്നത്, ധർമ്മകാര്യമായും, രാജ്യകാര്യമായും, പലേ ദൃഷ്യങ്ങൾക്ക് ഹേതുവാണെന്ന് ആക്ഷേപം പറയാതിരിപ്പാൻ ഞങ്ങളുടെ മനസാക്ഷി അനുവദിക്കുന്നില്ല. പൊതുജനങ്ങൾക്ക് ഈ മാതിരി നടവടികളെപ്പറ്റി ജുഗുപ്സ തോന്നുന്നതിനാലാണ് ഞങ്ങൾ ഈ സംഗതിയെപ്പറ്റി ഇത്രത്തോളം സൂചിപ്പിച്ചിട്ടുള്ളത്. രാജസേവകപ്രഭാവം ഇത്രമേൽ ആക്ഷേപാർഹങ്ങളായ പ്രവൃത്തികളെ നടത്തിക്കുന്നതായാൽ, തിരുവിതാംകൂറിൽ ഇനി എന്തെല്ലാം മഹാദുരിതങ്ങൾ ഈ രാജസേവകന്മാർ നിമിത്തം സംഭവിക്കുമെന്ന് ഞങ്ങൾ അറിയുന്നില്ലാ.

ദളിതരും ഈഴവരും

അഴിമതിയേയും രാജസേവയേയും കൈക്കൂലിയേയും നിശിതമായി അധിക്ഷേപിക്കുന്ന ലേഖനങ്ങൾ പലതുണ്ടെങ്കിലും രാമകൃഷ്ണപിള്ളയുടെ താത്പര്യം അതിൽ ഒതുങ്ങിനിൽക്കുന്നില്ല. വിദ്യാഭ്യാസം, പാഠപുസ്തക നിർമ്മാണം, അധഃസ്ഥിത വിഭാഗങ്ങളുടെ ഉന്നമനം, ആരോഗ്യ പരിപാലനം എന്നിങ്ങനെ സമകാലിക പ്രാധാന്യമുള്ള പല പ്രശ്നങ്ങളും അദ്ദേഹം മുഖ

പ്രസംഗങ്ങൾക്ക് വിഷയമാക്കുന്നുണ്ട്. ദളിതർക്കും മറ്റ് അയിത്ത ജാതിക്കാർക്കും വിദ്യാലയ പ്രവേശനം നിഷിദ്ധമായിരുന്ന അക്കാലത്ത് അതിനെതിരെ വാദിക്കുകയും ദളിതവിദ്യാഭ്യാസ കാര്യത്തിൽ ആധുനിക ഇന്ത്യയിൽ ആദ്യമായി സവിശേഷ ശ്രദ്ധ പ്രകടിപ്പിച്ച ബറോഡയിലെ ഗയിക്കവാർ രാജാവിന്റെ ഉദാഹരണം ചൂണ്ടിക്കാട്ടി ആ മാതൃക പിന്തുടരുവാൻ തിരുവിതാംകൂറുകാരെ അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്തു. "ഒരു ഹിന്ദു മഹാരാജാവും താഴ്ന്ന ജാതിക്കാരുടെ ഉന്നമനവും" എന്ന മുഖപ്രസംഗം പ്രത്യേകം ശ്രദ്ധേയമാണ്. 1903 ലെ എസ് എൻ ഡി പി യോഗസ്ഥാപനത്തിന് മുമ്പ് *കേരള പഞ്ചിക*യുടെ 1902 സെപ്തംബർ 29-ലെ ലക്കത്തിലാണ് ഈ മുഖപ്രസംഗം വന്നത്. അതിലെ ഒരു ഭാഗം ഉദ്ധരിക്കാം:

> ഇന്ത്യയിൽ സർവ്വജനങ്ങൾക്കും വിദ്യാഭ്യാസം നൽകേണ്ടത് ആവശ്യകമെന്നുള്ള വിചാരം മുളച്ചുതുടങ്ങിയത് ഈയ്യിടക്കാലത്താണ്. പണ്ട് ഇന്ത്യാനിവാസികളുടെ ഇടയിൽ വിദ്യാഭ്യാസം പ്രബലമായിരുന്നുവെന്നും, സ്ത്രീകൾ കൂടിയും വിദുഷീപദവികളെ പ്രാപിച്ചിരുന്നുവെന്നും ഐതിഹ്യങ്ങളുണ്ടെങ്കിലും അവയെ ചിന്തിച്ചു അഭിമാനിച്ചുകൊണ്ടിരുന്നാൽ പോരാ. നമ്മുടെ ഇപ്പോഴത്തെ നില എത്രത്തോളം താഴെയാണെന്നു അളന്നു നിർണ്ണയിക്കാനേ പണ്ടത്തെ സ്ഥിതിയുടെ വിചാരം നമ്മെ സജ്ജരാക്കുന്നുള്ളു. ഹിന്ദു വിദ്യാഭ്യാസം പരമകാഷ്ഠയെ പ്രാപിച്ചിരുന്ന കാലത്തും അതിന് അനേകം ന്യൂനതകളുണ്ടായിരുന്നു. ഒന്നാമത് അന്നത്തെ വിദ്യാഭ്യാസം ഹിന്ദുമതാധികാരികളായ ബ്രാഹ്മണരുടെ മാത്രം കൈവശമായിരുന്നു. രണ്ടാമതു ഉയർന്ന ജാതിക്കാരെന്നു ഗണിക്കപ്പെടുന്നവർക്കേ അതിന്നവകാശമുണ്ടായിരുന്നുള്ളു. തന്നിമിത്തം പൊതുജനങ്ങളിൽ ഏറിയകൂറും അനക്ഷരന്മാരായിട്ടുതന്നെ ഇരുന്നിരുന്നു. അവർ യാതൊരു നാട്ടുകാര്യത്തിനും ഏകോദ്യേശകമായും ഐകമത്യത്തോടുകൂടിയും പ്രവർത്തിക്കുവാൻ പ്രാപ്തന്മാരായിരുന്നില്ലാ.
>
> ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിൽ വന്നതോടുകൂടിയാണ് സർവ്വജനീനമായ ഒരു ഏർപ്പാടിന്റെ ആവശ്യകതക്കുള്ള ബോധം ഉണ്ടായിത്തുടങ്ങിയത്. ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ ഭരണം നിമിത്തം എല്ലാ ജാതിക്കാർക്കും വിദ്യ അഭ്യസിച്ചുകൊള്ളാമെന്നു സിദ്ധമായിട്ടുണ്ടെങ്കിലും ഈ താഴ്ന്ന ജാതിക്കാരുടെ വിദ്യാഭ്യാസകാര്യം സാമുദായികമായ ആചാരങ്ങളെക്കൊണ്ടും മറ്റും പ്രതിബന്ധമായിരിക്കുന്നു. ഇങ്ങനെയുള്ള ശോച്യാവസ്ഥയെ പരിഹരിക്കുന്നതിനുവേണ്ടി ഗെയിക്കുവാർ അവർകൾ സ്വരാജ്യത്തു ചില വിദ്യാഭ്യാസ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഒന്നാമത് പീസ്സില്ലാതെ പഠിപ്പിക്കുക; രണ്ടാമത് എല്ലാവരും വിദ്യാഭ്യാസം ചെയ്ക. എന്നുവച്ചാൽ ഒരു നാട്ടിലെ വിദ്യാഭ്യാസപരിഷ്കാരവും തന്മൂലം ഭാവികാലത്തെ ക്ഷേമാഭിവൃദ്ധിയും നിശ്ചിതസംഗതി

കളാണല്ലോ. ഗെയിക്കുവാർ അവർകൾ പറയുന്നതിന്റെ താല്പര്യമെന്തെന്നാൽ ഇന്ത്യാ ഖണ്ഡം ജഡമായി കിടന്നഴുകുവാനല്ലാ സജീവമായിരിപ്പാനാണ് വിചാരിക്കുന്നതെങ്കിൽ വിദ്യാഭ്യാസം എല്ലായിടത്തും എല്ലാ ജനങ്ങൾക്കും ഉണ്ടായിരിക്കേണ്ടതാണെന്നാകുന്നു. ഇദ്ദേഹം വലിയ കാര്യങ്ങളെ പ്രസംഗിച്ചു കോലാഹലം കൂട്ടുകയല്ല ചെയ്യുന്നത്. പ്രസംഗത്തിനനുരൂപമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

ഇതുപോലെതന്നെ പിന്നോക്ക വിഭാഗക്കാരെക്കുറിച്ചുള്ള ആക്ഷേപങ്ങൾക്ക് മറുപടി പറയാനും അവരുടെ യോഗ്യതയെ സമർത്ഥിക്കാനും അവരുടെ അവശതകൾ പരിഹരിക്കാനും വേണ്ടി രാമകൃഷ്ണപിള്ള എക്കാലത്തും നിലകൊണ്ടിട്ടുണ്ട്. "വ്യവസായ ശീലരായ ഈഴവർ" (*കേരളൻ:* 1905, ഏപ്രിൽ) "ഈഴവരുടെ ക്ലേശങ്ങൾ" (*കേരളൻ:* 1905 മെയ്/ജൂൺ) തുടങ്ങിയ കൃതികൾ ഇതിനുദാഹരണങ്ങളാണ്. വർക്കല മലയാളം മിഡിൽ സ്കൂൾ ഈഴവർക്കു പ്രവേശനം ഇല്ലാത്ത ഒരു സവർണ്ണ ദേവാലയത്തിനു സമീപമാണ് എന്നതുകൊണ്ട് സവർണ്ണരുടെ പരാതിയെത്തുടർന്ന് ഈഴവ ബാലികാ - ബാലന്മാർക്ക് വിദ്യാലയ പ്രവേശനം നിഷേധിച്ചതിനെക്കുറിച്ചാണ് 'ഈഴവരുടെ ക്ലേശങ്ങൾ' എന്ന മുഖപ്രസംഗം. അത് ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്:

> സർക്കാരിലെ എല്ലാ പ്രജകളും ഒന്നുപോലെ ആണെന്നിരിക്കിൽ ഒരു ജാതിക്കാരെ കൂടെയിരുത്തി പഠിപ്പിക്കുന്ന സംഗതിയിൽ ആ ദിക്കിലെ മറ്റു ജാതി ജനങ്ങളുടെ പൊതുവായ അഭിപ്രായത്തെ ക്ഷണിക്കേണ്ടതില്ലാ. അഭിപ്രായത്തെ ക്ഷണിക്കയും, അത് പുതുതായി പ്രവേശിക്കാൻ ഇച്ഛിക്കുന്നവർക്കു പ്രതികൂലമായിരിക്കയും ചെയ്താൽ, പിന്നെ മറ്റു ജാതിക്കാരെ കൂട്ടിച്ചേർക്കുകയില്ലെന്ന് ആശിക്കുവാൻ ആഗ്രഹം കിട്ടിയിട്ടുള്ള ആളുകളുടെ ആശയ്ക്കു വിരുദ്ധമായി ഉത്തരവു ചെയ്ത്, പുതിയജാതി ജനങ്ങളെ ചേർക്കുമ്പോൾ മുമ്പ് മറ്റു കാര്യങ്ങളിൽ മൈത്രിയോടുകൂടിയിരുന്ന ഭിന്നജാതിക്കാർ തമ്മിൽ ആചാരവിഷയമൂലമായി പിണങ്ങുകയും ഇത് ജാതിസ്പർദ്ധയാണെന്ന് ചില ഉത്താന ബുദ്ധികളായ പരാക്ഷേപ കാലക്ഷേപികൾ വ്യാഖ്യാനിക്കയും, സാഹസികമായും അനവഹിതമായും ഉത്തരവു ചെയ്ക നിമിത്തം ജനങ്ങളെ തമ്മിൽ തല്ലിച്ച ഉദ്യോഗസ്ഥന്മാർ, പരിഷ്കൃത ബുദ്ധികളാണെന്ന് നടിച്ച് നിന്ദ്യന്മാരുടെ പ്രശംസയെ ശിരസാവഹിച്ച് ചാരിതാർത്ഥ്യം ഭാവിക്കയും ചെയ്യുന്നു. ഇവരുടെ ഈ ഒരു അസംബദ്ധമായ നയമാണ് ജനങ്ങളെ ഭിന്നിപ്പിച്ചിട്ടുള്ളത്. ഈ നാട്ടിലെ മുതലെടുപ്പിൽ ഗണ്യമായ ഒരു ഭാഗത്തെ നേടിക്കൊടുക്കുന്നവരായ ഈഴവർക്ക് വിദ്യാഭ്യാസകാര്യത്തിൽ ഉണ്ടാകുന്ന ക്ലേശങ്ങളെ ഗവർന്മേണ്ടിന്റെ ചുമതലയിൽ ഉള്ളിടത്തോളവും പരിഹരിക്കേണ്ടത് ഏറ്റവും ആവശ്യവുമാകുന്നു. അതിന്നായി മതസംബന്ധ പ്രതിസന്ധികങ്ങൾ വരാതിരിപ്പാൻ തക്കവണ്ണം,

സർക്കാർവക എല്ലാ പാഠശാലകളെയും, ഹിന്ദു ദേവാലയങ്ങളുടെ സമീപത്തു നിന്ന് മാറ്റി അകലെ സ്ഥാപിക്കയും, വിദ്യാഭ്യാസ ചട്ടങ്ങളനുസരിച്ച്, ശുചിത്വം മുതലായ അവശ്യ ഗുണങ്ങളോടുകൂടിവരുന്ന ഏതു ജാതിക്കാരെയും ഒരുമിച്ചിരുത്തി പഠിപ്പിക്കണമെന്ന് നിശ്ചയം ചെയ്യുകയും ചെയ്യണമെന്നാകുന്നു നാം അഭിപ്രായപ്പെടുന്നത്.

മതനിരപേക്ഷത

ഇപ്രകാരം അധഃസ്ഥിതരായ ഹിന്ദുക്കളുടെ താല്പര്യങ്ങളോടൊപ്പം അഹിന്ദുക്കളായ ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ തുടങ്ങിയവരുടെ അവകാശങ്ങൾക്കുവേണ്ടിയും രാമകൃഷ്ണപിള്ള വീറോടെ വാദിച്ചു. "മതനിരപേക്ഷത" "മതേതരത്വം" "സെക്കുലറിസം" തുടങ്ങി ആധുനിക രാഷ്ട്രീയ വ്യവഹാരത്തിലെ പദപ്രയോഗങ്ങൾ രാമകൃഷ്ണപിള്ളയുടെ കാലത്ത് നിലവിൽ വന്നിരുന്നില്ലെങ്കിലും അതിലടങ്ങിയ ആശയങ്ങൾക്കുവേണ്ടി അദ്ദേഹം വാദിക്കുകയും ജനങ്ങളെ ഉദ്ബുദ്ധരാക്കുകയും ചെയ്തു. അതിനുദാഹരണമാണ്. "ഈശ്വരപ്രഭുത്വ വാദം" (*കേരളൻ:* 1905 ജൂൺ/ജൂലൈ) എന്ന മുഖപ്രസംഗം. മാർത്താണ്ഡവർമ്മ രാജാവ് തൃപ്പടിദാനം ചെയ്ത് ഈ രാജ്യത്തെ ശ്രീപത്മനാഭന് അടിയറ വച്ചിട്ടുള്ളതാകയാൽ ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ തുടങ്ങിയ ഹൈന്ദവേതരർക്ക് ഇവിടെ തുല്യഅവകാശം ലഭിക്കാൻ അർഹതയില്ലെന്ന് അക്കാലത്ത് വാദം ഉയരുകയുണ്ടായി. ദിവാൻ വി പി മാധവരായർ ഉത്തര തിരുവിതാംകൂർ സന്ദർശനവേളയിൽ ഈ പ്രശ്നം ഉന്നയിച്ച ഹൈന്ദവേതര മതക്കാരോട് തൃപ്പടിദാന വാദത്തെ ന്യായീകരിച്ചുകൊണ്ട് പ്രഖ്യാപിക്കുകയും ചെയ്തതോടെ ഈ അന്ധവിശ്വാസത്തിന് ഒരു സർക്കാർ തിട്ടൂരത്തിന്റെ നിയമപ്രാബല്യവും ലഭിച്ചതായി കരുതപ്പെട്ടിരുന്നു. ഫലത്തിൽ ഇത് ഹൈന്ദവേതരർക്കു മാത്രമല്ല ഹൈന്ദവർ എന്നു പരിഗണിക്കപ്പെടുന്ന ബ്രാഹ്മണേതരർക്കെതിരെയും വിവേചനത്തിനു വഴിവയ്ക്കും എന്ന് രാമകൃഷ്ണപിള്ള സമർത്ഥിക്കുന്നു. 'തൃപ്പടിദാനം' തന്നെ കാലഹരണപ്പെട്ട ഒന്നാണെന്നും ബ്രിട്ടീഷ് ഗവൺമെന്റിന്റെ മേൽക്കോയ്മ അംഗീകരിച്ച തിരുവിതാംകൂർ രാജാവിന് ശ്രീപത്മനാഭനോടല്ല, ബ്രിട്ടീഷ് ചക്രവർത്തിയോടാണ് വിധേയത്വമെന്നും രാമകൃഷ്ണപിള്ള വാദിച്ചു. അങ്ങനെ ഈശ്വരപ്രഭുത്വവാദത്തെ സവർണ്ണാധിപത്യത്തിനുള്ള മറയായി ഉപയോഗിക്കുന്നതിനെ തിരസ്കരിച്ചുകൊണ്ടുള്ള മുഖപ്രസംഗം ആധുനിക "മതനിരപേക്ഷത"യുടെ ഭാഷയിൽ അദ്ദേഹം ഇങ്ങനെ ഉപസംഹരിക്കുന്നു:

> ഹിന്ദുക്കൾ, ക്രിസ്ത്യന്മാർ, മഹമ്മദീയർ മുതലായ പല മതക്കാരും പ്രജകളായിട്ടുള്ള ഒരു രാജ്യത്ത്, അവരുടെ എല്ലാവരുടെയും പ്രയത്നംകൊണ്ട് മുതലെടുക്കുകയും, അതിനെ ഹിന്ദുക്കളിൽ ഒരു വർഗ്ഗക്കാർക്കുവേണ്ടി അന്യായമായ വിധത്തിൽ ചെലവു ചെയ്യുന്നതിലേക്ക് രാജ്യം ഹിന്ദുദേവന്റെ അധീനത്തിലാണെന്ന് വാദിക്കുകയും ചെയ്യുന്ന സംഗതികളെപ്പറ്റി പൊതുജനങ്ങൾ ചോദ്യം ചെയ്യാതിരുന്നാൽ, അവരുടെ

ഭാവിയിലെ ഫലം ക്ലേശമായിരിക്കുമെന്നുള്ളതിൽ സന്ദേഹമില്ല. ക്രിസ്ത്യാനികളും മഹമ്മദീയരും അഹിന്ദുക്കളും തിരുവിതാംകൂർ ഗവർമ്മെണ്ടിന്റെ പ്രജകളല്ലയോ? തിരുവിതാംകൂർ രാജ്യം അധർമ്മ പ്രസക്തരും സ്വധർമ്മഭ്രഷ്ടരും ആയ ഏതാനും ബ്രാഹ്മണർക്കായി ശ്രീപത്മനാഭസ്വാമിയാൽ സങ്കൽപ്പിക്കപ്പെട്ടതോ? ഈ ചോദ്യങ്ങളെ ശരിയായി പര്യാലോചിച്ച് തീർച്ചപ്പെടുത്തിയാൽ മാത്രമെ, തിരുവിതാംകൂറിലെ അബ്രാഹ്മണരായ, വിശേഷിച്ചും അഹിന്ദുക്കളായ പ്രജകളുടെ ഭവിഷ്യദവസ്ഥയെ നിർണ്ണയിക്കാൻ സാധിക്കൂ എന്ന് നാം പൊതുജനങ്ങളെ ഗ്രഹിപ്പിക്കുന്നു.

ഇപ്രകാരം തിരുവിതാംകൂർ രാജ്യകാര്യങ്ങൾ മാത്രമല്ല അടിസ്ഥാന രാഷ്ട്രമീമാംസ പ്രശ്നങ്ങളും സാർവ്വദേശീയ പ്രശ്നങ്ങളും രാമകൃഷ്ണപിള്ളയുടെ മുഖപ്രസംഗങ്ങൾക്ക് ഇടയ്ക്കിടെ വിഷയമാകാറുണ്ട്. ഉദാഹരണത്തിന് 'പർഷ്യൻ പാർലമെന്റ്', 'റഷ്യൻ ഡ്യൂമ', 'ജർമ്മനിയും ഫ്രാൻസും' (*കേരളൻ*: 1907 ഏപ്രിൽ/മെയ്) മുതലായവ ശ്രദ്ധേയങ്ങളാണ്. ഇന്നത്തെപ്പോലെ അക്കാലത്ത് ഈ വക പ്രശ്നങ്ങളെക്കുറിച്ച് വിശദവും കൃത്യവുമായ വിവരങ്ങൾ കണ്ടെത്തി വിമർശനങ്ങളും വിലയിരുത്തലുകളും നടത്താൻ രാമകൃഷ്ണപിള്ളയ്ക്ക് എങ്ങനെ കഴിഞ്ഞു എന്നുള്ളത് നമ്മെ അത്ഭുതപ്പെടുത്തുന്നു. ദേശീയതലത്തിലും പ്രധാനപ്പെട്ട സ്വാതന്ത്ര്യ സമര സംഭവങ്ങൾ അദ്ദേഹം സസൂക്ഷ്മം നിരീക്ഷിച്ചുവെന്നത് 'ബംഗാൾ വിഭജനം' (*കേരളൻ:* 1907 മെയ്/ജൂൺ), 'ലജ്പത്റായിയുടെ കേസ്സ്' (*കേരളൻ*: 1907 ജൂലൈ/ആഗസ്റ്റ്) തുടങ്ങി പല കൃതികളും വ്യക്തമാക്കുന്നു.

1902-ൽ ഭാരതമഹാജനസഭ എന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അഹമ്മദാബാദ് സമ്മേളനത്തിലെ നടപടികളെപ്പറ്റിയും ഇന്ത്യയുടെ വ്യവസായവൽക്കരണ പ്രശ്നങ്ങളെ സംബന്ധിച്ചും നടന്ന ചർച്ചകളെക്കുറിച്ച് 'ഇന്ത്യക്കാരുടെ പരിശ്രമസ്ഥിതി' (1902 ഡിസംബർ 29) എന്ന *കേരളപഞ്ചിക*യിലെ മുഖപ്രസംഗം ചർച്ച ചെയ്യുന്നു. ഒരുകാലത്ത് പ്രകൃതി ശാസ്ത്രങ്ങളിലും വ്യാവസായിക യത്നങ്ങളിലും ലോകത്തിന്റെ മുൻപന്തിയിലായിരുന്ന ഇന്ത്യ എങ്ങനെ ഇന്ന് അധോഗതിയിലായി എന്നും എങ്ങനെ ഈ സ്ഥിതിയിൽനിന്ന കരകയറാൻ കഴിയും എന്നും മറ്റും ഉൾക്കാഴ്ചയോടെ ഉപന്യസിക്കുന്ന ഒരു മുഖപ്രസംഗമാണിത്.

അദ്ദേഹം പത്രപ്രവർത്തനം തുടങ്ങിയ ആദ്യ എട്ടു വർഷങ്ങൾ കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടെയും ലോകത്തിന്റെ ചരിത്രത്തിൽ ഒരു സംക്രമസന്ധി ആയിരുന്നു എന്ന് മുമ്പേ സൂചിപ്പിച്ചത് ഓർക്കുമല്ലോ. കേരളത്തിലാകട്ടെ നേരത്തെ പരാമർശിച്ചപോലെ 1888 ൽ അരുവിപ്പുറത്തുനിന്നും ആരംഭിച്ച നവോത്ഥാന ജൈത്രയാത്ര പുതിയൊരു ഘട്ടത്തിലേക്ക് വീശിപടരുകയായിരുന്നു ഈ കാലയളവിൽ. കേരള നവോത്ഥാനത്തിന്റെ പ്രഥമ സംഘടിത രൂപമായ ശ്രീനാരായണ ധർമ്മ പരിപാലനയോഗം, ശ്രീനാരായണൻ

അദ്ധ്യക്ഷനായും പിൽക്കാലത്ത് മഹാകവിയായി പ്രകീർത്തിക്കപ്പെട്ട കുമാരനാശാൻ കാര്യദർശിയായും രജിസ്റ്റർ ചെയ്യപ്പെട്ടത് 1903-ലാണ്. ശ്രീനാരയണന്റെ ഉപദേശ നിർദ്ദേശങ്ങളും എസ് എൻ ഡി പി യോഗത്തിന്റെ മാതൃകയിൽ മറ്റ് സമുദായങ്ങളായ നമ്പൂതിരിമാർ (യോഗക്ഷേമസഭ), പുലയർ (സാധുജനപരിപാലന സംഘം), അരയർ (അരയ സമാജം), നായന്മാർ (നായർ സർവ്വീസ് സൊസൈറ്റി) തുടങ്ങിയവർ അനുകരിച്ചതും സ്വസമുദായത്തിലെ അനാചാരങ്ങൾക്കെതിരെ സമരം ചെയ്യാൻ തുടങ്ങിയതും ഇക്കാലത്തുതന്നെ. ശ്രീ നാരായണനോടൊപ്പം ചട്ടമ്പിസ്വാമികളും ബ്രഹ്മാനന്ദ ശിവയോഗിയും മറ്റും നവോത്ഥാനത്തിന്റെ നേതൃനിരയിലേക്ക് ഉയർന്നു തുടങ്ങിയതും ഈ കാലയളവിൽതന്നെ. *വീണപൂവി*ന്റെ (1908) പ്രസിദ്ധീകരണവും രാജരാജവർമ്മയുടെ ഭാഷാ സാഹിത്യ പരിഷ്കരണ യത്നങ്ങളും സാഹിത്യ കലാരംഗത്തെ നവോത്ഥാനത്തിന്റെ അണക്കെട്ടു തുറന്നതും ഈ ഘട്ടത്തിൽതന്നെ. പത്രമാസികാരംഗത്തെ പുത്തനുണർവ്വിന്റെ തെളിവാണ് *സ്വദേശാഭിമാനി* തുടങ്ങിയ പത്രങ്ങൾ.

വളരെ വൈവിധ്യമേറിയ വിഷയങ്ങളാണ് സ്വദേശാഭിമാനി തന്റെ മുഖപ്രസംഗങ്ങളിൽ ചർച്ച ചെയ്യുന്നത് എങ്കിലും അവയെ കോർത്തിണക്കുന്ന ഒരു ചുവന്ന ചരട് കണ്ടെത്താൻ വായനക്കാർക്ക് പ്രയാസമില്ല. മാനവികത, ജനാധിപത്യം, അസത്യത്തോടും അഴിമതിയോടുമുള്ള അടങ്ങാത്ത അസഹിഷ്ണുത, പ്രത്യാഘാതങ്ങൾ എന്തുതന്നെയായാലും സത്യം പറയാനും സ്വപ്രത്യയസ്ഥൈര്യം പ്രകടിപ്പിക്കാനുമുള്ള ധീരത മുതലായവ ഈ ചുവന്ന ചരടിന്റെ ഇഴകളാണ്.

തിരുവിതാംകൂറിന്റെ വിദ്യാഭ്യാസ പരിഷ്കാരം, രാജസേവകന്മാരുടെ, അഴിഞ്ഞാട്ടം, രാജകൊട്ടാരത്തിൽ നടക്കുന്ന കൊലപാതകം, പോർത്തുഗീസിലെ ജനപ്രീതി നഷ്ടപ്പെട്ട രാജാവിന്റെ പെരുവഴിയിൽ നടന്ന വധം, തുർക്കിയിൽ പിൽക്കാലത്തു കമാൽ അത്താതുർക്കിന്റെ നേതൃത്വത്തിൽ വിജയകരമായി നടന്ന ആധുനികീകരണത്തിനു വഴിയൊരുക്കിയ വിപ്ലവത്തിന്റെ തുടക്കം എന്നിങ്ങനെ പോകുന്നു ഒരു വിശ്വപൗരന്റെ വീക്ഷണത്തോടുകൂടിയ രാമകൃഷ്ണപിള്ളയുടെ പരാമർശങ്ങളും വിമർശനങ്ങളും.

ഉദാഹരണത്തിന്, 1908 ഫെബ്രുവരി ഒന്നാം തീയതി പോർത്തുഗലിലെ രാജാവിനെ ഏതാനും ജനപ്രഭുത്വവാദികളായ (ഇന്നത്തെ ജനാധിപത്യമെന്ന പദത്തിന്റെ സ്ഥാനത്ത് ജനപ്രഭുത്വമെന്നും പ്രജാപ്രഭുത്വമെന്നും മറ്റുമാണ് രാമകൃഷ്ണപിള്ള പ്രയോഗിച്ചിരുന്നത്) യുവാക്കൾ അദ്ദേഹത്തിന്റെ വാഹനത്തിൽ സാഹസികമായി ചാടിക്കയറി വധിച്ചതിനെക്കുറിച്ചുള്ള പത്രാധിപരുടെ പരാമർശം ശ്രദ്ധിക്കുക. ഹിംസയുടെയോ അരാജകത്വത്തിന്റെയോ അനുകൂലിയല്ല താനെന്ന് രാമകൃഷ്ണപിള്ള വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിരന്തരമായി ജനഹിതത്തെ ധിക്കരിക്കുകയും അഴിമതിക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രാജാക്കന്മാരെ രാജ്യസ്നേഹികൾ വധിക്കുന്ന

തിനെ അധിക്ഷേപിക്കാൻ അദ്ദേഹം തയ്യാറല്ല. തന്റെ അധികാരത്തിന്റെ ഉറവിടം ഈശ്വരേച്ഛയാണെന്ന വാദം മുഴക്കി തോന്ന്യാസം നടത്തുന്ന രാജാക്കന്മാർക്ക് ഇങ്ങനെ ദുരന്തം സംഭവിക്കുമെന്ന് രാമകൃഷ്ണപിള്ള വ്യക്തമാക്കുന്നു. പതിനേഴാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിൽ തന്റെ അച്ഛനും മുൻഗാമിയുമായ ജയിംസ് ഒന്നാമന്റെ ചുവടുപിടിച്ച് രാജാക്കന്മാരുടെ അധികാരം ദൈവദത്തമാണ് (ഡിവൈൻ റൈറ്റ് ഓഫ് കിംഗ്സ്) എന്നു വാദിച്ച ചാൾസ് ഒന്നാമനെ ഒലിവർ ക്രോംവെല്ലിന്റെ നേതൃത്വത്തിൽ പാർലമെന്റ് തീരുമാനിച്ച വധശിക്ഷ നൽകിയതിനെക്കുറിച്ച് രാമകൃഷ്ണപിള്ള പരാമർശിക്കുന്നില്ലെങ്കിലും അത് അദ്ദേഹത്തിന്റെ ഓർമ്മയിൽ നിറഞ്ഞു നിന്നിരിക്കണം എന്ന് മുഖപ്രസംഗത്തിന്റെ ശൈലിയിൽ നിന്ന് ഊഹിക്കാവുന്നതേയുള്ളു. അതു മാത്രമല്ല അന്നത്തെ തിരുവിതാംകൂറിലെ രാജകീയ സ്വേച്ഛാധിപത്യത്തെ കുറിച്ച് നേരിട്ടു പരാമർശിക്കാതെ അധികാരികൾക്ക് ഒരു ഗുണദോഷം കൂടിയാകട്ടെ എന്ന് ഈ മുഖപ്രസംഗത്തിലേയും മറ്റു പല മുഖപ്രസംഗങ്ങളിലേയും വാദഗതികളിലൂടെ രാമകൃഷ്ണപിള്ള വ്യക്തമാക്കുന്നുണ്ട്.

> പ്രജാ സമുദായത്തിനു അഹിതകാരണമാകും വിധത്തിൽ ഒരു കാമിനിയുടെ വശത്തിൽപ്പെട്ടു നടന്ന സർവിയാരാജ്യത്തിലെ രാജാവിനെ കുറെക്കാലം മുമ്പു തീരെ ദയവുകൂടാതെ ശകലിച്ച് കളവാൻ പ്രജകളെ പ്രേരിപ്പിച്ച വികാരം രാജാവിന്റെ സ്വാർത്ഥ സാധന യത്നത്തിൽ പ്രജകൾക്കുണ്ടായ ദ്വേഷമാണെന്നുള്ളതു സിദ്ധമാണല്ലോ. രാജ്യത്തിൽ അനേകം കക്ഷികൾ ഉണ്ടായിരിക്കുകയും രാജാവാകട്ടെ, ഭരണപ്രമാണിയാകട്ടെ അവരിലൊരു കക്ഷിയെ അനുകൂലിക്കുകയും അന്യകക്ഷികളിൽ സ്പർദ്ധയേയും ദുർമ്മാത്സര്യത്തേയും ഇളക്കുവാൻ ഹേതുവാകത്തക്കവണ്ണം ഒരു കക്ഷിയുടെമേൽ പ്രസാദം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്താൽ ആ രാജാവിന്റെയാകട്ടെ, ഭരണപ്രമാണിയുടെയാകട്ടെ ശയ്യാ പുഷ്പ നിർമ്മിതമല്ലെന്നും കണ്ടക നിർമ്മിതമാണെന്നും ആ രാജാവോ, ഭരണപ്രമാണിയോ സദാ ഓർത്തിരിക്കേണ്ടതാകുന്നു. ജനങ്ങളുടെ പരിഷ്കൃതാഭിപ്രായഗതിയെ നിരോധിക്കുവാൻ ഉദ്യമിക്കുന്നവരുടെ യത്നം, ബാലമൃണാളതന്തുക്കളെക്കൊണ്ടു വ്യാളത്തെ രോധിക്കുന്നതുപോലെയോ കൊടുങ്കാറ്റിനെ എതിർത്തു പോരാടുന്നതുപോലെയോ അസാദ്ധ്യമെന്നും അറിഞ്ഞിരിക്കേണ്ടതാകുന്നു. രാജാവു ഈശ്വരാംശമാണെന്നും രാജാവു പറയുന്നതും പ്രവർത്തിക്കുന്നതുമായ ഏതു സംഗതികളും - അവ ജനങ്ങൾക്കു എത്രതന്നെ ദോഷകരങ്ങളും നാട്ടിനു എത്രതന്നെ നാശകരങ്ങളും ആയിരുന്നാലും - ജനങ്ങൾ അവശ്യം അനുസരിക്കേണ്ടതാണെന്നും ഉള്ള വിചാരങ്ങളുടെ കാലം എത്രയോ മുമ്പ് കഴിഞ്ഞുപോയി. ജനസമുദായമാണ് ഈശ്വരാംശമെന്നും, ജനങ്ങളുടെ വാക്കിനെയും പ്രവൃത്തിയെയും അനുസരിക്കയാണ് രാജാവിന്റെ കൃത്യമെന്നും ഉള്ള

> നവീനമതം, രാജസ്ഥാനത്തിൽ പുത്രികാ സദൃശമിരിക്കുന്ന രാജാക്കന്മാർ ഭയത്തോടുകൂടി സ്മരിക്കേണ്ട ഇക്കാലത്ത് ഫ്രാൻസ്, സർവിയാ, പോർത്തുഗൽ, സ്പെയിൻ മുതലായ രാജ്യങ്ങളിലെ മേൽപറഞ്ഞ മാതിരി സംഭവങ്ങൾ സംഭവ്യങ്ങൾ തന്നെയാകുന്നു. എന്നാൽ, ഈ വിധം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു രാജാക്കന്മാരും പ്രജകളും തമ്മിൽ പരസ്പരമൈത്രി വർദ്ധിപ്പിക്കുവാൻ ഈശ്വരൻ സംഗതി വരുത്തട്ടെ എന്നു പ്രാർത്ഥിക്കയെ നമുക്കു കാര്യമായുള്ളു. (*സ്വദേശാഭിമാനി* – 1908 ഫെബ്രുവരി 12)

ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് രാമകൃഷ്ണപിള്ള ഏതെങ്കിലും ചില നൈമിഷിക വിക്ഷോഭംകൊണ്ടോ വ്യക്തിപരമായ നീരസംകൊണ്ടോ ആയിരുന്നില്ല തിരുവിതാംകൂറിലെ അന്നത്തെ അഴിമതി നിറഞ്ഞ ഉദ്യോഗസ്ഥ ഭരണത്തേയും സ്വജനപക്ഷപാതം മൂലം മലീമസമായ കൊട്ടാരം നടപടികളേയും എതിർത്തിരുന്നത്. ഇപ്പോഴും ഇത്തരം ദുരാരോപണങ്ങൾ രാമകൃഷ്ണപിള്ളയുടെ നടപടികളെക്കുറിച്ച് ആരോപിക്കുവാൻ ഉണ്ടെന്നുകൂടി കണക്കിലെടുക്കുമ്പോൾ അവരൊന്നും നിഷ്പക്ഷമായി അദ്ദേഹത്തിന്റെ ജീവിതത്തെയും ആദർശങ്ങളെയും പഠിച്ചിട്ടില്ല എന്നു മാത്രമേ കരുതാനാകൂ.

നമുക്കിപ്പോൾ, അത്ര നിർണ്ണായക പ്രാധാന്യം ഉള്ളതാണ് എന്ന് തോന്നാത്തതും എന്നാൽ നിരുപദ്രവവും സാമാന്യബുദ്ധിക്ക് നിരക്കുന്നതുമായ ചില ഉറച്ച ഇഷ്ടാനിഷ്ടങ്ങൾ രാമകൃഷ്ണപിള്ളയ്ക്ക് ഉണ്ടായിരുന്നു എന്നതിൽ തർക്കമില്ല. അത്തരം ഇഷ്ടാനിഷ്ടങ്ങൾ ചിലപ്പോൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ വിലയിരുത്തലുകളിൽ കടന്നുകൂടുമ്പോൾ അതിനെ ആക്ഷേപിക്കേണ്ടതില്ലെങ്കിലും അൽപം പുഞ്ചിരിച്ചു പോകുന്നത് ക്ഷന്തവ്യമാണ്. ഉദാഹരണത്തിന് തുർക്കിയിലെ രാഷ്ട്രീയ വിലയിരുത്തലുകളിൽ കടന്നുകൂടുമ്പോൾ അതിനെ ആക്ഷേപിക്കേണ്ടതില്ലെങ്കിലും തുർക്കിയിലെ രാഷ്ട്രീയ ഭരണശൈലിയുടെ മാറ്റത്തേയും ജനപ്രതിനിധിസഭയുടെ സ്ഥാപനത്തെയും മുക്തകണ്ഠം ശ്ലാഘിക്കുമ്പോൾ അവിടെ വിശുദ്ധ ഖുറാൻ നിർദ്ദേശപ്രകാരം രാജകീയ സൽക്കാരത്തിൽ മദ്യം വിളമ്പിയില്ല എന്നതിനെക്കുറിച്ച് രാമകൃഷ്ണപിള്ള വിസ്തരിച്ച് ഉപന്യസിക്കുന്നു. മദ്യപാനവും മദ്യവിതരണവും ഒഴിവാക്കുന്നത് സ്വാഗതാർഹമായ കാര്യം തന്നെയെങ്കിലും അതാണ് ഭരണ പരിഷ്കാരത്തിന്റെ ഏറ്റവും വലിയ മൂല്യം എന്ന മട്ടിൽ ഉപന്യസിക്കുന്നതിൽ അതിശയോക്തി സ്പർശം ഇല്ലെന്നു പറഞ്ഞുകൂടാ.

> രക്തം ചിന്തുന്നതിനിടയാക്കാതെ നടത്തിയ ഈ രാജ്യതന്ത്രപരിവർത്തനം മദ്യപാനനിരോധനത്തിന്റെ പ്രബലമായ ലക്ഷ്യത്തോടുകൂടി സാധിച്ചിരിക്കുന്നുവെന്നും സന്തോഷിക്കേണ്ടതാണ്. പുതിയ പാർലമെണ്ടിലെ പ്രതിനിധികൾക്ക് സുൽത്താൻ നൽകിയ വലിയ വിരുന്ന് മറ്റു സംഗതികളിലൊക്കെ സാധാരണ യൂറോപ്യൻ വിരുന്നിന് തുല്യമായിരുന്നു എങ്കിലും പാനീയങ്ങളെ സംബന്ധിച്ചിടത്തോളം ഭിന്നമായിരു

ന്നു. ഇസ്തംബൂലിലെ ഉറവലുകളിൽനിന്ന് സംഭരിച്ച ശുദ്ധജലമല്ലാതെ, തീനിന്നിടയ്ക്ക് കുടിക്കുവാൻ പേയ സാധനം ഒന്നുമില്ലായിരുന്നു. മുഹമ്മദ് നബിയുടെ മതസിദ്ധാന്തം ഇസ്ലാംമതക്കാർ മദ്യത്തെ വർജ്ജിച്ചിരിക്കണമെന്നാണ്. ഈ സിദ്ധാന്തത്തെ സുൽത്താൻ എത്രയും ഭക്തിയോടുകൂടി അനുവർത്തിച്ചിരിക്കുന്നു.

ദിവാൻ രാജഗോപാലാചാരിയും രാമകൃഷ്ണപിള്ളയും തമ്മിലുള്ള വിരോധമാണ് അവസാനം അദ്ദേഹത്തിന്റെ നാടുകടത്തലിന് കാരണമായതെന്ന കാര്യം പ്രസിദ്ധമാണല്ലോ. എന്നാൽ രാമകൃഷ്ണപിള്ളയെ സംബന്ധിച്ചിടത്തോളം രാജഗോപാലാചാരിയോടുള്ള എതിർപ്പ് വ്യക്തിപരമായ അഭിരുചി വ്യത്യാസത്തിന്റെയോ, മുൻവിധിയുടെയോ, മറ്റേതെങ്കിലും വ്യക്തിപരമായ വിരോധത്തിന്റെയോ സംഗതി ആയിരുന്നില്ല.

തന്റെ പത്രാധിപത്യത്തിൽ നടന്നുവന്ന *കേരളനിൽ* (1907 ആഗസ്റ്റ് - സെപ്തംബർ) ആണ് തിരുവിതാംകൂറിലെ അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും കൊട്ടാരക്കെട്ടിലെ കൊള്ളരുതായ്മകളും വിവരിച്ചശേഷം അവയയ്ക്കൊക്കെ പരിഹാരം കാണാൻ രാജഗോപാലാചാരിക്ക് കഴിയും എന്ന പ്രതീക്ഷയോടുകൂടി പുതിയ ദിവാനെ പത്രാധിപർ സ്വാഗതം ചെയ്തത്. കൊച്ചി സംസ്ഥാനത്ത് ദിവാനായിരുന്ന കാലത്ത് രാജഗോപാലാചാരി പ്രകടിപ്പിച്ച കാര്യക്ഷമതയും മറ്റും ആണ് രാമകൃഷ്ണപിള്ളയുടെ ശുഭപ്രതീക്ഷയുടെ നിദാനം. ഈ പ്രതീക്ഷകൾ പെട്ടെന്നൊന്നും സഫലമായില്ല. അഴിമതിക്കാരുമായി പുതിയ ദിവാനുള്ള വേഴ്ചയെ സംബന്ധിച്ച് സംശയങ്ങൾ ഉദിക്കാൻ തുടങ്ങിയെങ്കിലും രാമകൃഷ്ണപിള്ള രാജഗോപാലാചാരിക്കെതിരായി തിരിയാതെ അദ്ദേഹത്തിന്റെ സ്വാഗതാർഹമായ നടപടികളെ പ്രകീർത്തിച്ചുകൊണ്ടിരുന്നു. ഉദാഹരണത്തിന് 1908 ലും 1909 ലും വിദ്യാഭ്യാസ പരിഷ്കാരങ്ങളെ മുൻനിർത്തി രാജഗോപാലാചാരിയെ പേരെടുത്തു പറഞ്ഞു പ്രശംസിക്കാൻ പത്രാധിപർ വിമുഖത പ്രകടിപ്പിച്ചില്ല. പത്തൊമ്പതാം നൂറ്റാണ്ടിലെ ആദ്യപകുതിയിൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങളാണ് തിരുവിതാംകൂറിന്റെ വിദ്യാഭ്യാസ പ്രശസ്തിക്ക് അടിത്തറ പാകിയത്. എങ്കിലും, ആ ചുവടുവയ്പ്പുകൾ അതേ ഊർജ്ജസ്വലതയോടുകൂടി തുടർന്നു വന്ന രാജാക്കന്മാർ അനുവർത്തിച്ചില്ല. ഈ അവസരം മുതലെടുത്തുകൊണ്ട് മിഷണറിമാരും സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരും സർക്കാരിന്റെ സഹായധനപദ്ധതി ഉപയോഗിച്ച് രംഗം ആകെ കീഴ്പ്പെടുത്തി. മതപരിവർത്തനത്തിനും ബൈബിൾ പ്രചാരണത്തിനും സർക്കാർവക ഗ്രാന്റ് ഉപയോഗിച്ച് രാഷ്ട്രീയമായ ആദായം ഉണ്ടാക്കുക എന്നത് പല മിഷണറി സംഘങ്ങളുടെയും രീതി ആയിരുന്നു. ഇതിനെതിരെ മറ്റു വിഭാഗം ജനങ്ങളിൽനിന്ന് എതിർപ്പ് ഉണ്ടായിക്കൊണ്ടിരുന്നു. പല സ്വകാര്യ വിദ്യാലയങ്ങളും നിയമപ്രകാരമുള്ള സൗകര്യങ്ങളോ യോഗ്യതയുള്ള അദ്ധ്യാപകരോ ഇല്ലാതെ നടത്തിക്കൊണ്ടിരുന്നു. പൊതുവെ മിഷണ

റിമാരുടെ വിദ്യാഭ്യാസ സേവനത്തെക്കുറിച്ചുള്ള അതിശയോക്തി കലർന്ന അവകാശവാദങ്ങളിൽ ഈ പരുപരുത്ത സത്യങ്ങൾ അവഗണിക്കപ്പെട്ടുവരികയാണ്. ഈ നിലവാരം കുറഞ്ഞ മതതാല്പര്യാനുസാരിയായ വിദ്യാഭ്യാസ സമ്പ്രദായത്തിന്മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെടുത്താനുള്ള ശ്രമം ആരംഭിച്ചത് 1894-ൽ ആണ്. സ്ഥലസൗകര്യവും യോഗ്യതയുള്ള അദ്ധ്യാപകരും ഇല്ലാത്ത വിദ്യാലയങ്ങൾക്ക് സഹായധനം നൽകുകയില്ല എന്നുവരെ തീരുമാനിക്കപ്പെട്ടു. സ്കൂൾ സമയത്ത് വേദപഠനം പാടില്ലെന്നും നിർദ്ദേശിക്കപ്പെട്ടു. ഈ നടപടികൾ കർശനമാക്കാൻ മഹാരാജാസ് കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ. മിച്ചലിനെ വിദ്യാഭ്യാസകാര്യങ്ങൾക്കുള്ള ഗവൺമെന്റ് സെക്രട്ടറിയായി നിയമിച്ചു. എന്നാൽ ഡോ. മിച്ചലിന്റെ പരിശ്രമവും സർക്കാരിന്റെ ലക്ഷ്യവും ബ്രിട്ടീഷ് റസിഡന്റിന്റെയും മദ്രാസ് ഗവർണറുടെയും ഇടപെടൽമൂലം കടലാസിൽ അവശേഷിച്ചതേയുള്ളു. എസ് എൻ ഡി പി യോഗത്തിലൂടെയും ഡോ. പൽപ്പുവിന്റേയും അയ്യങ്കാളിയുടെയും മറ്റും ശ്രമഫലമായി ദളിതർക്കും മറ്റധകൃതർക്കും വിദ്യാലയ പ്രവേശനം പരിമിതമായി അംഗീകരിച്ചുവെങ്കിലും സവർണ്ണ പ്രധാനികളുടെ എതിർപ്പുമൂലം അതും വേണ്ടത്ര ഫലവത്തായില്ല. ഈ സാഹചര്യത്തിലാണ് 1894-ലെ പരിഷ്കാരങ്ങൾ കൂടുതൽ ഫലപ്രദമാകത്തക്കവിധം ദിവാൻ രാജഗോപാലാചാരി വീണ്ടും പഴയതിനെക്കാൾ മുന്നോട്ടുപോകുന്ന വിദ്യാഭ്യാസ പരിഷ്കരണം പ്രഖ്യാപിച്ചത്. രാമകൃഷ്ണപിള്ള *സ്വദേശാഭിമാനി*യിൽ (1908 ജൂൺ 3) ഈ പരിഷ്കാരങ്ങളെ സ്വാഗതം ചെയ്യുകയും ദിവാൻ രാജഗോപാലാചാരിയെ പ്രശംസിക്കുകയും ചെയ്തു. പ്രത്യേകിച്ചും സ്ത്രീ വിദ്യാഭ്യാസത്തിനു നൽകിയ ഊന്നലും പഠനനിലവാരം ഉയർത്താൻ വേണ്ടിയുള്ള വിദ്യാലയ പരിശോധന വ്യവസ്ഥ മെച്ചപ്പെടുത്താനുള്ള നടപടികളും പത്രാധിപരുടെ പ്രശംസയ്ക്ക് വിധേയമായി.

അങ്ങനെ യാതൊരു മുൻവിധിയും കൂടാതെ അർഹിക്കുന്ന പ്രശംസകൾ അർപ്പിച്ചും ഉപദേശ നിർദ്ദേശങ്ങൾ സമർപ്പിച്ചും ആണ് രാമകൃഷ്ണപിള്ള ദിവാൻ പി. രാജഗോപാലാചാരിയെ സ്വാഗതം ചെയ്തതും പരാമർശിച്ചതും. എന്നാൽ അധികം താമസിയാതെ ഈ സ്വരം മാറ്റാൻ അദ്ദേഹം നിർബന്ധിതനായി. 'മിസ്റ്റർ ആചാര്യൻ അന്നും ഇന്നും' 'തിരുവിതാംകൂറും ദിവാൻ രാജഗോപാലാചാരിയും' എന്ന രണ്ട് *കേരളൻ* മുഖപ്രസംഗങ്ങളിൽ തന്നെ ഈ സ്വരപ്പകർച്ച ആരംഭിച്ചതായി കാണാം. പക്ഷേ അപ്പോഴും രാജഗോപാലാചാരിയെ കടന്നാക്രമിക്കാനൊന്നും ശ്രമിക്കാതെ ഗുണദോഷം ചെയ്യുകയും കൂടുതൽ പൊതുജനാഭിപ്രായം ശ്രദ്ധിച്ച് തെറ്റുകൾ തിരുത്തി മെച്ചപ്പെട്ട ഭരണം കാഴ്ചവയ്ക്കുമെന്ന പ്രതീക്ഷ പ്രകടിപ്പിക്കുകയുമാണ് പത്രാധിപർ ചെയ്യുന്നത്. ദിവാൻ ഭരണം ഏറ്റിട്ട് മൂന്നു മാസത്തിനകം നടത്തിയ ഈ ഗുണദോഷവിചാരത്തിൽ അദ്ദേഹത്തിന് കാര്യങ്ങൾ കണ്ടു മനസ്സസ്സിലാക്കി ഭരണരംഗം ശുദ്ധീകരിക്കാനും ജനക്ഷേമ നടപടികൾ കൈക്കൊ

ള്ളാനും വേണ്ടത്ര സമയം ലഭിച്ചിട്ടില്ല എന്ന ആശ്വാസവചനവും ഈ മുഖ പ്രസംഗങ്ങളിൽ ഉണ്ട്. ഇവയിൽ ഒന്നാമത്തെ മുഖപ്രസംഗത്തിൽ ദിവാൻ രാജഗോപാലാചാരി ശ്രീമൂലം പ്രജാസഭയിൽ ചെയ്ത പ്രസംഗത്തെയാണ് പത്രാധിപർ വിമർശനവിഷയമാക്കുന്നത്. സർക്കർ ഭണ്ഡാരത്തിൽ വേണ്ടത്ര വകയില്ലാത്തതിനാൽ സാധാരണ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻപോലും കഴിയില്ല എന്ന ദിവാന്റെ അഭിപ്രായമാണ് പത്രാധിപരെ ഏറ്റവും രോഷം കൊള്ളിച്ചത്. ഇത്ര പ്രാധാന്യമേറിയ അടിയന്തിരാവശ്യത്തിനുപോലും 'പണമില്ല' എന്നു പറഞ്ഞ് കൈമലർത്തുന്നതിന് പകരം സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയാണ് രാഷ്ട്രതന്ത്രജ്ഞത എന്ന് പത്രാധിപർ ഓർമ്മിപ്പിക്കുന്നു. കൊച്ചി ദിവാനായിരുന്ന കാലത്ത് രാജഗോപാലാചാരി പ്രകടിപ്പിച്ച കർമ്മശേഷിയും ഭാവനയും തിരുവിതാംകൂറിലും ആവർത്തിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ജനങ്ങളെ നിരാശപ്പെടുത്താതെ മുന്നോട്ടുപോകാൻ പത്രാധിപർ രാജഗോപാലാചാരിയെ ഉപദേശിക്കുകയും ചെയ്യുന്നു.

'തിരുവിതാംകൂറും രാജഗോപാലാചാരിയും' എന്ന രണ്ടാമത്തെ മുഖപ്രസംഗത്തിൽ പത്രാധിപർ ഊന്നുന്നത് വലിയകൊട്ടാരം മാനേജർ ശങ്കരൻതമ്പി തുടങ്ങിയ രാജസേവകരുടെയും അവരുമായി കൂട്ടുകച്ചവടം നടത്തി അവിഹിത സമ്പാദ്യം നടത്തുന്ന ചില മേലുദ്യോഗസ്ഥന്മാരെയും നിയന്ത്രിക്കുന്നതിൽ രാജഗോപാലാചാരി പ്രകടിപ്പിക്കുന്ന അലംഭാവത്തെയാണ്. അഴിമതി നാടകത്തിലെ തിമിംഗലങ്ങളെ അവരുടെ പാട്ടിന് വിട്ടശേഷം വെറും പരലുകളേയും വരാലുകളെയും മാത്രം പിടികൂടി ശിക്ഷിക്കുന്ന ദിവാന്റെ പ്രവർത്തിയെ പത്രാധിപർ പരിഹസിക്കുന്നു. വളരെ വിജ്ഞാനപ്രദവും നർമ്മരസം തുളുമ്പുന്നതുമായ 'സ്വായത്ത സിദ്ധി' 'സചിവായത്ത സിദ്ധി' ഉഭയായത്ത സിദ്ധി' തുടങ്ങി സ്വകപോലെ കല്പിതമായ പദപ്രയോഗങ്ങളിലൂടെ രാജാവിനെയും ദിവാനെയും മിതമായ സ്വരത്തിലെങ്കിലും രാമകൃഷ്ണപിള്ള വിമർശിക്കുന്നു. ഈ മുഖപ്രസംഗവും രാജഗോപാലാചാരിയെക്കുറിച്ചുള്ള പ്രതീക്ഷകൾ പൂർണ്ണമായി അസ്തമിച്ചിട്ടില്ലെന്ന സൂചനയോടെയാണ് സമാപിക്കുന്നത്. ഇപ്രകാരമാണ് സമാപന പരാമർശങ്ങൾ:

> കണ്ടച്ചാരിരുമ്പുലക്കവിഴുങ്ങിയതിനു" "കോന്തച്ചാരു" ചുക്കു കഷായം കുടിക്കണം എന്നു നിർബന്ധം പിടിച്ചാൽ മതിയാകുമൊ?" എന്നു ജനങ്ങൾ സാധാരണമായി ചോദിച്ചുതുടങ്ങിയിരിക്കുന്നു. മിസ്റ്റർ രാജഗോപാലാചാരി ജനക്ഷേമാർത്ഥം പ്രവർത്തിച്ചുപോരുന്ന ആളാണെന്ന് ഈ നാട്ടുകാർക്കുള്ള പൂർവധാരണനിമിത്തം അദ്ദേഹം കഠിനനെന്ന് വിചാരിക്കുന്നതിനൊ, അദ്ദേഹത്തിന്റെ പ്രവൃത്തികളെ ആക്ഷേപിക്കുന്നതിനൊ പുറപ്പെടുവാൻ ജനങ്ങൾ മടിക്കുന്നു. അവർ ഇപ്രകാരം അസാധാരണയായി മടിക്കുന്നത് അവർക്ക് പുതിയ ദിവാൻജിയിലുള്ള വിശ്വാസത്തെ കാണിക്കുന്നു. ഈ വിശ്വാസത്തിനെ ദിവാൻജി പരിപാലിക്ക

യില്ലെന്ന് ആരും വിചാരിക്കുന്നില്ല.

'മുതൽക്കണക്ക് എവിടെ?', 'കൊട്ടാരത്തിലെ ചെലവുകൾ' തുടങ്ങിയ മുഖപ്രസംഗങ്ങളിൽ ദിവാൻ രാജഗോപാലാചാരിയും ബന്ധപ്പെട്ടവരും ശ്രദ്ധിക്കുന്നതിനായി അഴിമതി വീരന്മാരുടെ പേരുവിവരവും അവിഹിത സമ്പാദ്യങ്ങളുടെ കണക്കുകളും മാർഗ്ഗങ്ങളും എല്ലാം പത്രാധിപർ വളരെ കൃത്യതയോടെ രോഷവും നർമ്മവും ഒരേ സമയം കലർന്ന ശൈലിയിൽ വിവരിക്കുന്നു. പക്ഷേ അതൊന്നും ദിവാൻ രാജഗോപാലാചാരി ശ്രദ്ധിച്ചതായി കാണുന്നില്ല. അങ്ങനെ രാജഗോപാലാചാരിക്കെതിരായ വികാരം മുഖപ്രസംഗങ്ങളിൽ ഒന്നിനൊന്ന് വർദ്ധിച്ചു വരുന്നതായി കാണാം.

അദ്ധ്യായം 3

വൃത്താന്ത പത്രപ്രവർത്തനം

ഇന്ത്യൻ പത്രപ്രവർത്തനരംഗത്ത് മലയാളപത്രങ്ങൾ ഗുണമേന്മയിലും പ്രചാരണത്തിലും മുൻപന്തിയിലാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ നിലവാരവും സമ്പൂർണ്ണസാക്ഷരതയും പത്രപ്രചാരണവും ഗുണമേന്മയും ഉന്നതപദവിക്ക് കാരണമായിരിക്കാം. എന്നാൽ കേരളത്തിലെ പത്രങ്ങൾ മാസത്തിലൊന്നും ആഴ്ചയിലൊന്നും രണ്ടും മൂന്നും എന്ന നിലവാരത്തെ പിൻതള്ളി ദിനപത്രങ്ങൾ ആകാൻ തുടങ്ങിയത് വളരെ വൈകിയാണ്. ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം സ്വാതന്ത്ര്യസമരം വ്യാപകമാവുകയും സാധാരണ കർഷകരും തൊഴിലാളികളും അതിൽ പങ്കാളികളാവുകയും അങ്ങനെ സാമാന്യജനങ്ങൾക്കിടയിൽ ഉന്മേഷജനകമായ രാഷ്ട്രീയബോധം പടരുകയും ചെയ്ത 1920 കളിൽ മാത്രമാണ് നമ്മുടെ കാലികങ്ങൾ ദിനപത്രങ്ങൾ ആകാൻ തുടങ്ങിയത്. അതിന്റെ അർത്ഥം, 1911 ൽ *വൃത്താന്ത പത്രപ്രവർത്തനം* എഴുതുമ്പോൾ മാത്രമല്ല അഞ്ചുവർഷം കഴിഞ്ഞ് 1916-ൽ രാമകൃഷ്ണപിള്ള നിര്യാതനാകുമ്പോൾ പോലും മലയാള പത്രപ്രവർത്തനം ശൈശവദശയിലായിരുന്നു. രാമകൃഷ്ണപിള്ള പത്രാധിപത്യം വഹിച്ചിരുന്ന പ്രസിദ്ധീകരണങ്ങൾ മാസികകളോ വാരികകളോ മാത്രം ആയിരുന്നു. മലയാള പത്രാധിപകുലശ്രേഷ്ഠനായി ശരിയായിതന്നെ നാം കരുതുന്ന രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യാനുഭവം പോലും പരിമിതമായിരുന്നു. എന്നിട്ടും ഈ പരിമിതിക്കകത്ത് നിന്നുകൊണ്ട് സുമാർ നൂറുവർഷം മുമ്പ് എഴുതിയ *വൃത്താന്ത പത്രപ്രവർത്തനം* രാമകൃഷ്ണപിള്ളയെപ്പോലെയുള്ള ഒരാൾക്ക് മാത്രം കഴിയുന്ന കാര്യമാണ്. ഏത് വിഷയത്തെ കുറിച്ചാണെങ്കിലും അതെക്കുറിച്ച് കിട്ടാവുന്ന അറിവുകളൊക്കെ ശേഖരിച്ച് അപഗ്രഥനം നടത്തിയശേഷം മാത്രമെ സ്വമതസ്ഥാപനത്തിന് അദ്ദേഹം ഒരുങ്ങാറുള്ളു. *വൃത്താന്തപത്രപ്രവർത്തനത്തിന്റെ* കാര്യത്തിലും അതുതന്നെയാണ് അവസ്ഥ. പല പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ വിപണിയിൽ നിന്ന് അപ്രത്യക്ഷമായ *വൃത്താന്തപത്രപ്രവർത്തനത്തിന്റെ* പുതിയ ഒരു പതിപ്പ് 1984-ൽ കേരള

പ്രസ് അക്കാദമി പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ ആമുഖ കുറിപ്പിൽ പ്രശസ്ത പത്രപ്രവർത്തകനായിരുന്ന ടി കെ ജി നായർ ഇങ്ങനെ എഴുതുന്നു:

> സ്വദേശാഭിമാനി കഷ്ടിച്ച് മുക്കാൽ നൂറ്റാണ്ട് മുമ്പെഴുതിയ *വൃത്താന്ത പത്രപ്രവർത്തനം* ഇന്നും കേരളത്തിലെ പത്രപ്രവർത്തകർക്ക് മാർഗ നിർദേശം നൽകുന്ന ആധികാരിക ഗ്രന്ഥമാണ്. ഈ കാലത്തിനിടക്ക് പത്രപ്രവർത്തനത്തിന്റെ രീതിയിൽ ഏറെ മാറ്റമുണ്ടായി. പത്രങ്ങളുടെ അലകും പിടിയും മാറി. എങ്കിലും പുതിയ തലമുറയിലെ പത്രപ്രവർത്തകർക്ക് സ്വന്തം തൊഴിലിൽ കൂടുതൽ കഴിവാർജ്ജിക്കാൻ സഹായകമായ പുസ്തകങ്ങൾ വിരലിൽ എണ്ണാവുന്നവയേ അതിന് ശേഷവും മലയാളത്തിൽ ഉണ്ടായിട്ടുള്ളു. അവയിൽ *വൃത്താന്ത പത്രപ്രവർത്തന*ത്തേക്കാൾ മികച്ചത് ഏതെങ്കിലുമുണ്ടെന്ന് പറയാൻ വിഷമം. അതുകൊണ്ടുതന്നെ രാമകൃഷ്ണപിള്ളയുടെ കൃതിക്ക് ചരിത്രപരമായ പ്രാധാന്യം മാത്രമല്ല, ഇന്നും പ്രായോഗിക പ്രസക്തിയുണ്ടെന്ന സത്യം നിഷേധിക്കാനാവില്ല.

ടി കെ ജി നായരുടെ ഈ വിലയിരുത്തലിനെ മറ്റ് പല രംഗങ്ങളിലെയുമെന്നപോലെ പത്രപ്രവർത്തന രംഗത്തും ആചാര്യ സ്ഥാനീയനായ ഇ എം എസ്സ് നമ്പൂതിരിപ്പാടും രാമകൃഷ്ണപിള്ളയെ കുറിച്ച് ഏറെ പഠനം നടത്തിയിട്ടുള്ള ടി വേണുഗോപാലും വ്യത്യസ്ത രീതികളിൽ ശരിവെക്കുന്നു.

"പത്രപ്രവർത്തന തൊഴിൽ," "വിശേഷയോഗ്യതകൾ", "വൃത്താന്താഖ്യാനം", "ഖണ്ഡലേഖനം" (ഒന്നും രണ്ടും), "അച്ചടിക്കാര്യ വിവരം", "കോടതികൾ; മഹാജനയോഗങ്ങൾ", "വർണനം", "വിമർശനം", "സംവാദം കഥയെഴുത്ത്", "പത്ര പ്രസാധനം", "പലവക" എന്നീ പന്ത്രണ്ട് അധ്യായങ്ങളാണ് രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ടതിന്റെ പിറ്റെകൊല്ലം 1911 ൽ ജൂലൈ ആഗസ്റ്റ് മാസങ്ങളിലായി പതിനെട്ട് ദിവസംകൊണ്ട് എഴുതി തീർത്തത്. സമകാലിക പത്രങ്ങളിൽ നിന്ന് ഉദാഹരണങ്ങളും മറ്റ് ഭാഷകളിലെ പത്രങ്ങളുടെ വിവരങ്ങളും എല്ലാം സ്വതസിദ്ധമായ രചനാകൗശലത്തോടെ പതിനെട്ട് ദിവസംകൊണ്ട് എഴുതിതീർത്തത് തീർച്ചയായും അദ്ദേഹത്തിന് മാത്രം കഴിയുന്ന ഒരു കാര്യമാണ്. ആധുനിക സമൂഹത്തിൽ പത്രങ്ങൾ വഹിക്കുന്ന പങ്കിനെയും അനുഷ്ഠിക്കേണ്ട ധർമങ്ങളെയും കുറിച്ച് പത്രങ്ങൾക്ക് ഉള്ള സ്വാധീനത്തെ എന്നതുപോലെ തികച്ചും സാങ്കേതികമായ അച്ചടികാര്യവും വ്യാപാരകാര്യമായ പ്രസാധന സമ്പ്രദായങ്ങളെയും കുറിച്ച് ചർച്ച ചെയുന്ന ഈ പുസ്തകത്തിൽ സബ് എഡിറ്റർമാരുടെയും പ്രൂഫ് നോട്ടക്കാരുടെയും മുഖപ്രസംഗമെഴുത്തുകാരുടെയും യോഗ്യത എന്താ

യിരിക്കണമെന്നുംകൂടി ചർച്ച ചെയ്യുന്നത് പുസ്തകത്തിന് സമഗ്രത നൽകുന്നു. വാർത്തകൾ എഴുതുന്നതെങ്ങനെയെന്നും സബ് എഡിറ്റർമാർ അവ തിരുത്തിയോ ആകെ മാറ്റി എഴുതുകയോ അച്ചടിക്കാൻ നൽകേണ്ടതെങ്ങനെ എന്നുംകൂടി രാമകൃഷ്ണപിള്ള എഴുതുമ്പോൾ പത്രപ്രവർത്തന രംഗത്തെ നവാഗതർക്ക് ഒരു പഠന സഹായി കൂടി ആയിതീരുന്നു ഈ പുസ്തകം. പത്രധർമ്മം എന്നത് എന്നും അദ്ദേഹത്തിന് അതീവതാല്പര്യമുള്ള വിഷയമാണ്. വിദ്യാർത്ഥി ആയിരുന്നപ്പോഴാണ് ഒരു പത്രാധിപർ എന്ന നിലയിൽ *കേരളദർപ്പണ*ത്തിന്റെ ചുമതല അദ്ദേഹം ഏറ്റെടുത്തത്. അതിലെ ആദ്യത്തെ മുഖപ്രസംഗം തന്നെ പത്രധർമത്തെക്കുറിച്ചായിരുന്നു എന്നു മുമ്പു പരാമർശിച്ചുവല്ലോ. 1916 ൽ നിര്യാതനാകുന്നത് വരെ പലപ്പോഴും ഈ പ്രശ്നത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. അതുപോലെ പത്രസ്വാതന്ത്ര്യവും, പത്രാധിപരുടെ സ്വാതന്ത്ര്യവും. *കേരള ദർപ്പണ*ത്തിൽ നിന്ന് രാജിവച്ചൊഴിയാൻ തന്നെയുള്ള കാരണവും അതുതന്നെ. പത്രാധിപരുടെ സ്വാതന്ത്ര്യത്തിലും പത്രമുടമ നിയന്ത്രണം ഏർപ്പെടുത്താൻ തുടങ്ങിയതിൽ പിന്നീട് അദ്ദേഹം പത്രാധിപത്യം ഏറ്റെടുത്ത പത്രങ്ങളിൽനിന്നും ഇതേ അനുഭവം ഉണ്ടായപ്പോൾ അദ്ദേഹം അതിൽനിന്നെല്ലാം രാജിവച്ച് പിരിയുകയാണുണ്ടായത്. പിന്നീട് മറ്റുള്ളവരുടെ ഉടമസ്ഥതയിൽ നടക്കുന്ന പത്രങ്ങളിലൊന്നും പ്രവർത്തിക്കുകയില്ല എന്ന് തീർച്ചപ്പെടുത്തി, *കേരളൻ* എന്ന ഒരു സ്വന്തം പത്രം ആരംഭിക്കുകയും ചെയ്തു. പല കാരണങ്ങളാൽ അത് നടത്തിക്കൊണ്ട് പോകാൻ വിഷമം നേരിട്ടപ്പോഴാണ് അവിചാരിതമായി ഒരു ഭാഗ്യം അദ്ദേഹത്തെ തേടിയെത്തിയത്. ആ ഭാഗ്യത്തിലെ വിധാതാവ് കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ അവിസ്മരണീയനായ വക്കം അബ്ദുൾ ഖാദർ മൗലവിയാണ്. അദ്ദേഹം സ്വന്തമായി ആരംഭിച്ച *സ്വദേശാഭിമാനി*യുടെ പത്രാധിപത്യം ഏറ്റെടുക്കാൻ കെ. രാമകൃഷ്ണപിള്ളയെ ക്ഷണിക്കുകയും ഒരിക്കലും താൻ പത്രാധിപരുടെ സ്വാതന്ത്ര്യത്തിലോ തീരുമാനങ്ങളിലോ ഇടപെടുകയില്ല എന്നു വാക്കുകൊടുക്കുകയും ചെയ്തു. രാമകൃഷ്ണപിള്ള ആ നിയോഗം സ്വീകരിക്കുകയും പിന്നീട് ചരിത്രപ്രസിദ്ധമായിത്തീർന്ന ദൗത്യം ആരംഭിക്കുകയും ചെയ്തു. രാമകൃഷ്ണപിള്ളയുടെ നാടുകടത്തലും പത്രം കണ്ടുകെട്ടലും ഒന്നും ആ മഹാനെ ഭീഷണിപ്പെടുത്തുകയോ വ്യതിചലിപ്പിക്കുകയോ ചെയ്തില്ല. ഇക്കാര്യങ്ങൾ നേരത്തെ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ *വൃത്താന്ത പത്രപ്രവർത്തനം* എന്ന കൃതിക്ക് ആധാരമായ ആദർശങ്ങളും കാഴ്ചപ്പാടുകളും ഓർമ്മിപ്പിക്കാൻ ആവർത്തിച്ചു എന്നേയുള്ളു. *വൃത്താന്ത പത്രപ്രവർത്തന*ത്തിന്റെ രണ്ടും മൂന്നും പതിപ്പുകളിൽ അദ്ദേഹത്തിന്റെ പത്നി ബി കല്യാണിഅമ്മ അനുബന്ധമായി ചില ലേഖനങ്ങൾ പിൽക്കാലത്ത് കൂട്ടിച്ചേർക്കുകയുണ്ടായി.

ഇംഗ്ലീഷിലും ദേശീയ ഭാഷകളിലും എന്നപോലെ മലയാളത്തിലും പത്ര-വാരിക മാസികകളുടെ വമ്പിച്ച പുരോഗതിയുടെയും ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയുടെയും പശ്ചാത്തലത്തിൽ രാമകൃഷ്ണപിള്ളയുടെ ചില അഭിപ്രായങ്ങൾ അനുകതസിദ്ധമാംവണ്ണം വ്യക്തമാണെങ്കിലും അന്നത്തെ സ്ഥിതി അതല്ലായിരുന്നു. രാമകൃഷ്ണപിള്ളയുടെ ഒരു മുൻഗാമിയും മലയാള പത്രപ്രവർത്തനത്തിലെ ആദ്യ പഥികരിൽപ്പെട്ട ദേശാഭിമാനിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആരംഭിച്ചതുതൊട്ട് അതിലെ അംഗവും ആയിരുന്ന *കേരളപത്രിക* പത്രാധിപർ ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ *വ്യത്താന്ത പത്രപ്രവർത്തനത്തിന്* എഴുതിയ ആമുഖപ്രസ്താവന വാസ്തവത്തിൽ ഒരു ചരിത്രരേഖയാണ്:


> ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി മുതലായ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലെ യുണൈറ്റഡ് സ്റ്റേറ്റ്സിലും പത്രപ്രവർത്തനം എത്രയോ ഉന്നതസ്ഥിതിയിൽ എത്തിയിട്ടുണ്ട്. അവിടങ്ങളിൽ പത്രങ്ങളുടെ അഭിപ്രായങ്ങളെ ഗവൺമെന്റുകാരും സ്വീകരിച്ചു വരുന്നുണ്ട്. ഇന്ത്യയിലും പത്രാഭിപ്രായങ്ങൾക്കു വിലയുണ്ട്. പക്ഷേ, ഇന്ത്യയിലെ പത്രങ്ങൾ, പ്രത്യേകിച്ച് നാട്ടുഭാഷാ പത്രങ്ങൾ ആ വക രാജ്യങ്ങളിലെ പത്രങ്ങളെപ്പോലെ ഉൽകൃഷ്ടസ്ഥിതിയിൽ എത്തിയിട്ടില്ല. ഇന്ത്യയിൽ പൊതുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പരന്ന പൊതുജനാഭിപ്രായത്തിന് ഏതാണ്ടൊരു ഉറപ്പുവരുമ്പോൾ നാട്ടുപത്രങ്ങളുടെ സ്ഥിതി ഇപ്പോഴത്തേതിലും എത്രയോ ഉന്നതിയിൽ എത്തുകയും ചെയ്യും നമ്മുടെ മലയാള ഭാഷയിലുള്ള പത്രങ്ങളുടെ തൽക്കാലാവസ്ഥയെ ഒന്നു പരിശോധിച്ച് നോക്കിയാൽ പൊതുജനാഭിപ്രായങ്ങളെക്കൊണ്ട് പത്രങ്ങൾക്കുണ്ടായിട്ടുള്ള വ്യത്യാസങ്ങളും പത്രങ്ങളെക്കൊണ്ട് പൊതുജനാഭിപ്രായത്തിനുണ്ടാ യിട്ടുള്ള ഭേദഗതികളും ഏതാണ്ട് മനസ്സിലാവുന്നതാണ്. പത്രപ്രവർത്തനത്തിൽ എനിക്കുണ്ടായിട്ടുള്ള ഇരുപത്തേഴുകൊല്ലത്തെ പരിചയം കൊണ്ടു ഈ മലയാള ജില്ലയിൽ കഴിഞ്ഞ ഇരുപത്തേഴ് കൊല്ലങ്ങൾക്കുള്ളിൽ പത്രങ്ങൾ മൂലമായി, ജനങ്ങളുടെ അറിവിലും അഭിപ്രായങ്ങളിലും എത്രത്തോളം വ്യത്യാസം വന്നിട്ടുണ്ടെന്നുള്ളത് എനിക്ക് സാമാന്യം അറിയാം. ഞാൻ പത്രപ്രവൃത്തിയിൽ ഇറങ്ങിയ കാലത്തു ഈ ജില്ലയിൽ പൊതുജനാഭിപ്രായം എന്ന ഒന്നുണ്ടായിരുന്നുവോ എന്നുതന്നെ സംശയമായിരുന്നു. ഏതെങ്കിലും ഒരു ദിക്കിലെ ഒരു പ്രമാണിയുടെയോ ഒരു ഉദ്യോഗസ്ഥന്റെയോ അഭിപ്രായത്തിനനുസരിച്ചായിരുന്നു ജനങ്ങളുടെ അഭിപ്രായവും നിന്നിരുന്നത്. പ്രമാണികളുടെയും ഉദ്യോഗസ്ഥന്മാരുടെയും അഭിപ്രായങ്ങൾക്ക് വിപരീതമായ അഭിപ്രായങ്ങൾ ആലോചിച്ചുണ്ടാക്കുവാനുള്ള അറിവ് അധികം ആളുകൾക്കും ഉണ്ടായിരുന്നില്ല. ചുരുക്കം ചിലർക്ക്

ഉണ്ടായിരുന്നെങ്കിൽതന്നെ അതു വെളിവിൽ പറയാൻ അവർക്ക് ധൈര്യവും ഉണ്ടായിരുന്നില്ല. എന്റെ *കേരളപത്രിക* എന്ന പത്രം മലയാള ജില്ലയിൽ മലയാള ഭാഷയിലെ ഒന്നാമത്തെ പത്രമാണ്. കൊച്ചിയിലും തിരുവിതാംകൂറിലും അതിനു മുമ്പ് ഒന്നോ രണ്ടോ മലയാള പത്രങ്ങൾ ഉണ്ടായിരുന്നെങ്കിലും അവയെ മലയാള ജില്ലക്കാർ എത്രയോ ചുരുക്കമേ വരുത്തിവായിച്ചിരുന്നുള്ളു. അതുകൊണ്ട് ആ കാലത്തു പത്രവായനയിലുള്ള അഭിരുചി എത്രയോ ചുരുക്കം ആളുകൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളു.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പത്രപ്രവർത്തനത്തിൽ പ്രവേശിക്കുമ്പോഴേക്കും എം ആർ മാധവ വാര്യർ (*മലയാളി*), ഫാദർ നിധീരി (*ദീപിക*), കണ്ടത്തിൽ വർഗീസ് മാപ്പിള (*മലയാള മനോരമ*) തുടങ്ങിയ പ്രഗത്ഭമതികൾ കുഞ്ഞുരാമമേനോനെ തുടർന്ന് പത്രപ്രവർത്തനരംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിച്ചെങ്കിലും രാമകൃഷ്ണപിള്ളയുടെ *സ്വദേശാഭിമാനി*യുടെ കാലത്തുപോലും നേരത്തെ സൂചിപ്പിച്ചതുപോലെ മലയാള പത്രപ്രവർത്തനം ശൈശവ ദശയിലായിരുന്നു. ഇവയ്ക്കെല്ലാം പ്രേരകശക്തിയായിരുന്നത് വിവിധതല സ്പർശിയായ കേരള നവോത്ഥാന പ്രസ്ഥാനമായിരുന്നു. ഇന്ത്യയിലെന്നല്ല യൂറോപ്പിലും മറ്റു രാജ്യങ്ങളിലും നവോത്ഥാനപ്രസ്ഥാനം അച്ചടിവിദ്യയുടെയും പുസ്തക പ്രസാധനത്തിന്റെയും പത്രമാസികകളുടെയും ആവിർഭാവത്തെ ആശ്രയിച്ചാണ് ശക്തിയാർജിച്ചതും വ്യാപിച്ചതും. കേരളവും അതിൽനിന്ന് വ്യത്യസ്തമല്ല. യൂർഗൻ ഹെബർമാസി നെക്കാൾ അരനൂറ്റാണ്ട് മുമ്പ് ജീവിച്ചിരിക്കുന്ന കുഞ്ഞിരാമൻ മേനോന്റെ മേലുദ്ധരിച്ച പൊതുജനാഭിപ്രായ രൂപീകരണത്തെക്കുറിച്ചുള്ള വിലയിരുത്തൽ വാസ്തവത്തിൽ ഹെബർമാസിന്റെ പൊതുമണ്ഡല സങ്കൽപനത്തിന്റെ ബീജരൂപംതന്നെയാണ്. കേരളത്തിലെ പൊതുമണ്ഡലത്തിൽ കടന്നുകയറി പ്രവർത്തിച്ചവർ കുഞ്ഞിരാമമേനോനും ബാരിസ്റ്റർ ജി.പി. പിള്ളയും കണ്ടത്തിൽ വർഗീസ് മാപ്പിളയും തുടങ്ങി വേറെ ചിലർ ഉണ്ടെങ്കിലും അവിടെ സ്വേച്ഛാധിപത്യത്തിനെതിരെ ആദ്യം കലാപക്കൊടി ഉയർത്തിയത് രാമകൃഷ്ണപിള്ള ആയിരുന്നു. അദ്ദേഹത്തിന്റെ *വൃത്താന്തപത്രപ്രവർത്തനം* എന്ന പുസ്തകത്തിലൂടെ.

മാധ്യമസദാചാരം

രാമകൃഷ്ണപിള്ളയുടെ കാലത്ത്, എന്നല്ല അതിനു ശേഷവും പല പതിറ്റാണ്ടുകൾ പിന്നിട്ട ശേഷമാണ് മാധ്യമം എന്ന വാക്ക് മലയാളത്തിൽ പ്രചാരത്തിൽ വന്നത്. ഇപ്പോഴും നിലവാരപ്പെട്ട നിഘണ്ടുക്കളിലൊന്നും കയറിക്കൂടാൻ മാധ്യമത്തിന് കഴിഞ്ഞിട്ടില്ല. മാത്രമല്ല ഇപ്പോൾ മാധ്യമം എന്ന വകുപ്പിൽ അച്ചടിമാധ്യമങ്ങളോടൊപ്പം ഇലക്ട്രോണിക് മാധ്യമങ്ങളും



വൃത്താന്ത പത്രപ്രവർത്തനത്തിന്റെ പുറംചട്ട

ഉൾപ്പെടുന്നു. സംവേദനത്തിന് വാക്കുകളേക്കാൾ ചിത്രങ്ങളെ ആശ്രയിക്കുന്നതിനാൽ അവയെ ദൃശ്യമാധ്യമങ്ങൾ എന്നും വിളിക്കാറുണ്ട്. ചലച്ചിത്രങ്ങളും അതിൽ ഉൾപ്പെടുന്നു. പുസ്തക പ്രസാദനം അക്കാലത്തെക്കാൾ വളരെ വിപുലമായിരിക്കുന്നതിനാൽ അവയും ബഹുജനമാധ്യമങ്ങളിൽപെടുന്നു. തീർച്ചയായും പുസ്തകപ്രസാധനവും പത്രമാസികാപ്രചാരവും സാക്ഷരതയും പരിമിതമായിരുന്ന രാമകൃഷ്ണപിള്ളയുടെ കാലത്ത് ഇന്നത്തെ മാധ്യമപ്രശ്നങ്ങളോ സദാചാരവിചാരങ്ങളോ ആവശ്യമില്ലായിരുന്നു. ഈ പരിമിതിക്കകത്തു നിന്നുകൊണ്ടു വേണം അദ്ദേഹത്തിന്റെ മാധ്യമസദാചാര വിചാരത്തെ വിലയിരുത്താൻ. എങ്കിലും അദ്ദേഹത്തിന്റെ മറ്റു പ്രവർത്തനങ്ങളും ലേഖനവൃത്തിയുംപോലെ ഭാവികാലത്തേക്കുകൂടി പ്രസക്തമായ ചില ചിന്തകളും കൊണ്ട് അവ സമ്പന്നമാണ്.

മാധ്യമസദാചാരം എന്ന വിഭാഗത്തിൽ സദാചാരം, ധർമ്മം, ധർമ്മഭ്രംശം തുടങ്ങിയ പ്രശ്നങ്ങളെ സംബന്ധിച്ച വിധി നിഷേധങ്ങൾ മാത്രമല്ല ഉള്ളത്. അക്കാലത്ത് പത്രമാസികകളിൽ വന്ന ചില വർത്തമാനങ്ങളും വിവാദങ്ങളും കോടതികേസുകളും ഉദ്ധരിച്ച് പത്രധർമ്മത്തെയും സദാചാരത്തെയും എങ്ങിനെ പാലിച്ചിരിക്കുന്നു അല്ലെങ്കിൽ എങ്ങനെ പാലിച്ചില്ല എന്ന സാധനപാഠങ്ങളും ഉൾക്കൊള്ളുന്നു. ഓരോന്നും ഓരോ തരത്തിൽ രസകരവും വിജ്ഞാനപ്രദവും ആണ്. അന്ന് നിലവിലിരുന്ന പത്രമാസികകളെക്കുറിച്ചുള്ള ഒരു റണ്ണിംഗ് കമന്ററി പോലെയാണവ. പദപ്രയോഗങ്ങൾ, വസ്തുതകൾ, അവതരണരീതികൾ, അധാർമ്മികമായ പരസ്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച് അറിയാതെവരുന്ന തെറ്റുകൾ, അനവധാനതമൂലം സംഭവിക്കുന്ന പ്രമാദങ്ങൾ മുതലായവയിലേക്ക് രാമകൃഷ്ണപിള്ള വിരൽചൂണ്ടുന്നു. ഈ വിഭാഗത്തിലെ ഏറ്റവും നീണ്ട ഒരു പഠനമാണ് കൊച്ചിയിലെ വർത്തമാനപത്രനിയമം. കൊച്ചിയിൽ ആയിടെ പൊതുജനാഭിപ്രായത്തിനായി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച പത്രനിയന്ത്രണ ബില്ലാണ് ചർച്ചാവിഷയം. *ആത്മപോഷിണി* പ്രവർത്തകർ ആവശ്യപ്പെട്ടതനുസരിച്ച് എഴുതിയ സാമാന്യം ദീർഘമായ കത്തിന്റെ രൂപത്തിലുള്ള പ്രബന്ധം രാമകൃഷ്ണപിള്ളയുടെ വിമർശനരീതികളുടെ ഉത്തമ നിദർശനമാണ്. തന്റെ അഭിപ്രായങ്ങളോ മുൻവിധികളോ വികലമാക്കാതെ വിഷയം ചുരുക്കി അവതരിപ്പിക്കുക, അവ ഉയർന്നുവരാനുള്ള സാഹചര്യം വിവരിക്കുക, തുടർന്ന് അതിലുന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾ ഓരോന്നായി അക്കമിട്ടോ അക്കമിട്ടെന്നപോലെയോ വ്യക്തമായി വകതിരിച്ച് ഖണ്ഡന-മണ്ഡന വിമർശനങ്ങൾക്ക് വിധേയമാക്കി സ്വയം പഠനം നടത്തുക - അനുകരണീയമായ ഒരു പ്രബന്ധരചനാ മാതൃകയാണത്.

അദ്ധ്യായം 4

ഭാഷാപരിഷ്കരണയത്നങ്ങൾ

അഴിമതിക്കും സ്വേച്ഛാധിപത്യത്തിനും രാജസേവക പ്രഭാവത്തിനും എതിരെ പോരാടിയ രാമകൃഷ്ണപിള്ളയുടെ രാഷ്ട്രീയേതരമായ പ്രവർത്തനങ്ങൾ പലപ്പോഴും വിസ്മരിക്കപ്പെടുന്നു. അവയിൽ പ്രാധാന്യമർഹിക്കുന്നത് സാഹിത്യനിരൂപണം, മലയാള ഗദ്യഗതിയുടെ ദിശ, നാടക സിദ്ധാന്തവും പ്രയോഗവും സംബന്ധിച്ച കാഴ്ചപ്പാട്, വിവർത്തന വിദ്യ, സാങ്കേതികശബ്ദാവലി തുടങ്ങിയ മേഖലകളിൽ രാമകൃഷ്ണപിള്ള നൽകിയ മൗലികവും അമൂല്യവും ആയ സംഭാവനകളാണ്. ഇവയെല്ലാമായി ബന്ധപ്പെട്ടതെങ്കിലും തികച്ചും വേറിട്ടു ഒരു 'ഡിസിപ്ലിൻ' അഥവാ വ്യവഛേദിതമായ പഠനമേഖലയാണ് അഷരമാല, ശബ്ദശുദ്ധി, നിരുക്തം, വിവർത്തനം തുടങ്ങിയവ ഉൾപ്പെടുന്ന ഭാഷാ ശാസ്ത്രം.

രാമകൃഷ്ണപിള്ള മലയാളവും ഇംഗ്ലീഷും തമിഴും സമർത്ഥമായി കൈകാര്യം ചെയ്തിരുന്നു. സംസ്കൃതം തുടങ്ങിയ മറ്റു ചില ഭാഷകളും അത്ര വൈദഗ്ധ്യത്തോടെ അല്ലെങ്കിലും കാര്യങ്ങൾ മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. എങ്കിലും ഇംഗ്ലീഷിലും മലയാളത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹം അനുവാചകരെ അദ്ഭുതപ്പെടുത്തും. വിവർത്തനത്തെ സംബന്ധിച്ച നിരൂപണങ്ങളിലും വാദപ്രതിവാദങ്ങളിലും ഇംഗ്ലീഷ് പദങ്ങളുടെയും പ്രയോഗങ്ങളുടെയും നേരിയ സവിശേഷതകളും ധ്വനികളും അദ്ദേഹത്തിന് വശമായിരുന്നുവെന്ന് കാണാൻ കഴിയും. ബി എ പരീക്ഷയ്ക്ക് മലയാളത്തിൽ പ്രാഗത്ഭ്യം തെളിയിച്ച് കേരളവർമ്മ സുവർണമുദ്ര അദ്ദേഹം നേടിയിരുന്നു. അദ്ദേഹത്തിന്റെ സതീർത്ഥ്യനും മികച്ച ഭാഷാപണ്ഡിതനുമായിരുന്ന പി കെ നാരായണപിള്ളയ്ക്ക് (സാഹിത്യ പഞ്ചാനനൻ) ആ സുവർണമുദ്ര ലഭിക്കുമെന്നായിരുന്നു അദ്ദേഹമുൾപ്പെടെ പലരും കരുതിയിരുന്നത്. ഈ പ്രതീക്ഷകൾക്ക് വിപരീ

തമായി രാമകൃഷ്ണപിള്ളയ്ക്ക് അത് ലഭിച്ചത് ഇരുവരുടെയും ജീവിതാന്ത്യം വരെ നീണ്ടുനിന്ന വിരോധത്തിന് കാരണമായതായി പറയപ്പെടുന്നു. പി കെ തന്റെ ആത്മകഥയായ *സ്മരണമണ്ഡല*ത്തിൽ രാമകൃഷ്ണപിള്ളയെ അവാസ്തവങ്ങൾ നിറഞ്ഞ ഭർത്സനത്തിന് വിധേയനാക്കി എന്നത് ഇതിന്റെ തെളിവാണ്.

പി കെ യും കേസരി ബാലകൃഷ്ണപിള്ളയും രാമകൃഷ്ണപിള്ളയും അന്ന് കോളേജിൽ നാട്ടുഭാഷ വകുപ്പിന്റെ സൂപ്രണ്ടായിരുന്ന പ്രൊഫസർ എ ആർ രാജരാജവർമ്മയുടെ വത്സലശിഷ്യന്മാരായിരുന്നു. ഇവരിൽ കേസരിയും സ്വദേശാഭിമാനിയും രാഷ്ട്രീയ രംഗത്തെന്നപോലെ സാഹിത്യരംഗത്തും വിപ്ലവകാരികളായിരുന്നപ്പോൾ ഈ രണ്ടു രംഗങ്ങളിലും തിളങ്ങിയ, ഹൈക്കോടതി ജസ്റ്റിസ് പദവി വരെ ഉയർന്ന, പി കെ ഒരു യാഥാസ്ഥിതികനായിരുന്നു. മഹാകവി കുമാരനാശാനെപോലും മാനിക്കാനുള്ള വിവേകം പി കെ ക്കുണ്ടായിരുന്നില്ല.

രാജരാജവർമ്മ പി കെയുടെ പാണ്ഡിത്യത്തെ ബഹുമാനിച്ചിരുന്നതിന് തെളിവാണ് തന്റെ *കേരളപാണിനീയ*ത്തിന് അദ്ദേഹത്തെക്കൊണ്ട് അവതാരിക എഴുതിച്ചത്. എന്നാൽ, ആ അവതാരികയിൽ തന്നെ ഇരുവരും തമ്മിലുള്ള ദാർശനികഭിന്നതകളുടെ നിഴലാട്ടം കാണാം. രാമകൃഷ്ണപിള്ളയ്ക്കു ചില കാര്യങ്ങളിൽ ഗുരുനാഥനോട് ഭിന്നിപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും അടിസ്ഥാനപരമായി അദ്ദേഹം രാജരാജവർമ്മയുടെ പുരോഗമന നിലപാടുകളിൽ ആണ് ഉറച്ചുനിന്നിരുന്നത്. അതുകൊണ്ട് ഭാഷാപരിഷ്കരണ പ്രശ്നങ്ങൾ, സാങ്കേതിക പദാവലി നിർമ്മാണം മുതലായ കാര്യങ്ങളിൽ രാമകൃഷ്ണപിള്ളയുമായിട്ടാണ് രാജരാജവർമ്മ കൂടുതൽ ഇടപെട്ടതും ചർച്ചകൾ നടത്തി വന്നതും. ഇവയെക്കുറിച്ചെല്ലാം ഇരുവർക്കും പല പദ്ധതികളും ഉണ്ടായിരുന്നു. സാങ്കേതിക പദാവലിയുടെ നിഘണ്ടു നിർമാണം, ആധുനിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ചുള്ള ഗ്രന്ഥ രചന മുതലായവ ഇതിൽ ഉൾപ്പെടും. എന്നാൽ രാമകൃഷ്ണപിള്ളയുടെ നാടുകടത്തലും മറ്റും ഈ പദ്ധതികളുടെ നിർവഹണത്തിന് പ്രതിബന്ധമായി എന്ന കാര്യം നേരത്തെ പറഞ്ഞുവല്ലോ. എങ്കിലും ഈ ഗുരുശിഷ്യ ബന്ധം ഭാഷാശാസ്ത്രത്തിന്റെയും ഭാഷാ പരിഷ്കരണത്തിന്റെയും പ്രശ്നങ്ങളിലേക്ക് ആഴത്തിൽ പ്രവേശിക്കാൻ രാമകൃഷ്ണപിള്ളക്ക് പ്രചോദനമായിത്തീർന്നു. ചില കാര്യങ്ങളിൽ ഗുരുവിന്റെ വീക്ഷണത്തിൽ നിന്നും മുന്നോട്ടുപോകാനും അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് തുടർന്നുള്ള ചർച്ചകളിൽ നമുക്ക് മനസിലാകും. സ്വതന്ത്ര ബുദ്ധിയായിരുന്ന രാമകൃഷ്ണപിള്ള മിക്ക പ്രശ്നങ്ങളിലും പുരോഗമന വാദിയായിരുന്നെങ്കിലും ചിലപ്പോൾ പിന്നോട്ടുപോകുന്നതായും നമുക്ക് കാണാൻ കഴിയും. അക്കാര്യങ്ങളി

ലേക്കൊക്കെ പ്രവേശിക്കുന്നതിന് മുമ്പ് ആധുനിക മലയാള ഭാഷാപരിഷ്കാരങ്ങളുടെ ചരിത്രത്തിലേക്ക് ഒന്നു കണ്ണോടിക്കാം.

ഗുണ്ടർട്ടു മുതൽ ഇ.എം.എസ്.വരെ

1847-ൽ ക്രിസ്തുമത പ്രചാരണം മുൻനിർത്തിയാണെങ്കിലും ബാസൽമിഷൻ പ്രതിനിധി ഹെർമൻ ഗുണ്ടർട്ട് *രാജ്യസമാചാര*മെന്നും സി.എം.എസ്. മിഷനറി പ്രതിനിധി ബെഞ്ചമിൻ ബെയ്ലി *ജ്ഞാന നിക്ഷേപം* എന്നും പേരുള്ള രണ്ട് കാലികങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോഴാണ് മലയാളഭാഷാപരിഷ്കാരത്തിന്റെ ആരംഭം കുറിക്കുന്നത്. ആദ്യത്തെ ചില ലക്കങ്ങൾ കല്ലച്ചിലായിരുന്നു എങ്കിലും താമസിയാതെ അച്ചുക്കൂടത്തിലേക്ക് നീങ്ങിയപ്പോൾ പ്രശ്നങ്ങൾ തലപൊക്കി. ആദ്യം ഓലയും നാരായവും ഉപയോഗിച്ചും പിന്നീട് കടലാസും തൂവലും ഉപയോഗിച്ചും പിന്നീട് കടലാസും തൂലികയും ഉപയോഗിച്ചും കൈയെഴുത്തിൽ പ്രചരിച്ചിരുന്ന മലയാളം ലിപികളും സ്വരചിഹ്നങ്ങളും ലിപിവിന്യാസവുമെല്ലാം മാറ്റിവയ്ക്കാവുന്ന അച്ചുകളിൽവേണ്ടിവന്നപ്പോൾ പല ഭേദഗതികളും കൂടിയേ തീരൂ എന്നായി. മലയാളത്തിലെന്നല്ല മറ്റുഭാഷകളിലേയും സ്ഥിതി അതായിരുന്നു.

ഈ രംഗത്ത് തൊട്ടും തൊടുവിച്ചും പോകാനേ ബെയ്ലിക്കും ഗുണ്ടർട്ടിനും കഴിഞ്ഞുള്ളൂ. പിന്നെ വന്ന പത്രമാസികകളിലും പുസ്തകങ്ങളിലും മാറ്റം കണ്ടു തുടങ്ങി എങ്കിലും *മലയാളമനോരമ* സ്ഥാപകൻ കണ്ടത്തിൽ വർഗീസ് മാപ്പിളയാണ് കുറെക്കൂടി ശാസ്ത്രീയമായി അച്ചടിക്കുതകും വിധം മലയാളം അക്ഷരമാലയിലും സ്വരചിഹ്നങ്ങളിലും മാറ്റംവരുത്തിയതും തുടർന്ന് എ.ആർ.രാജരാജവർമ്മ തുടങ്ങി ചിലരുടെ ശ്രമഫലമായി അവയ്ക്ക് നിയതരൂപം കൈവന്നതും. 1967-ൽഅന്നത്തെ മുഖ്യമന്ത്രി ഇ എം എസ് നമ്പൂതിരിപ്പാടിന്റെ മുൻകൈയിൽ എൻ വി കൃഷ്ണവാര്യർ, കെ സി എബ്രഹാം, ശൂരനാട് കുഞ്ഞൻപിള്ള തുടങ്ങിയവർ ടൈപ്പ്റൈറ്റർ അച്ചടിക്ക് പാകമായരീതിയിൽ ലിപിപരിഷ്കാരം നടപ്പാക്കി. ഇപ്പോൾ വീണ്ടും കംപ്യൂട്ടറിനു വേണ്ടി ലിപി പരിഷ്കാരം നടന്നു കൊണ്ടിരിക്കുകയാണ്.

ഇന്നത്തെ യന്ത്രവിദ്യയുമായി ബന്ധപ്പെട്ട അക്ഷര-വർണ-ലിപി പരിഷ്കാരങ്ങളുടെ നാരായവേരുകൾ 19-ാം നൂറ്റാണ്ട് വരെ നീണ്ടുപോകുന്നു. രാമകൃഷ്ണപിള്ളയുടെ കാലത്തും ഈ പരിഷ്കാരങ്ങൾ പൂർത്തിയായിരുന്നില്ല. പരിഷ്കാരങ്ങൾക്ക് ഐകരൂപ്യവും ഇല്ലായിരുന്നു. അതുകൊണ്ടാണ് കേരളത്തിൽത്തന്നെ ഒന്നിലേറെ മലയാളങ്ങൾ ഉണ്ടായത്. കേരളീയരുടെ പരസ്പര സംവേദനത്തിനും സാംസ്കാരിക ഐക്യത്തിനും വിഘാതമായിത്തുടർന്ന ഈ പ്രശ്നങ്ങൾ പലതിലേക്കും രാമകൃഷ്ണപിള്ളയുടെ സൂക്ഷ്മദൃഷ്ടി പതിഞ്ഞിട്ടുണ്ട്. 1914-ൽ പാലക്കാട്ട് നേറ്റിവ് ഹൈസ്കൂൾ സാഹിത്യസമാജത്തിൽ 'മലയാളഭാഷാപരിഷ്കരണം' എന്ന വിഷയത്തെ

മുൻനിറുത്തി അദ്ദേഹം ചെയ്ത ശ്രദ്ധേയമായ ഒരു പ്രസംഗം ഇതിനുദാഹരണമാണ്.

ഈ ശ്രമങ്ങൾക്കിടയിൽ ഭാഷോൽപത്തിയെക്കുറിച്ചും വിവാദമുണ്ടായി. മലയാളം സംസ്കൃത ഹിമഗിരിഗളിതമാണെന്നു ചിലരും അല്ല തമിഴിന്റെ രൂപഭേദമെന്ന് മറ്റു ചിലരും. ആദി ദ്രാവിഡകുലത്തിൽ നിന്നുത്ഭവിച്ച തമിഴും തെലുങ്കും കന്നഡവും മറ്റും മലയാളത്തിന്റെ അമ്മയല്ലെന്നും സഹോദരിമാർ മാത്രമാണെന്നും വാദിക്കപ്പെട്ടു.

ഭാഷോൽപത്തി

ഇന്ന് മലയാളം എന്നും കുറേക്കാലം മുൻപ് മലയാണ്മ എന്നും വിളിച്ചുവരുന്ന കേരളഭാഷയുടെ ഉത്ഭവവും ഗോത്രവും മറ്റും വലിയ വിവാദവിഷയമല്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ സർവ്വാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ള എഴുതിയ *മലയാള ഭാഷാചരിത്രം* മുതൽ ഇക്കാര്യങ്ങളെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ രൂക്ഷമായ വിവാദങ്ങൾ നടന്നിരുന്നു. ഈ പ്രശ്നത്തെ മുൻനിർത്തിയാണ് 1915-ൽ രാമകൃഷ്ണപിള്ള ഒരു സുപ്രധാന പ്രഭാഷണം നടത്തിയത്. എന്നാൽ ആയിരത്തി തൊള്ളായിരത്തി അറുപതുകളോടെ ഈ വിവാദങ്ങൾ മിക്കവാറും അസ്തമിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇളംകുളം കുഞ്ഞൻപിള്ളയുടെയും മറ്റും ഗവേഷണഫലങ്ങൾ ഇക്കാര്യത്തിൽ ഒരു സമവായം സൃഷ്ടിക്കാൻ ഉതകിയിട്ടുണ്ട്. മലയാളഭാഷ തമിഴിനെയും തെലുങ്കിനെയും കന്നഡത്തെയും മറ്റും പോലെ ദ്രാവിഡഗോത്രത്തിൽപ്പെട്ടതാണെന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ രാമകൃഷ്ണപിള്ളയുടെ കാലത്ത് ഇതായിരുന്നില്ല സ്ഥിതി. രാമകൃഷ്ണപിള്ളയുടെ കാലമായപ്പോഴേയ്ക്കും ഉദ്ബുദ്ധപണ്ഡിതന്മാർ, കേരളത്തെ പരശുരാമൻ മഴുവെറിഞ്ഞ് കടലിൽനിന്ന് വീണ്ടെടുക്കുകയും ആര്യബ്രാഹ്മണരെക്കൊണ്ടുവന്ന് ഇവിടെ കുടിപാർപ്പിക്കുകയും ചെയ്തതോടൊപ്പം മലയാളഭാഷയെയും സൃഷ്ടിച്ചു എന്ന കെട്ടുകഥകൾ അന്ധവിശ്വാസങ്ങളാണെന്ന് തിരസ്കരിച്ചുകഴിഞ്ഞിരുന്നു. എങ്കിലും അതിന്റെ പരിഷ്കരിച്ച രൂപങ്ങൾ പ്രചരിക്കുകയും ചില പണ്ഡിതന്മാർ അതിനെ മുറുകെപിടിക്കുകയും ചെയ്തിരുന്നു. അവയെല്ലാം അന്ധവിശ്വാസങ്ങളാണെന്ന് അംഗീകരിക്കുമ്പോൾ തന്നെ ഈ അന്ധവിശ്വാസങ്ങളെ പരിഗണനപോലും അർഹിക്കാത്തത് എന്നുപറഞ്ഞ് പുച്ഛിച്ചു തള്ളാതെ ആ വാദങ്ങളുടെ അകത്തേക്കു പ്രവേശിച്ച് അതിലെ വൈരുദ്ധ്യങ്ങൾ അനാവരണം ചെയ്യാൻ രാമകൃഷ്ണപിള്ള ശ്രമിച്ചിരുന്നു.

പതിനാറോ പതിനേഴോ നൂറ്റാണ്ടുകളിൽ എന്നോ ചില ബ്രാഹ്മണർ എഴുതിയുണ്ടാക്കിയതാകാൻ വഴിയുള്ളതായ *കേരളോല്പത്തി*യും *കേരള*

*മാഹാത്മ്യ*വും പ്രചരിപ്പിച്ച ഈ പരശുരാമകഥകൾ അസംബന്ധങ്ങളാണെന്ന് തെളിയിക്കാൻ രാമകൃഷ്ണപിള്ളയ്ക്ക് വിഷമമൊന്നും അനുഭവപ്പെട്ടില്ല. എന്നാൽ അതിനുപകരം ഭാഷോൽപത്തിയെക്കിറിച്ച് അവതരിപ്പിക്കേണ്ട സിദ്ധാന്തമെന്തെന്ന പ്രശ്നം അനായാസമായി പരിഹരിക്കാൻ രാമകൃഷ്ണ പിള്ളയുടെ കാലത്ത് കഴിയുമായിരുന്നില്ല. രാമകൃഷ്ണപിള്ളയ്ക്ക് ശേഷം നടന്ന ഗവേഷണങ്ങളും പഠനങ്ങളും അദ്ദേഹത്തിന് അന്ന് ലഭ്യമായിരുന്നി ല്ല. എന്നിട്ടും സാർവ്വദേശീയ രംഗത്ത് ഭാഷാ ശാസ്ത്രം സംബന്ധിച്ച് ഉണ്ടാ യിക്കൊണ്ടിരുന്ന പല കണ്ടെത്തലുകളെ ആശ്രയിച്ചും തന്റെ സ്വതസിദ്ധ മായ യുക്തിസാമർത്ഥ്യം പ്രയോഗിച്ചും രാമകൃഷ്ണപിള്ള എത്തുന്ന നിഗമ നങ്ങൾ അദ്ദേഹത്തിന് ശേഷം പണ്ഡിതന്മാർ എത്തിച്ചേർന്ന നിഗമനങ്ങളു മായി പൊരുത്തപ്പെടുന്നു. മലയാളം സംസ്കൃതത്തിൽനിന്നും ഉത്ഭവിച്ചതാ ണെന്നും, അതല്ല സംസ്കൃതത്തിന്റെ ദുഷ്ടരൂപമായ പ്രാകൃതത്തിൽനിന്നാ ണെന്നും, അതുമല്ല സംസ്കൃതവും തമിഴും ചേർന്നുണ്ടായതാണെന്നും അങ്ങിനെയല്ല, തമിഴിൽനിന്ന് മാത്രം മുളച്ചതാണെന്നും, ഇതുമല്ല, തമിഴിന്റെ തന്നെ മാതൃഭാഷയായ മറ്റൊരു മൂലഭാഷയിൽനിന്ന് ജനിച്ചതാണെന്നും മറ്റുമുള്ള പല സിദ്ധാങ്ങളും നിലവിലിരുന്നു. ഇവയെ ഓരോന്നിനെയും പരി ശോധിച്ചശേഷം രാമകൃഷ്ണപിള്ള എത്തുന്ന നിഗമനം ഇതാണ്:

> ആകെക്കൂടി ജ്യേഷ്ഠസഹോദരീ സിദ്ധാന്തം, ശൈശവദശയിൽ നിൽക്കുന്നതേയുള്ളു എന്നു പറയാം. മലയാളം ദ്രാവിഡകുടുംബത്തിൽ ഉൾപ്പെട്ടതാകുന്നു എന്നും തമിഴ്, തെലുങ്ക് മുതലായവ പോലെ മൂല ദ്രാവിഡത്തിന്റെ സന്താനവും, തമിഴ്, തെലുങ്ക്, കന്നഡങ്ങളുടെ സഹോ ദരിയും ആകുന്നുവെന്നും ഉള്ളേടത്തോളം അഭിപ്രായം പ്രബലപ്പെട്ടി ട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് ഈ ഉൽപ്പത്തി വിചാരണയെ ഉപസംഹരി ച്ചുകൊള്ളുന്നു.

മലയാളഭാഷോൽപ്പത്തിയെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഏറ്റവും ഒടുവിൽ രൂപംകൊണ്ടിരിക്കുന്ന സമവായവുമായി ഏറെ പൊരുത്തപ്പെടുന്ന താണ് രാമകൃഷ്ണപിള്ളയുടെ ഈ നിഗമനം. അതിൽ ജ്യേഷ്ഠസഹോദരീ സിദ്ധാന്തം അപ്പാടെ തിരസ്കരിക്കാതെ ശൈശവദശയിലാണ് എന്ന് പരാ മർശിച്ച് ഇനിയും തെളിയിക്കപ്പെട്ടിട്ടില്ലാത്ത ഒന്നാണ് എന്ന് രാമകൃഷ്ണ പിള്ള പറയുന്നത് മാത്രമേ തികച്ചും തെറ്റായിപ്പോയി എന്ന് പറയാനാകൂ. രാമകൃഷ്ണപിള്ളയുടെ കാലത്ത് തന്നെ തമിഴും തെലുങ്കും കന്നഡവും മലയാളഭാഷയേക്കാൾ പഴക്കം ഉള്ളതാണെന്ന് തെളിഞ്ഞിരുന്നു. രാമകൃ ഷ്ണപിള്ള എഴുതുന്നതിന് ചുരുങ്ങിയ മുപ്പത് വർഷം മുൻപെങ്കിലും സംഘ കാല സാഹിത്യവും മറ്റും യു വെ സ്വാമിനാഥയ്യർ കണ്ടെത്തി പ്രസിദ്ധീകരി ക്കുകയുണ്ടായി. അതോടെ തമിഴ് ഭാഷ ക്രിസ്ത്വാബ്ദം മൂന്നോ നാലോ

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ സ്വതന്ത്രവും കരുത്തുറ്റതുമായ വിനിമയോപാധിയും സാഹിത്യ മാധ്യമവും ആയിരുന്നു എന്ന് വ്യക്തമായി. കന്നഡവും തെലുങ്കുമാവട്ടെ ഒൻപതാം നൂറ്റാണ്ടിനും പത്താം നൂറ്റാണ്ടിനും ഇടയ്ക്കു തന്നെ മഹാകാവ്യങ്ങളുടെ മാധ്യമമായിത്തീർന്നിരുന്നു. മലയാളത്തിലെ ആദ്യ മഹാകാവ്യം എന്ന് കരുതപ്പെടുന്ന മഹാകവി ചീരാമന്റെ *ഇരാമചരിതത്തിന്റെ* കാലം എത്ര വലിച്ചു നീട്ടിയാലും പന്ത്രണ്ടാം നൂറ്റാണ്ടിനപ്പുറം പോവുകയില്ല എന്നിരിക്കെ മലയാളത്തിന്റെ ജ്യേഷ്ഠസഹോദരീ പദവി രാമകൃഷ്ണപിള്ളയുടെ കാലത്തും നിലനിൽക്കാൻ അർഹതയില്ലാത്തതായിരുന്നു. അപ്പോൾ ആ പ്രശ്നം സംശയഗ്രസ്തമായി വിട്ടത് ഒരു പോരായ്മയാണ്.

ഇളംകുളം കുഞ്ഞൻപിള്ളയും എം ആർ രാഘവവാര്യരും രാജൻഗുരുക്കളും മറ്റും സമർത്ഥിക്കുന്നത് എട്ടാം നൂറ്റാണ്ടിന് മുമ്പ് തമിഴും മലയാളവും ഒരേ ഭാഷയായിരുന്നു എന്നും സഹ്യപർവതത്തിന് കിഴക്കും പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്ന തമിഴകവും മലയാളക്കരയും തമ്മിൽ സ്വാഭാവികമായി വളർന്നുവന്ന ഭൗതികോൽപ്പാദന സംബന്ധിയും സ്വാഭാവികവും ആയ വ്യത്യസ്തതകൾ ഭാഷയിലും പ്രതിഫലിപ്പിച്ച് രണ്ടും രണ്ട് ഭാഷകളായി എന്നുമാണ്. പണ്ട് പറമ്പ് കൃഷിയെയും കന്നുകാലി വളർത്തലിനെയും മാത്രം ആശ്രയിച്ചിരുന്ന നമ്മുടെ പൂർവ്വികർ നിലംനിരത്തി ജലസേചനം നടപ്പാക്കി നെൽകൃഷി ആരംഭിച്ചതോടെയാണ് കേരളം ഒരു പ്രത്യേക സാംസ്കാരികമേഖലയായി വളർന്നുവന്നതെന്ന് രാഘവവാര്യരും രാജൻഗുരുക്കളും വ്യക്തമാക്കിയിട്ടുണ്ട്. (*സോഷ്യൽ ഹിസ്റ്ററി ഒഫ് കേരള* : വാല്യം 1, സാംസ്കാരിക വകുപ്പ്) അതോടെ മലയാളഭാഷയും ഉരുത്തിരിഞ്ഞ് സ്വതന്ത്രഭാഷയായി വളരാൻ തുടങ്ങി. തീർച്ചയായും ഈ നിഗമനത്തിൽ എത്താതിരുന്നതിന് രാമകൃഷ്ണപിള്ളയെ കുറ്റപ്പെടുത്തിക്കൂടാ. ഈ നിഗമനത്തോട് അടുത്തുവരെ എത്താൻ മാത്രമേ രാമകൃഷ്ണപിള്ളയുടെ കാലത്തെ ചരിത്രപഠനവും ഗവേഷണവും അനുവദിക്കുമായിരുന്നുള്ളു.

ഈ പരിമിതികളൊക്കെത്തോണ്ടെങ്കിലും ഇന്നും മലയാളഭാഷോൽപത്തിയെക്കുറിച്ചുള്ള പഠനത്തിന് സഹായകമായ വിവരങ്ങളും വാദമുഖങ്ങളും 1915 ൽ കൊച്ചി സാഹിത്യസമാജത്തിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ രാമകൃഷ്ണപിള്ള നടത്തിയ പ്രഭാഷണത്തിലുണ്ട്. മാത്രമല്ല, ഏതു പ്രശ്നത്തിലും ആഴത്തിൽ പ്രവേശിക്കുകയും അതു സംബന്ധിച്ച് കേരളം ഉൾപ്പെടെ ഇന്ത്യയിലും ഇന്ത്യക്ക് പുറത്തുമുള്ള ചിന്താധാരകളെ സ്വാംശീകരിച്ച് തന്റെ നിഗമനങ്ങൾക്ക് കരുത്ത് നൽകുക എന്ന രാമകൃഷ്ണപിള്ളയുടെ രീതി ഈ പ്രഭാഷണത്തിലും നമുക്ക് കണ്ടെത്താം. നേരത്തെ പറഞ്ഞതുപോലെ സാഹിത്യനിരൂപണത്തിൽ മാത്രമല്ല, ഭാഷാവ്യാകരണ

ത്തിലും, പ്രയോഗ വൈവിധ്യങ്ങളിലും ഭാഷാശാസ്ത്രത്തിലും അദ്ദേഹത്തിന്റെ ഗുരുനാഥനായ എ ആർ രാജരാജവർമ്മ കഴിഞ്ഞാൽ രണ്ടാം സ്ഥാനം സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്ക് അവകാശപ്പെട്ടതാണെന്ന് നിസ്സംശയം പറയാം.

ഭാഷാവികാസവും പുതിയ പദങ്ങളും

സാമൂഹിക മാറ്റങ്ങളും വിജ്ഞാനവികാസവും മാധ്യമപ്രചാരവും ഭാഷയുടെ നിലവിലുള്ള പദസമ്പത്തിനെ അപര്യാപ്തമാക്കുന്നു. പുതിയ വാക്കുകൾ ഉണ്ടാവുകയും പഴയവാക്കുകൾക്ക് പുതിയ അർത്ഥങ്ങൾ നിലവിൽ വരികയും ചെയ്യുന്നത് സ്വാഭാവികവും ആശാസ്യവുമാണെന്ന് രാമകൃഷ്ണപിള്ള കരുതി. 'യുദ്ധവും മലയാളവും' എന്ന ഒരു ലേഖനത്തിൽ ഇക്കാര്യം അദ്ദേഹം വ്യക്തമാക്കുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ ആദ്യ ഒന്നര വർഷത്തോളം മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളൂ. അതാകട്ടെ വേദനയും രോഗവും വർധിച്ച് അവശനിലയിലേക്ക് നീങ്ങിക്കൊണ്ടിരുന്നപ്പോഴും. എന്നിട്ടും അദ്ദേഹത്തിന്റെ നിരീക്ഷണ പാടവത്തിന് മങ്ങലോ ധിഷണയ്ക്ക് ക്ഷീണമോ സംഭവിച്ചിരുന്നില്ല എന്നതിന് യുദ്ധത്തിന്റെ ഈ ആദ്യ മാസങ്ങളിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ തന്നെ സാക്ഷി. വായിക്കു:

> യൂറോപ്യൻ മഹായുദ്ധം നിമിത്തം ലോകകാര്യങ്ങൾക്ക് ആകപ്പാടെ ഒരു ഭേദഗതി ഉണ്ടാകുമെന്നായിരുന്നു പരക്കെ വിശ്വസിക്കപ്പെട്ടിരുന്നത്. അക്കൂട്ടത്തിൽ മലയാളത്തിനും ബാധകമായ ചില സംഗതികൾ ഉണ്ടായിട്ടുണ്ടെന്ന് നമ്മൾ അനുഭവത്തിൽ അറിയുന്നുണ്ട്. ലാഭനഷ്ടങ്ങളുടെ ഏറ്റതൂക്കം അറ്റ കണക്കാക്കി പറവാൻ ഇനിയും കാലമായിട്ടില്ല.

യുദ്ധം കൊണ്ട് പല കെടുതികളും നഷ്ടങ്ങളും രാജ്യത്തിനും ജനങ്ങൾക്കും വന്നുഭവിച്ചിട്ടുണ്ട് എങ്കിലും ഭാഷയെ സംബന്ധിച്ചിടത്തോളം ഉത്കർഷമാണ് ഉണ്ടായത് എന്ന് അദ്ദേഹം ലേഖനത്തിൽ സൂചിപ്പിക്കുന്നു. പ്രത്യേകിച്ചും പദസമ്പത്തിലും പ്രയോഗ വൈവിധ്യത്തിലുമാണ് യുദ്ധം ഭാഷയെ സമ്പന്നമാക്കിയത്. ഉദാഹരണത്തിന് 'എയർഷിപ്പ്', 'എയറോഡ്രോം', 'സബ്മറൈൻ', 'വയർ ലെസ്', 'അൾട്ടിമേറ്റം' തുടങ്ങിയ പല പദങ്ങളും ചിലപ്പോൾ അതേ രൂപങ്ങളിലും മറ്റുചിലപ്പോൾ വിവർത്തനത്തിലൂടെയും മലയാള ഭാഷയെ സമ്പന്നമാക്കുന്നു. ഒരു തരത്തിലും വിവർത്തനത്തിന് വിധേയമാകാത്ത പദങ്ങൾ ഇംഗ്ലീഷിൽത്തന്നെ ഉപയോഗിക്കുന്നതിൽ തെറ്റില്ലെങ്കിലും കഴിയുന്നത്ര മലയാള സമാനപദങ്ങൾക്കുവേണ്ടി ശ്രമിക്കണം എന്നാതായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. പല ഇംഗ്ലീഷ്

പദങ്ങളും മാധ്യമങ്ങളും പുസ്തകങ്ങളും വിവിധരീതികളിൽ വിവർത്തനം ചെയ്യുന്നതിനുപകരം പദങ്ങൾ മാനകീകരിക്കണം എന്നതായിരുന്നു രാമകൃഷ്ണപിള്ളയുടെ പക്ഷം. കുറെയേറെ ഇംഗ്ലീഷ് പദങ്ങൾ പട്ടികയായി നിരത്തി, അവയ്ക്ക് ഇന്നു നിലവിലുള്ള വിവിധവിവർത്തനങ്ങൾ എടുത്തുകാട്ടി, അവയുടെ തെറ്റും ശരിയും വിലയിരുത്തി തന്റെ നിർദ്ദേശം അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട് അദ്ദേഹം.

ഭാഷയിൽ പുതിയ ശബ്ദങ്ങൾ രൂപപ്പെടുന്നതിനെയും പഴയ പദങ്ങൾക്ക് പുതിയ അർത്ഥങ്ങൾ വന്നുചേരുന്നതിനെയും ഗുരുനാഥൻ രാജരാജവർമ്മയെപോലെ രാമകൃഷ്ണപിള്ളയും സ്വാഗതം ചെയ്യുകയായിരുന്നു പതിവ്. ഉദാഹരണത്തിന് റിച്ചാർഡ് കോളിൻസ് സായിപ്പ് നിർമ്മിച്ച മലയാളനിഘണ്ടുവിന്റെ പരിഷ്കരിച്ച പതിപ്പിനെക്കുറിച്ച് രാമകൃഷ്ണപിള്ള *കേരളൻ* പത്രത്തിൽ (1905) എഴുതിയ നിരൂപണത്തിന്റെ ഈ മാർഗ്ഗം നോക്കുക.

> ഈ രണ്ടാം പതിപ്പിൽ എന്തൊക്കെ പരിഷ്കാരം ചെയ്തിട്ടുണ്ടെന്നും, എത്ര വാക്കുകൾ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും പ്രസാധകന്മാർ ഒരു പ്രസ്താവന മുഖേന അറിയിക്കാത്തതിൽ നാം വ്യസനിക്കുന്നു. കോളിൻസ് സായിപ്പിന്റെ രചനയെ വേണ്ടപോലെ തിരുത്തുകയും കൂടുതലായ പദങ്ങളെ വേറെ അനുബന്ധമായി ചേർക്കുകയും ചെയ്തിരുന്നാൽ, അത് ഭാഷയുടെ പോഷണ പരിഷ്കാരങ്ങളെപ്പറ്റി നിർണ്ണയം ചെയ്യുന്നതിൽ സഹായിക്കുമായിരുന്നു. എന്നാൽ നാം നോക്കിയ ഭാഗങ്ങളിൽ പലതിലും, ലിപിന്യാസക്രമത്തിലും മറ്റും കോളിൻസ് സായിപ്പിന്റെ കാലം കഴിഞ്ഞ് ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ മിക്കവാറും ഈ പുതിയ പതിപ്പിൽ സ്പർശിച്ചിട്ടില്ലെന്ന് കണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ പത്തിരുപത് സംവത്സരങ്ങളായി മലയാളത്തിന് ഉണ്ടായിരിക്കുന്ന പരിഷ്കാരങ്ങളെ ഗണിച്ചാൽ അനേകം പുതിയ പദങ്ങൾ ഈ നിഘണ്ടുവിൽ കടക്കേണ്ടതായിട്ടുണ്ടെന്ന് മനസ്സിലാകും.
>
> പണ്ഡിതന്മാരായ പദ്യകർത്താക്കന്മാരുടെയും ഗദ്യകർത്താക്കന്മാരുടെയും കൃതികൾ വായിച്ച് പുതിയ പദങ്ങൾ എടുത്തുചേർക്കുന്നത് ദുഷ്കരമായ കൃത്യമാണെന്ന് സമ്മതിക്കാമെങ്കിലും അത് സാധിക്കണമെന്നുതന്നയേ മറ്റുള്ളവർക്ക് നിർബന്ധിക്കുവാൻ അവകാശമുള്ളു. കോളിൻസ് സായിപ്പിന്റെ കാലം കഴിഞ്ഞ് ഉണ്ടായിട്ടുള്ള ഉത്തമങ്ങളായ പല പുതിയ പുസ്തകങ്ങളിലേയും പല വാക്കുകളും ഈ പുതിയ പതിപ്പിൽ ഇവാത്തത് പരിഹാര്യമായ ഒരു കുറവാകുന്നു. 'ചേരുംവണ്ണം' = 'ചേരുന്ന പ്രകാരം' എന്നീ വിധത്തിലുള്ള പല പദങ്ങളെയും ഗതാർത്ഥങ്ങളെന്ന് വച്ചുവിടുകയും പല പുതിയ വാക്കുകളേയും ചേർക്കുകയും ചെയ്യാമായിരുന്നു. 'ഛായാപഥം = ആകാശം' 'അന്ന

ഭേദി = ഒരു മരുന്ന്' എന്നിപ്രകാരം അവ്യക്തങ്ങളായ അർഥവിവരങ്ങളെയും തിരുത്തേണ്ടതായിരുന്നു. 'അയനി', 'അയ്യം' മുതലായവ മറ്റു പല പദങ്ങൾക്കും ഉള്ള നാനാർത്ഥങ്ങളിൽ ഒന്ന് രണ്ട് മാത്രം ചേർത്തത് മതിയായില്ല എന്നാണ് നാം വിചാരിക്കുന്നത്.

ഗദ്യഗതി

നവോത്ഥാനത്തിന്റെയും ജനകീയതയുടെയും സാക്ഷരതാ പ്രചാരത്തിന്റെയും ഫലമായി ഗദ്യസാഹിത്യവും പത്രമാസികകളും വമ്പിച്ച പ്രചാരം നേടിയതോടുകൂടി ഗദ്യത്തിന് ലക്ഷണഗ്രന്ഥങ്ങളും രചനാവ്യവസ്ഥകളും ആവശ്യമായി. *സാഹിത്യസാഹ്യം* വഴി ഈ ആവശ്യം നിർവഹിക്കാൻ മുന്നോട്ടുവന്നത് കേരളപാണിനി എന്ന് വിശേഷിപ്പിക്കപ്പെടുന്ന രാജരാജ വർമ്മയാണ്.

ഈ വകപ്രശ്നങ്ങളെക്കുറിച്ച് എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്ന ആധുനികരാരും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പങ്കപ്പാട് പരാമർശവിഷയമാക്കുന്നില്ലെന്നത് വിസ്മയകരമായ അജ്ഞതയോ അവഗണനയോ കൊണ്ടാകണം. അല്ലെങ്കിൽ മറ്റുപല വിഷയങ്ങളിലും രാമകൃഷ്ണ പിള്ളയ്ക്കുണ്ടായിരുന്ന താത്പര്യത്തിന്റെയും അവഗാഹത്തിന്റെയും വലിപ്പം ഭാഷാശാസ്ത്ര പ്രാവീണ്യത്തെ തമസ്കരിച്ചതാവാം. എന്തുതന്നെയായാലും ഇന്നും കാലഹരണദോഷം കൂടാതെ അവശേഷിക്കുന്ന രാമകൃഷ്ണപിള്ളയുടെ ഭാഷാശാസ്ത്രസംഭാവനകൾ ചികഞ്ഞെടുത്ത് പഠിക്കേണ്ട താണ്. അതിനു സഹായകരമാംവിധം ചില പ്രശ്നങ്ങളെയും നിർദ്ദേശങ്ങളെയും ചുരുക്കമായി എടുത്തുകാട്ടുവാൻ മാത്രമാണിവിടെ ശ്രമിക്കുന്നത്.

മലയാളഭാഷയിലെ ഗദ്യസാഹിത്യപുരോഗതിയുടെയും വൈവിധ്യത്തിന്റെയും ചരിത്രം 1915 -ൽ തലശ്ശേരിയിലെ ബ്രണ്ണൻ കോളേജിൽ ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു:

> 'മുഖം മനസ്സിന്റെ സൂചി' എന്നാണല്ലോ ആപ്തവാക്യം. അതായത് മനസ്സിന്റെ സ്ഥിതിഭേദങ്ങൾ മുഖത്തിൽ പ്രകടിക്കുന്നുവെന്ന് സിദ്ധം. മുഖ ഭാവം മനോഭാവത്തിന്റെ പ്രതിബിംബമാണെങ്കിൽ, അതേ വിധം പ്രതിബിംബം തന്നെയാകുന്നു ഭാഷയും. ഒന്നു നയന വിഷയമെന്നും; മറ്റേത് ശ്രവണവിഷയമെന്നും മാത്രമേ ഇവയ്ക്കുതമ്മിൽ ഭേദമുള്ളൂ. മനോഗതങ്ങളുടെ ദർപ്പണമായ ഭാഷയിലും പ്രസന്നം, കോമളം, ഉജ്ജ്വലം മുതലായ ഭാവങ്ങൾ, അതിനാൽ സംഗതങ്ങൾ തന്നെ. ഈ നാനാഭാവങ്ങളെ ഭാഷയുടെ സരണിയെന്നോ രീതിയെന്നോ പറഞ്ഞുവരുന്നു. ഓരോ ഗ്രന്ഥകാരന്റെയും പ്രകൃതിയും, ഓരോ വിഷയത്തി

ന്റെയും സ്വഭാവവും, സന്ദർഭവും അനുസരിച്ച് രീതിയ്ക്ക് ഭേദം വരാവുന്നതാകയാൽ ഗദ്യത്തിൽ വിവിധങ്ങളായ രീതികളെ നാം കാണുന്നു. ആധുനിക മലയാള ഗദ്യ സാഹിത്യത്തിന്റെ പിതാവായി ഗണിച്ചുവന്നിരിക്കുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ അവർകളുടെ ഗദ്യരീതിയല്ല, അദ്ദേഹത്തെ സാഹിത്യത്തിൽ ഉത്സാഹിപ്പിച്ചിരുന്ന ആയില്യം തിരുന്നാൾ മഹാരാജാവ് തിരുമനസ്സിന്റേത്. അതുപോലെതന്നെ, മലയാള പത്രഗ്രന്ഥസാഹിത്യത്തിൽ പ്രഖ്യാതനായ സി പി അച്യുത മേനോൻ അവർകൾക്കും കേരളവർമ വലിയ കോയിത്തമ്പുരാനും തമ്മിൽ എത്രയോ അകൽച്ചകാണുന്നുണ്ട്. അച്യുതമേനോൻ അവർകളുടെയും, അദ്ദേഹത്തിന്റെ സഹായികളായിരുന്ന വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, സി അന്തപ്പായി എന്നിവരുടേയും ഗദ്യങ്ങൾ ഒരേ രീതിയിലുള്ളവയല്ലല്ലൊ. ഇവരിൽ നിന്നൊക്കെ എത്രയോ അകന്ന് മിക്കവാറും ഒറ്റപ്പെട്ടുനിൽക്കുന്നു ഒ.ചന്തുമേനോൻ. പിന്നെ, കൊച്ചി പത്താംകൂർ രാമവർമ്മ അപ്പൻ തമ്പുരാൻ തിരുമനസ്സിലെ രീതിയോ? അതിന്മണം ഭിന്നഭിന്നങ്ങളല്ലൊ എ ആർ രാജരാജവർമ്മ, കാരാട്ട് അച്യുതമേനോൻ, സി എസ്സ് സുബ്രഹ്മണ്യൻപോറ്റി മുതലായവരുടെയും ഗദ്യരീതികൾ? ഇവരുടെ കൃതികൾ തന്നെയും ഭിന്നരീതികളോടു കൂടിയവയാകുന്നു. ഗദ്യകാരന്മാർ തമ്മിൽ രീതിവിഷയത്തിൽ എത്രമേൽ അന്തരമുണ്ടോ, അത്രമേൽ, അവരിൽ ഓരോ ആളുടേയും കൃതികൾക്ക് തമ്മിലും, ഒരേ കൃതിയിൽതന്നെ വിവിധഭാഗങ്ങൾ തമ്മിലും അന്തരം കാണാം. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ *അക്ബർ* വായിച്ചാൽ, അദ്ദേഹമാണ് തിരുവിതാംകൂർ സർക്കാർ വകയായി പ്രസിദ്ധീകരിച്ചിരുന്ന *വിജ്ഞാനമഞ്ജരി, സന്മാർഗ്ഗപ്രദീപം* മുതലായ കൃതികളുടെ കർത്താവ് എന്നു സമ്മതിപ്പാൻ നമ്മൾക്കു വിശ്വാസം തോന്നുകയില്ല. അദ്ദേഹത്തിന്റെ മലയാളപ്രസംഗങ്ങളിലെയും ഉപന്യാസങ്ങളിലെയും ഗദ്യരീതി, ഗ്രന്ഥങ്ങളിലെ രീതിയിൽ നിന്ന് വ്യത്യാസപ്പെട്ടതായിരിക്കുന്നു. സി പി അച്യുത മേനോൻ അവർകൾ *വിദ്യാവിനോദിനി* മാസിക പുസ്തകത്തിൽ എഴുതിയിരുന്ന ഉപന്യാസങ്ങളിലും പ്രാചീനാര്യാവർത്തത്തിന്റെ അന്ത്യഭാഗമായി എഴുതീട്ടുള്ള അദ്ധ്യായങ്ങളിലും രീതിഭേദങ്ങൾ ഉണ്ടല്ലൊ. ചന്തുമേനോൻ *ഇന്ദുലേഖ*യിൽ ബംബയ്തുറമുഖം (മുംബയ്) വർണ്ണിച്ചിട്ടുള്ളതു നോക്കുക. അതേ കൃതിയിൽ തന്നെ, വ്യക്തിയെ മറയ്ക്കാതെതന്നെ, നിരീശ്വരമതത്തെ സംബന്ധിച്ച് ചെയ്തിട്ടുള്ള ഉപന്യാസത്തിലെ രീതി നോക്കുക; അദ്ദേഹം തന്നെ *മയൂരസന്ദേശ* കാവ്യത്തെ വിമർശിച്ച് *വിദ്യാവിനോദിനി*യിൽ

എഴുതിയിട്ടുള്ള ഉപന്യാസം ഇതുകളിൽനിന്നു എത്ര ഭിന്നമായ രീതിയിലായിരിക്കുന്നു. അപ്പൻ തമ്പുരാൻ തിരുമനസ്സിലെ ചരിത്ര സംബന്ധമായ ഉപന്യാസങ്ങളും മറ്റുപന്യാസങ്ങളും തമ്മിൽ തുലനം ചെയ്യുക.

ഈ വൈവിധ്യങ്ങൾ വിവരിച്ചശേഷം പഴയ ചെപ്പേടുകളും ശിലാശാസനങ്ങളും മുതൽ അച്ചടിവിദ്യയുടെയും ഗദ്യസാഹിത്യ പ്രചുരിമയുടെയും ഇന്നത്തെ കാലം വരെയുള്ള ചരിത്രം രാമകൃഷ്ണപിള്ള വിവരിക്കുന്നു. ഇക്കാലയളവിലെ രാജകീയ വിളംബരങ്ങളെയും രാജ്യങ്ങൾ തമ്മിലുള്ള ഉടമ്പടികളെയും വേലുത്തമ്പിയുടെ കുണ്ടറ വിളംബരം തുടങ്ങിയ പ്രക്ഷോഭാഹ്വാനങ്ങളെയും താരതമ്യപ്പെടുത്തി ഗദ്യരചനയുടെ തന്ത്രങ്ങളിലേക്ക് രാമകൃഷ്ണപിള്ള പ്രവേശിക്കുന്നു. പലപ്പോഴും വ്യവസ്ഥാപിത സമ്പ്രദായങ്ങളും വ്യാകരണ നിബന്ധനകളുമല്ല, പ്രത്യുത ഉള്ളടക്കത്തിന്റെ ഉദ്ദേശ്യവും കേൾവിക്കാരുടെയോ അനുവാചകരുടേയോ സ്വഭാവവും ആണ് ഗദ്യത്തിന് ജീവൻ നൽകുന്നത് എന്ന് അദ്ദേഹം വാദിക്കുന്നു:

വിളംബരത്തിന്റെ ഉത്തരഭാഗങ്ങളിലാണ് വാചകങ്ങളുടെ മുഴുപ്പും തെഴുപ്പും, തെളിഞ്ഞ് വിളങ്ങുന്നതെങ്കിലും, ആ ഭാഗങ്ങൾ ഇവിടെ പ്രസ്താവിപ്പാൻ ഔചിത്യം ഇല്ലാത്ത വിഷയങ്ങളെക്കുറിച്ച് ആകയാലും, ഭാഷയുടെ രീതി കാണാൻ മേൽ ഉദ്ധരിച്ച വാചകങ്ങൾ മതിയാകയാലും അവ മുഴുവനായി ഇവിടെ പകർത്തുന്നില്ല. ഏകദേശം ഒരേകാലത്തു തന്നെ ഉണ്ടായ ഈ വിളംബരത്തിലും ഓലക്കരണത്തിലും ഭാഷയ്ക്ക് വളരെ അന്തരം ഉണ്ടെന്ന് സ്പഷ്ടമാണല്ലൊ. വിളംബരത്തിൽ സംസ്കൃത പദങ്ങൾ അധികം തള്ളിക്കേറി നിൽക്കുന്നുണ്ട്; ഓലക്കരണത്തിൽ, ഭാഷമിക്കവാറും തമിഴുതന്നെ; സന്ധിക്രിയാരൂപങ്ങൾ മുതലായവ തമിഴിനെ അനുകരിക്കുന്നു. ഈ വ്യത്യാസത്തിനുകാരണം, ദേശഭേദം അല്ല. വിളംബരം കുണ്ടറ എന്ന പ്രദേശത്തുവെച്ച് എഴുതിയതായും, ഓലക്കരണം അവിടെ നിന്നും പത്തറുപതുനാഴിക തെക്കു പടിഞ്ഞാറുള്ള ദിക്കിൽ വച്ചെഴുതിയതായും ഇരുന്നാലും, ഓലക്കരണത്തിൽ തമിഴ് അധികമായും, വിളംബരത്തിൽ സംസ്കൃതം അധികമായും ഇരിപ്പാൻ കാരണം, അക്കാലത്തെ കരണഭാഷ, മുമ്പുതന്നെ ക്ലിപ്തപ്പെടുത്തിപോയിരുന്നതാകയാൽ മാത്രമാകുന്നു എന്നു സമാധാനപ്പെടാം. വിളംബരത്തിലെ ഭാഷ ആയിരിക്കണം അന്നത്തെ രാജഭാഷയെന്ന് അനുമാനിക്കുവാൻ അതിനുമുമ്പ് ഉണ്ടായിട്ടുള്ള *കേരളോൽപ്പത്തി* മുതലായവയിലെ ഭാഷാസ്വഭാവം നമ്മൾക്ക് വഴികാണിക്കുന്നുണ്ട്. അത് എന്തായാലും, വേലുത്തമ്പിദളവയുടെ വിളംബരത്തിലെ ഭാഷ എത്രതന്നെ വ്യാകരണനിയമങ്ങളെ ലംഘിക്കുന്നതായിരുന്നിട്ടും അതിന്റെ ഊക്കും ഉറപ്പും സ്മരണീയം തന്നെ ആകുന്നു.

വർണം-ലിപി-ചിഹ്നം

ഭാഷാശാസ്ത്രവിഷയത്തിൽ രാമകൃഷ്ണപിള്ള നൽകുന്ന പ്രധാന ചിന്തകളിൽ വർണം, ലിപി, അക്ഷരം, ശബ്ദം, ചിഹ്നം എന്നിവയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ഈ വിഷയങ്ങളെപ്പറ്റി അദ്ദേഹം എഴുതിയിട്ടുള്ളതെല്ലാം വിസ്താരഭയം കൊണ്ട് വിവരിക്കുന്നില്ല. ഒന്നു രണ്ടു കാര്യങ്ങൾ മാത്രം സൂചിപ്പിക്കാം.

ചില മലയാളപദങ്ങളുടെ അവസാനത്തിൽ വരുന്ന സംവൃതസ്വരത്തെ സംബന്ധിച്ചുള്ള ഭിന്ന നിലപാടുകളാണ് രാമകൃഷ്ണപിള്ളയുടെ പരിശോധനയ്ക്ക് വിധേയമാകുന്നത്. ഈ പ്രശ്നം അദ്ദേഹം അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്:

> 'ആണ്', 'പെണ്ണ്', 'കാറ്റ്' മുതലായ പദങ്ങളിലെ അന്ത്യസ്വരത്തെ സംവൃതോകാരം എന്നു *കേരളപാണിനീയ* കർത്താവ് വ്യവഹരിക്കുന്നു. അതിനുമണ്ണം, ഈ സംവൃത സ്വരത്തെ കുറിക്കേണ്ടത് ഉകാരോപരി ചന്ദ്രക്കലയിട്ടാണെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ, *കേരളപാണിനീയ* കർത്താവിന്റെ മതാനുയായികളായി തിരുവിതാംകൂറിൽ പലരും ഉണ്ടെങ്കിലും, ഉത്തരകേരളീയന്മാർക്ക് ഈ സമ്പ്രദായത്തിൽ വിപ്രതിപത്തി യാണുള്ളതെന്നു കാണുന്നു. സംവൃതസ്വരത്തിൽ അവസാനിക്കുന്നതും ഉച്ചരിക്കേണ്ടതും ആയ മേൽപറഞ്ഞ വാക്കുകളെ പല പ്രകാരത്തിൽ എഴുതാറുണ്ട്. അകാരാന്തമായി 'ആണ'എന്നെഴുതിയാൽ മതിയെന്ന് ഉത്തരകേരളീയർ ഏറിയകൂറും നിഷ്കർഷിക്കുന്നു; അകാരോപരി ചന്ദ്രക്കലയിട്ട് 'ആണ്' എന്ന രീതിയിലാണ് കൊച്ചിയിലും മറ്റുമുള്ള പലരും എഴുതുന്നത്. എന്നാൽ, ബൈബിൾ മലയാളക്കാർ ഉകാരം മാത്രമാക്കി 'ആണു' എന്നെഴുതുകയും, മുറ്റുകാരകമായി ഉച്ചരിക്കയും ചെയ്തുവരുന്നു. *കേരളപാണിനീയാ*നുവർത്തികൾ ഉകാരോപരി ചന്ദ്രക്കലയിട്ട് 'ആണ്' എന്നെഴുതുന്നു. അകാരാന്തം മാത്രമായി എഴുതുന്നവർ, ചിലേടങ്ങളിലേ സംവൃതസ്വരമായി ഉച്ചരിക്കാറുള്ളു. മറ്റുചിലതിൽ മലബാർക്കാർ, 'നായ' (നായരുടെ), 'പായ' (പായയുടെ) മുതലായവയെപ്പോലെ അകാരാന്തമായിട്ടുതന്നെ ഉച്ചരിക്കുന്നു.

ഈ പ്രശ്നത്തിന്റെ നാനാവശങ്ങൾ പരിശോധിച്ച് ലളിതവത്കരണത്തിലൂടെ ഐകരൂപ്യം ഉണ്ടാക്കാൻ രാമകൃഷ്ണപിള്ള നൽകിയ നിർദ്ദേശങ്ങൾ അന്നാരും വേണ്ടത്ര ശ്രദ്ധിച്ചില്ല. 1970-കളിൽ എൻ.വി.കൃഷ്ണവാര്യരുടെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പരിശ്രമഫലമായി ചില ഐകരൂപ്യങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. സംവൃത 'ഉ' കാരത്തിനും വിവൃത 'ഉ' കാരത്തിനും ലിപിയുടെ മുകളിൽ മീത്തൽ അഥവാ ചന്ദ്രക്കലമാത്രം

ഇട്ടാൽ മതിയെന്നും സംവൃത 'ഉ'കാരത്തിന്റെ കുനിപ്പ് ഉപേക്ഷിക്കാവുന്നതാണെന്നുമാണ് കൃഷ്ണവാര്യരുടെ നിർദ്ദേശം. 1967-ലെ ലിപി പരിഷ്കാര പ്രകാരം ഉകാരചിഹ്നം ലിപിയിൽ നിന്നും അടർത്തി 'ി', 'ീ', 'ാ' എന്നിവ പോലെ 'ു', 'ൂ' എന്ന് വേറിട്ട ഒരു ഘടന മതിയെന്നും വന്നതോടുകൂടി പഴയ സമ്പ്രദായം ദുർഘടവും ആയി.

രാമകൃഷ്ണപിള്ള അടുത്തതായി പരിഗണിക്കുന്നത് 'പന'യിലെയും 'നന'യിലെയും രണ്ടാം വർണം എങ്ങനെ 'നായ'യിലെയും 'നന്നായി'യിലെയും 'ന'യിൽ നിന്നു വ്യത്യസ്തമായിരിക്കുന്നു എന്നതാണ് ഇതിന് രണ്ടു തരം വ്യത്യസ്ത ലിപികൾ അംഗീകരിക്കുന്നത് നന്നായിരിക്കും എന്ന നിർദ്ദേശം ഇപ്പോഴും അംഗീകരിക്കപ്പെട്ടിട്ടില്ല. രാമകൃഷ്ണപിള്ള ഇങ്ങനെയാണ് അതേപ്പറ്റി വിധിക്കുന്നത്.

> 'നന', 'പന' ഇത്യാദികളിലെ ദ്വിതീയവർണ്ണത്തെക്കുറിപ്പാൻ പ്രത്യേക ലിപി ആവശ്യമെന്ന് ഭാഷാശാസ്ത്രജ്ഞന്മാർ നിഷ്കർഷിക്കുന്നു. അന്യൂനലക്ഷണമായ ഒരു ഭാഷയിൽ, ഒരു ലിപി ഒരേ ഒരു വർണ്ണത്തെയേ കുറിക്കാവു എന്നും, ഒരു വർണ്ണത്തെ കുറിപ്പാൻ ഒരേ ഒരു ലിപിയേ പാടുള്ളു എന്നും ശാസ്ത്രം നിഷ്കർഷ ചെയ്യുന്നുണ്ട്. ആ നിയമത്തിന് മലയാളഭാഷയിലെ അക്ഷരപ്പട്ടികയും വ്യത്യസ്തമായിരിക്കുന്നു. ഈ നിഷ്കർഷത്തെ അനുസരിക്കയാണെ ങ്കിൽ 'നന'യിലെ രണ്ടു വിധ വർണ്ണങ്ങളെയും ഒരേ ലിപികൊണ്ടു കുറിക്കുന്നത് അയുക്തവും ആകുന്നു. 'തിന്നുന്നു', 'തിന്നു', 'തിന്നും' എന്നിവയിലെ ദ്വിതീയവർണ്ണങ്ങളെ ഒന്നുപോലെ ഉച്ചരിക്കുന്നതിനു ചിലരെ പ്രേരിപ്പിക്കുന്നതും ഈ ലിപി ഭേദമില്ലായ്മയാണല്ലോ. വാസ്തവത്തിൽ, ലിപിഭേദം ചെയ്യുന്നത് മലയാളഭാഷയെ അഭ്യസിച്ചുതുടങ്ങുന്നവർക്ക് സന്ദേഹനിവാരകവും, ശാസ്ത്രീയരീത്യാ ആവശ്യകവുമാകുന്നു.

ഉത്കൃഷ്ടഭാഷയും അപകൃഷ്ടഭാഷയും

ഏതു ഭാഷയും രണ്ടുവിധമുണ്ടെന്നും അവയിൽ മേലാളന്മാർ സംസാരിക്കുന്നത് ഉത്കൃഷ്ടവും കീഴാളന്മാർ സംസാരിക്കുന്നത് അപകൃഷ്ടവുമാണെന്നും പരമ്പരാഗതമായി കരുതിവരുന്നു. സമൂഹം മേലാളന്മാരുടെയും കീഴാളന്മാരുടെയുമെന്നും സവർണ്ണരുടെയും അവർണ്ണരുടെയുമെന്നും വിഭജിക്കപ്പെട്ടതിന്റെ ഫലമാണ് ഈ സാംസ്കാരിക ഉച്ചനീചത്വ വിഭജനം. വിപ്ലവകാരികളും പരിവർത്തനവാദികളും അധ:സ്ഥിതോന്നമനത്തിൽ തത്പരരായവരും ഈ വിഭജനത്തെ അംഗീകരിച്ചിരുന്നില്ല. മാത്രമല്ല ഉത്കൃഷ്ടമെന്ന് വിശേഷിപ്പിക്കപ്പെട്ട ഭാഷയുടെ ഉത്കൃഷ്ടത അവർ നിരാകരിക്കുകയും അപകൃഷ്ടഭാഷയെ ഉത്കൃഷ്ടമായി പരിഗണിക്കുകയും

ചെയ്തു. കാളിദാസൻ തുടങ്ങിയ വരേണ്യ സംസ്കൃത സാഹിത്യകാരന്മാർ അവരുടെ നാടകങ്ങളിൽ പുരുഷന്മാർ സംസ്കൃതം സംസാരിക്കുമ്പോൾ സ്ത്രീകളെക്കൊണ്ടും സേവകരെക്കൊണ്ടും അസംസ്കൃതമെന്ന് പറയ പ്പെടുന്ന പാലിഭാഷയിലാണ് സംസാരിപ്പിച്ചിരുന്നത്. ഗൗതമബുദ്ധനെയും വർദ്ധമാന മഹാവീരനെയും പോലുള്ള സാമൂഹിക പരിഷ്കർത്താക്കളും പാലി അല്ലെങ്കിൽ പ്രാകൃതമാണ് ഉപയോഗിച്ചതും പ്രചരിപ്പിച്ചതും. ഒരു രാജ്യം മറ്റൊരു രാജ്യത്തെ കീഴടക്കുമ്പോൾ കീഴടക്കപ്പെട്ട രാജ്യത്തിന്റെ ഭാഷ അപകൃഷ്ടമെന്ന് വിധിച്ച് ആക്രമണകാരികൾ അവരുടെ ഭാഷയെ ഭരണീയരുടെ മേൽ അടിച്ചേല്പിക്കുന്നത് ഇന്ത്യയ്ക്കും അനുഭവമാണല്ലോ.

വ്യാകരണത്തിലും ഈ വേർതിരിവ് സാധൂകരിച്ചിട്ടുണ്ട്. എ ആർ രാജരാജവർമ്മ 'ലെജിസ്ലേറ്റീവ്' അഥവാ ഭാഷാപ്രയോഗത്തിലെ വിധിനിഷേധങ്ങൾ നിർണ്ണയിക്കുന്ന വ്യാകരണത്തെ *കേരളപാണിനീയ*ത്തിന്റെ രണ്ടാം പതിപ്പിൽ തിരസ്കരിക്കുകയുണ്ടായി. വ്യാകരണമെന്നത് വിധി നിഷേധങ്ങൾ കൊണ്ട് ഭാഷയെ വരിഞ്ഞുകെട്ടി അതിന്റെ വികസനത്തെ തടയുന്ന ഒന്നാവരുതെന്നും നിലവിലുള്ള ജനകീയ ഭാഷ ഏതു വിധത്തിലാണ് ആശയ സംവേദനം നിവർഹിക്കുന്നത് എന്നും കണ്ടെത്തി ആ നിയമങ്ങളെ ക്രോഡീകരിക്കുകയാണ് വ്യാകരണത്തിന്റെ കർത്തവ്യമെന്നും സ്ഥാപിക്കുന്നു. പാണിനിയും പതഞ്ജലിയും വിധിനിഷേധങ്ങളുടെ വൈയ്യാകരണന്മാർ ആയിരുന്നു എന്നും അതിൽ പ്രകടിപ്പിക്കപ്പെടുന്ന മനോഭാവം സ്വേച്ഛാധിപത്യത്തിന്റെതാണെന്നും പ്രജാധിപത്യത്തിന്റെ കാലത്ത് അത് അംഗീകാര്യമല്ലെന്നും കൂടി ഈ വാദങ്ങൾക്ക് ഒരു രാഷ്ട്രീയമാനം നൽകിക്കൊണ്ട് രാജരാജവർമ്മ സമർത്ഥിക്കുന്നു പാണിനിയുടെ സമ്പ്രദായത്തെ 'ഡിഡക്ടീവ്' അഥവാ ' അഭ്യൂഹികം' എന്നും ഇപ്പോൾ മുന്നോട്ടുവയ്ക്കുന്ന സമ്പ്രദായത്തെ 'ഇൻഡക്ടീവ്' അഥവാ 'ആഗമികം' എന്നും അദ്ദേഹം വ്യവച്ഛേദിക്കുന്നു.

*ലീലാതിലക*കാരനും ഭാഷയുടെ ഉത്കൃഷ്ട-അപകൃഷ്ടതയെ ന്യായീകരിക്കുന്ന ഒരു പൂർവ്വസൂരിയാണ്. ത്രൈവർണ്ണികർ അഥവാ പൂണൂലിടുന്ന മേൽജാതിക്കാരുടെ ഭാഷ ഉത്കൃഷ്ടമെന്നും മറ്റുള്ളവരുടേതിനെ അപകൃഷ്ടമെന്നും അദ്ദേഹം വിധിച്ചതിനെ ആധുനികകാലത്ത് വടക്കുംകൂർ രാജരാജവർമ്മയെ പോലുള്ള യാഥാസ്ഥിതികർ ന്യായീകരിക്കുകയുണ്ടായി. ദളിതഭാഷയും പാതിരിഭാഷയും മാപ്പിള ഭാഷയും മറ്റും അപകൃഷ്ടമായി അടുത്ത കാലംവരെ കരുതിയിരുന്നത് ഈ വരേണ്യ ചിന്താഗതിയുടെ പ്രതിഫലനമാണ്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പൊതുവെയുള്ള നിലപാടുകൾ പരിശോധിച്ചാൽ അദ്ദേഹം ഈ അപകൃഷ്ട ഭാഷാപക്ഷപാതി ആകേണ്ടതായിരുന്നു. എന്നാൽ സരസകവി കെ സി കേശവപിള്ളയു

മായുള്ള ഒരു വിവാദത്തിൽ സ്വദേശാഭിമാനി പ്രകടിപ്പിക്കുന്നത് നേരെ മറിച്ചുള്ള ഒരു വീക്ഷണമാണെന്ന് പറയാതിരിക്കാൻ വയ്യ.

രാമകൃഷ്ണപിള്ളയെയും പി കെ നാരായണപിള്ളയെയും പോലെ കേശവപിള്ളയും രാജരാജവർമ്മയുടെ ഒരു അനുയായിയായിരുന്നു. ദ്വിതീയാക്ഷരപ്രാസവാദ വിവാദത്തിൽ ഉൾപ്പെടെ പല കാര്യങ്ങളിലും കേശവപിള്ള രാജരാജന്റെ പക്ഷത്തായിരുന്നു. എന്നാൽ ഈ മൂവരും തമ്മിൽ അഭിപ്രായ ഐക്യത്തേക്കാൾ അഭിപ്രായഭിന്നതയാണുണ്ടായിരുന്നത്. ചിലപ്പോൾ അത് ശത്രുതയോളം എത്താറുണ്ടായിരുന്നു. കേശവപിള്ളയുടെ *സദാരാമ* എന്ന സംഗീതനാടകത്തെക്കുറിച്ച് രാമകൃഷ്ണ പിള്ള അതിരൂക്ഷമായ ഒരു വിമർശനമെഴുതിയത് വ്യക്തിപരമായ വിരോധംകൊണ്ടല്ല എന്ന് പണ്ഡിതോചിതമായ ആ വിദഗ്ധ വിമർശനം വായിക്കുന്നവർക്ക് ബോധ്യമാകും എങ്കിലും അതിൽ വ്യക്തിപരമായ നീരസത്തിന്റെ നിഴലാട്ടം ദോഷൈകദൃക്കുകൾ കണ്ടിട്ടുണ്ട്.

'ചിലപ്രയോഗഭേദങ്ങൾ' എന്ന പേരിൽ കെ സി കേശവപിള്ള *ഭാഷാപോഷിണി*യിൽ എഴുതിയ ലേഖനത്തോടുള്ള പ്രതികരണത്തിലാണ് രാമകൃഷ്ണപിള്ളയുടെ വരേണ്യപദപക്ഷപാതം പ്രകടമാകുന്നത്. തന്റെ *കേരളനി*ൽ എഴുതിയ പ്രതികരണത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു:

> ഭാഷാപോഷണത്തിന് യത്നിക്കുന്ന ഒരു മാസികാ പുസ്തകത്തിൽ, ഗ്രാമ്യ പ്രയോഗങ്ങളെ കഴിയുന്നിടത്തോളം വർജ്ജിക്കേണ്ടതാണ് എന്ന് ഭാഷാഭിമാനികൾ സമ്മതിക്കുന്നതാണല്ലോ. സാമാന്യേന ആളുകൾ സംഭാഷണത്തിൽ മാത്രം ഉപയോഗിച്ചുവരുന്നതും പ്രാമാണികൾ ഗ്രന്ഥത്തിൽ പ്രയോഗിക്കാത്തതും ആയ പല പദങ്ങളും, മലയാളത്തിൽ എന്നു മാത്രമല്ല, എല്ലാ പരിഷ്കൃത ഭാഷകളിലുമുണ്ട്. അങ്ങനെയുള്ള പദങ്ങളെ ഗൗരവപ്പെട്ട വിഷയങ്ങളെ പ്രതിപാദിക്കുന്ന ലേഖനങ്ങളിലോ ഗ്രന്ഥങ്ങളിലോ മറ്റുപദങ്ങളോടൊപ്പം സുശബ്ദങ്ങളായി പ്രയോഗിക്കുന്നത് ഭാഷയുടെ പോഷണത്തിന് ദോഷകരമായിരിക്കുന്നതാകുന്നു. ഇംഗ്ലീഷിൽ 'സ്ലാംഗ്' എന്നും 'പ്രൊവിൻഷ്യലിസം' എന്നും പേർ പറയപ്പെടുന്ന പദങ്ങളെ ഗ്രന്ഥഭാഷയിൽ സ്വീകരിച്ചുകൂടെന്നും പ്രാമാണികന്മാർ വിധിച്ചിട്ടുള്ള തുപോലെ മലയാളത്തിലും കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സ് കൊണ്ട് മുതലായ ഗദ്യകർത്താക്കന്മാർ അവരവരുടെ പ്രയോഗത്തിൽ വിധിച്ചിട്ടുണ്ട്.

ഈ ഏതാനും വരികളിൽ ആധുനിക ഭാഷാ പരിഷ്കരണചിന്തകൾക്ക് വിപരീതമായി ഒന്നിലേറെ കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. 'ഗ്രാമ്യം' എന്നും 'പ്രൊവിൻഷ്യൽ' എന്നും അപകൃഷ്ടതയെ വിശേഷിപ്പിക്കുന്നതു

തന്നെ വരേണ്യ പക്ഷപാതത്തിന്റെ വികൃത പ്രകടനമാണ്. ഇംഗ്ലീഷിലായാലും ശരി, മലയാളത്തിലായാലും ശരി. എങ്കിലും രാജരാജവർമ്മയും മറ്റും അങ്ങനെ പ്രയോഗിച്ചിട്ടുള്ളതുകൊണ്ട് നമുക്കത് വിട്ടുകളയാം. ഗ്രാമീണർ സംസാരിക്കുന്നത് അപകൃഷ്ടവും നാഗരികർ സംസാരിക്കുന്നത് ഉത്കൃഷ്ടവും എന്ന ഈ വേർതിരിവ് രാമകൃഷ്ണപിള്ളയെപോലുള്ള ജനാധിപത്യവാദികളായ ഉത്പതിഷ്ണുക്കൾ സ്വീകരിച്ചുകൂടാത്തതാണ്.

ഇനി കേശവപിള്ളയിൽ അദ്ദേഹം ആരോപിക്കുന്ന കുറ്റത്തിന് ആധാരമായ വാക്ക് തന്നെ എടുക്കുക. രാമകൃഷ്ണപിള്ള പറയുന്നു.

> കേശവപിള്ള അവർകളുടെ ലേഖനത്തിൽ ആദ്യമായി കാണുന്ന വാക്ക് തന്നെ ഈ ഗ്രാമ്യപ്രയോഗ ദോഷം കൊണ്ട് കളങ്കപ്പെട്ടിരിക്കുന്നു. 'ഭാഷാ പരിഷ്കാരം കൊണ്ടുപിടിച്ചു നടന്ന് വരുന്നു' എന്നുള്ള വാചകത്തിൽ അദ്ദേഹം 'കൊണ്ട് പിടിച്ച്' എന്ന വാക്ക് ഉപയോഗിച്ചത് ഉചിതമായിട്ടില്ലെന്നാണ് എനിക്ക് പറവാനുള്ളത്. ഊർജ്ജസ്വലമായി എന്ന അർത്ഥത്തിലാണ് 'കൊണ്ടുപിടിച്ചു' എന്നതെങ്കിൽ ആ സുശബ്ദത്തെ സ്വീകരിക്കുന്നതിനുപകരം ഈ ഗ്രാമ്യപദത്തെ പ്രയോഗിക്കുന്നതിന് തുനിഞ്ഞത് എന്തിനാണ്?

'കൊണ്ടു പിടിച്ചു' എന്നതിന്റെ ഊർജ്ജസ്വലത 'ഊർജ്ജിതമായി' എന്ന രാമകൃഷ്ണപിള്ളയുടെ പകരം പദത്തിന് ഇല്ലെന്നത് കേൾക്കുന്നവർക്കും വായിക്കുന്നവർക്കും എത്രയോ സ്പഷ്ടമാണ്. തീർച്ചയായും ഇത് ആധുനികർക്ക് സ്വീകരിക്കാവുന്ന നിർദ്ദേശമല്ല.

സി വി രാമൻപിള്ളയുടെ *ധർമ്മരാജ* എന്ന ആഖ്യായികയെക്കുറിച്ച് രാമകൃഷ്ണപിള്ള എഴുതിയ സുപ്രസിദ്ധമായ ഖണ്ഡന വിമർശനത്തിൽ സി വിയുടെ ദുർഗ്രഹമായ മണിപ്രവാള ശൈലിയെ കഠിനമായി അധിക്ഷേപിച്ചിട്ടുണ്ട്. അതിപ്രകാരമാണ്.

> *ധർമ്മരാജാ*വിലുപയോഗിച്ചിരിക്കുന്ന ഗ്രന്ഥകാരഭാഷ മലയാളമെന്ന് പറവാൻ ഒരുങ്ങുന്നവരുണ്ടെങ്കിൽ അവർ 'കുശവസൃഷ്ടി'യുടെ സഹായകന്മാരായിരിക്കാം. സംസ്കൃതമാണെന്ന് പറവാൻ, ഇടയ്ക്കിടെ ചില മലയാള പദങ്ങളും മലയാള പ്രത്യയങ്ങളും ഉള്ളതുകൊണ്ടും ന്യായമില്ല. മണിപ്രവാളമോ അല്ല; കുഞ്ചന്റെ സരള മലയാളമോ അല്ലതന്നെ. ഉണ്ണായി വാര്യരുടെ 'വെങ്കലഭാഷ'യും അല്ല; കണ്ണശ്ശപ്പണിക്കരുടെ മുത്തമിഴും അല്ല. ആട്ടക്കഥത്തമ്പുരാക്കന്മാരുടെ ഭാഷയാണോ, അതുമല്ല. എന്നാൽ, രാമൻപിള്ള അവർകൾ ഇവയിലെല്ലാറ്റിലും പരിചിതനാണെന്ന് കാണിക്കുന്നുണ്ട്. ആട്ടക്കഥകളും തുള്ളലും കിളിപ്പാട്ടും മറ്റും വായിച്ച് അവയിലുള്ള ചില പദാർത്ഥങ്ങളെ എടുത്ത ചുരുട്ടി വായ്ക്കു

ള്ളിലാക്കി ചവച്ചു തുപ്പിയിരിക്കുന്ന 'കാഷ്ടം' ആണ് ഇതിലെ ഭാഷ. ഈ 'കാഷ്ടം' സാഹിത്യഭാഷയാകുമെന്ന് തലകുലുക്കി സമ്മതിക്കാൻ ഒരുക്കമുള്ളവരെ ഈ സാഹിത്യതാംബൂല കാഷ്ടം എടുത്ത് ചവച്ച് സാഹിത്യരസം സേവിപ്പാൻ കുതുകികളായിരിക്കു എന്നല്ലാതെ മറ്റൊന്നും പറവാനില്ല.

ഇപ്രകാരം ഭാഷയുടെ ലാളിത്യത്തിനും സുതാര്യതയ്ക്കും വേണ്ടി വാദിക്കുന്ന രാമകൃഷ്ണപിള്ളയുടെ ഭാഷ മലയാളത്തിലെ ഏറ്റവും സുന്ദരവും ലളിതവുമാണ്. ഗദ്യരചനയെപ്പറ്റി അദ്ദേഹം ഒരിടത്ത് പറഞ്ഞിരിക്കുന്നത് പദ്യരചനയേക്കാൾ ദുഷ്കരമാണ് നല്ല ഗദ്യരചനയെന്നും പദ്യത്തിനു മാത്രമല്ല ഗദ്യത്തിനും സംഗീതവും താളലയവും ആവശ്യമാണെന്നും മറ്റുമാണ്. തീർച്ചയായും ദുർഘടം പിടിച്ച വ്യാകരണ പ്രശ്നങ്ങളെക്കുറിച്ച് എഴുതുമ്പോഴും രാമകൃഷ്ണപിള്ളയുടെ ഭാഷ അദ്ദേഹം നിർദ്ദേശിക്കുന്നതു പോലെ നിർദ്ദോഷവും ലളിതവും സംഗീതാത്മകവുമാണ്. എന്നാൽ കേശവപിള്ളയുമായുള്ള ഈ വിവാദത്തിൽ അദ്ദേഹം പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ നേരെ വിപരീതമാണെന്നു കാണുന്നു.

ഭാഷാപോഷണത്തെയും പരിഷ്കരണത്തെയും ഭാഷാശാസ്ത്രത്തെപ്പറ്റിയും വളരെയേറെ വിജ്ഞാനപ്രദമായ സംഭാവനകൾ രാമകൃഷ്ണപിള്ള നൽകിയിട്ടുള്ളത് കൂടുതൽ വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

അദ്ധ്യായം 5

പുസ്തകനിരൂപണം

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സാഹിത്യസിദ്ധാന്തങ്ങൾ പലപ്പോഴും അനാവരണം ചെയ്യപ്പെടുന്നത് അദ്ദേഹത്തിന്റെ പുസ്തക നിരൂപണങ്ങളിലൂടെയാണ്. ഈ സന്ദർഭത്തിൽ പൊതുവെ പുസ്തക നിരൂപണത്തെ കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾ പരിശോധിച്ച ശേഷം വിഷയത്തിലേക്കു കടക്കാം.

പുസ്തകാഭിപ്രായങ്ങളെ നിരൂപണം എന്നും വിമർശനം എന്നും പര്യായങ്ങൾ എന്ന നിലയിൽ സാധാരണ ഉപയോഗിച്ചു വരാറുണ്ട്. കൃത്യമായി പറഞ്ഞാൽ വിമർശവും (വിമർശനം എന്നു പാഠഭേദം) നിരൂപണവും രണ്ടു തരത്തിലുള്ള രചനകളാണ് എന്നും അവയെ കൂട്ടിക്കുഴക്കുന്നത് ആശയകുഴപ്പത്തിന് വഴിവയ്ക്കുമെന്നും എൻ.വി.കൃഷ്ണവാര്യർ പറയുന്നു. അദ്ദേഹത്തെ ഉദ്ധരിക്കാം:

> ഇംഗ്ലീഷിലെ 'ക്രിറ്റിസിസം' എന്ന വാക്കിനുപകരമായാണ് ഞാൻ ഇവിടെ 'വിമർശനം' എന്ന പദം ഉപയോഗിക്കുന്നത്. 'റിവ്യൂ' എന്ന വാക്കിനുപകരമായി 'നിരൂപണം' എന്ന പദവും ഉപയോഗിക്കുന്നു. രണ്ടും ഒരംശത്തിൽ ഒന്നു തന്നെ; ഒരു കലാവസ്തു സംസ്കൃതമായൊരു മനസ്സിലുളവാക്കിയ പ്രതികരണങ്ങളുടെ ആവിഷ്കാരം തന്നെ. എന്നാൽ മറ്റൊരംശത്തിൽ രണ്ടിനും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. സമകാലസാഹിത്യത്തെ അല്ലെങ്കിൽ മറ്റേതെങ്കിലും സമകാലകലാരൂപത്തെ, സാധാരണ വായനക്കാർക്കു പരിചയപ്പെടുത്തികൊടുക്കലാണ് നിരൂപണത്തിന്റെ ധർമ്മം. അതിൽ മൂല്യനിർദ്ധാരണത്തിന് അതിന്റേതായ സ്ഥാനമുണ്ട്. എങ്കിലും മൂല്യനിർദ്ധാരണമല്ല പ്രധാനം. കലയുടെ അടിസ്ഥാന തത്വങ്ങളിലേക്കിറങ്ങി ചെല്ലാനോ നിരൂപ്യമായ കൃതിയെ വിശദമായപഗ്രഥിച്ച് ഉചിതമായ പശ്ചാത്തലത്തിനെതിരേവച്ച് പഠിക്കാനോ ഉള്ള സമയമോ സൗകര്യമോ

നിരൂപകനില്ല. ആഴ്ചതോറുമോ, മാസംതോറുമോ പ്രസിദ്ധംചെയ്യുന്ന ഒരു പത്രത്തിന്റെ ഏതാനും ചില പേജുകളാണ് അയാൾക്ക് കിട്ടുന്നത്. ഇത്തരം പത്രങ്ങളിലേറിയകൂറും ആബാലഗോപാലം പ്രചാരമുദ്ദേശിച്ചു നടത്തുന്നവയാണ്. ഉള്ള സ്ഥലത്തു കഴിയുന്നത്ര വേഗത്തിൽ ആധികാധികം കൃതികളെപറ്റി, ആകർഷകമായും സുഗ്രഹമായും പ്രസ്താവിക്കണമെന്നാണ് ഒരു പത്രനിരൂപകൻ സ്വാഭാവികമായി അഭിലഷിക്കുന്നത്. അതിനാൽ നിരൂപണത്തിൽ ഒരു ഉപരിപ്ലവ സ്വഭാവമുണ്ടായില്ലെങ്കിലേ അത്ഭുതപ്പെടേണ്ടു.

പത്രങ്ങളിലെ പുസ്തക വിചാരങ്ങളെല്ലാം നിരൂപണങ്ങൾ ആയിരിക്കാൻ ഇടയുണ്ട് എന്ന എൻ വിയുടെ സൂചന രാമകൃഷ്ണപിള്ളയെ സംബന്ധിച്ചിടത്തോളമെങ്കിലും ശരിയല്ല. രാമകൃഷ്ണപിള്ളയുടെ പുസ്തക വിചാരങ്ങൾ മിക്കവയും അദ്ദേഹത്തിന്റെയോ മറ്റുള്ളവരുടേയോ പത്രങ്ങൾക്കുവേണ്ടി എഴുതിയതാണെങ്കിലും അവയെ മുഴുവൻ എണ്ണി വകതിരിക്കുന്ന ഉപരിപ്ലവങ്ങളായ സൃഷ്ടികൾ എന്ന വിധത്തിൽ തരംതാഴ്ത്തുന്നത് ശരിയായിരിക്കില്ല.

പഠനസൗകര്യത്തിനും ആശയവ്യക്തതയ്ക്കും കൃഷ്ണവാര്യരുടെ ഈ തരംതിരിക്കൽ പ്രയോജനകരമാണെങ്കിലും അദ്ദേഹം തന്നെ സൂചിപ്പിക്കുന്നവിധം ഈ രണ്ടിനങ്ങളേയും വെള്ളം കയറാത്ത രണ്ടറകളായി കരുതുന്നത് ചിലപ്പോൾ വഴിതെറ്റിക്കാൻ ഇടയുണ്ട്. പലപ്പോഴും ഇവയുടെ സ്വഭാവങ്ങൾ കയറിയും ഇറങ്ങിയും രണ്ടിനങ്ങളിലും കണ്ടെന്നുവരാം. ഇവിടെ പരിശോധിക്കുന്ന പുസ്തകവിചാരങ്ങളും അങ്ങിനെ എപ്പോഴും തരംതിരിച്ച് പേരെഴുതി ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. നിരൂപണമെന്നും വിമർശനമെന്നും പര്യായങ്ങളെന്ന രീതിയിൽ പരാമർശിച്ചു എന്നും വരാം.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പുസ്തകനിരൂപണത്തിൽ ഏർപ്പെട്ടിരുന്ന കാലത്ത് മലയാളത്തിലെ പുസ്തക നിരൂപണശാഖ വളരെ അവികസിതമായ അവസ്ഥയിലായിരുന്നു. പോഷക നിരൂപണം എന്ന് നാമകരണം ചെയ്യാവുന്ന രീതിയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാനെപ്പോലുള്ളവർ അന്നത്തെ കേരളത്തിലെ പുസ്തക ദാരിദ്ര്യത്തെ നിർമ്മാർജനം ചെയ്യാനായി തന്നെ സമീപിക്കുന്ന സകലമാന ഗ്രന്ഥകർത്താക്കൾക്കും അനുഗ്രഹാശ്ശിസ്സുകളോടെ അവതാരികയോ അഭിപ്രായമോ എഴുതി ഒരു സ്വർണ്ണപവൻ കൈനീട്ടത്തോടുകൂടി നൽകാറുണ്ട്. അദ്ദേഹത്തെക്കാൾ കുറച്ചുകൂടി ത്യാജ്യഗ്രാഹ്യവിവേചനം പ്രദർശിപ്പിച്ച മറ്റു ചില പണ്ഡിത നിരൂപകരാകട്ടെ സൃഷ്ടിയുടെ ബാഹ്യമോടികളായ അലങ്കാരത്തേയും പ്രാസത്തേയും ആസ്പദമാക്കിയുള്ള രൂപപരമായ വിമർശനങ്ങളിലാണ് ശ്രദ്ധിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം സാഹിത്യ രസികരുടെയും വിമർശകരുടേയും ഇടയിൽ പൊട്ടിപുറപ്പെട്ട ദ്വിതീയാക്ഷരപ്രാസവാദം വാസ്തവത്തിൽ രൂപവും ഭാവവും തമ്മിലുള്ള വിവാദത്തിന്റെ പ്രചരണ

സ്വദേശാഭിമാനി എഴുതിയ ഒരു കത്ത്

രൂപമായിരുന്നു. ആ വിവാദത്തിൽ തന്റെ ഗുരുനാഥനും രക്ഷകർത്താവും മാതുലനും ആയിരുന്ന കേരളവർമ്മയുടെ ദ്വിതീയാക്ഷര പ്രാസ പ്രേമത്തെ എതിർത്ത് രംഗത്തുവന്ന എ ആർ രാജരാജവർമ്മ യഥാർത്ഥത്തിൽ രൂപഭാവങ്ങളുടെ തുല്യപ്രാ ധാന്യത്തിനു വേണ്ടി വാദിച്ച ആധുനിക സാഹിത്യ സൈദ്ധാന്തികനാണ്. 1889ൽ ആരംഭിച്ച *വിദ്യാവിനോദിനി* മാസികയുടെ പത്രാധിപരായിരുന്ന സി പി അച്യുതമേനോനെ മലയാളത്തിലെ ലക്ഷണമൊത്ത സാഹിത്യനിരൂപണത്തിന്റെ സ്ഥാപകനായി കരുതാം. അച്യുതമേനോന്റെ വിമർശനസരണിയോടു സ്വദേശാഭിമാനിക്ക് ഉയർന്ന മതിപ്പാണ് ഉണ്ടായിരുന്നത്. രാജരാജവർമ്മ *നളചരിതം* കഥകളിയുടെ വ്യാഖ്യാനത്തിലൂടെയും, *സാഹിത്യസാഹ്യം* എന്ന ഗദ്യസാഹിത്യ ലക്ഷണ ഗ്രന്ഥത്തിലൂടെയും, പ്രാസവാദത്തിൽ കൈക്കൊണ്ട നിലപാടുകളിലൂടെയും പുതിയ നിരൂപണത്തിന് സംഭാവനകൾ ചെയ്തെ ങ്കിലും അവ എണ്ണത്തിലും വ്യാപ്തിയിലും പരിമിതങ്ങൾ ആയിരുന്നതിനാൽ സി പി അച്യുതമേനോൻ തുടങ്ങിവച്ച സാഹിത്യനിരൂപണ പദ്ധതിയുടെ രണ്ടാമത്തെ പ്രമുഖൻ സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള ആണെന്ന് നിസ്സംശയം പറയാം. *വിദ്യാവിനോദിനി*യേയും പത്രാധിപർ സി പി അച്യുതമേനോനെയും കുറിച്ച് രാമകൃഷ്ണപിള്ളക്കുണ്ടായിരുന്ന മതിപ്പും തന്റെയും അച്യുതമേനോന്റെയും നിരൂപണ സമ്പ്രദായങ്ങൾ തമ്മിലുള്ള സാമ്യവും രാമകൃഷ്ണപിള്ള താഴെചേർക്കുന്ന വരികളിൽ വ്യക്തമാക്കുന്നു.

> മിസ്റ്റർ സി പി അച്യുതമേനോൻ പത്രാധിപത്യം ഒഴിഞ്ഞതിൽ പിന്നീട് ഗ്രന്ഥനിരൂപണ വിഷയത്തിൽ *വിദ്യാവിനോദിനി* എപ്പോഴെങ്കിലും സമാർത്ഥ്യം കാണിച്ചിട്ടുണ്ടെങ്കിൽ, അത് ഈ ചിങ്ങമാസത്തിലാണെന്ന് പറവാൻ ഞങ്ങൾ ശങ്കിക്കുന്നില്ല. നിഷ്പക്ഷപാതയായും നിർമത്സരമായും പുസ്തക പരിശോധന ചെയ്ത് ആരുടേയും അപ്രീതിയെ ഗണിക്കാതെ ധൈര്യസമേതം അഭിപ്രായം പറയുന്നതുകൊണ്ടു മാത്രമേ, ഭാഷയ്ക്കാകട്ടെ, ഗ്രന്ഥകർത്താക്കന്മാർക്കാകട്ടെ വല്ലതുമൊരു ഉൽക്കർഷം സിദ്ധിക്കു എന്നതു നിസ്സംശയ മാകുന്നു. *വിദ്യാവിനോദിനി* വീണ്ടും ഈ തത്വത്തെ അനുകരിച്ചു കാണുന്നതിൽ ഞങ്ങൾ ഏറ്റവും സന്തോഷിക്കുന്നു. *ലണ്ടനും പാരീസും* എന്ന ഭാഷാന്തരീകൃത ഗ്രന്ഥത്തേയും *മാനവിക്രമവിജയം* നാടകത്തെയും പരിശോധിച്ച് പ്രസ്താവിച്ചിട്ടുള്ള അഭിപ്രായങ്ങളുടെ രസികതയെപ്പറ്റി പറഞ്ഞാലും പറഞ്ഞാലും അലംഭാവം ഉണ്ടാകുന്നില്ല. പുസ്തകങ്ങൾ പരിശോധനയ്ക്കു കിട്ടുമ്പോൾ ഗ്രന്ഥകർത്താവിന്റേയോ, പ്രസാധകന്റേയോ വിൽക്കുന്ന ആളിന്റേയോ പ്രീതി സമ്പാദിക്കാനായിട്ട് 'തർജ്ജമ നന്നായിരിക്കുന്നു, വാചകങ്ങൾ പാൽപായസംപോലെയിരിക്കുന്നു അച്ചടിപ്പിച്ച ആൾ ഒരു യോഗ്യനാണ്' എന്നും മറ്റും മുഖസ്തുതി ചെയ്ത് താൻ ഗ്രന്ഥം പരിശോധിച്ചു എന്ന വ്യാജേന ഞെളിഞ്ഞിരിപ്പാൻ

സന്നദ്ധന്മാരായ പണ്ഡിത മന്യന്മാർ ഉള്ളകാലത്തോളം ഭാഷയ്ക്കു നല്ല ഗ്രന്ഥങ്ങളും നല്ല എഴുത്തുകാരും ഉണ്ടാകുമെന്നും വിചാരിപ്പാൻ മാർഗ്ഗമേ ഇല്ല. ഇംഗ്ലീഷ് ഗ്രന്ഥങ്ങളെ ഭാഷാന്തരീകരിക്കാൻ ഉദ്യമിക്കാത്തവരും പുസ്തക പരിശോധകന്മാരും *വിദ്യാവിനോദിനി*യുടെ പ്രസ്തുത ലേഖനങ്ങളെ ശ്രദ്ധാപൂർവ്വം വായിച്ചാൽ ഗുണം സിദ്ധിക്കുന്നതാണെന്നും ഞങ്ങൾ ഉപദേശിക്കുന്നു.

ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള മലയാളത്തിലെ ഉന്നത സാഹിത്യനിരൂപകരിൽ ഒരാളായിരുന്നു എന്നതിനപ്പുറം സി.പി.അച്യുതമേനോനോടൊപ്പം യഥാർത്ഥ മലയാളസാഹിത്യ നിരൂപണത്തിന്റെ സ്ഥാപകരിൽ ഒരാളായിരുന്നു എന്നു കൂടിയാണ്. ടി വേണുഗോപാൽ സ്വദേശാഭിമാനിയുടെ സാഹിത്യ നിരൂപണത്തെ കാണുന്നത് ഒരു നവഭാവുകത്വത്തിന്റെ മാറ്റൊഴുത്തായിട്ടാണ്. *സ്വദേശാഭിമാനിയുടെ സമ്പൂർണ്ണകൃതികളുടെ* ആദ്യപതിപ്പിന്റെ നാലാം സഞ്ചികയുടെ അവതാരികയിൽ അദ്ദേഹം ഇപ്രകാരം എഴുതുന്നു.

> സാഹിത്യലോകം വേണ്ടപോലെ മനസ്സിലാക്കുകയോ വിലയിരുത്തുകയോ ചെയ്യാതെ, ഉപരിപ്ലവമായ പരാമർശങ്ങളോടെ ഒഴിവാക്കിവിട്ട ഒരു സാഹിത്യവിമർശകനാണ് രാമകൃഷ്ണപിള്ള. അദ്ദേഹത്തിന്റെ വിമർശനകലയെ നന്ദിക്കാനും നിന്ദിക്കാനും ഏറെ ആളുകൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അവരുടെ നോട്ടം ആഴത്തിലേക്കു പോയില്ല. ശൈലിയുടെ ഊർജ്ജസ്വലതയും പാരായണസുഖവും വിമർശനത്തിലെ നിർഭയത്വവും വെച്ചാണ് അഭിനന്ദനം. നിന്ദിക്കുന്നവരിൽ രണ്ടുതരക്കാരെ കാണുന്നു: ഒന്ന് സ്വദേശാഭിമാനിയുടെ നിരൂപണങ്ങൾ കുറച്ചൊക്കെ വായിച്ചിട്ടും മനസ്സിലാക്കാൻ കഴിയാതെ പോയവർ, രണ്ടു-നാലഞ്ചു നിരൂപണം മാത്രം വായിച്ച് അവ തന്നേയും വേണ്ടപോലെ മനസ്സിലാക്കാതെ- ചിലപ്പോൾ, അത്രപോലും വായിക്കാതെ അദ്ദേഹത്തിന്റെ വിമർശന സാഹിത്യത്തെയാകെ വിലയിരുത്തികളഞ്ഞവർ. ഈ നന്ദിക്കലും നിന്ദിക്കലും കൊണ്ട് ഒരേപോലെ ഫലമാണ് ഉണ്ടായിട്ടുള്ളത്. സാഹിത്യചരിത്രത്തിൽ രാമകൃഷ്ണപിള്ള എണ്ണപ്പെടേണ്ട ഒരു വിമർശകനായി സ്ഥാനം പിടിക്കുന്നില്ല. തിരിച്ചു വരാത്ത മുടിയനായി മൊത്തത്തിൽ അദ്ദേഹത്തെ ചിലർ ചിത്രീകരിച്ചുവെക്കുകയും ചെയ്തിരിക്കുന്നു. കുറേക്കാലമായി അദ്ദേഹത്തിന്റെ നിരൂപണങ്ങൾ കാണാൻ കിട്ടുന്നില്ലെന്നതുകൊണ്ട് പുതിയൊരു വിലയിരുത്തലിന് വഴിയുണ്ടായിട്ടുമില്ല.

നവോത്ഥാനം, ഗദ്യം, നിരൂപണം

മലയാളം ഉൾപ്പെടെ ഇന്ത്യൻ ഭാഷകളിൽ മാത്രമല്ല, ലോകത്താകെതന്നെ ജനാധിപത്യവൽക്കരണ പ്രക്രിയയുടേയും നവോത്ഥാനത്തിന്റേയും

ഭാഗമായി ഗദ്യസാഹിത്യത്തിനും മറ്റു ഗദ്യരചനകൾക്കും പ്രാധാന്യം കൈവന്നു. അതുവരെ സർഗകൃതികൾ മാത്രമല്ല ആയുർവേദം, ഗണിതം, ജ്യോതിഷം, വ്യാകരണം, നിഘണ്ടു മുതലായവയും വൃത്തവും പ്രാസവുമൊപ്പിച്ച പദ്യമായിട്ടാണ് എഴുതിവന്നത്. സമ്മതിദാനാവകാശത്തിന്റെ ക്രമപ്രവൃദ്ധമായ വ്യാപനവും സാക്ഷരതയുടെ പ്രചരണവും അച്ചടിവിദ്യയുടെ വികാസവും അവയോടൊപ്പം പത്രമാസികളുടെ ആവിർഭാവവും ഗദ്യരചനകൾ വ്യാപകമാക്കുന്നതിന് സഹായകമായി. പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽതന്നെ ഈ സംഭവവികാസങ്ങൾ ബംഗാളിലും മറ്റും മൂർദ്ധന്യത്തിൽ എത്തിയിരിന്നുവെങ്കിലും കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാത്രമാണ് നവോത്ഥാനത്തോടൊപ്പം പൊതുമണ്ഡല വികാസവും ആരംഭിച്ചത്.

ഉപന്യാസം, നോവൽ, ചെറുകഥ മുതലായ സാഹിത്യരൂപങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പ്രചരിക്കാൻ തുടങ്ങിയത് ഓർക്കുക. മലയാള നിരൂപണത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കാവുന്ന സി പി അച്യുതമോനോൻ ഇക്കാലത്താണ് "മഹാകവി പട്ടത്തിന് പദ്യം എഴുതേണ്ടതില്ലെന്നും ഗദ്യം എഴുതിയാൽ മതി" എന്നും അർത്ഥം വരത്തക്കവിധത്തിൽ ചരിത്ര പ്രസിദ്ധമായ പ്രഖ്യാപനം നടത്തിയത്.

ഗദ്യസാഹിത്യത്തിന്റെ ഈ പുതിയ പ്രാധാന്യവും പദവിയും കണ്ടെത്തിയ മഹാനായ ഭാഷാപരിഷ്ക്കർത്താവാണ് എ ആർ രാജരാജവർമ്മ. ഗദ്യസാഹിത്യത്തിനും രചനകൾക്കും *സാഹിത്യസാഹ്യം* എന്ന പേരിൽ ഒരു ലക്ഷണഗ്രന്ഥം രചിച്ച രാജരാജവർമ്മയുടെ വാത്സല്യത്തിനും ആദരവിനും പാത്രമായിരുന്ന ശിഷ്യനായിരുന്ന രാമകൃഷ്ണപിള്ള എന്ന് മുമ്പ് പറഞ്ഞുവല്ലോ. മലയാള ഗദ്യ സാഹിത്യ പുരോഗതിക്കുവേണ്ടി പല പദ്ധതികളും ഇരുവരും ചേർന്ന് ആവിഷ്ക്കരിക്കുകയുണ്ടായി എങ്കിലും രാമകൃഷ്ണപിള്ളയുടെ നാടുകടത്തൽ ആ പദ്ധതികളുടെ നിർവഹണത്തിന് പ്രതിബന്ധമായി. ശാസ്ത്ര സാങ്കേതിക പദങ്ങൾക്ക് സമാനമായ മലയാള പദങ്ങൾ കണ്ടെത്തിയോ, കണ്ടുപിടിച്ചോ ചേർത്ത് ഒരു നിഘണ്ടു നിർമ്മിക്കണമെന്നത് ഈ ഗുരുശിഷ്യന്മാർ ആവിഷ്ക്കരിച്ച പദ്ധതികളിൽ ഒന്നു മാത്രമായിരുന്നു.

നാമെല്ലാം സംസാരിക്കുന്ന രീതിയിൽ എഴുതുക മാത്രമാണല്ലോ ഗദ്യരചന. ആയതിനാൽ വൃത്തനിബദ്ധമായ പദ്യരചനയേക്കാൾ അത് ഒരു അനായാസ കൃത്യമാണെന്ന പൊതുവേയുള്ള ധാരണകളെ രാമകൃഷ്ണപിള്ള തിരുത്തുന്നു. അദ്ദേഹം ഇപ്രകാരം വിശദീകരിക്കുന്നു.

> മാത്രം, യതി മുതലായ നിബന്ധനകൾ പദ്യത്തിനു മാത്രമേവേണ്ടൂ എന്നു ചിലർ വിചാരിക്കുന്നുണ്ടാവാം. പദ്യങ്ങൾക്ക് വൃത്തനിബന്ധനകൾ ഏറെ ഇല്ലായ്മകൊണ്ടു പദ്യം എഴുതാൻ പ്രായസം ഇല്ലെന്നു വന്നിട്ടുണ്ട്. വിരൽ കൊണ്ട് അക്ഷരങ്ങൾ എണ്ണി, മാത്രകളുടെ കണക്കുകൂട്ടി ഗുരുലഘുക്കൾ നോക്കി, കണക്ക് ഒത്തില്ലെന്നു കണ്ടാൽ

വീണ്ടും അതേവിധം വിരൽ എണ്ണി, പദ്യം നിർമ്മിപ്പാൻ ക്ലേശിച്ച ഒരാളെ ഞാൻ കണ്ടിരുന്നു. അന്യന്മാരുടെ പദ്യങ്ങൾ എടുത്തു മുന്നിൽവച്ച് ഓരോ പാദത്തിന്റേയും ചുവട്ടിൽ അതിനൊത്ത അക്ഷരങ്ങൾ നിരത്തി പദ്യം എഴുതി ശീലിച്ചവരെ പറ്റി ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ പദ്യനിർമ്മാണത്തിന് അത്രമേലൊന്നും ക്ലേശിക്കേണ്ട ആവശ്യമില്ലെന്ന് ഈ നാട്ടിലെ പാഠപുസ്തകങ്ങൾ കണ്ടാൽ മനസ്സിലാക്കാം, ഗദ്യത്തിനോ അത്രത്തോളം തന്നെ പ്രയാസമില്ലെന്നാണ് ഗ്രന്ഥകർത്താക്കന്മാർ ചിലർ കരുതിയിട്ടുള്ളത്. പദ്യത്തിനല്ലാതെ ഗദ്യത്തിനു മാത്രാ നിബന്ധനയും യതി നിബന്ധനയും മറ്റും വേണമോ? വേണമെന്നു തന്നെയാണ് എന്റെ അനുഭവത്തിൽ ഞാൻ ഗ്രഹിച്ചിരിക്കുന്നത്.

ആയില്യം തിരുനാൾ മഹാരാജാവ് സാഹിത്യത്തിലും പത്രപ്രവർത്തനത്തിലും ഗദ്യരചനയിലും തത്പരനായിരുന്നുവെങ്കിലും, മലയാള ഗദ്യ സാഹിത്യത്തിന്റെ പിതാവായി രാമകൃഷ്ണപിള്ള കരുതുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനുമായി പിണങ്ങിയതും അദ്ദേഹത്തെ ഹരിപ്പാട് കൃഷ്ണപുരം കൊട്ടാരത്തിൽ തടവിലിട്ട് പീഡിപ്പിച്ചതും ഓർക്കുമല്ലേ. ആയില്യം തിരുനാളിന്റെ ഹ്രസ്വമായ ഭരണക്കാലത്തിനുശേഷം അധികാരത്തിലെത്തിയ വിശാഖം തിരുനാളാവട്ടെ കേരളവർമ്മയുടെ ഗുണകാംക്ഷിയും ആപ്തമിത്രവുമായിരുന്നു. വിശാഖം തിരുനാൾ അധികാരത്തിൽ എത്തിയപ്പോഴാണ്, തിരുവിതാംകൂറിൽ അതിവേഗം വളർന്നുകൊണ്ടിരുന്ന സ്കൂൾ വിദ്യാഭ്യാസത്തിന് ആവശ്യമായ മലയാള പാഠപുസ്തകങ്ങളുടെ അഭാവം മനസ്സിലാക്കി അവ നിർമ്മിക്കാനായി ഒരു പാഠപുസ്തകസമിതിയെ നിയമിച്ച് കേരളവർമ്മയെ അതിന്റെ അധ്യക്ഷനാക്കിയത്. സമിതി അധ്യക്ഷൻ എന്ന നിലയിൽ മറ്റു പലരേയുംകൊണ്ട് പാഠപുസ്തകങ്ങൾ രചിപ്പിച്ച് അവതിരുത്തി ഭംഗിയാക്കുന്നതിനുപുറമേ കേരളവർമ്മ നേരിട്ടു തന്നെ പാഠപുസ്തകങ്ങൾ രചിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ രചനകൾ ലളിതവും മനോഹരവുമായിരുന്നു. മലയാള ഗദ്യരചനയുടെ പിതാവ് എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നതിൽ അപാകതയില്ലെങ്കിലും അതിൽ അതിശയോക്തി സ്പർശം ഇല്ലേ എന്നു സംശയം. കാളിദാസന്റെ *അഭിജ്ഞാനശാകുന്തള*ത്തിന്റെ വിവർത്തനമായ കേരളവർമ്മയുടെ *മണിപ്രവാള ശാകുന്തള*ത്തിലെ സംസ്കൃത പദപ്രയോഗങ്ങളുടെ ബാഹുല്യം ഉത്തമ ശിഷ്യനും പ്രിയഭാഗിനേയനുമായ രാജരാജവർമ്മയ്ക്ക് പോലും സഹിക്കാൻ കഴിഞ്ഞില്ല. അതു പദ്യത്തിന്റെ കാര്യം. അതിൽ നിന്നു വളരെ വ്യത്യസ്തമല്ല *അക്ബർ* എന്ന ഡച്ച് ആഖ്യായികയുടെ വിവർത്തനത്തിൽ കേരളവർമ്മ പ്രകടിപ്പിക്കുന്ന ദുർഗ്രഹങ്ങളായ സംസ്കൃത പദങ്ങളും സങ്കീർണ്ണമായ മഹാവാക്യഘോഷയാത്രകളും. രാമകൃഷ്ണപിള്ള നിശിതമായി വിമർശിച്ചിട്ടുള്ള സി വി രാമൻപിള്ളയുടെ ദുർഗ്രഹ ഗദ്യരീതിയെ പിൻതള്ളുന്നതാണ് കേരളവർമ്മയുടെ 'അക്ബർശൈലി'. ഇത്തരം കഠിന

പദബാഹുല്യങ്ങളേയും വളച്ചുകെട്ടിനീട്ടിയ വാക്യഘടനയേയും രാമകൃഷ്ണപിള്ള പരിഹാസപൂർവ്വം ത്യജിക്കുന്നു. 1915ൽ തലശ്ശേരിയിലെ വിദ്യാർത്ഥികളോട് അദ്ദേഹം ഇപ്രകാരമാണ് ഉപദേശിച്ചത്:

> ഇത്രയും മതി. സംസ്കൃതസാഹിത്യ ഗിരിശിഖരങ്ങളിൽ നിന്നും പൊട്ടിച്ചെടുത്ത വൻ പാറക്കഷണങ്ങളെ തല്ലിനുറുക്കാതെ തന്നെ ശ്രമപ്പെട്ട് ഉന്തിയും തള്ളിയും, അവിടെയും കൊണ്ടിട്ടുണ്ടാക്കിയ ഇത്തരം ഭാഷാസരണിയിൽ ഇനിയും സഞ്ചരിപ്പാൻ ഞാൻ വിചാരിക്കുന്നില്ല. ഈ രീതിയുടെ ആഗമനം സംസ്കൃത ഗ്രന്ഥങ്ങളുടെ പരിചയത്തിൽ നിന്നാണെന്നുമാത്രം ഓർമ്മവയ്ക്കാം. ഈ ഗദ്യരീതിയിലാവട്ടെ, തല കുലുക്കുന്നതിനുപകരം, "ശിരോഗോളം കൊണ്ടു ആകാശദേശത്തിൽ ക്രാന്തി വൃത്തലേഖനം" ചെയ്യുന്ന മട്ടിൽ ഇക്കാലത്തും ചില ഗ്രന്ഥകാരന്മാരുടെ വദന ഗുഹകൾക്കുള്ളിൽ കടന്ന് ബഹുകർണ്ണാശല്യമാം വണ്ണം മാറ്റൊലിക്കൊള്ളുന്നുണ്ടെങ്കിലും സഹൃദയാദരണീയമായിരിക്കുന്നില്ലെന്നുകൂടി പറയേണ്ടിയിരിക്കുന്നു. എന്നാൽ 'കടുപടെപ്പടുകഠിന സംസ്കൃത വികട കടുകവി' കേറിക്കളിച്ചിരുന്ന അർവാചീന ഗദ്യത്തിന്റെ അസ്തമയം വന്നു. ദ്രാവിഡരീതിയെ നിഷ്കാസിച്ച സംസ്കൃതരീതി ഇംഗ്ലീഷ് ഭാഷാ പ്രചാരത്തോടുകൂടി നിരാകൃതമായി. പദ്യത്തിലെന്നപോലെ തന്നെ ഗദ്യത്തിലും,
>
> 'ഭാഷയേറി വരുന്ന നല്ല മണിപ്രവാളമതെങ്കിലോ,
> ഭൂഷണം വരുവാനുമില്ല, വിശേഷഭൂഷണമായ് വരും,
> വേഷ സംഗതിയോടു ചേർന്നൊരു ഭാഷവേണ, മതെങ്കിലോ,
> ശേഷമുള്ള ജനത്തിനും പാരിതോഷമെന്നു വരൂ ദൃഢം"
>
> എന്ന മതം പ്രബലപ്പെട്ടു. നവീന മലയാള ഗദ്യത്തിന്റെ ഉദയവും അതിൽ തന്നെയായിരുന്നു.

ഇങ്ങനെ ലളിതവും സരളവും ആയതുകൊണ്ടു മാത്രം ഗദ്യത്തിന്റെ ഓജസ്സും സൗന്ദര്യവും പ്രകടമാവുകയില്ല എന്ന് രാമകൃഷ്ണപിള്ള ഓർമ്മിപ്പിക്കുന്നു. പദ്യത്തിനെന്നപോലെ ഗദ്യത്തിനും സുഗ്രഹതയോടൊപ്പം ശ്രുതി മാധുര്യവും താളലയങ്ങളും ആവശ്യമാണെന്ന് അദ്ദേഹം പ്രശസ്തനായിരുന്ന ഇംഗ്ലീഷ് സാഹിത്യ ചിന്തകൻ പ്രൊഫസർ സാലിസ്ബറിയെ ഉദ്ധരിച്ചുകൊണ്ട് സ്ഥാപിക്കുന്നതു ശ്രദ്ധേയമാണ്. അത്തരം ലളിത മധുരവും ഹൃദയാവർജകവുമായ ഗദ്യത്തെ 'സംഗീത ഗദ്യം' എന്നാണ് രാമകൃഷ്ണപിള്ള വിശേഷിപ്പിക്കുന്നത്:

> പദ്യത്തേക്കാൾ എത്രയോ അധികം നിബന്ധനകൾ ഗദ്യത്തിനു വേണ്ടിയിരിക്കുന്നു. പദ്യത്തിൽ യതി സ്ഥാനത്തുവച്ചു പദങ്ങൾ മുറിയണം.

ഗദ്യത്തിൽ പദം അല്ല മുറിയേണ്ടത് പദപടലം അല്ലെങ്കിൽ വാചകങ്ങൾ മുറിയണം, ഒരു വാക്യത്തിലെ അംഗങ്ങൾക്കുതമ്മിൽ ബന്ധദാർഢ്യം ഉണ്ടായിരിക്കേണ്ടതോടുകൂടി ആ അംഗങ്ങളെ വേറെ വേറെ എടുത്തു നോക്കിയാൽ രൂപത്തിനും തൂക്കത്തിനും ചില സാമ്യങ്ങളും വേണം. അളവനുസരിച്ച് വാക്യം മുറിഞ്ഞിട്ടില്ലെങ്കിൽ പദ്യങ്ങളിൽ എന്നവണ്ണം പദങ്ങളുടെ നടുവെ കത്തിവയ്ക്കാമെന്നോ, അതല്ലാത്ത പക്ഷത്തിൽ, അന്വയ സൗകര്യത്തിനായി ചെയ്യുന്ന അങ്കുരാദിചിഹ്നങ്ങളെ പ്രമാണമാക്കി മുറിച്ചാൽ മതിയെന്നോ സമാധാനപ്പെടുവാൻ ഗദ്യകാരന് അവകാശമില്ല. ഇങ്ങനെയുള്ള യതി നിയമങ്ങളോടും ശബ്ദഭംഗിയോടും കൂടിയ ഗദ്യങ്ങളേ സുശ്രാവ്യങ്ങളായിരിക്കൂ. ഇവയെയാണ് സംഗീത ഗദ്യമെന്നുപറയുന്നത്.

മലയാളഭാഷാഗദ്യത്തിന്റെ വികാസ പരിണാമങ്ങളെ സൂക്ഷ്മമായ ചരിത്രദൃഷ്ടിയോടെ രാമകൃഷ്ണപിള്ള പരിശോധിക്കുന്നുണ്ട്. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ഈ അധ്യായത്തിന്റെ വിഷയം തന്നെ ഒരു പുസ്തകമായി വികസിപ്പിക്കേണ്ടതായിരുന്നു എന്നു വായനക്കാർക്കു തോന്നാം. രാജരാജവർമ്മയുടെ *സാഹിത്യസാഹ്യവും* കുട്ടികൃഷ്ണമരാരുടെ *മലയാളശൈലിയും* ജി ശങ്കരകുറുപ്പിന്റെ *സാഹിത്യപരിചയവും* മറ്റും പോലെ.

ഇംഗ്ലീഷ് ശൈലിയും മലയാള വിവർത്തനവും

ഇംഗ്ലീഷ് ദാർശനിക കവിയായ സർ എഡ്വിൻ ആർനോൾഡ് ഗൗതമ ബുദ്ധനെ കുറിച്ച് എഴുതിയതും വിവിധ ഭാഷകളിൽ പദ്യവിവർത്തനമായും സംഗ്രഹീത ആഖ്യാനമായും വന്നിട്ടുള്ള പ്രശസ്ത കാവ്യമാണ് *ലൈറ്റ് ഓഫ് ഏഷ്യാ*, അഥവാ *ഏഷ്യൻ ദീപം*. വള്ളത്തോൾ സദസ്സിലെ പ്രമുഖാംഗവും ഗദ്യരചനകളിലൂടെ വിശ്രുതനുമായ മഹാപണ്ഡിതൻ നാലപ്പാട്ട് നാരായണ മേനോൻ (1888–1995) ആർനോൾഡിന്റെ കാവ്യത്തിന് ഒരു പദ്യവിവർത്തനം നിർവഹിക്കുകയുണ്ടായി. *ഏഷ്യൻ ദീപം* എന്നതിനു പകരം *പൗരസ്ത്യ ദീപം* എന്ന പേരാണ് മേനോൻ അതിനു നൽകിയത്. ഈ വിവർത്തനത്തെ കുറിച്ചുള്ള വിശദവും നിഷ്കൃഷ്ടവുമായ വിമർശന പഠനമാണ് അടുത്തതായി പരിശോധിക്കാൻ പോകുന്നത്.

അധികനാൾ കഴിയുന്നതിനു മുമ്പ് രാമകൃഷ്ണപിള്ളയെ മരണത്തിലെത്തിച്ച രോഗബാധയുടെ മൂർധന്യത്തിൽ 1915-ൽ *ആത്മപോഷിണി*യിൽ പ്രസിദ്ധീകരിച്ച ഈ പഠനം സാമാന്യം ദീർഘമാണെങ്കിലും അപൂർണമാണ്. രോഗാവസ്ഥ മൂർച്ഛി ച്ചതാവാം കാരണം. ഇങ്ങനെ ശാരീരികമായ അവശതയ്ക്കും വേദനയ്ക്കും ഇടയിലും അദ്ദേഹത്തിന്റെ ബുദ്ധിക്കോ വീക്ഷണത്തിനോ ഒരു തളർച്ചയും ബാധിച്ചിരുന്നില്ലെന്ന് ഈ വിമർശന പഠനം നമ്മെ ബോധ്യപ്പെടുത്തുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു.

വിവർത്തനവിദ്യ അതിപ്രാചീന കാലം മുതൽ നിലനിന്നു വരുന്ന ഒരു സാഹിത്യയത്നമാണെങ്കിലും അടുത്ത ഏതാനും പതിറ്റാണ്ടു കളായിട്ടാണ് വിവർത്തന വിദ്യയുടെ അകവും പുറവും സാംഗത്യവും അസാംഗത്യവും എല്ലാം വിശദമായ വിശകലനത്തിനും വിശ്ലേഷണത്തിനും വിധേയമാ യിട്ടുള്ളത്. മലയാളത്തിലും ഇംഗ്ലീഷിലും ഉൾപ്പെടെ ലോകത്തിലെ മിക്ക ഭാഷകളിലും വിവർത്തനത്തെ അഥവാ തർജ്ജമയെ അഥവാ മൊഴിമാറ്റത്തെ കുറിച്ചു പഠനങ്ങളും പ്രയോഗസഹായികളും വന്നിട്ടുണ്ട്. ഇപ്പോഴും വന്നു കൊണ്ടിരിക്കുന്നു. വിവർത്തനത്തെ കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്താൻ മാത്രമായി സർവ്വകലാശാല വകുപ്പുകളും സ്വതന്ത്രവിദ്യാപീഠങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ രാമകൃഷ്ണപിള്ളയുടെ പ്രസ്തുത പുസ്തക നിരൂപണം വിവർത്തന വിദ്യയുടെ പരിമിതികളേയും സാധ്യതകളെയും പ്രശ്നങ്ങളേയും സർവ്വോപരി സാംസ്കാരിക ധർമ്മ ത്തേയും കുറിച്ച് ഇപ്പോഴും പ്രസക്തമായ ഒരു പാഠമായി അവശേഷിക്കുന്നു. വിവിധ തരത്തിലുള്ള വിവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്കും അവ പരിശോധിക്കാൻ ചുമതലപ്പെട്ട പ്രസാധകർക്കും അമൂല്യമായ ഒരു വഴികാട്ടിയാണ് സ്വദേശാഭിമാനിയുടെ ഈ അപൂർണകൃതി.

മലയാള സാഹിത്യ ചരിത്രത്തിൽ അത്യപൂർവമായ വിവിധവിഷയ പാരംഗതനും സർഗ സാഹിത്യത്തിലെന്നപോലെ വിജ്ഞാന സാഹിത്യ ത്തിലും കൃതഹസ്തനുമാണ് നാലപ്പാടൻ. ആർഷജ്ഞാനം മുതൽ രതി സാമ്രാജ്യം വരെയുള്ള വിഷയങ്ങൾ അദ്ദേഹം ബൃഹദ് ഗ്രന്ഥങ്ങളിലൂടെ മലയാളത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ഫ്രഞ്ച് വിപ്ലവകാരിയും സാഹിത്യനായകനുമായിരുന്ന വിക്ടർഹ്യൂഗോയുടെ *ലേമിറാബലെ* എന്ന കൃതി *പാവങ്ങൾ* എന്ന പേരിൽ മേനോൻ വിവർത്തനം ചെയ്ത് പ്രസിദ്ധീ കരിച്ചത് മലയാള സാഹിത്യത്തിലെ ഒരു നിർണായക സംഭവമാണ്. അന്ന ത്തെ ലോകകാര്യങ്ങളെ കുറിച്ചുള്ള ചുരുക്കം കൃതികളിൽ ഒന്നായിരുന്നു നാലപ്പാടന്റെ *ലോകം*. നാലപ്പാടന്റെ *കണ്ണുനീർതുള്ളി* എന്ന വിലാപകാവ്യം ഹൃദയസ്പർശിയായ ഒരു വായനാനുഭവമാണ്. *പുളകാങ്കുരം, ചക്രവാളം, ദൈവഗതി* തുടങ്ങിയ നാലപ്പാടൻ രചനകളും ഒരു കാലത്ത് മലയാള വായന ക്കാരെ ഹരം പിടിപ്പിച്ചിരുന്നു. ഇവയിലെ മിക്കകൃതികളും പ്രസിദ്ധീകരിച്ചതു 1920 കളിലും തുടർന്നുമാണ് എന്നു കാണുന്നു. അപ്പോൾ 1915 ൽ പ്രസിദ്ധീ കരിക്കപ്പെട്ട *പൗരസ്ത്യദീപം* അദ്ദേഹത്തിന്റെ ആദ്യപുസ്തകങ്ങളിൽ ഒന്നായിരിക്കണം. നാലപ്പാടന്റെ പിൽക്കാല പ്രസിദ്ധീകരണങ്ങൾ. വായിക്കാനോ അദ്ദേഹത്തിന്റെ പ്രശസ്തിയിലേക്കുള്ള പടവുകൾ നിരീക്ഷിക്കാനോ സ്വദേശാഭിമാനി ജീവിച്ചിരുന്നില്ല. *പൗരസ്ത്യദീപം* എന്ന നാലപ്പാടന്റെ വിവർത്തന കാവ്യം തികച്ചും ഒരു പരാജയമായിരുന്നു എന്ന സ്വദേശാഭിമാനിയുടെ വിശദമായ സമർത്ഥനത്തെ വിവർത്തകനുണ്ടായ പിൽക്കാല പ്രശസ്തികൊണ്ട് മറയ്ക്കാനാവുകയില്ല എന്നത് ഈ പഠനവിമർശനം ആരെയും ബോധ്യപ്പെടുത്തും.

ആദ്യമായി നാലപ്പാടന്റെ വിവർത്തന സിദ്ധാന്തത്തോടുള്ള എതിർപ്പാണ് സ്വദേശാഭിമാനി പ്രകടിപ്പിക്കുന്നത്. നാലപ്പാടൻ സ്വതന്ത്ര വിവർത്തനത്തിലോ ആശയാനുവാദവിവർത്തനത്തിലോ വിശ്വസിച്ചിരുന്നില്ല എന്നത് അദ്ദേഹത്തിന്റെ പിൽക്കാല വിവർത്തനമായ *പാവങ്ങൾ* വ്യക്തമാക്കുന്നു. മൂലത്തോട് തികഞ്ഞ പൊരുത്തം ദീക്ഷിക്കുന്നതിന് നിഷ്ണാതനായിരുന്ന നാലപ്പാടന്റെ പദാനുപദ തർജ്ജമ *പാവങ്ങളി*ലെ ഭാഷാശൈലിയെ വികലമാക്കി എന്ന് വിശ്വസിക്കുന്നവർ ഉണ്ട്. ഗദ്യത്തിലായാലും പദ്യത്തിലായാലും കുറ്റമറ്റ രചനാശൈലി നാലപ്പാടന് വശമായിരുന്നു എന്ന് അദ്ദേഹത്തിന്റെ കൃതികൾ വ്യക്തമാക്കുന്നുണ്ട്. രാമകൃഷ്ണപിള്ള പദാനുപദ വിവർത്തനത്തെ അനുകൂലിച്ചിരുന്നില്ല എന്നു ആദ്യമേ തന്നെ വ്യക്തമാക്കുന്നുണ്ട്. പദാനുപദ വിവർത്തനത്തിൽ മൂലത്തിലെ സൗന്ദര്യം മാത്രമല്ല സാരാംശംകൂടി ചോർന്നുപോകും എന്നതാണ് അദ്ദേഹത്തിന്റെ പക്ഷം. അദ്ദേഹം പറയുന്നത് വായിക്കുക:

> ഭാഷാന്തരത്തിൽ മുഖ്യമായി നോക്കേണ്ടത് മൂലകൃതിയിലടങ്ങിയ ആശയങ്ങൾ ഏറ്റക്കുറച്ചിൽ കൂടാതെ തർജ്ജമയിൽ വന്നിട്ടുണ്ടോ എന്നാണ്. മൂലകൃതിയിലെ പദങ്ങൾക്കെല്ലാം തുകകുറയാതെ, ഭാഷാന്തരപദങ്ങൾ എഴുതീട്ടുണ്ടോ എന്നല്ല. പകരുന്നതു ഏതു ഭാഷയിലോ, ആ ഭാഷയുടെ രീതിക്കനുസരിച്ച്, മൂലത്തെ ചുരുക്കേണ്ടിടം ചുരുക്കണം, വക്രതവെടിഞ്ഞു വിസ്തരിക്കേണ്ടിടത്തു വിസ്തരിക്കണം. മൂലത്തിന്റെ വാചക രീതി തന്നെ ഭേദപ്പെടുത്തേണ്ടിടത്ത് ഭേദപ്പെടുത്തണം. മൂലഭാഷയിലെ ശൈലികൾ, സ്വഭാഷയിൽ തത്തുല്യമായ ശൈലികളെക്കൊണ്ടു തർജ്ജമ ചെയ്യാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്കയല്ലാതെ മൂലശൈലികളെ പദാനുപദ തർജ്ജമ ചെയ്യരുത്. സർവ്വോപരി മൂലംവായിക്കുമ്പോൾ ഒരുവന് എന്തൊക്കെ സ്തോഭങ്ങൾ ഉണ്ടാവുമോ, ആ വിധം തന്നെ തർജ്ജമ വായിക്കുമ്പോഴും ഉണ്ടാകണം.

വിവർത്തനത്തിന് നാലപ്പാടൻ തിരെഞ്ഞെടുത്ത അനുഷ്ടുപ്പ് വൃത്തവും അനുചിതമായിപ്പോയി എന്നാണ് രാമകൃഷ്ണപിള്ളയുടെ അഭിപ്രായം. ശാസ്ത്രചിന്തകൾക്കും ഹൃദയത്തെക്കാൾ മസ്തിഷ്കത്തെ ലക്ഷ്യമാക്കിയുള്ള രചനകൾക്കും അനുഷ്ടുപ്പ് വൃത്തം അനുയോജ്യമാകാമെങ്കിലും ദാർശനിക ധാരകൾ ഉൾക്കൊള്ളുന്നതെങ്കിലും ഹൃദയവികാരത്തെകൂടി സ്പർശിക്കേണ്ട *പൗരസ്ത്യദീപം* പോലുള്ള കൃതികൾക്ക്, കേക, കാകളി, ഇന്ദ്രവജ്ര, കിളിപ്പാട്ട് തുടങ്ങിയ വൃത്തങ്ങളാണ് ഉചിതമെന്ന് രാമകൃഷ്ണപിള്ള പറയുന്നു. എഴുത്തച്ഛൻ *രാമായണ*ത്തിനും *മഹാഭാരത*ത്തിനും കിളിപ്പാട്ടു തിരെഞ്ഞെടുക്കാൻ പ്രേരിതനായത് ഇക്കാരണം കൊണ്ടാകാം എന്നാണ് രാമകൃഷ്ണപിള്ളയുടെ അഭ്യൂഹം. വാൽമീകിയുടെ *രാമായണം*

പോലെ ഹൃദയത്തിനും മസ്തിഷ്ക്കത്തിനും ഒരേപോലെ ഉണർവു നൽകുന്ന മഹാകാവ്യങ്ങൾ അനുഷ്ടുപ്പ് വൃത്തത്തിലാണെന്ന കാര്യം രാമകൃഷ്ണപിള്ള ശ്രദ്ധിച്ചതായി കാണുന്നില്ല. ആദികവിയുടെ അനുഷ്ടുപ്പ് പകരുന്ന മാധുര്യവും മാഹാത്മ്യവും നാലപ്പാടന്റെ അനുഷ്ടുപ്പ് പ്രയോഗത്തിനു കൈവന്നിട്ടില്ലെങ്കിൽ അതിന്റെ കാരണം അനുഷ്ടുപ്പ് വൃത്തത്തിലല്ല അതിന്റെ പ്രയോഗ വൈകല്യത്തിലാണ് അന്വേഷിക്കേണ്ടത് എന്ന വസ്തുതയും സ്വദേശാഭിമാനി അവഗണിച്ചതായി കാണുന്നു.

പദാനുപദ വിവർത്തനവും ആശയാധിഷ്ഠിത വിവർത്തനവും, തമ്മിലുള്ള ഗുണദോഷതാരതമ്യത്തേയും അനുഷ്ടുപ്പ് വൃത്തത്തിന്റെ അനുയോജ്യതയേയും കുറിച്ചുള്ള സ്വദേശാഭിമാനിയുടെ താത്വിക വിചാരങ്ങൾ വിവാദവിഷയങ്ങൾ ആകാമെങ്കിലും പദനിർദ്ധാരണത്തേയും ശൈലീഭംഗങ്ങളേയും കുറിച്ച് അദ്ദേഹം പറയുന്ന കാര്യങ്ങൾ മിക്കവാറും ശരിയാണ്. മാതൃകാപരമായ വിവർത്തനം എപ്രകാരം നടത്തണം എന്നതിനെ കുറിച്ച് കുറ്റമറ്റ സൂചനകളാണ് അദ്ദേഹം നൽകുന്നത്. ഒന്നോ രണ്ടോ ഉദാഹരണങ്ങൾ അതു വ്യക്തമാക്കും. സ്വദേശാഭിമാനിയുടെ ഈ വിമർശനം വായിക്കുക:

(1) ഒറ്റപദങ്ങളുടെ അബദ്ധ തർജ്ജമ -

The sweetcake broke' സ്വാദുള്ളൊരപ്പം പൊട്ടിച്ചു'. ഇവിടെ അപ്പം കഷണമാക്കി എന്നർത്ഥമാണ് മൂലത്തിലെ broke ശബ്ദത്തിനുള്ളത്. മലയാളത്തിൽ 'പൊട്ടിച്ചു' എന്നതിന് വളരെ ശക്തിയോടുകൂടിയും ഒച്ചയോടുകൂടിയും വേർപ്പെടുത്തി എന്നർത്ഥമാകയാൽ, (break ശബ്ദത്തിനു പൊട്ടിക്കുക എന്നർത്ഥമുണ്ടെങ്കിലും) അപ്പത്തെ സംബന്ധിച്ച് അങ്ങനെ പ്രയോഗിക്കാൻ പാടില്ല" 'പൂപൊട്ടിക്കുന്നു', 'അപ്പം പൊട്ടിക്കുന്നു',- എന്നൊക്കെ ചിലർ പ്രയോഗിക്കാറുള്ളത് ശരിയല്ല.... sweet herbs- സ്വാദുള്ളതായ കനികൾ Herb കനി അല്ല, ചെടി, ഔഷധി എന്നർത്ഥമാകുന്നു. ചീര മുതലായവയെപ്പോലെ മൃദുലവും രസമയവുമായ തണ്ടോടുകൂടിയ ശാകവർഗ്ഗച്ചെടികളാണ് ഇംഗ്ലീഷിലെ herbs.

None shall spill- 'തെറുപ്പിയ്ക്കല്ലൊരാളുമേ' 'nor (shall) taste' 'സ്വാദുനോക്കില്ല' - ഇവിടെ shall എന്ന പദത്തിന് ഭാവികാലാർത്ഥം സ്വീകരിച്ചിരിക്കുന്നത് മഹാബദ്ധം. പരിഭാഷകൻ ഇംഗ്ലീഷിലെ shall, will എന്ന പദങ്ങളുടെ പ്രയോഗത്തെയും അർത്ഥഭേദത്തേയും ഗ്രഹിച്ചിട്ടില്ലെന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. 'ഞാൻ' എന്ന സർവ്വനാമത്തോടു ചേരുമ്പോഴാണ് Shall ഭാവികാല സൂചകമായി വരുന്നത്. 'നീ', 'അവൻ' എന്ന മധ്യമപുരുഷനിലും പ്രഥമ പുരുഷനിലും Shall വിധിയെ സൂചിപ്പിക്കുന്നു. ഇവിടെയാകട്ടെ, തെറുപ്പിക്കരുത് സ്വാദുനോക്കരുത്

എന്നാണ് തർജ്ജമ ചെയ്യേണ്ടിയിരുന്നത്. ഈ മാതിരി അബദ്ധം ഇനിയും ചിലേടത്തുണ്ട്.

ഇപ്രകാരം പല ഉദാഹരണങ്ങളും നൽകിയ ശേഷം ശൈലീഭംഗങ്ങളിലേക്ക് നിരൂപകൻ പ്രവേശിക്കുന്നു. ആ നിരൂപണഭാഗത്തിന് രാമകൃഷ്ണപിള്ള നൽകുന്ന ആമുഖം വായിക്കുക:

> മൂലവാക്യത്തിന്റെ വാച്യമാവട്ടെ, വ്യംഗ്യമാവട്ടെ, അർത്ഥം ശരിയായിഗ്രഹിക്കാതെ അബദ്ധമായി തർജ്ജമ ചെയ്തിരിക്കുന്നതിനെപ്പറ്റിയാകുന്നു, ഇനി വിവേചനം ചെയ്യേണ്ടിരിക്കുന്നത്. *പൗരസ്ത്യദീപ*ത്തിന്റെ ഒടുവിലെ ഒരു നൂറു പുറങ്ങളിൽ, നിന്ന്, ഈ ദോഷത്തെ ഉദാഹരിപ്പാനായി പ്രസ്പഷ്ടമായ അമ്പതോളം അബദ്ധഘട്ടങ്ങളെ ഇവിടെ ചേർക്കാം.

Snowy curds, fresh made with milk എന്ന മൂലത്തിലെ പ്രയോഗത്തിന് "വെളുത്തപാലും ഹിമനേർ വെള്ളയും പുതു തൈരുമേ" എന്ന നാലപ്പാടന്റെ തർജ്ജമയാണ് രാമകൃഷ്ണപിള്ള വിമർശിക്കുന്ന ഉദാഹരണങ്ങളിൽ ആദ്യത്തേത്. മൂലത്തിലെ with തർജ്ജമക്കാരൻ and എന്നു ധരിച്ച് സമുച്ചയാർത്ഥം നൽകുന്നു എന്ന വിമർശനത്തിൽ കഴമ്പുണ്ട്. പുതുതായി കറന്നെടുത്ത നറുംപാലിൽ നിന്ന് ഹിമവർണ്ണമുള്ള തൈര് എന്ന മൂലഗ്രന്ഥക്കാരന്റെ വിവക്ഷ തൈരിനേയും പാലിനേയും രണ്ടാക്കിതിരിച്ച തർജ്ജമക്കാരൻ വിസ്മരിച്ചിരിക്കുന്നു. ഈ പാദം പിന്നീട് രണ്ടു പാദം കഴിയുമ്പോൾ തൈരും പാലും എന്ന് വേർതിരിച്ചുതന്നെയുള്ള പരാമർശത്തിൽ നിന്നായിരിക്കാം ആദ്യത്തെ ഏകത്വത്തെ വിവർത്തകൻ ദ്വിത്വമാക്കി സങ്കൽപ്പിച്ചത് എന്ന് രാമകൃഷ്പിള്ള ഊഹിക്കുകയും ചെയ്യുന്നു. ഇതുപോലെ പരിശോധിച്ചാൽ രാമകൃഷ്ണപിള്ളയുടെ ഉദാഹരണങ്ങളിൽ ചിലത് അവിഹിതമായ രന്ധ്രാന്വേഷണം ആണെന്നു തോന്നാമെങ്കിലും ഭൂരിപക്ഷവും ന്യായയുക്തമാണ് എന്നു കാണാം.

നാലപ്പാടനെപ്പോലെ പ്രഗത്ഭനായ ഒരു പണ്ഡിതന്റെ കൃതിയെ കുറിച്ച് ഇത്തരം രന്ധ്രാന്വേഷണങ്ങൾ അതിരുകടന്ന പ്രവൃത്തിയാണെന്ന് തോന്നാമെങ്കിലും രാമകൃഷ്ണപിള്ളയുടെ സൂക്ഷ്മദൃഷ്ടിയോടുകൂടിയുള്ള വിമർശനങ്ങളും തിരുത്തലുകളും അസ്ഥാനത്തുള്ളതാണെന്ന് ആർനോൾഡിന്റെ മൂലകൃതിയും നാലപ്പാടന്റെ വിവർത്തനവും ഒത്തുനോക്കുന്ന ആർക്കും പറയാനാവില്ല. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്ക് ഉണ്ടായിരുന്നു എന്നു ചിലർ ആരോപിക്കുന്ന പക്ഷപാതങ്ങളുടേയോ വൈരനിര്യാതന ബുദ്ധിയുടേയോ തെളിവുകളൊന്നും നിരൂപണത്തിൽ കാണാൻ കഴിയുകയില്ല. രോഗാവസ്ഥയിലായിരുന്നിട്ടും ശ്രദ്ധയോടെയും വസ്തുനിഷ്ഠതയോടെയും സഹൃദയത്വത്തോടെയും ആണ് രാമകൃഷ്ണപിള്ള ഈ നിശിതമായ നിരൂപണം എഴുതിയിട്ടുള്ള തെന്ന് നിഷ്പക്ഷമതികൾ സമ്മതിക്കും.

1915 -ൽ പ്രസിദ്ധീകരിക്കപ്പെട്ട *പൗരസ്ത്യദീപം* വിവർത്തനം ചെയ്തത് അദ്ദേഹത്തിന്റെ 25-ാം വയസ്സിന് തൊട്ടുമുൻപോ പിൻപോ ആയിരിക്കാം, സാഹിത്യ രംഗത്തേയ്ക്കുള്ള ആദ്യത്തെ കാൽവയ്പ്പുകാലം. അതുകൊണ്ടായിരിക്കാം അതിൽ ഇത്രത്തോളം പാകപ്പിഴകൾ സംഭവിച്ചത്. രാമകൃഷ്ണപിള്ളയുടെ നിരൂപണം നിശിതമായിരുന്നു എങ്കിലും അത് നാലപ്പാടിന്റെ തുടർന്നുള്ള പുരോഗതിക്ക് വഴികാട്ടിയായി തീർന്നിരിക്കാം എന്ന് ഊഹിക്കാവുന്നതാണ്.

ബാലാകലേശവിവാദം

കവിയും നവോത്ഥാന നായകനും കൊച്ചിരാജാവിൽ നിന്ന് കവിതിലകൻ എന്ന പദവി ലഭിച്ച ആളുമായ പണ്ഡിറ്റ് കെ പി കറുപ്പൻ, കൊച്ചി നിയമസഭാ അംഗവും ആയിരുന്നു. അദ്ദേഹം പൊതുജീവിതത്തിലും സാഹിത്യത്തിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. വാലസമുദായാംഗം ആയിരുന്നു എങ്കിലും വരേണ്യരുടെ കൊടുങ്ങല്ലൂർ കളരിയിൽ ശ്രദ്ധേയനായ അംഗവുമായിരുന്നു അദ്ദേഹം. *ബാലാകലേശം, ഭാഷാ ഭൈമീപരിണയം* എന്നീ നാടകങ്ങളും *ഒരു ഉദ്യാനവിരുന്ന്, ദീനസ്വരം, കൈരളീ കൗതുകം* (മൂന്നുഭാഗങ്ങൾ), *ചിത്രാലങ്കാരം* (ആറുഭാഗങ്ങൾ), *ജാതിക്കുമ്മി* എന്നീ കൃതികളും രചിച്ചിട്ടുണ്ട്. ഇവയിൽ *ബാലാകലേശം* നാടകം സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നിശിത വിമർശനത്തിനു പാത്രമായി. രാമകൃഷ്ണപിള്ളയുടെ വിമർശനം മേൽ ജാതിക്കാർക്ക് കീഴ്ജാതിക്കാരോടുള്ള സ്പർദ്ധയും പുച്ഛവും മൂലമാണെന്ന് കറുപ്പന്റെ ജീവചരിത്രകാരനായ ടി എം ചുമ്മാർ ഉൾപ്പെടെ ചിലരൊക്കെ ഉന്നയിച്ചിട്ടുണ്ട്. കൊച്ചി മഹാരാജാവിന്റെ ഭരണനൈപുണ്യത്തെ പ്രശംസിക്കുന്നതിനോടൊപ്പം ജാതി ചിന്തയേയും ജാത്യാചാരങ്ങളേയും കറുപ്പൻ ഈ കൃതിയിലൂടെ പരിഹസിക്കുകയും വിമർശിക്കുകയും ചെയ്യുന്നു. ഇതും രാമകൃഷ്ണപിള്ളയ്ക്ക് അരോചകമായി തോന്നി എന്നാണ് ഈ വിമർശകർ ചൂണ്ടികാണിക്കുന്നത്.

*ബാലാകലേശ*വും അതേ കുറിച്ചുള്ള രാമകൃഷ്ണപിള്ളയുടെ നിരൂപണവും വായിച്ചിട്ടുള്ള നിഷ്പക്ഷമതികൾക്കാർക്കും ഈ ജാതിസ്പർദ്ധ കണ്ടെത്താൻ കഴിയില്ല. ഒരു ഗ്രന്ഥത്തെ വിമർശിച്ചാൽ അത് ഗ്രന്ഥകർത്താവിന്റെ ജാതിയോടുള്ള സ്പർദ്ധയാണെന്ന ആരോപണം ദുരുദ്ദേശ്യ പ്രേരിതമാണ്- അതിനെ പ്രശംസിച്ചാൽ ഗ്രന്ഥകാരന്റെ ജാതിയോടുള്ള പക്ഷ പാതമാണെന്ന് പറയുന്നതുപോലെതന്നെ. രാമകൃഷ്ണപിള്ളയുടെ ഏറ്റവും പ്രസിദ്ധവും വിവാദവിഷയവുമായ ഖണ്ഡനവിമർശനങ്ങൾ - സി വി രാമൻപിള്ള (*ധർമ്മ രാജ*), പി കെ നാരായണപിള്ള (*തുഞ്ചത്ത് എഴുത്തച്ഛൻ*) കെ സി കേശവപിള്ള (*സദാരാമ*) നാലപ്പാട്ട് നാരായണ മേനോൻ (*പൗരസ്ത്യദീപം*) തുടങ്ങിയവയെ കുറിച്ചായിരുന്നു എന്നും അവരൊക്കെ രാമകൃഷ്ണപിള്ളയുടെ സ്വന്തം ജാതിക്കാരായിരുന്നു എന്നും

'ഈ ജാതി സ്പർദ്ധ' വാദികൾ ഓർക്കാത്തത് എന്ത്? ഒരു പക്ഷേ അത്തരം സ്പർദ്ധാവാദികൾ രാമകൃഷ്ണപിള്ളയ്ക്ക് ഉണ്ടെന്നു പറയുന്ന സ്പർദ്ധയെക്കാൾ സ്വന്തം സ്പർദ്ധ വിളംബരം ചെയ്യുകയാണ് എന്ന് തോന്നിപ്പോകും.

രാമകൃഷ്ണപിള്ളയുടെ *ബാലാകലേശം* വിമർശനം കുറ്റമറ്റ താണെന്നോ അതിൽ പാകപ്പിഴകൾ ഒന്നും പറ്റിയിട്ടില്ലെന്നോ വാദിക്കുന്നില്ല. എന്നാൽ അത്തരം പാകപ്പിഴകളെ ജാതിസ്പർദ്ധയുടെ തെളിവുകളായി അവതരിപ്പിക്കുന്നതിനെ മാത്രമേ വിമർശിക്കുന്നുള്ളു. സ്വന്തം ജാതിക്കാരുടെ കൃതികളെ വിമർശിക്കുമ്പോൾ 'സ്വദേശാഭിമാനി വിരുദ്ധർ' വ്യക്തിപരമായ വിരോധത്തെ ആയിരിക്കും ആരോപിക്കുക, അതുമല്ലെങ്കിൽ രാഷ്ട്രീയ വിരോധമായിരിക്കും വിരുദ്ധന്മാരുടെ 'കച്ചിത്തുരുമ്പ്'.

ഇതിനുമുമ്പ് രാമകൃഷ്ണപിള്ളയുടെ പ്രധാന നിരൂപണങ്ങളെ പരിശോധിച്ചപ്പോഴൊക്കെ ഒരുകാര്യം എടുത്തു പറയുകയുണ്ടായി. തന്റെ വിമർശനത്തിന് ആധാരമായ പ്രാമാണിക സിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ നിന്നോ ഇംഗ്ലീഷിൽ നിന്നോ മലയാളത്തിൽ നിന്നോ ഉദ്ധരിച്ച് അവയുമായി തട്ടിച്ചുനോക്കിമാത്രമേ രാമകൃഷ്ണപിള്ള വിമർശനം നടത്താറുള്ളൂ. വേണമെങ്കിൽ ആ രീതി ഒരു വക വരട്ടുതത്വപ്രേമം (Dogmatism) ആണെന്ന് ആരോപിക്കാവുന്നതാണ്. പ്രമാണതത്വങ്ങളിൽ ഒതുങ്ങിനിൽക്കാത്തതും അവയെ ഉല്ലംഘിക്കുന്നതുമായ സഹൃദയ ഹൃദയയോന്മേഷശാലിയായ കൃതികൾ പ്രതിഭാശാലികൾ നിർമ്മിക്കാറുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ പാകപ്പിഴ വന്നിട്ടുണ്ടെങ്കിൽ അതും എടുത്തു പറയാവുന്നതാണ്. അങ്ങനെ എടുത്തു പറയുമ്പോൾ എന്തുകൊണ്ട് രാമകൃഷ്ണപിള്ള ആശ്രയിക്കുന്ന പ്രമാണങ്ങൾ അപ്രസക്തമായത് അല്ലെങ്കിൽ കാലഹരണപ്പെട്ടത് എന്ന് ചൂണ്ടിക്കാണിക്കാനുള്ള ബാധ്യതയും അവർക്കുണ്ട്. പക്ഷേ നമ്മുടെ സ്പർദ്ധാവാദികൾക്ക് അത്തരം ഉത്തരവാദിത്വബോധമൊന്നും ബാധകമല്ല.

കവിത, കഥ, നാടകം, വിവർത്തനം എന്നിവയെ സംബന്ധിച്ചെല്ലാം വളരെ സുചിന്തിതമായ അഭിപ്രായങ്ങളാണ് രാമകൃഷ്ണപിള്ള മുറുകെ പിടിച്ചിരുന്നത്. വിവർത്തനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സൈദ്ധാന്തിക നിലപാടുകൾ നാലപ്പാട്ടുനാരായണമേനോന്റെ *പൗരസ്ത്യദീപത്തെ* സംബന്ധിച്ചുള്ള വിമർശനത്തിൽ അൽപം മുമ്പ് നാം കണ്ടതാണല്ലോ. നാടകത്തെ കുറിച്ചു അതുപോലെ ഉറച്ച പ്രമാണങ്ങളെ ആധാരമാക്കിയാണ് കെ സി കേശവപിള്ളയുടെ *സദാരാമ* നാടകത്തെ അദ്ദേഹം വിമർശിച്ചത്. ആ വിമർശനത്തിന്റെ സ്വഭാവം മനസ്സിലാക്കാൻ താഴെ ചേർക്കുന്ന ഉദ്ധരണി വായിക്കുക:

> കവിത എന്നത് മനഃകല്പനയുടെ സന്തതിയാണെന്നും കവികൾ താനെ ജനിക്കുകയല്ലാതെ നിർമിതന്മാരായി തീരുകയല്ലാ ചെയ്യുന്ന

തെന്നും ഉള്ള പരമാർത്ഥത്തെ ചിന്തിക്കുമ്പോൾ, ഈ നാടകത്തിനോ തൽകർത്താവിനോ വലുതായ പ്രശംസയ്ക്ക് അർഹതയുള്ളതായി ഗണിക്കുവാൻ പ്രയാസമാകുന്നു. കേശവപിള്ള അവർകളുടെ ഈ പുതിയ കൃതിയും, അദ്ദേഹത്തിനു പ്രകൃതിയുടെ ദർപ്പണമായ ഒരു നാടകത്തെ നിർമ്മിക്കുന്നതിലുള്ള സാമർത്ഥ്യകുറവിന്റെ ലക്ഷണത്തെ പ്രബലീകരിച്ചിരിക്കുന്നു. സംഗീതം ചിത്രമെഴുത്ത് മുതലായ ഹൃദ്യകലകളെ പ്രയോഗിക്കുന്നവർ അതാതു കലകളിൽ നല്ലവണ്ണം ലയിക്കാതിരുന്നാൽ അവരുടെ പ്രയോഗങ്ങൾക്കു ഏതുവിധം അസ്വാരസ്യം തോന്നുമോ, അതേവിധം അസ്വാരസ്യത്തെയാകുന്നു കേശവപിള്ള അവർകളുടെ ഈ നാടകം, നിഷ്പക്ഷ പാതിയായ ഒരു ഗുണാഗുണ നിരൂപകനെ അനുഭവിപ്പിക്കുന്നത്. കഥാഘടനയുടെ വൈചിത്ര്യത്തിലാകട്ടെ, പാത്രങ്ങളുടെ സംഭാഷണത്തിനുള്ള സന്ദർഭശുദ്ധിയിലാകട്ടെ, രസധാരയുടെ അവിഛിന്നമായ ഗതിയിലും, ക്രമപ്രവൃദ്ധമായ പുഷ്ടിയിലുമാകട്ടെ, *സദാരാമ* നാടകം അന്യൂന മാണെന്നു പറയുവാൻ ഒരു പ്രകാരേണയും അവകാശം കാണുന്നില്ല. തമിഴ്നാടകക്കാർ സാധാരണമായി അഭിനയിച്ചുവരുന്ന കഥകളിൽ പ്രധാനമായ സദാരാമചരിത്രത്തെ കഥാബന്ധത്തിനു ആസ്വാദ്യതയും കഥാഗതിക്കു സാർവത്രികമായ ഐകരൂപ്യവും ഉണ്ടായിരിക്കത്തക്കവണ്ണം ദോഷഭാഗങ്ങളെ പരിഹരിച്ച് മലയാള നാടകമായി എഴുതുന്നതിന് ശ്രമപ്പെട്ടിരിക്കുന്ന കേശവപിള്ള അവർകൾ തന്റെ കൃതിയെ സംസ്കൃത നാടകങ്ങളുടേയോ, ഇംഗ്ലീഷ് നാടകങ്ങളുടേയോ, തമിഴ് നാടകങ്ങളുടേയോ, ഏതു രീതിയിൽ ആണ് രചിച്ചിരിക്കുന്നതെന്ന് നിർണ്ണയപ്പെടുത്തുവാൻ പ്രയാസമായ വിധത്തിൽ ചമച്ചുകൂട്ടിയതിനെപ്പറ്റി നാം അത്യന്തം വ്യസനിക്കുന്നു.

മിക്കവാറും ഇതേ മാതിരിയുള്ള പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് രാമകൃഷ്ണപിള്ള *ബാലാകലേശ*ത്തേയും വിമർശിച്ചിരിക്കുന്നത്. നാടകകൃത്ത് കേശവപിള്ളയായതുകൊണ്ട് ഈ പ്രമാണങ്ങൾ ബാധകമാക്കുന്നതിൽ തെറ്റില്ലെന്നും നാടകകൃത്ത് കെ പി കറുപ്പനാകുമ്പോൾ ആ പ്രമാണങ്ങൾ ബാധകമല്ലെന്നും വരുമോ?

വാസ്തവത്തിൽ രാമകൃഷ്ണപിള്ളയുടെ മറ്റ് പലപുസ്തക നിരൂപണങ്ങളും പോലെ ഏതെങ്കിലും മാസികയ്ക്കോ വാരികയ്ക്കോ വേണ്ടി എഴുതിയതല്ല *ബാലാകലേശം* നിരൂപണം. അക്കാര്യം തുടക്കത്തിൽ തന്നെ രാമകൃഷ്ണപിള്ള ഇപ്രകാരം വ്യക്തമാക്കുന്നു:

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തി സംബന്ധമായി റാവുസാഹിബ്ബ് ടി നമ്പെരുമാൾ ഷെട്ടി അവർകൾ ഏർപ്പെടുത്തിയ കവിതാ പരീക്ഷയ്ക്കായി കൊണ്ടു ഏറണാകുളത്തു

സർക്കാർ ബാലികാ പാഠശാലയിൽ സംസ്കൃത മുൻഷി കെ പി കറുപ്പൻ ഉണ്ടാക്കിയതും സി അച്യുതമേനോൻ അവർകൾ പരിശോധിച്ചു പ്രഥമസ്ഥാനത്തിന് അർഹതയുള്ളതാണെന്നു തീർച്ചയാക്കിയതും ടി കെ കൃഷ്ണമേനോൻ അവർകളുടെ മുഖവുരയോടുകൂടി പ്രസിദ്ധപ്പെടുത്തിയതുമായ *ബാലാക ലേശം* എന്ന നാടകകൃതിയെ 'കൊച്ചിസാഹിത്യസമാജം' വകയായി സ്വീകരിപ്പാൻ വേണ്ടുന്ന യോഗ്യത അതിനുണ്ടോ എന്നു പരിശോധിച്ചു തീർച്ച പറയുന്നതിനായി നിയോഗിച്ചിരിക്കുന്നു. പ്രത്യേക സഭയിലെ ഒരംഗം എന്ന നിലയിൽ എന്റെ സ്വന്തം അഭിപ്രായം ചുവടേ ചേർക്കുന്നു:

ഈ വിഷയത്തെപ്പറ്റി ആലോചിക്കേണ്ടതായ സംഗതികൾ ഒന്നാമതായി, ഈ കൃതിക്കു നാടകം എന്ന അഭിധാനം ലഭിപ്പാൻ അർഹതയുണ്ടോ? രണ്ടാമത്, ഇതിന് നാടകജാതിയിൽപെടുവാൻ ആവശ്യ മായ ലക്ഷണങ്ങൾ ഇല്ലെന്നിരുന്നാൽ പിന്നെ, കൊച്ചിസാഹിത്യസമാജത്തിന്റെ അധികാരത്തിൻകീഴിൽ സാഹിത്യലോകത്തിൽ എന്തെങ്കിലുമൊരു പദം അനുവദിച്ചു കൂടുന്നതാണോ? മൂന്നാമതു ഇതിലെ വർണ്ണനകൾ വാസ്തവത്തെ അടിസ്ഥാനപ്പെടുത്തിയവയോ വാസ്തവികങ്ങളോ ആണോ? നാലാമത് ഇതിന്നു കാവ്യസാമാന്യമായുള്ള ഗുണദോഷങ്ങൾ എന്തൊക്കെയാണ്? അഞ്ചാമത് നിർദ്ദിഷ്ടമായ കാവ്യോദ്ദേശം ഇതിനാൽ സാധിക്കപ്പെടുന്നുണ്ടോ? ആറാമത് പ്രതികൂലമായ ആക്ഷേപങ്ങൾ എന്ത്? ഇങ്ങനെ ഓരോന്നാണ്.

രാമകൃഷ്ണപിള്ളയുടെ ഈ വിലയിരുത്തൽ പിന്നീട് തൃശ്ശൂരുള്ള *മംഗളോദയം* മാസികയിൽ പ്രസിദ്ധീകരിച്ചതാണ് ഇപ്പോൾ നമുക്ക് കിട്ടാനുള്ളത്. അതിൽ ഒരു തർക്കവിഷയം പ്രശസ്ത സാഹിത്യകാരനായിരുന്ന അപ്പൻതമ്പുരാന്റെ അധ്യക്ഷതയിൽ പ്രവർത്തിച്ചിരുന്ന 'കൊച്ചിസാഹിത്യസമാജം'ത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കാൻ അംഗീകരിക്കപ്പെടുന്നതിന് മുമ്പുതന്നെ ആ പേരുവച്ച് അച്ചടിച്ച് പ്രസിദ്ധീകരിച്ചത് ശരിയാണോ എന്നതായിരുന്നു. അതൊരു സാങ്കേതിക കാര്യം മാത്രമാണെങ്കിലും പരിശോധക കമ്മിറ്റിയുടെ പരിഗണനയ്ക്ക് നിർദ്ദേശിക്കപ്പെട്ടതിനാൽ അക്കാര്യം കൂടി ചർച്ചചെയ്തിട്ടുണ്ട്. അനുവാദം കിട്ടുന്നതിനു മുൻപുതന്നെ അപ്രകാരം ചെയ്തത് അനുവാദം കിട്ടുമെന്ന് ധരിച്ചായിരുന്നു എന്ന് കറുപ്പൻ അക്കാര്യം വിശദീകരിക്കുകയും ചെയ്തതുകൊണ്ട് നമുക്കത് പരിഗണിക്കേണ്ടതില്ല.

തന്റെ വിലയിരുത്തലിന്റെ ആമുഖമായി രാമകൃഷ്ണപിള്ള *ബാലാകലേശ*ത്തിന്റെ ഇതിവൃത്തം സംഗ്രഹിച്ചു ചേർത്തിരിക്കുന്നു. ആ സംഗ്രഹത്തിനിടയിലും നിരൂപണ സൂചനകൾ ഉണ്ട്. തുടക്കം ഇങ്ങനെ:

തിരുമനസ്സിലെ രാജ്യഭരണത്തിലുണ്ടായിട്ടുള്ള ഗുണങ്ങളെ വർണ്ണിക്കയാണ് നിർദ്ദിഷ്ടമായ ഉദ്ദേശം. എന്നാൽ തിരുമനസ്സിലെ ഭരണചരിത്രത്തെ അപ്രസ്തുതമാക്കിവെച്ചും കൊണ്ടാണ് കഥയെ ബന്ധിച്ചിരിക്കുന്നത്. ശ്ലേഷം, സമാസോക്തി മുതലായ അലങ്കാരപ്രയോഗങ്ങളെ കൊണ്ടാകുന്നു ഇതിനെ നിർവഹിക്കുന്നതും. പ്രസ്തുതമായ വിഷയം കലേശൻ എന്ന നായകനേയും ബാല എന്ന നായികയേയും സംബന്ധിച്ചുള്ളതാകുന്നു.

നാടകകൃത്ത് ഏതു വിധത്തിലാണ് തന്റെ ലക്ഷ്യം നിർവഹിക്കുന്നത് എന്ന് വിവരിക്കുന്നതിനപ്പുറം അതത്ര ശരിയായ രീതിയായിരുന്നില്ല എന്ന വിമർശകന്റെ സൂചന അസ്ഥാനത്താണ്. നാടുവാഴുന്ന രാജാവിനെ കഥാപാത്രമാക്കിക്കൊണ്ടു ഒരു നാടകം രചിച്ച് അവതരിപ്പിക്കുക എന്നത് പ്രായോഗികമല്ല. അതുകൊണ്ടു ശ്ലേഷവും ധ്വനിയും എല്ലാം ഉപയോഗപ്പെടുത്തി തന്റെ കൃത്യം നിർവഹിക്കാൻ കറുപ്പൻ തുനിഞ്ഞത് ശരിയായ രീതിതന്നെ. *ബാലാകലേശ*ത്തിലെ കഥാനായകനായ കലേശൻ എന്ന മാതൃകാരാജാവിലൂടെ ഈ കർത്തവ്യം നിർവഹിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നതു മാത്രമേ പരിശോധിക്കേണ്ടതായിട്ടുള്ളൂ. കലേശന്റെ കാമിനിയും പത്നിയുമായ ബാല രോഗിണിയും അവശയുമായിരിക്കുമ്പോൾ കലേശൻ സുഖവാസത്തിനായി അചലാപുരം എന്ന സുഖവാസസ്ഥലത്തേക്കുപോയി, എന്നതിലെ ഔചിത്യക്കുറവ് രാമകൃഷ്ണപിള്ള ചൂണ്ടിക്കാണിക്കുന്നത് ന്യായം തന്നെ. പക്ഷേ കഥയിലുടനീളം കാലദേശവിഭ്രാന്തികൾ പ്രകടമാവുന്നത് കഥയുടെ വിശ്വാസ്യതയെ ബാധിക്കുന്നു. കഥയിലെ തീവണ്ടിയാത്രയെയും മറ്റും കുറിച്ചുള്ള പരാമർശങ്ങളും തീവണ്ടി സ്റ്റേഷനിലെ രംഗങ്ങളും മറ്റും വ്യക്തമാക്കുന്നത് കഥയുടെ കാലം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ ഓന്നോ ഒന്നരയോ ദശകങ്ങളാണ് എന്നത്രേ. എന്നാൽ അതിലെ ചില സംഭാഷണങ്ങൾ ഡച്ചുകാരുടേയും പോർച്ചുഗീസുകാരുടെയും മറ്റും സമകാലിക സാന്നിദ്ധ്യത്തെ പറ്റി സൂചന നൽകുമ്പോൾ കഥ പതിനാറോ പതിനേഴോ നൂറ്റാണ്ടിലാണോ എന്ന സംശയവും കാണികൾക്കുണ്ടാകാം. തീവണ്ടിയേയും അതിലെ യാത്രയേയും സമയനിഷ്ഠയേയും കുറിച്ച് ഒരുപിടിപാടും ഇല്ലാത്ത ഒരു നമ്പൂതിരിയെ വിഡ്ഢിവേഷം കെട്ടിച്ച് റെയിൽവേ പ്ലാറ്റ്ഫോമിൽ ഇരുത്തി കുരങ്ങുകളിപ്പിക്കുന്നതിൽ തെറ്റൊന്നും ഇല്ല. എന്നാൽ അങ്ങനെ വിഡ്ഢിവേഷം കെട്ടിക്കുന്നത് ഒരു സമുദായത്തെ മുഴുവനും ആക്ഷേപിക്കലാണ് എന്ന രാമകൃഷ്ണപിള്ളയുടെ സൂചന ശരിയല്ല.

രാമകൃഷ്ണപിള്ള പറയുന്നു:

രണ്ടാമങ്കത്തിൽ ഒരു നമ്പൂതിരിപ്പാടിനെ പ്രവേശിപ്പിച്ച് അദ്ദേഹത്തെ അപരിഷ്കൃതനാക്കിക്കാണിച്ച് പല പ്രകാരത്തിൽ അവഹേളനം

ചെയ്തിരിക്കുന്നു. ഈ വർണ്ണനയുടെ യാഥാർത്ഥ്യത്തേയോ, അയഥാർത്ഥ തയേയോ പറ്റി ഈ സന്ദർഭത്തിൽ ഒന്നും പറയുന്നില്ല. എന്നാൽ, ഇതു യഥാർത്ഥമായിരുന്നാൽ കൂടിയും, വലിയതമ്പുരാൻ തിരുമനസ്സിലെ ഭരണകീർത്തിയെ അപവദിക്കുന്നതായി ത്തീരുമെന്നു ശങ്കിക്കേണ്ടിവരുന്നു. എന്തെന്നാൽ അവിടുത്തെ ഭരണത്താൽ, രാജ്യത്തിലുള്ള പ്രജകളിൽ പ്രധാനമായൊരു വർഗ്ഗക്കാർ ഇനിയും അന്ധകാരത്തിൽ നിന്ന് ഉത്ഥാനം ചെയ്തിട്ടില്ലെന്നു പറയുന്നത് നിശ്ചയമായും പ്രശംസയല്ല എന്നു പറഞ്ഞേതീരൂ. ആ നമ്പൂതിരിപ്പാടിനെ മലയാള ബ്രാഹ്മണ സമുദായത്തിന്റെ ഉദാഹരണമായിട്ടാണ് കവി സങ്കല്പിച്ചിരിക്കുന്നതെങ്കിൽ, അദ്ദേഹത്തിൽ ആരോപിച്ചിരിക്കുന്ന വിഡ്ഢിത്തങ്ങളെപ്പറ്റി രോക്ഷപ്പെടുവാൻ ആ സമുദായത്തിനു ന്യായമായ കാരണമുണ്ട്.

ചന്തുമേനോനും, സി വി രാമൻപിള്ളയുമൊക്കെ സൂര്യനമ്പൂതിരിപ്പാടിനേയും ജയന്തൻ ശങ്കരൻ നമ്പൂതിരിപ്പാടിനേയും മറ്റും വിമർശിച്ചത് നമ്പൂതിരി സമുദായത്തെ മുഴുവനും ആക്ഷേപിക്കലാകുന്നതെങ്ങനെ? സി വി രാമൻപിള്ള ചന്ദ്രക്കാരനേയും പപ്പുതമ്പിയേയും പരിഹാസ പാത്രമാക്കിയത് നായർ സമുദായത്തിന് ആകെ ആക്ഷേപമാകുന്നതെങ്ങനെ? ചന്തുമേനോന്റെ സർപ്പദൃഷ്ടിക്കാരൻ വൈത്തിപ്പട്ടർ എങ്ങനെ പരദേശി ബ്രാഹ്മണർക്ക് മുഴുവൻ ആക്ഷേപമാകും?

*ബാലാകലേശ*ത്തിലെ മൂന്നാമത്തേയും അവസാനത്തേയും അങ്കത്തിൽ നടക്കുന്ന ചില കാഴ്ചകളെ രാമകൃഷ്ണപിള്ള ഇപ്രകാരം സംഗ്രഹിക്കുന്നു:

> സവിശേഷം അലങ്കരിക്കപ്പെട്ടിട്ടുള്ള അഭിനവ പ്രാസാദത്തിന്റെ വരാന്തയിൽ കുന്നലക്കോൻ ഒരു വൃത്താന്തപത്രം വായിച്ചിരിക്കുന്നു. മുൻവശത്തെ വഴിയിൽ ഒരു വടിയും കുത്തി അനാചാരത്തിലെ കാർന്നോർ പ്രവേശിക്കുന്നു. ഇങ്ങനെയാണ് മൂന്നാമങ്കം ആരംഭിക്കുന്നത് കാർന്നോരുടെ കൂട്ടുകാരനായ പൊളിപ്പറമ്പനും, തേനക്കോടനും, ക്ഷാമചെട്ടിയും പ്രവേശിച്ച് കാർന്നോരുമായി ഒരോരോ സമാചാരങ്ങൾ പറയുകയും, അതിനിടയിൽ പുതിയ ആചാരങ്ങളേയും കാല പരിഷ്കാരത്തേയും നിന്ദിക്കുകയും ചെയ്തു നിൽക്കുമ്പോൾ കാർന്നോരുടെ ഭാര്യ അവിടെ വന്നു കാർന്നോരോടു വഴക്കു കൂടുന്നു. ആ സന്ദർഭത്തിൽ കൊച്ചാലു എന്ന പുലയനും കണ്ടുണ്ണി എന്ന ഈഴവനും അവരുടെ അടുക്കലേക്കു ആ വഴിയായി വരുന്നതു കണ്ട് പുലയൻ നിമിത്തം അയിത്തമായി എന്ന കാരണത്താൽ കാർന്നോരും കൂട്ടരും അവനെ തല്ലുന്നു. ആ അടികലശൽ കേട്ടുകൊണ്ടിരിക്കുന്ന കുന്നലക്കോൻ തന്റെ ശിപായിയെ അയച്ച് അക്രമികളെ പിടിപ്പിച്ച് തന്റെ

മുമ്പിൽ വരുത്തുന്നു. കൊച്ചാലുവും അക്കൂട്ടത്തിൽ അവിടെ ചെല്ലുന്നു. അടികലശലിന്നുള്ള കാരണം ചോദിച്ചറിയുകയും, "ജീവപര്യന്തം ശിക്ഷിക്കപ്പെട്ട് ജയിലിൽ നിന്നും ചാടിപ്പോയ അക്രമികളും രാജ ദ്രോഹികളുമായ അനാചാരം, അസത്യം, ചൗര്യം, ക്ഷാമം" എന്ന ലോകോപദ്രവകാരികളായ അക്കൂട്ടരുടെ സമസൃഷ്ടി പ്രിയമില്ലായ്മ യെപ്പറ്റിയും മറ്റും കുന്നലക്കോൻ അവരെ ശാസിക്കുകയും അവരോട് ശങ്കരാചാര്യർ സ്വാമികളുടെ *മനീഷാപഞ്ചകം* വായിച്ചിട്ടുണ്ടോ എന്നു ചോദിക്കുകയും 'ഇല്ല' എന്ന് മറുപടി കേൾക്കുമ്പോഴേയ്ക്കും പുലയൻ ആ പഞ്ചകത്തെ കുമ്മിയാക്കി പാടുകയും ചെയ്യുന്നു. കുന്നലക്കോൻ പിന്നെ ആരാച്ചാരെ വരുത്തി പൊളിപ്പറമ്പനേയും തേനക്കോടനേയും തൂക്കിലിട്ടുകൊല്ലുവാനും, കാർന്നോരെ അപരിഷ്കൃതമായി കിടക്കുന്ന ഉൾനാട്ടിലേയ്ക്കും ക്ഷാമനെ ആണ്ടമാൻ ദ്വീപിലേക്കും കടത്തി വിടുവാനും ആജ്ഞാപിക്കുകയും ആ അക്രമികൾക്ക് ഒതുക്കം വന്നതിൽ ആശ്വസിക്കുകയും ചെയ്യുന്നു.

നവോത്ഥാന നായകനായ പണ്ഡിറ്റ് കറുപ്പന്റെ സാമൂഹ്യപരിഷ്കരണ അഭിനിവേശവും അയിത്തം തുടങ്ങിയ അനാചാരങ്ങളോടുള്ള നിശിതമായ എതിർപ്പും എല്ലാം ഈ അങ്കത്തിൽ പ്രതിഫലിക്കുന്നു. ആവിഷ്കാര കൗശലവും വിശ്വാസ്യതയും കാണികളെ ആകർഷിക്കാനുള്ള കഴിവും ഈ രംഗത്തിനുണ്ടോ? ഈ കുന്നലക്കോൻ എന്ന പേരുതന്നെ വിചിത്രമായിരി ക്കുന്നു. കുന്നലക്കോൻ എന്നത് കോഴിക്കോട്ടെ സാമൂതിരിയുടെ അപരനാമ മാണ്. ആ പേര് എങ്ങനെ ഒരു ഉദ്യോഗസ്ഥനുവന്നു ചേർന്നു? ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ സാമൂതിരിപ്പാടും കൊച്ചീരാജാവും പോർത്തുഗീസ് ആക്രമണകാലം മുതൽക്കെങ്കിലും ബദ്ധ വിരോധി കളായിരുന്നു.

ഈ ജാതിവിരുദ്ധമായ നല്ലകാര്യങ്ങൾ ചെയ്യുന്നത് കഥാനായകനായ രാജാവ് കലേശനല്ല. കുന്നലക്കോനെ കൊച്ചീമഹാരാജാവായിട്ടു തന്നെയാണോ നാടകകൃത്ത് സങ്കല്പിച്ചിരിക്കുന്നത്? കൊച്ചി മഹാരാജാവും കുന്നലക്കോൻ എന്ന സാമൂതിരിപ്പാടും ജാതിഭ്രാന്തിൽ അദ്വിതീയരായിരുന്നു എന്നത് ചരിത്രസത്യം. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുകയും അയിത്താചാരം ഒരു കുറ്റകൃത്യമായി നിയമസംഹിതയിൽ സ്ഥാനം പിടിക്കുകയും ചെയ്തപ്പോൾ പോലും ക്ഷേത്രപ്രവേശനത്തെ എതിർക്കുക മാത്രമല്ല, വടക്കൻ പറവൂരിനടുത്ത് ചേന്നമംഗത്ത് പാലിയം പ്രഭുകുടുംബത്തിന്റേയും ക്ഷേത്രത്തിന്റേയും അരികെ പോകുന്ന വഴിയിൽക്കൂടി അവർണ്ണർക്കു നടക്കാൻ അനുവാദം നൽകാതിരിക്കുകയും ചെയ്ത പാരമ്പര്യമാണ് കൊച്ചീരാജാക്കന്മാർക്കുള്ളത്. പാലിയം സത്യഗ്രഹത്തെ (1948) അടിച്ചമർത്തിയ രാജസ്ഥാനത്തിന്റെ മുൻഗാമിയായിരുന്ന കറുപ്പന്റെ

ആരാധനാപാത്രമായ വലിയ തമ്പുരാൻ വ്യത്യസ്തനായിരുന്നു എന്നതിന് തെളിവൊന്നുമില്ല.

കുന്നലക്കോൻ എന്ന ഉദ്യോഗസ്ഥൻ എന്നല്ല സാക്ഷാൽ രാജാവിനു പോലും അക്രമികളെ കൈയോടെ പിടിച്ച ആരാച്ചാരെ വരുത്തി കൊല്ലാൻ കറുപ്പന്റെ കാലത്തെന്നല്ല അതിനു മുമ്പും സാധ്യമല്ലാതിരിക്കെ, പൊളിപ്പറമ്പനേയും, തേനക്കോടനേയും എങ്ങനെ തൂക്കിലിടീച്ചു എന്നത് നാടകം കാണുന്നവരെ അല്പമെങ്കിലും ബോധ്യപ്പെടുത്തുമോ? അതുപോലെ തന്നെ ബ്രിട്ടീഷ് ഗവർമെന്റിനല്ലാതെ, ആരെയും ആൻഡമാൻ ദ്വീപിലേക്ക് നാടുകടത്താൻ നാട്ടുരാജാക്കന്മാർക്ക് ആർക്കും അധികാരം ഇല്ല. രാമകൃഷ്ണപിള്ളതന്നെ രാജ്യദ്രോഹത്തിനായി ശിക്ഷിക്കപ്പെട്ടത് തിരുവിതാംകൂർ രാജ്യത്തിനു പുറത്തേക്കുമാത്രം നാടുകടത്തപ്പെട്ടാണ് എന്നത് സ്മരണീയം. നാടുകടത്തിയത് ആളുകളെയല്ല. 'ക്ഷാമൻ' എന്ന പ്രതീകത്തെ ആണെന്നതുകൊണ്ട് രംഗം കൂടുതൽ വഷളാകയല്ലാതെ മെച്ചപ്പെടുന്നില്ല. അനാചാരം, അസത്യം, ചൗര്യം മുതലായവയെ കുന്നലക്കോൻ ശാസിച്ചു എന്നുകൂടി ചേർക്കുമ്പോൾ കോമാളിത്തം അതിന്റെ പരമകാഷ്ഠയിൽ എത്തുന്നു. എങ്ങനെയാണ് അനാചാരത്തേയും മറ്റും കഥാപാത്രങ്ങളായി രംഗത്ത് അവതരിപ്പിക്കുന്നതെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ഈ ദുരാചാരങ്ങളെ കഥാപാത്രങ്ങളായ രാജദ്രോഹികളായിരുന്നു എന്ന വിധത്തിലുള്ള പരാമർശം രാജാവ് ഇവയ്ക്കെല്ലാം എതിരായിരുന്നു എന്ന തെറ്റായ സൂചനയല്ലേ നൽകുന്നത്? സവർണ്ണാധിപത്യത്തിന്റെ ആൾരൂപമായ രാജാവിനെ ഇപ്രകാരം വെള്ളതേയ്ക്കുന്നത് ഒരു സാമൂഹ്യ പരിഷ്കർത്താവിന് യോജിച്ചതാണോ- ഇന്നല്ല, അന്നുപോലും കറുപ്പന്റെ കാലത്തുപോലും അവർണ്ണർക്കും അയിത്തക്കാർക്കും കൊച്ചി രാജ്യത്ത് പൊതുസ്ഥലങ്ങളിൽ വച്ച് യോഗം ചേരാൻ അനുവാദമില്ലാതിരുന്നതിനാൽ കൊച്ചി ക്കായലിൽ ചങ്ങാടങ്ങൾ കൂട്ടികെട്ടി അതിന്റെ മേൽയോഗം ചേർന്നതായ വിവരം ചരിത്രപ്രസിദ്ധമാണല്ലോ.

ഈ നാടകത്തിൽ ചേർത്തിട്ടുള്ള പദ്യഭാഗങ്ങളെകുറിച്ചും രാമകൃഷ്ണ പിള്ളയ്ക്ക് വലിയ മതിപ്പൊന്നുമില്ല. അതിലെ പ്രാസാനുപ്രാസങ്ങളേയും ശബ്ദാലങ്കാര പ്രൗഢിയേയും ചൊല്ലികേൾക്കുന്നവർക്കുണ്ടാവുന്ന ശ്രവണ സുഖത്തേയും രാമകൃഷ്ണപിള്ള പ്രശംസിക്കുന്നുണ്ട്. പക്ഷേ അവയുടെ അർത്ഥപുഷ്ടിയേയും ഔചിത്യത്തേയും അദ്ദേഹം ചോദ്യം ചെയ്യുന്നു. സ്വാഭാവികമായും ഈ പുസ്തകം 'കൊച്ചിസാഹിത്യസമാജ'ത്തിന്റെ പുസ്തകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് അനുചിതമാണെന്നും. സി അച്യുതമേനോനേയും ടി കെ കൃഷ്ണമേനോനെയും പോലുള്ളവർ നൽകി

യിരിക്കുന്ന യോഗ്യതാ പത്രത്തെ വെറും ഔപചാരികമായ സുജന മര്യാദപ്രകടനം മാത്രമായി കരുതിയാൽ മതിയെന്നും രാമകൃഷ്ണപിള്ള ഉപസംഹരിക്കുന്നു.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ വിമർശനങ്ങളും അഭിപ്രായങ്ങളും അക്ഷരംപ്രതി അംഗീകരിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല, സ്വന്തം ഇഷ്ടാനിഷ്ടങ്ങളും സാഹിത്യപക്ഷപാതങ്ങളും അദ്ദേഹത്തിനും ഉണ്ടാകാം. പക്ഷേ അദ്ദേഹത്തിന്റെ വിമർശനം ദുരുദ്ദേശ്യ പ്രേരിതമാണെന്ന ആക്ഷേപം ഒരു തരത്തിലും നിലനിൽക്കത്തക്കതല്ല.

അദ്ധ്യായം 6

സ്വദേശാഭിമാനിയുടെ പുസ്തക രചനകൾ

കാറൽ മാർക്സ്, മോഹൻ ദാസ് ഗാന്ധി, സോക്രട്ടീസ്, ബഞ്ചമിൻ ഫ്രാൻക്ലിൻ, ക്രിസ്റ്റഫർ കൊളംബസ് എന്നീ മഹാരഥന്മാരുടെ ജീവചരിത്രങ്ങളാണ് രാമകൃഷ്ണപിള്ള രചിച്ചിട്ടുള്ളത്. പല കാരണങ്ങളാൽ ഇവയിൽ ആദ്യത്തെ രണ്ടെണ്ണം പ്രത്യേകം ശ്രദ്ധേയമാണ്. കാൾ മാർക്സിന്റേത് ഇന്ത്യയിലെ ജീവചരിത്ര രചനകളുടെ ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നു. അദ്ദേഹത്തിന്റെ രണ്ടു ജീവചരിത്രകൃതികൾ 1912-ൽ ഇന്ത്യയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അന്ന് ഇന്ത്യയിൽ അധികമാരും കേട്ടിട്ടുപോലുമില്ലാത്ത പേരായിരുന്നു മാർക്സിന്റേത്. അതിൽ ആദ്യത്തേത് ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന പഞ്ചാബ് സ്വദേശി ലാലാ ഹർദയാൽ ഇംഗ്ലീഷിൽ എഴുതി *മോഡേൺ റിവ്യൂ* (കൽക്കത്ത) എന്ന അക്കാലത്തെ പേരുകേട്ട കാലികത്തിൽ 1912 മാർച്ചിൽ പ്രസിദ്ധീകരിച്ചതാണ്. *കാൾ മാർക്സ്; ദി മോഡേൺ ഋഷി* എന്നായിരുന്നു ആ കൃതിയുടെ പേര്. *കാൾ മാർക്സ്* എന്ന രാമകൃഷ്ണപിള്ളയുടെ മലയാളത്തിലെ ജീവചരിത്രകൃതി ഒരു പുസ്തകമായിട്ടാണ് പുറത്തുവന്നത്. അതിന്റെ 'മുന്നുര'യിൽ ചേർത്തിരിക്കുന്ന തീയതി പ്രകാരം 1912 ആഗസ്റ്റ് 4-ന് അത് എഴുതിത്തീർത്ത് അച്ചടിക്കാൻ കൊടുത്തതായി കാണുന്നു. ഇതിൽ നിന്ന് ലാലാ ഹർദയാലിന്റെ ഇംഗ്ലീഷ് ലേഖനം വായിച്ചിട്ടാണ് രാമകൃഷ്ണപിള്ള ഗ്രന്ഥം രചിച്ചത് എന്ന് ഒറ്റനോട്ടത്തിൽ തോന്നാം. ഇന്ത്യയിലും വിദേശത്തുമുള്ള നിലവാരപ്പെട്ട കാലികങ്ങൾ വരുത്തി വായിക്കുന്ന ശീലക്കാരനായിരുന്നതിനാൽ രാമകൃഷ്ണപിള്ള *മോഡേൺ റിവ്യൂ*വിലെ ഹർദയാലിന്റെ ലേഖനം വായിച്ചിരിക്കാൻ ഇടയുണ്ട് എന്നു കരുതുന്നതിൽ അപാകതയില്ല. പക്ഷേ കാൾ മാർക്സിനേയും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളേയും കുറിച്ച് ലാലാ ഹർദയാലിന്റേതിനേക്കാൾ വളരെ വ്യത്യസ്തവും ചിലപ്പോൾ കടകവിരുദ്ധവുമായ നിലപാടാണ് രാമകൃഷ്ണപിള്ളയുടേത്. ഹർദയാൽ യൂറോപ്യൻ രാജ്യങ്ങൾ

ഉൾപ്പെടെ ലോകത്തിന്റെ നാനാഭാഗങ്ങളും സന്ദർശിച്ചിട്ടുള്ള ഒരാളായിരുന്നു. അക്കാലത്ത് യൂറോപ്പിൽ മാർക്സിന്റെയും എംഗൽസിന്റെയും കൃതികളും അവരെക്കുറിച്ചുള്ള കൃതികളും സുലഭമായിരുന്നു. രാമകൃഷ്ണപിള്ളക്കാകട്ടെ അത്തരം അവസരങ്ങളൊന്നും ഉണ്ടായിട്ടില്ല. മദിരാശിയിലും കേരളത്തിലും ആയി ജീവിതം കഴിച്ചുകൂട്ടിയ രാമകൃഷ്ണപിള്ള അദ്ധ്വാനശീലവും വിജ്ഞാനതൃഷ്ണയുംകൊണ്ട് (അദ്ദേഹത്തിന്റെ സാമ്പത്തിക പരിമിതിക്ക് അകത്തുനിന്നുകൊണ്ട്) കിട്ടാവുന്ന പുസ്തകങ്ങളും കാലികങ്ങളുമൊക്കെ വാങ്ങിയും ഗ്രന്ഥശാലകളിൽ നിന്നും സുഹൃത്തുക്കളിൽനിന്നും കടമെടുത്ത് വായിച്ചും പഠിക്കുകയായിരുന്നു പതിവ്. ലാലാ ഹർദയാൽ ലേഖനത്തിനു കൊടുത്ത തലവാചകംതന്നെ അദ്ദേഹത്തിന്റെ വീക്ഷണം വ്യക്തമാക്കുന്നു. 'ഒരു ആധുനിക മനീഷി' എന്നൊക്കെ ആയിരുന്നു ഹർദയാലിന്റെ ആദര പൂർവ്വമായ വിലയിരുത്തൽ. എന്നാൽ മാർക്സിന്റെ സിദ്ധാന്തങ്ങളുടെ സാധുതയേയോ പ്രായോഗികതയേയോ കുറിച്ച് ഹർദയാലിന് വലിയ മതിപ്പൊന്നും ഉണ്ടായിരുന്നില്ല. മാത്രമല്ല, അദ്ദേഹത്തിന്റെ വീക്ഷണത്തിൽ വൈകല്യങ്ങൾ ഏറെ ഉണ്ടായിരുന്നു എന്നും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ സെക്രട്ടറിയായിരുന്ന പി.സി. ജോഷി ചൂണ്ടിക്കാണിക്കുന്നു.(*മാർക്സ് കംസ് ടു ഇന്ത്യാ* : പി സി ജോഷി, കെ ദാമോദരൻ - ന്യൂ ദില്ലി, 1975)


നേരേ മറിച്ചായിരുന്നു മാർക്സിനെക്കുറിച്ചും അദ്ദേഹത്തിന്റെ സിദ്ധാന്തമായ സോഷ്യലിസത്തെക്കുറിച്ചും രാമകൃഷ്ണപിള്ളയുടെ നിലപാട്., തികച്ചും അനുകൂലമായ ഒന്നായിരുന്നു. മാർക്സിസത്തെ കുറിച്ചു ലോകമാകെ വിശദമായി അറിയാൻ തുടങ്ങിയത് 1917 ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെ തുടർന്നായിരുന്നുവല്ലോ. അതിനു അഞ്ചു വർഷം മുമ്പാണ് രാമകൃഷ്ണപിള്ള മാർക്സിനേയും മാർക്സിസത്തേയും കുറിച്ച് എഴുതിയത്. തീർച്ചയായും അതിൽ ചില പാകപ്പിഴകളോ നോട്ടക്കുറവുകളോ സംഭവിച്ചിരിക്കാം. പക്ഷേ അടിസ്ഥാനപരമായി രാമകൃഷ്ണപിള്ളയുടെ വീക്ഷണം ശരിയായിരുന്നു. മാർക്സിസത്തിന്റെ വർഗ്ഗ സമരം, ദ്വന്ദാത്മക ഭൗതികവാദം എന്നിവ സൂക്ഷ്മദൃക്കായ രാമകൃഷ്ണപിള്ള ഹൃദിസ്ഥമാക്കിയിരുന്നു എന്ന് ഈ കൃതിയും 'സമഷ്ടിവാദം അഥവാ സോഷ്യലിസം' എന്ന *ആത്മപോഷിണി*യിലെ (1915) ലേഖന പരമ്പരയും വ്യക്തമാക്കുന്നു). ഇന്നത്തെ പ്രയോഗങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു രാമകൃഷ്ണപിള്ളയുടെ പ്രയോഗങ്ങൾ. അവ പലതും രാമകൃഷ്ണപിള്ളയുടേതായിട്ടാണ് ആദ്യമായി മലയാളത്തിൽ പ്രചരിപ്പിച്ചത്. സാമൂഹ്യവാദവും സമഷ്ടിവാദവും അങ്ങനെ ലഭിച്ചതാണ്. ഒരുപക്ഷേ രാമകൃഷ്ണപിള്ളയുടെ വിവർത്തനങ്ങളായിരുന്നില്ലേ മൂലത്തോട് കൂടുതൽ നീതി പുലർത്തുന്നതെന്നും തോന്നിപ്പോകും. ഉദാഹരണത്തിന് തൊഴിലാളി എന്നോ തൊഴിലാളി വർഗ്ഗം എന്നോ അദ്ദേഹം പ്രയോഗിച്ചു കാണുന്നില്ല. കൂലി വേലക്കാർ, എന്നാണ് അദ്ദേഹം ഉപയോഗിച്ചു കാണുന്നത്. വാസ്തവത്തിൽ അതിൽ തെറ്റില്ല. മാർക്സ്



ബെഞ്ചമിൻ ഫ്രാങ്ക്ളിൻ




ക്രിസ്റ്റഫർ കൊളംബസ്



കാൾ മാർക്സ്



സോക്രട്ടീസ്



മഹാത്മ ഗാന്ധി

വർക്കിംഗ് ക്ലാസ്സ് എന്നും പ്രോലിറ്റേറിയറ്റ് എന്നും ഉപയോഗിക്കുന്നതിനോടൊപ്പം 'വേജ് ലേബർ' എന്നും ഉപയോഗിച്ച് വരാറുണ്ട്. സോഷ്യലിസത്തേയും കമ്യൂണിസത്തേയും പറ്റി ആഴത്തിൽ വിശകലനം ചെയ്യാൻ 'വേജ് ലേബർ' വ്യവസ്ഥ അഥവാ കൂലിവേല വ്യവസ്ഥ അവസാനിപ്പിക്കുക എന്നതാണ് സോഷ്യലിസത്തിന്റെയും കമ്യൂണിസത്തിന്റെയും ലക്ഷ്യം എന്ന് അദ്ദേഹം പറയാറുണ്ട്.

ഈ ആഭിമുഖ്യവും ആനുകൂല്യവും തെളിയിക്കുന്ന മറ്റു ചില വസ്തുതകളും ഉണ്ട്. ഇംഗ്ലണ്ടിൽപോയി പഠിച്ചുവന്ന ബാരിസ്റ്റർ നാരായണപിള്ള എന്ന ഒരഭിഭാഷകൻ തിരുവനന്തപുരത്തെ വിക്ടോറിയ ജൂബിലി ടൗൺ ഹാളിൽ സോഷ്യലിസത്തെക്കുറിച്ച് 1905-ാം ആണ്ടിനിടയ്ക്ക് ഒരു പ്രഭാഷണ പരമ്പര നടത്തി. അൽപം വൈകിയാണെങ്കിലും രാമകൃഷ്ണപിള്ള തന്റെ *കേരളൻ* പത്രത്തിൽ ആ പ്രസംഗത്തിന്റെ സംഗ്രഹം ഒരനുഭാവപൂർവ്വമായ പത്രാധിപക്കുറിപ്പോടെ പ്രസിദ്ധീകരിക്കുകയുണ്ടായി. ഒരു പക്ഷേ അതോടുകൂടിയായിരിക്കാം സോഷ്യലിസത്തെക്കുറിച്ച് പുസ്തകങ്ങൾ ശേഖരിക്കാനും പഠിക്കാനും അദ്ദേഹം തുടങ്ങിയത്. *കാൾ മാർക്സ്* എഴുതുമ്പോഴേക്കും അദ്ദേഹം ആ വിഷയത്തിൽ കാര്യമായ ഉപസ്ഥിതി നേടിക്കഴിഞ്ഞിരുന്നു. യൂറോപ്പിലെ ഏതു പണ്ഡിതനോടും കിടപിടിക്കത്തക്കവിധം സോഷ്യലിസത്തിന്റെ ഉത്ഭവവികാസങ്ങളെക്കുറിച്ചും പ്രക്ഷോഭപരി

പാടികളെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും അവാന്തരവിഭാഗങ്ങളെക്കുറിച്ചും രാമകൃഷ്ണപിള്ള പഠിച്ച് ഹൃദിസ്ഥമാക്കിയിരുന്നു. ഇന്ത്യയിൽ മറ്റേതെങ്കിലും ഭാഷകളിൽ ഇപ്രകാരം സമഗ്രമായ ഒരു പഠനം ലാലാ ഹർദയാലിന്റെ വികലമായ വിലയിരുത്തലിനുശേഷം ഉണ്ടായിട്ടുള്ളതായി അറിവില്ല. *മാർക്സ് കംസ് ടു ഇന്ത്യ* എന്ന പി സി ജോഷിയുടെയും കെ ദാമോദരന്റെയും പുസ്തകത്തിൽ ഹർദയാലിനെയും രാമകൃഷ്ണ പിള്ളയെയുമല്ലാതെ മറ്റേതെങ്കിലും പ്രമുഖരെ പരാമർശിക്കുന്നുമില്ല.

ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ലാല ഹർദയാലിനോട് രാമകൃഷ്ണപിള്ളയ്ക്ക് ഒരു കടപ്പാടും ഉണ്ടായിരുന്നില്ല എന്ന് വ്യക്തമാവുകയും ഇന്ത്യൻ ഭാഷകളിലെന്നല്ല ഇംഗ്ലീഷിൽ ഉൾപ്പെടെ ഇന്ത്യയിൽ മാർക്സിനെക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ട ഉത്തമമായ ആദ്യത്തെ ഗ്രന്ഥം എന്ന് രാമകൃഷ്ണപിള്ളയുടെ *കാൾ മാർക്സിനെ* വിലയിരുത്തുകയും ചെയ്യാം.

രാമകൃഷ്ണപിള്ളയുടെ ജീവചരിത്ര കൃതികളിൽ അദ്ദേഹത്തിന്റെ സമകാലികനും അദ്ദേഹത്തെപ്പോലെ ഭാരതീയനും ആയിരുന്ന ഒരാളുടെ ജീവചരിത്രം മാത്രമേ അദ്ദേഹം എഴുതിയിട്ടുള്ളൂ. അതാണ് *മോഹൻദാസ് ഗാന്ധി*. ഗാന്ധി മഹാത്മാവാകുന്നതിന് മുൻപുതന്നെ, മാത്രമല്ല ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വത്തിലേക്ക് ഒന്നാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തോടുകൂടി ഉയരുന്നതിന് മുൻപുതന്നെ രാമകൃഷ്ണപിള്ള അദ്ദേഹത്തിന്റെ മഹത്വവും ഭാവിയും ഒരു പ്രവാചകദൃഷ്ടിയോടെ കണ്ടെത്തി എന്നതാണ് ഈ ലഘുകൃതിയുടെ പ്രാധാന്യം. ഗാന്ധിയുടെ സവിശേഷശീലങ്ങളെയും അദ്ദേഹത്തിന്റെ സതീരത്നമായ ഭാര്യ കസ്തൂർബായുടെ പ്രകൃതത്തേയും ഗാന്ധിയൻ സമരമുറയുടെ അനന്യസാധാരണമായ രീതിയേയും തെക്കെ ആഫ്രിക്കയിലെ സത്യഗ്രഹസമരത്തിന്റെ നേട്ടങ്ങളെയും എല്ലാം സ്വതസിദ്ധമായ രീതിയിൽ രാമകൃഷ്ണപിള്ള വിവരിക്കുന്നു.

മറ്റൊരു ജീവചരിത്രകൃതി ചരിത്രപ്രസിദ്ധനായ ഗ്രീക്ക് ദാർശനികൻ സോക്രട്ടീസിനെക്കുറിച്ചാണ്. സോക്രട്ടീസിന്റെ ജീവിതചര്യയേയും ധീരതയേയും രക്തസാക്ഷിത്വത്തേയും രാമകൃഷ്ണപിള്ള മസ്തിഷ്കത്തെ ഉണർത്തുകയും ഹൃദയത്തെ തരളമാക്കുകയും ചെയ്യുന്ന രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നു. ക്രിസ്തുവിന് മുന്നൂറുകൊല്ലം മുൻപ് ജീവിച്ചിരുന്ന ഗ്രീക്കു കാരൻ സോക്രട്ടീസിനെ തുടർന്ന് രാമകൃഷ്ണപിള്ള കൈകാര്യം ചെയ്യുന്നത് ക്രിസ്തുവിനുശേഷം പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ദാർശനികനും ശാസ്ത്രജ്ഞനും രാജ്യതന്ത്രജ്ഞനും ആയ അമേരിക്കൻ മനീഷി ബഞ്ചമിൻ ഫ്രാൻക്ലിനെ കുറിച്ചാണ്. സോക്രട്ടീസിനേയും ബഞ്ചമിൻ ഫ്രാൻക്ലിനെയും കുറിച്ച് ധാരാളം പുസ്തകങ്ങൾ അനായാസമായി കിട്ടാൻ സാധിക്കുമായിരുന്ന അന്ന് രാമകൃഷ്ണപിള്ള എഴുതിയ ഈ കൃതികൾക്ക് വലിയ സവിശേഷതയൊന്നും കൽപ്പിക്കാനില്ലെങ്കിലും അന്നത്തെ മലയാള

വായനക്കാർക്ക് പുതുമയുള്ള പ്രമേയങ്ങൾ ആയിരുന്നിരിക്കാം. അതെഴുതിയിട്ട് ഒരു നൂറ്റാണ്ട് തികയാറായിട്ടും അവ കാലഹരണപ്പെട്ടിട്ടില്ല എന്നതാണ് മറ്റൊരു വസ്തുത.

മഹാത്മാഗാന്ധി, സോക്രട്ടീസ്, കാൾ മാർക്സ് തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ രചിച്ചത് തന്റെ കഥാപുരുഷന്മാരുടെ അഭിപ്രായങ്ങളും നിലപാടുകളുമായി രാമകൃഷ്ണപിള്ളയ്ക്ക് യോജിപ്പോ വിയോജിപ്പോ ഉണ്ടായിരുന്നതുകൊണ്ടല്ല എന്നും അക്കാലത്ത് മഹാന്മാരായി കരുതപ്പെട്ടിരുന്നവരെ മലയാള വായനക്കാർക്ക് പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി മാത്രമാണെന്നും ഒരു ധാരണയുണ്ട്. ആ ധാരണയിൽ വലിയ തെറ്റില്ല താനും. എന്നാൽ കാൾമാർക്സിന്റെ കാര്യത്തിൽ അത്രയ്ക്ക് നിസ്സംഗത യൊന്നും രാമകൃഷ്ണപിള്ള പുലർത്തിയതായി കാണുന്നില്ല,

സോഷ്യലിസം സമഷ്ടിവാദം

രാമകൃഷ്ണപിള്ളയുടെ നിര്യാണശേഷം സുമാർ ഒരു വർഷം കഴിഞ്ഞ് നടന്ന ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം കാണാനോ അതിന്റെ ശിൽപ്പിയായ വി ഐ ലെനിനെ മനസ്സിലാക്കാനോ അദ്ദേഹത്തിന് ഭാഗ്യമുണ്ടായില്ല. എങ്കിലും സോഷ്യലിസത്തിന്റെ ഉറവിടങ്ങളും അതുവരെയുള്ള വികാസപരിണാമങ്ങളും അവയ്ക്ക് കാരണക്കാരായ പ്രമുഖ ചിന്തകരുടെയും പോരാളികളുടെയും വിവരണങ്ങളും ആത്മപോഷിണി വാരികയിൽ 1913 (മേടം) മുതൽ പ്രസിദ്ധീകരിച്ച ലേഖന പരമ്പരയിൽ അദ്ദേഹം വിവരിക്കുന്നുണ്ട്. അല്പം ചില തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും മാത്രമേ 21-ാം നൂറ്റാണ്ടിലും ആ കൃതിക്ക് ആവശ്യമായുള്ളു. ആദിമ അല്ലെങ്കിൽ പ്രാകൃത കമ്യൂണിസം എന്ന് മാർക്സും എംഗൽസും നാമകരണം ചെയ്ത സാമൂഹ്യവികാസ ഘട്ടം മുതൽ സോഷ്യലിസത്തിന് ഭൗതികമായ അരങ്ങൊരുക്കുന്ന മുതലാളിത്ത ഘട്ടം വരെയുള്ള ചരിത്രവും അതിന്റെ സയുക്തികമായ അടുത്ത ഘട്ടമായ സോഷ്യലിസത്തിത്തെകുറിച്ചും മാർക്സിന്റെ ചരിത്രപരമായ ഭൗതികവാദത്തെ അടിസ്ഥാനപ്പെടുത്തി തന്നെ രാമകൃഷ്ണപിള്ള വിവരിക്കുന്നുണ്ട്. ഈ പരമ്പര രചിക്കുന്നതിന് തനിക്ക് പ്രേരകമായ കാര്യങ്ങളും താൻ അതിലൂടെ ലക്ഷ്യമാക്കുന്നതും എന്തെന്നു രാമകൃഷ്ണപിള്ള തുടക്കത്തിലെ വിശദമാക്കുന്നത് നോക്കൂ:

> പരിഷ്ക്കാരത്തിന്റെ പരമാവധിയിലെത്തിയിരിക്കുന്നതായി പറയപ്പെട്ടുവരുന്ന പാശ്ചാത്യരാജ്യങ്ങളിൽനിന്നും ഒരു വിശേഷ ശക്തിയുടെ അലകൾ ആഞ്ഞടിച്ചു തുടങ്ങിയിട്ട് കാലം കുറെ കഴിഞ്ഞിരിക്കുന്നു. ധനവാന്മാരിലും അവരുടെ ധനത്താലും പ്രതാപം നടിച്ചുകൊണ്ടിരിക്കുന്ന ജനസമുദായത്തിനുള്ളിൽത്തന്നെ ദരിദ്രന്മാരും അവരുടെ ദാരിദ്ര്യവും മുമ്പത്തേതിലും എത്രയോ ഏറെ പരന്നുപിടിച്ച് വരുന്നതിന്റെ മൂലത്തെ

ചികഞ്ഞെടുത്തു നശിപ്പിക്കുവാനുള്ള ശ്രമമാണ് ഈ വിശേഷാൽ ശക്തിയുടെ പ്രകടനം എന്നും കണ്ടിരിക്കുന്നു. ഇതിനെയാണ് സോഷ്യലിസം എന്ന് ഇംഗ്ലീഷിലും ഏകയോഗക്ഷേമവാദം അഥവാ സമഷ്ടിവാദം എന്ന് നമ്മുടെ ഭാഷയിലും പറഞ്ഞുവരുന്നത്. ഇതെന്താണ്? ഒരു വെറും വാദമോ? അതല്ല, മനുഷ്യന്മാരുടെ എല്ലാം ഗൗരയുക്തമായ ഗണനയെ അർഹിക്കുന്ന ഒരു അജയ്യമായ ശക്തിയോ? ഇതിന്റെ ഉൽപ്പത്തി എന്നായിരുന്നു? ഇതിന്റെ ഗതി? സ്ഥിതിഭേദങ്ങൾ? ഭാവി? ഈ സംഗതികളെപ്പറ്റി ചർച്ച ചെയ്യുക നമുക്ക് ആവശ്യംതന്നെ.

ഈ പ്രാരംഭഖണ്ഡികയിൽ നിന്ന് രാമകൃഷ്ണപിള്ളയുടെ അടിസ്ഥാന നിലപാടുകൾ വ്യക്തമാകുന്നു. സോഷ്യലിസം ഒരു വിശേഷപ്പെട്ട വാദവും സിദ്ധാന്തവും മാത്രമായിട്ടല്ല അദ്ദേഹം കണക്കാക്കുന്നത്. ഒരു 'ശക്തിവിശേഷ'മായിട്ടാണ്. അതായത് ഒരു പ്രസ്ഥാനമായിട്ട്, കർമ്മപദ്ധതിയായിട്ട്, 'ആഞ്ഞടിക്കുന്ന' ഒരു 'അജയ്യ' ശക്തിയായിട്ടാണ് അദ്ദേഹം വിലയിരുത്തിയത്. "സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഐക്യം" എന്ന മാർക്സിസത്തിന്റെ അകക്കാമ്പ് അദ്ദേഹം സ്വാംശീകരിച്ചിരിക്കുന്നു എന്ന് അർത്ഥം. എല്ലാം മാറ്റത്തിന് വിധേയമാണ് എന്നും ആ മാറ്റത്തിന്റെ ചാലകശക്തി അതിലെ വിരുദ്ധഘടകങ്ങൾ തമ്മിലുള്ള സംഘട്ടനമാണെന്നും മറ്റും ആനുഷംഗികമായും രാമകൃഷ്ണപിള്ള പറഞ്ഞുപോകുമ്പോൾ മാർക്സിന്റെ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ മിന്നലാട്ടം രാമകൃഷ്ണപിള്ളയുടെ വിവരണത്തിൽ കണ്ടെത്താമെങ്കിലും 'ദർശനം' അദ്ദേഹത്തിന്റെ മുഖ്യ ചർച്ചാവിഷയമാകുന്നില്ല. അതുപോലെ കമ്യൂണിസവും സോഷ്യലിസവും തമ്മിലുള്ള വ്യത്യാസങ്ങളിൽ പലതും പരാമർശിക്കുന്നുമില്ല. അതുപോലെ മാർക്സിന്റെയും ഏംഗൽസിന്റെയും *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*യെ (രാമകൃഷ്ണപിള്ളയുടെ വിവർത്തനപ്രകാരം 'സമഷ്ടിവാദ വിജ്ഞാപന പത്രിക')യും ചാർട്ടിസ്റ്റ് പ്രസ്ഥാനത്തെയും കുറിച്ച് ചർച്ച ചെയ്യുമ്പോൾ അത് ചുരുങ്ങിപ്പോയതായി അദ്ദേഹത്തിനു തോന്നിയിരിക്കാം. അതുകൊണ്ട് കൂടുതൽ അറിയണമെന്നുള്ളവർ തന്റെ കാൾ മാർക്സ് എന്ന ജീവചരിത്രം വായിച്ചാൽ മതിയെന്നും അതിന് "മൂന്നണയുടെ തപാൽ മുദ്ര അയച്ചാൽ പുസ്തകം അയച്ചുകൊടുക്കാ"മെന്നൊരു അടിക്കുറിപ്പും ചേർത്തിരിക്കുന്നു.

'സോഷ്യലിസം' എന്നും 'കമ്യൂണിസം' എന്നും വിളിക്കപ്പെടുന്ന സാമൂഹ്യവ്യവസ്ഥകളുടെയും സിദ്ധാന്തങ്ങളുടെയും ആദ്യത്തേതോ അവസാനത്തേതോ ആയ ആവിഷ്ക്കർത്താക്കൾ അല്ല കാൾ മാർക്സും ഫ്രെഡറിക് ഏംഗൽസും. തോമസ്മൂർ, കാമ്പനെല്ല, ഫ്രാൻസിസ് ബേക്കൻ തുടങ്ങിയവർ മാർക്സിനു വളരെ മുമ്പും മാർക്സിന്റെ കാലഘട്ടത്തിൽ സെന്റ് സൈമൺ (സാംഗ് ശീമോൺ) ചാൾസ് ഫ്യൂറിയേ, പിയറി ജോസഫ് പ്രൂധോൺ, ലൂയി ബ്ളാങ്ക്സ്, റോബർട്ട് ഓവൻ തുടങ്ങിയവരും ധനികന്മാരുടെ ചൂഷണമില്ലാത്ത സമത്വസുന്ദരമായ സാമൂഹ്യവ്യവസ്ഥയെക്കുറിച്ച്

വിവിധ രീതികളിൽ എഴുതിയിട്ടുണ്ട്. തോമസ്മൂറിന്റെ *ഉട്ടോപ്യ* എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി മേൽപ്പറഞ്ഞവരെയെല്ലാം 'ഉട്ടോപ്യർ' അഥവാ 'സാങ്കൽപിക സോഷ്യലിസ്റ്റുകൾ' എന്ന് മാർക്സും ഏംഗൽസും അവരുടെ അനുയായികളും വിളിച്ചുപോന്നത് ഭാവിയിൽ കെട്ടിപ്പടുക്കേണ്ട സമത്വസുന്ദരമായ സമൂഹത്തെക്കുറിച്ചുള്ള തങ്ങളുടെ സങ്കൽപ്പങ്ങൾ വളരെ ആകർഷകമായി എഴുതുമ്പോൾ അതെങ്ങിനെ പ്രാപിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണകളില്ലായിരുന്നതു കൊണ്ടാണ്. പരോപകാരികളും ഹൃദയാലുക്കളുമായ ബുദ്ധിജീവികൾ ആ കൃത്യം നിർവഹിക്കണമെന്നാണ് അവരിൽ പലരും നിർദ്ദേശിച്ചത്. മറ്റ് ചിലരാകട്ടെ, സായുധമോ നിരായുധമോ ആയ വിപ്ലവത്തിലൂടെ തങ്ങളുടെ ലക്ഷ്യം സാക്ഷാത്കരിക്ക ണമെന്നു പറയുമ്പോഴും അതിനായി ആളുകളെ എങ്ങനെ തയ്യാറാക്കണമെന്നതിൽ ഒക്കെ അവ്യക്തമായ നിർദ്ദേശങ്ങളേ ഉണ്ടായിരുന്നുള്ളൂ. ജനങ്ങളെയൊക്കെ കാര്യം പറഞ്ഞു മനസ്സിലാക്കണ മെന്നായിരുന്നു അവരുടെയൊക്കെ ഉപദേശം. എന്നാൽ മാർക്സും ഏംഗൽസുമാകട്ടെ മനുഷ്യരുടെ ആത്മനിഷ്ഠമായ ആഗ്രഹം കൊണ്ട് അതനുസരിച്ചുള്ള പ്രവർത്തനം കൊണ്ട് സോഷ്യലിസം സ്ഥാപിക്കാൻ കഴിയില്ലെന്നും സമൂഹത്തിന്റെ വികാസ നിയമങ്ങൾ പഠിച്ച് ആ നിയമങ്ങൾ ഉപയോഗിച്ചുകൊണ്ടു വേണം സോഷ്യലിസം നടപ്പാക്കാൻ എന്നും അതിൽ നിന്നും വ്യത്യസ്തമായ നിയമങ്ങൾ വ്യർത്ഥമാകുകയേ ഉള്ളൂവെന്നും സ്ഥാപിച്ചു. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഈ വികാസ പരിണാമങ്ങൾ മാർക്സിന്റെ ചരിത്രപരമായ ഭൗതികവാദത്തിന്റെ പേര് പറയാതെ തന്നെ അതിൻപ്രകാരം രാമകൃഷ്ണപിള്ള തുടക്കത്തിലേ വിവരിക്കുന്നുണ്ടായിരുന്നു. അങ്ങനെ സോഷ്യലിസം സാങ്കൽപികവും ശാസ്ത്രീയവും എന്ന രണ്ട് വകയായി തിരിഞ്ഞു. ഇതിന്റെ വിശദാംശങ്ങൾ *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ* കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രചാരവും പ്രസിദ്ധിയും നേടിയിട്ടുള്ള ഫ്രെഡറിക് ഏംഗൽസിന്റെ *സോഷ്യലിസം: സാങ്കൽപികവും ശാസ്ത്രീയവും* എന്ന കൃതിയിൽ ഏംഗൽസ് വിശദമായി വിവരിച്ചിട്ടുണ്ട്. ഈ വിവരണങ്ങളിൽ 'സാങ്കൽപിക സോഷ്യലിസം' എന്ന സങ്കൽപ്പനത്തെ അധിക്ഷേപിക്കുകയോ പരിഹസിക്കുകയോ ചെയ്യാതെ അവരുടെ സേവനങ്ങളെയും ആശയങ്ങളെയും പ്രകീർത്തിച്ചുകൊണ്ട് തന്നെ അവയിലെ പോരായ്മകൾ ചൂണ്ടിക്കാട്ടുകയാണ് ഏംഗൽസ് ചെയ്യുന്നത്. അതുകൊണ്ട് സോഷ്യലിസത്തിന്റെ ചരിത്രവും വൈവിധ്യങ്ങളും മനസ്സിലാക്കാൻ ഈ സാങ്കൽപിക സോഷ്യലിസ്റ്റ് ആചാര്യന്മാരുടെ ജീവിതവും സംഭാവനകളും മനസ്സിലാക്കേണ്ടതുണ്ട്. രാമകൃഷ്ണപിള്ള അത് ഭംഗിയായി നിർവഹിച്ചു. മാത്രമല്ല സാങ്കൽപിക സോഷ്യലിസത്തിന്റെ ഒരു വകഭേദകമെന്നു ഒരു തരത്തിൽ വിശേഷിപ്പിക്കാവുന്ന ക്രിസ്ത്യൻ സോഷ്യലിസം എന്നതിനെക്കുറിച്ച് രാമകൃഷ്ണപിള്ള വിശദീകരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ മുഖ്യമായി

ലാറ്റിനമേരിക്കയിലും ക്രിസ്ത്യാനികൾ പാർക്കുന്ന മറ്റിടങ്ങളിലും പ്രചാരം ലഭിച്ച 'വിമോചനദൈവ ശാസ്ത്രം' പത്തൊമ്പതാം നൂറ്റാണ്ടിലെ 'ക്രിസ്ത്യൻ സോഷ്യലിസ'ത്തോട് കടപ്പെട്ടിരിക്കുന്നു.

പത്തൊൻപതാം നൂറ്റാണ്ടിലെ ക്രിസ്ത്യൻ സോഷ്യലിസത്തിന്റെ സ്ഥാപകർ കിംഗ്സ്ലിയും മോറിസും ആണെന്നു രാമകൃഷ്ണപിള്ള പറയുന്നതിൽ അൽപം ഒരു പാകപ്പിഴ പറ്റിയിട്ടില്ലെ എന്ന് സംശയം. കിംഗ്സ്ലി എന്ന പേരു കൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത് പുരോഹിതനും കവിയും കഥാകൃത്തും ആയിരുന്ന ചാൾസ് കിംഗ്സ്ലിയെ (1815-1875) ആയിരിക്കണം. തീർച്ചയായും അദ്ദേഹത്തെ ക്രിസ്ത്യൻ സോഷ്യലിസത്തിന്റെ സ്ഥാപകനായി വർണിക്കുന്നതിൽ തെറ്റില്ല. ബൈബിളിലെ യേശുക്രിസ്തു ഭാരം ചുമക്കുന്നവരോടും കഷ്ടപ്പെടുന്നവരോടും പ്രകടിപ്പിച്ച വാത്സല്യത്തിൽ സ്വർഗരാജ്യം ധനവാന് നിഷേധിക്കപ്പെടും എന്ന പ്രവചനത്തെ ആസ്പദമാക്കി രക്തസാക്ഷിയായ ജോൺ ഹുസും അനാബാപ്റ്റിസുകൾ എന്നറിയപ്പെടുന്നവരും ഇത്തരം ആശയങ്ങൾ പതിനാറാം നൂറ്റാണ്ടിൽ പ്രകടിപ്പിച്ചിട്ടുള്ളതും ഓർക്കാം.

എന്നാൽ വില്യം മോറിസെന്ന (1834-1846) വാസ്തുശില്പിയും കലാകാരനും ദാർശനികനുമായ ഇംഗ്ലീഷുകാരനെ ക്രിസ്ത്യൻ സോഷ്യലിസ്റ്റായി വിവരിക്കുന്നത് ശരിയാണെന്നു തോന്നുന്നില്ല. മാർക്സിന്റെയും ഏംഗൽസിന്റെയും സമകാലികനായിരുന്ന മോറിസ് 1884 ൽ ഇംഗ്ലണ്ടിലെ പ്രഥമ സോഷ്യലിസ്റ്റ് സംഘടനയായ 'സോഷ്യലിസ്റ്റ് ലീഗ്' സംഘടിപ്പിച്ചു. ഒരുപക്ഷേ *ബൈബിളിലെ* അധഃസ്ഥിത ആഭിമുഖ്യം പ്രകടിപ്പിക്കുന്ന ഭാഗങ്ങൾ മോറിസിനെ ആകർഷിച്ചിരിക്കാമെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ മുഖ്യപ്രചോദനം മതമായിരുന്നില്ല (ഇ പി തോംസൺ എഴുതിയ മോറിസിന്റെ ആധികാരിക ജീവചരിത്രം നോക്കുക.

*ആത്മപോഷിണി*യിൽ സോഷ്യലിസത്തെക്കുറിച്ച് രാമകൃഷ്ണപിള്ള എഴുതിയ ലേഖനങ്ങൾ ഒരു പ്രത്യേക പുസ്തകമായി രൂപപ്പെടുത്തിയാൽ താൽപര്യമുള്ളവർക്ക് സോഷ്യലിസത്തെക്കുറിച്ചുള്ള ഒരു പ്രാഥമിക പാഠപുസ്തകമായി തീരുന്നതാണ്. നേരത്തെ പറഞ്ഞത് പോലെ അൽപം ചില വെട്ടലും തിരുത്തലും അതിനെ കുറ്റമറ്റതാക്കും.

ദില്ലി ദർബാർ

അക്കാലത്ത് വളരെയേറെ കൊട്ടിഘോഷിക്കപ്പെട്ടതും മാധ്യമശ്രദ്ധ പിടിച്ചുപറ്റിയതുമായ ലേഖന പരമ്പരയാണ് ദില്ലി ദർബാർ. 1911-ൽ ബ്രിട്ടീഷ് രാജാവ് ജോർജ് അഞ്ചാമനെ ഔപചാരികമായി ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിക്കാൻ നടന്ന ദില്ലിയിലെ ദർബാറിനെ കുറിച്ച് കോഴിക്കോട്ടെ *കേരള സഞ്ചാരി*ക്കുവേണ്ടി എഴുതിയ ലേഖനപരമ്പരയാണത്. വളരെ വിശദമായി കാര്യങ്ങൾ പഠിച്ച് ജോർജ് അഞ്ചാമനേയും അദ്ദേഹത്തിന്റെ ഭാര്യ മേരി രഞ്ജിയേയും ദില്ലിയിലെ ചരിത്ര സ്മാരകങ്ങളെയും മറ്റും വിവരിക്കുന്നതാണ് ലേഖനപരമ്പര. ഇക്കാലത്ത് തീവണ്ടിയും വിമാനങ്ങളും ഒക്കെ

സർവ്വസാധാരണമായിരിക്കെ, ദില്ലിയിലെ കുത്തബ് മീനാറോ, ചെങ്കോട്ടയോ, പുരാണകിലയോ ഒന്നും സാധാരണക്കാർക്ക് പോലും പുതുമയുള്ള കൗതുകവാർത്തകളായിരിക്കുകയില്ല. എന്നാൽ ദില്ലി ദർബാറിന്റെ കാലത്ത് അതല്ലായിരുന്നു സ്ഥിതി. അതുകൊണ്ട് തീർച്ചയായും വായനക്കാർക്ക് കൗതുകമുളവാക്കുന്ന വിവരണങ്ങളായി. ഇന്ത്യയിൽ അന്നുണ്ടായിരുന്ന അറുന്നൂറിൽപരം നാട്ടുരാജാക്കന്മാരും അവരുടെ ഭാര്യമാരും അകമ്പടിക്കാരും ഗവർണ്ണർമാരും സൈനിക നേതാക്കളും ഒത്തുചേരുന്ന ആർഭാട സമന്വിതമായ ഒരു മാമാങ്കമായിരുന്നുവല്ലോ ദില്ലി ദർബാർ. മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽനിന്ന് ഇന്ത്യയിൽ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം ഏറ്റെടുക്കുന്നതിന് അഞ്ചുകൊല്ലം മുമ്പാണ് ദില്ലി ദർബാർ നടന്നത് എങ്കിലും ബാലഗംഗാധര തിലകൻ, ബിപിൻ ചന്ദ്രപാൽ, ലാലാ ലജ്പത് റോയി തുടങ്ങിയവരുടെ നേതൃത്വത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരവും സ്വദേശി പ്രസ്ഥാനവും ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുകയായിരുന്നു. "സ്വരാജ്യം എന്റെ ജന്മാവകാശം" എന്ന ആവേശകരമായ തിലകന്റെ മുദ്രാവാക്യം ദിഗന്തങ്ങളിൽ മുഴങ്ങുകയായിരുന്നു. തിലകൻ അന്ന് വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് ആരോപിക്കപ്പെട്ട് ഇന്നത്തെ മ്യാൻമറായ അന്നത്തെ ബർമയിലെ മാൻഡലെയിൽ (Mandalay) നാടുകടത്തപ്പെട്ട് തടവിൽ കഴിയുകയായിരുന്നു. രാമകൃഷ്ണപിള്ളയുടെ ദില്ലി ദർബാർ സംബന്ധിച്ച ലേഖനപരമ്പരയിൽ ഈ സ്വാതന്ത്ര്യ സമര കാഹളത്തിന്റെ അനുരണനങ്ങളൊന്നും കേൾക്കാനില്ല. എന്നല്ല, ജോർജ് അഞ്ചാമനെയും മേരി രാജ്ഞിയെയും മറ്റും സ്തുതിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങൾ ഈ പ്രക്ഷുബ്ധമായ അന്തരീക്ഷവുമായി പൊരുത്തപ്പെടുന്നതല്ല. അദ്ദേഹത്തിന്റെ മറ്റു പല ലേഖനങ്ങളിലും കൃതികളിലും പ്രകടമായ സാമ്രാജ്യ വിരുദ്ധ മനോഭാവം എന്തുകൊണ്ടാണ് ഈ അടിമകളുടെയും അടിമ ഉടമകളുടെയും കൂട്ടായ്മയെക്കുറിച്ച് എഴുതുമ്പോൾ തീരെ നേർത്തുപോയത് എന്ന സംശയവും അനുവാചകന് ഉണ്ടാകാം. ഒരുപക്ഷേ ഒരു ഉത്സവക്കാഴ്ച കണ്ട് അലസമനോഭാവത്തോടെ നേരം പോകാൻ ആഗ്രഹിക്കുന്നവരെപ്പോലെ ഈ സാമ്രാജ്യത്വ ഡംഭിന്റെ വിരുന്നും വെടിക്കെട്ടും എല്ലാം എന്തെന്ന് അറിയാൻവേണ്ടി കാത്തിരുന്ന വായനക്കാരെ ഉദ്ദേശിച്ചുമാത്രമായിരിക്കാം പത്രാധിപർ ഗോവിന്ദൻ നായർ ലേഖന പരമ്പര ആവശ്യപ്പെട്ടതും രാമകൃഷ്ണപിള്ള എഴുതിക്കൊടുത്തതും എന്ന് കരുതാവുന്നതാണ്.

നരകത്തിൽനിന്ന്

രാമകൃഷ്ണപിള്ള എഴുതിയ ഏക ആഖ്യായികയാണ് *നരകത്തിൽ നിന്ന്*. നൂറ്റി അൻപത് പുറത്തോളം വരുന്ന ഇതിനെ ഒരു ലഘുനോവൽ എന്നോ നോവലൈറ്റ് എന്നോ വിളിക്കുകയായിരിക്കും ഉചിതം. എങ്കിലും ഇതിൽ കൈകാര്യം ചെയ്യുന്ന രാഷ്ട്രീയവും സാമൂഹ്യവുമായ പശ്ചാത്തല

ത്തിന്റെ വ്യാപ്തിയും കഥാപാത്രങ്ങളുടെ എണ്ണവും വൈവിധ്യവും സംഭവങ്ങളുടെ ആകർഷകമായ വിവരണവും എല്ലാം പരിഗണിക്കുമ്പോൾ ഇത് വലുപ്പംകൊണ്ടു മാത്രമേ ഒരു നോവലൈറ്റ് ആകൂ. പ്രതിപാദ്യവും പ്രതിപാദനവുമെല്ലാം ഒരു വലിയ നോവലിനോടൊപ്പം എത്തും. അറിവിന്റെ നിറകുടമായിരുന്ന വിപ്ലവചിന്തകൻ കെ നാരായണകുറുക്കൾ എഴുതിയ അക്കാലത്തെ തിരുവിതാംകൂർ രാഷ്ട്രീയത്തെ കുറിച്ചുള്ള വിമർശനാത്മക ആഖ്യായികകൾ പ്രസിദ്ധീകരിച്ചതും പ്രചരിപ്പിച്ചതും രാമകൃഷ്ണപിള്ളയാണ്. തന്റെ സർക്കാർ അധ്യാപക ജോലിയെ അപകടപ്പെടുത്താൻ ആഗ്രഹിക്കാതിരുന്ന നാരായണകുറുക്കളിൽ രാഷ്ട്രീയ ഭീരുത്വം ഒരു ഘടകമായിരുന്നു. *പാറപ്പുറം, ഉദയഭാനു* തുടങ്ങിയ കുറുക്കളുടെ കഥാകഥന യത്നങ്ങൾ ബൃഹത്തായ കൃതികൾക്ക് ജന്മം നൽകുകയും വലിയ വിവാദങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്തെങ്കിലും രസകരമായ രീതിയിൽ അനുവാചകരെ പിടിച്ചിരുത്താനുള്ള ആഖ്യാനശൈലി കുറുക്കൾക്കില്ലായിരുന്നു. കുറുക്കളുടെ നോവലുകൾ ഇന്ന് വായിക്കുന്നവർക്ക് അക്കാലത്തെ രാഷ്ട്രീയത്തിന്റെ ഉള്ളുകളികൾ മനസ്സിലാക്കാൻ കഴിയുമെങ്കിലും വായന ഒരു മുഷിപ്പൻ അഭ്യാസമായിട്ടായിരിക്കും അനുഭവപ്പെടുക, എന്നാൽ രാമകൃഷ്ണപിള്ളയുടെ ഈ കൃതിയാകട്ടെ അന്നെന്നപോലെ ഇന്നും അതിന്റെ രചനാ കൗശലവും പാത്രസൃഷ്ടിയുടെ മിഴിവും സംഭവഗതികളുടെ യുക്തിയുംകൊണ്ട് വായനക്കാരെ രസിപ്പിക്കും എന്നത് *നരകത്തിൽനിന്ന്* എന്ന കൃതി ആരെയും ബോധ്യപ്പെടുത്തും എന്ന് ഉറപ്പിച്ചു പറയാം. നോവലെഴുത്ത് അരസികനായ നാരായണകുറുക്കൾക്ക് വിട്ടുകൊടുത്ത് മറ്റു ലേഖന വിദ്യകളിലാണ് രാമകൃഷ്ണപിള്ള പ്രധാനമായി വ്യാപരിച്ചത് എന്ന കാര്യം വായനക്കാരെ അൽപം നിരാശപ്പെടുത്താതിരിക്കില്ല, നോവലെന്ന മാധ്യമംകൂടി അദ്ദേഹം കുറെക്കൂടി കൂടുതൽ കൈകാര്യം ചെയ്തില്ലല്ലോ എന്നതാണ് നിരാശക്ക് കാരണം.

നാരായണ കുറുക്കളുടെ നോവലുകൾക്കെന്നപോലെ *നരകത്തിൽ നിന്ന്* എന്നതും അന്യാപദേശ രൂപത്തിലാണ് രചിച്ചിരിക്കുന്നത്. അന്നത്തെ രാഷ്ട്രീയത്തിലും ഭരണത്തിലും പങ്കാളികളായിരുന്നവരാണ് അല്പം പേരുമാറ്റത്തോടുകൂടി കഥാപാത്രങ്ങളായി ഈ നോവലിൽ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ സംഭവ വിവരണങ്ങളൊക്കെ തികച്ചും സത്യം. സത്യ കഥാകഥനങ്ങൾ വെറും പത്രവാർത്തകൾപോലെ സാഹിത്യ സൗന്ദര്യം തീണ്ടാത്ത പരുക്കൻ വിവരണങ്ങളായിപ്പോവുകയില്ലേ എന്ന സംശയം ന്യായമാണ്. പക്ഷേ അങ്ങനെ വിരസമാകുന്നില്ല എന്നതാണ് രാമകൃഷ്ണപിള്ളയുടെ രചനാ കൗശലത്തിന്റെ രഹസ്യം.

ആ രചനാകൗശലത്തിന്റെ പ്രധാന ഘടകം കഥാപാത്രങ്ങളുടെ വിവിധ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായ മാനസികാവസ്ഥയെ അപഗ്രഥിച്ച് വ്യക്തമാക്കുക എന്നുള്ളതായിരുന്നു. ഈ കഥയിലെ പാത്രങ്ങൾ മിക്കവരും

അഴിമതിക്കാരും ഉപജാപകരും കുറ്റവാളികളും ആണ്. പ്രസിദ്ധ റഷ്യൻ ആഖ്യായികാകാരനായ ഫെദോർ ദൊസ്തോവ്സ്കിയുടെ *കുറ്റവും ശിക്ഷയും* എന്ന ആഖ്യായികയെ അനുസ്മരിപ്പിക്കുന്നതാണ് രാമകൃഷ്ണ പിള്ളയുടെ മാനസികാപഗ്രഥന രചന. *കുറ്റവും ശിക്ഷയും* എന്ന കൃതിയിലെ മുഖ്യ കഥാപാത്രം റാസ്കോൾ നിക്കോവ എന്ന ഒരു കൊലപാതകിയാണ്. ഈ കഥയിലെ കൊല നടന്നതിന് ഒരൊറ്റ സാക്ഷിയും ഇല്ലായിരുന്നു. റാസ്കോൾ നിക്കോവാണ് കൊന്നത് എന്നതിനെക്കുറിച്ച് ആർക്കും സംശയത്തിനും വകയില്ലായിരുന്നു. പക്ഷേ ഒരാളെ ഈ പാതകം നിരന്തരമായി അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു. അയാൾ റസ്കോൾ നിക്കോവ് തന്നെ. ഈ കുറ്റബോധവും അസ്വസ്ഥതയും ഒടുവിൽ റാസ്കോൾ നിക്കോവിനെ തന്നെ ആ രഹസ്യം പടിപടിയായി വെളിവാക്കാൻ നിർബന്ധിതനാക്കി. റാസ്കോൾ നിക്കോവിനെ ഈ അവസ്ഥയിലേക്ക് നയിക്കാൻ ഇടവന്ന അസ്വസ്ഥതയും മാനസികാവസ്ഥയും ദൊസ്തോവ്സ്കി അപഗ്രഥിച്ച് അവതരിപ്പിക്കുന്നത് വിശ്വസാഹിത്യത്തിലെ അവിസ്മരണീയമായ അഭ്യാസങ്ങളിൽ ഒന്നാണ്. അത്രയ്ക്കൊക്കെ ഭാവനയും കൃതഹസ്തതയും രാമകൃഷ്ണപിള്ളയ്ക്ക് ചാർത്തിക്കൊടുക്കുന്നത് അതിരുകടന്ന കൈയായി പോകുമെങ്കിലും രാമകൃഷ്ണപിള്ളയുടെ ഈ കഥ അവതരിപ്പിക്കുന്ന രീതി മാത്രമേ ഇവിടെ ചർച്ച ചെയ്യുന്നുള്ളു. ഇതേക്കുറിച്ച് ടി വേണുഗോപാലൻ ഇപ്രകാരം പറയുന്നു:

> ആദ്യമായും ആ നോവൽ മലയാളത്തിലെ സാഹിത്യ സംസ്കാരത്തെ സംബന്ധിച്ച് പൊതുബോധത്തോടു കലഹിക്കുന്ന ഒന്നായിരുന്നു. അതു തന്നെ ആ നോവൽ ആസ്വദിക്കപ്പെടാൻ തടസ്സമായിട്ടുണ്ടാവണം. കഥ നേർപ്പിച്ചെടുത്ത് മാനസിക അപഗ്രഥനത്തിനു പ്രാമുഖ്യം നൽകുന്ന ആധുനിക പാശ്ചാത്യ നോവൽ സമ്പ്രദായത്തിനു മലയാളത്തിൽ 1914 -ൽ തന്നെയുണ്ടായ മാതൃകയാണ്, *നരകത്തിൽ നിന്ന്*. പിന്നീട് വളരെക്കഴിഞ്ഞ് ബഷീറിന്റെ *മരണത്തിന്റെ നിഴൽ*, റാഫിയുടെ *സ്വർഗദൂതൻ* എന്നീ കൃതികൾ വരെ കാത്തിരിക്കേണ്ടി വന്നു ഏതാണ്ടതുപോലെയൊന്നു കാണാൻ. ആദിമധ്യാന്തങ്ങളുള്ള കഥ ഇക്കാലത്തും നോവലിന്റെ അടിസ്ഥാന ഘടകമായി പൊതുവേ നിബന്ധന ചെയ്യപ്പെട്ടിരിക്കേ *ഇന്ദുലേഖയ്ക്കും മാർത്താണ്ഡവർമയ്ക്കും* ശേഷം മലയാള നോവൽ തപ്പി തടഞ്ഞിരുന്ന ആ പഴയ കാലത്ത് മുഴുപ്പുള്ള കഥ ഒഴിവാക്കി മാനസികാപഗ്രഥനം ആഖ്യാന രീതിയാക്കിയ ആ കൃതി അന്നത്തെ നിലയ്ക്കും ഇന്നത്തെ നിലയ്ക്കും അത്യന്തം ആധുനികം തന്നെയാണ്. (പുറം 94, *രാജ്യദ്രോഹിയായ രാജ്യസ്നേഹി*)

ഈ ആഖ്യായികയിലെ മുഖ്യ കഥാപാത്രങ്ങൾ മൂവരാണ്. ശങ്കു പണിക്കർ, ചാമി പട്ടർ, ആചാര്യ സ്വാമി. ശങ്കുപണിക്കർ എന്ന കഥാപാത്രം

രാജസേവകനും അഴിമതിക്കാരനും സ്വന്തം ഭാര്യയെ രാജാവിനു കാഴ്ച വച്ച് പണവും പ്രതാപവും നേടിയ ആളുമായ ശങ്കരൻ തമ്പി തന്നെ, തമ്പി കഴിഞ്ഞാൽ അടുത്ത സ്ഥാനം മറ്റൊരു രാജസേവകനായ ശരവണ അനന്തരാമയ്യർ എന്ന ചാമി പട്ടർ. ആചാര്യ സ്വാമി സാക്ഷാൽ ദിവാൻ രാജഗോപാലാചാരിതന്നെ. അക്കാലത്ത് തിരുവനന്തപുരത്തെ പ്രമാണിമാരുടെ ആരാധനാ പാത്രമായിരുന്ന തട്ടിപ്പുകാരൻ സദാനന്ദ സ്വാമിയെ പ്രതിനിധീഭവിക്കുന്ന ശതാനന്ദൻ. സി.വി. രാമൻപിള്ളയുടെ ധർമ്മരാജ എന്ന ആഖ്യായികയിലെ ഹരിപഞ്ചാനനന്മാരെ രൂപപ്പെടുത്തിയത് ഈ സദാനന്ദന്റെ മാതൃകയിലാണെന്നു പറയപ്പെടുന്നു.

ഇവരിൽ ചാമി പട്ടർ നരകത്തിൽനിന്നും കറുത്ത കടലാസ്സിൽ വെളുത്ത അക്ഷരത്തിൽ ശങ്കുപണിക്കർക്ക് എഴുതിയ കത്തുകളാണ് *നരകത്തിൽ നിന്ന്* എന്ന പേരിന് ആധാരം. പാപം ചെയ്തവർക്ക് സ്വർഗ്ഗത്തിൽ പ്രവേശനമില്ലെന്നും എന്നാൽ ജീവിതകാലത്ത് പശ്ചാത്തപിക്കുന്ന പക്ഷം നരകത്തിൽ പ്രവേശനം ലഭിക്കുമെന്നും, നരകത്തിന്റെ നായകനായ യമധർമ്മരാജാവ് നീതിമാനും നല്ലവനുമാണെന്നുള്ള സങ്കൽപ്പത്തിന്റെ പശ്ചാത്തലത്തിലാണ് രാമകൃഷ്ണപിള്ള കഥ തെരഞ്ഞെടുത്തിട്ടുള്ളത്. ജീവിതത്തിൽ മഹാപാപങ്ങൾ ചെയ്യുകയും പശ്ചാത്തപിക്കാതെ മരണം പ്രാപിക്കുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗത്തിലെന്നല്ല നരകത്തിലും പ്രവേശനം ലഭിക്കുകയില്ലെന്നുള്ള ഈ സങ്കൽപ്പത്തിന്റെ അനുബന്ധമായി പട്ടർ പശ്ചാത്തപിക്കുന്നതിനാൽ നരകത്തിൽ യമധർമ്മന്റെ പ്രജയായി കഴിഞ്ഞുകൂടുന്നു. എന്നാൽ പശ്ചാത്തപിക്കാത്ത ശങ്കുപണിക്കർക്ക് സ്വർഗ്ഗത്തിലും നരകത്തിലും പ്രവേശനം ലഭിക്കാതെ അനാഥ പ്രേതമായി ത്രിശങ്കുവിനെപ്പോലെ അലഞ്ഞുതിരിയാനാണ് വിധി. ചാമി പട്ടരുടെ കത്തുകൾ കിട്ടിയപ്പോൾ അനാഥ പ്രേതമായി അലയാൻ വിധിക്കപ്പെട്ട ശങ്കുപണിക്കർ പരിഭ്രാന്തനാകുന്നതും മറ്റും നോവലിലെ പിരിമുറുക്കമുള്ള സന്ദർഭങ്ങളാണ്.

ഇനി കൂടുതൽ വിവരണങ്ങളിലേക്കോ വിശകലനങ്ങളിലേക്കോ പോകുന്നില്ല. ഈ സൂചനകൾ വച്ചുകൊണ്ട് വായനക്കാരെ കഥയിലേക്ക് ക്ഷണിക്കുക മാത്രമേ ചെയ്യേണ്ടതുള്ളു. ഈ കഥയിലൂടെ രാമകൃഷ്ണപിള്ളയിൽ മറഞ്ഞു കിടന്ന കലാകാരൻ എങ്ങനെ പ്രത്യക്ഷനായി എന്ന് ടി വേണുഗോപാലൻ പറയുന്നതു ഉദ്ധരിക്കമാത്രം ചെയ്യാം:

> ഇത് ഒരു മാന്ത്രിക കഥയോ, യാഥാർത്ഥ്യമോ? സമകാലീനമായ യാഥാർത്ഥ്യം. ഈ നിലയ്ക്ക് അതിന് നൈതിക മാനം വളർത്തിയെടുത്ത് വേദാന്തധ്വനികളുള്ള മാന്ത്രിക കഥയാക്കിപ്പറഞ്ഞതാണ് ഈ നോവലിന്റെ കലാപരമായ സർഗവൈഭവം. ഈ കഥയിൽ അന്തർഭവിച്ച യാഥാർത്ഥ്യത്തെ ഗ്രന്ഥകർത്താവ് പത്രപ്രവർത്തകനെന്ന നിലയ്ക്ക് യാഥാർത്ഥമായി നേരെചൊവ്വേതന്നെ നിശിതമായ വിമർശന

ബുദ്ധിയോടുകൂടി മുഖപ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും എത്രയോ തവണ ആവിഷ്കരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അത് ഒരു മഹാസംഗരത്തിന്റെ കഥയുമാണ്. ആ വലിയ പത്രപ്രവർത്തകൻ കേവല യാഥാർത്ഥ വിവരണത്തിന്റെ പരാധീനതകളിൽ നിന്നുയർന്നു ഇവിടെ വലിയ ഒരു കലാകാരനായിത്തിരുന്നു. (ടി പുസ്തകം)

നായന്മാരുടെ സ്ഥിതി

നായന്മാരുടെ സ്ഥിതി എന്നത് രാമകൃഷ്ണപിള്ളയുടെ ഒരു ലഘുകൃതിയാണ്. ചേർത്തല നായർ സമാജം എന്നൊരു സംഘടനയാണ് ഇത് പ്രസിദ്ധീകരിച്ച് അന്നത്തെ തിരുവിതാംകൂർ നാണയമായ രണ്ടു ചക്രം വിലയ്ക്ക് വിറ്റഴിച്ചത്. അന്ന് നായർ സർവീസ് സൊസൈറ്റി രൂപംകൊണ്ടിരുന്നില്ല. സമുദായോത്തേജകൻ സി കൃഷ്ണപിള്ളയുടെയും മറ്റും ശ്രമഫലമായി നായന്മാർ സമുദായ പരിഷ്കാരങ്ങൾക്കും മറ്റുമായി സംഘടിച്ചു തുടങ്ങിയിരുന്നു. ചേർത്തല ഉൾപ്പെടെ പലയിടത്തും പ്രാദേശികമായി പ്രവർത്തിക്കുന്ന നായർ സമാജങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ചേർത്തല നായർ സമാജം ആണ് രാമകൃഷ്ണപിള്ളയുടെ ലഘുലേഖയുടെ അറുന്നൂറു പ്രതി ചേർത്തലയിലും തിരുവിതാംകൂറിന്റെ മറ്റു ഭാഗങ്ങളിലുമായി രണ്ടു ചക്രത്തിന് വിറ്റഴിച്ചത്. രണ്ടാം പതിപ്പ് കൂടുതൽ പ്രതികൾ അച്ചടിച്ചു. സർക്കാർ സർവ്വീസിലും അഭ്യസ്തവിദ്യർക്കിടയിലും നായന്മാർ ഒരു പ്രമുഖ ശക്തിയായിരുന്നെങ്കിലും സാമൂഹ്യമായി അവർ താഴേക്കിടയിൽ ആയിരുന്നു. അവരുടെ സ്ത്രീകൾക്ക് സംബന്ധക്കാരായി വന്നത് അധികവും നമ്പൂതിരിമാരും, പട്ടന്മാരും, പോറ്റിമാരും ആയിരുന്നു. രാമകൃഷ്ണപിള്ളയുടെ അച്ഛൻ തന്നെ നെയ്യാറ്റിൻകര ക്ഷേത്രത്തിലെ പൂജാരിയായിരുന്ന നരസിംഹൻ പോറ്റിയായിരുന്നു. അവരുടെ സമുദായത്തിൽ നിന്ന് ഭാര്യമാരും ഉണ്ടായിരുന്നു. ഇത്തരം സംബന്ധങ്ങളിൽ നിന്നുണ്ടാകുന്ന കുട്ടികൾക്കു അച്ഛന്റെ സ്വത്തിൽ അവകാശമില്ലെന്നു മാത്രമല്ല, അവർക്ക് അച്ഛനെ തൊടാൻ പോലും സ്വാതന്ത്ര്യമില്ലായിരുന്നു. ശൂദ്രന്മാരായി പരിഗണിക്കപ്പെട്ടിരുന്ന നായന്മാരെ തൊട്ടാൽ ബ്രാഹ്മണർ അശുദ്ധരാകും. കെട്ടുകല്യാണം, തിരണ്ടുകുളി, തുടങ്ങിയ വികൃതമായ അനാചാരങ്ങളും നിലവിലുണ്ടായിരുന്നു. നായന്മാരുടെത് കൂട്ടുകുടുംബമായിരുന്നു. കൂട്ടുകുടുംബത്തിൽ കാരണവർ സ്ഥാനം വഹിച്ച് ഭരണം നടത്തിയിരുന്നത് മൂത്ത അമ്മാവനായിരുന്നു. ഇങ്ങനെയുള്ള അവശതകളൊക്കെ പരിഹരിക്കാരനാണ് ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടെ അധ്യക്ഷതയിൽ നായന്മാരുടെ സ്വത്തവകാശം, വിവാഹം മുതലായവയെ സംബന്ധിച്ച നായർ റഗുലേഷന് മാർഗദർശനം നൽകിയ റിപ്പോർട്ട് നിലവിൽ വന്നത്. നിയമസഭയിൽ നായർ റഗുലേഷനെ തുപ്പൻ നമ്പൂതിരി മുതലായ ബ്രാഹ്മണർ അതിശക്തമായി എതിർത്തു. ഇതൊക്കെ മനസ്സിൽ വച്ചുകൊണ്ടുവേണം രാഷ്ട്രീയവിപ്ലവകാരി എന്നതിനോടൊപ്പം സാമൂഹ്യ പരിഷ്കർത്താവ് കൂടി

യായ രാമകൃഷ്ണപിള്ളയുടെ ഈ ലഘുലേഖ വായിക്കുവാൻ. അല്ലെങ്കിൽ രാമകൃഷ്ണപിള്ളയും ഒരു ജാതിവാദിയാണെന്ന് ചിലർ തെറ്റിദ്ധരിച്ചേക്കാൻ ഇടയുണ്ട്. നായന്മാരുടെ വിവാഹങ്ങൾക്ക് നിയമസാധുത നൽകാനും ആളോഹരിദാനം ഏർപ്പെടുത്തി കാലഹരണപ്പെട്ട കൂട്ടുകുടുംബസമ്പ്രദായം അവസാനിപ്പിക്കുവാനും കാരണവന്മാരുടെ സ്വേച്ഛാധിപത്യത്തിന് അന്ത്യം കുറിക്കാനും അതിനൊക്കെ ശ്രമിക്കാനും ആവശ്യമായ ആത്മാഭിമാനം അവരിൽ വളർത്താനും മറ്റും ഉതകുന്ന രീതിയിലണ് രാമകൃഷ്ണപിള്ള ഈ കൃതി രചിച്ചിട്ടുള്ളത്.

മുഹമ്മദ് നബിയും ഇസ്ലാം മതവും

നായന്മാരെ സംബന്ധിച്ച് പ്രകടമായ ഈ മനോഭാവം തന്നെയാണ് ഈഴവരെ സംബന്ധിച്ചും ദളിതരെ സംബന്ധിച്ചും മുസ്ലീം ക്രിസ്ത്യൻ ന്യൂന പക്ഷങ്ങളെ സംബന്ധിച്ചും രാമകൃഷ്ണപിള്ളയ്ക്കുണ്ടായിരുന്നത്. മുസ്ലീങ്ങളെ സംബന്ധിച്ചുള്ള രണ്ട് പ്രധാന കൃതികളാണ് *മുഹമ്മദ് നബിയും കാർലൈലും* എന്ന ലേഖനവും *ഹജ്ജ് പെരുന്നാൾ* എന്ന പ്രഭാഷണവും. മുഹമ്മദ് നബിയെയും ഇസ്ലാം മതത്തെയും കുറിച്ച് അടിസ്ഥാനരഹിതവും മുൻവിധികൾകൊണ്ട് വികലവുമായ ധാരണകളാണ് യൂറോപ്യന്മാർക്ക് അക്കാലത്തുമാത്രമല്ല ഇക്കാലത്തുപോലും ഉള്ളത്. ക്രിസ്ത്യാനികളുടെ പുണ്യസ്ഥലമായി കരുതപ്പെടുന്ന ജറുസലം നഗരം മുസ്ലീം ആക്രമണകാരികളിൽ നിന്ന് വീണ്ടെടുക്കാനാണെന്ന് പറഞ്ഞ് പതിനൊന്നാം നൂറ്റാണ്ടു മുതൽ പതിനാലാം നൂറ്റാണ്ടുവരെ യൂറോപ്യൻ ഭരണാധികാരികൾ നടത്തിയ കുപ്രസിദ്ധമായ കുരിശുയുദ്ധങ്ങൾ ചരിത്രത്തിലെ കറുത്ത ഏടുകളിൽ ഒന്നാണ്. മഹാനായ മനുഷ്യമഹത്വവാദിയും ഇറ്റാലിയൻ നവോത്ഥാനത്തിന്റെ പ്രാരംഭകരിൽ പ്രമുഖനും ആയിരുന്ന ദാന്തേ അലിഗേറിപോലും മുഹമ്മദ് നബിയെ അധാർമ്മികനും ദുഷ്ടനുമായിട്ടാണ് കരുതിയിരുന്നത്. അദ്ദേഹത്തിന്റെ *ഡിവൈൻ കോമഡി* എന്ന കൃതിയിൽ വിവരിച്ചിട്ടുള്ള നരകത്തിലെ തിളക്കുന്ന എണ്ണയിൽ കയ്യും കാലും ഇട്ട് അടിച്ച് കഴിയുന്ന പാപിയായിട്ടാണ് മുഹമ്മദ് നബിയെ ചിത്രീകരിച്ചിട്ടുള്ളത്. പടിഞ്ഞാറൻ യൂറോപ്പിലും അമേരിക്കയിലും ബിൻലാദന്റെയും അൽ ഖയ്ദയുടെയും മറ്റും പേരിൽ മുസ്ലീംങ്ങളെയും നബിയെയും ആകെ അധിക്ഷേപിക്കുന്ന പ്രവണത ഇന്ന് ഏറിവരുകയാണ്. ഇന്ത്യയിലും തീവ്രവാദികളായ ഹിന്ദുക്കൾ ഈ യൂറോപ്യന്മാരെപ്പോലെ നബിയെയും മുസ്ലീങ്ങളെയും അപകീർത്തിപ്പെടുത്തുന്ന പ്രചാരണം നടത്തിവരാറുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇംഗ്ലീഷ് എഴുത്തുകാരനായിരുന്ന തോമസ് കാർലൈൽ (1795 - 1881) ആണ് ഈ പ്രവണതയ്ക്കെതിരെ യൂറോപ്പിൽ ശബ്ദമുയർത്തിയ ആദ്യത്തെ പ്രമുഖൻ. ഇംഗ്ലീഷുകാർക്കിടയിൽ നിലനിന്നിരുന്ന പല മുൻവിധികളെയും അന്ധവിശ്വാസങ്ങളെയും എതിർക്കുന്നതിന് മഹാനായ ഈ എഴുത്തുകാരൻ വലി

യൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഫ്രഞ്ച് വിപ്ലവത്തെയും നെപ്പോളിയനെയും കുറിച്ച് ബ്രിട്ടനിൽ നിലവിലിരുന്ന വിദ്വേഷത്തെ നിർമ്മാർജ്ജനം ചെയ്യാൻ കാർലൈലിന്റെ *ഫ്രഞ്ച് വിപ്ലവ ചരിത്രം* എന്ന പ്രസിദ്ധമായ കൃതി വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഈ ലേഖനം രാമകൃഷ്ണപിള്ള ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്:

> എത്രയോയേറെ ജനങ്ങൾ മുഹമ്മദ് നബിയുടെ വാക്കിനെ വിശ്വസിക്കുന്നവരായിരിക്കുന്നു. സർവ്വശക്തനായ ഈശ്വരന്റെ സൃഷ്ടികളിൽ, ഇത്രവളരെ ജനങ്ങൾ ഇതേവരെ ഏതു മതത്തിൽ ജീവിച്ചുവോ ഏതു മതത്തിൽ മരിച്ചുവോ അങ്ങനെയുള്ള ഈ മതം ഒരു നികൃഷ്ടമായ ആത്മികജാലവിദ്യയായിരുന്നു എന്നു നാം വിചാരിക്കേണമോ? ഇപ്രകാരമൊരു വിചാരത്തെ സ്വരൂപിക്കുവാൻ എനിക്ക് അസാദ്ധ്യമെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. മിഥ്യാഭിമാനം ഇങ്ങനെ ലോകത്തിൽ വളരുകയും ലോകത്താൽ അത് അനുവദിക്കുപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ ഈ ലോകത്തെപ്പറ്റി എന്തുതന്നെ വിചാരിക്കേണമെന്നു ഒരുവനും തിരിയുന്നതല്ല, കഷ്ടം! ഇങ്ങനെയുള്ള സങ്കൽപ്പങ്ങൾ ഏറെ വ്യസജനകങ്ങളാകുന്ന ഈശ്വരന്റെ സൃഷ്ടിയെപ്പറ്റി യഥാർത്ഥമായ വല്ലതും അറിയണമെന്നു നാം ഇച്ഛിക്കുന്നുണ്ടെങ്കിൽ ആ സങ്കൽപ്പങ്ങൾ, അവിശ്വാസകാലദശയുടെ സന്തതിയാകുന്നു. അവ ആത്മീയ വിഷയത്തിലുള്ള അതിശോചൃമായ ജാഡ്യത്തെ സൂചിപ്പിക്കുന്നു. അവ മനുഷ്യരുടെ ആത്മാക്കൾക്കുള്ള കേവലം മൃത്യുതുല്യമായ ജീവനെ സൂചിപ്പിക്കുന്നു. ഇതിനെക്കാളധികം ഈശ്വരദ്രോഹപൂർവ്വമായ ഒരു സങ്കൽപ്പം ഈ ഭൂമിയിൽ ഉണ്ടായിട്ടില്ലെന്നാകുന്നു ഞാൻ വിചാരിക്കുന്നത്. ഒരു കപടമനുഷ്യൻ ഒരു മതത്തെ സ്ഥാപിച്ചുവെന്നോ? എന്ത്! ഒരു കപടമനുഷ്യന് ചെങ്കല്ലുകൊണ്ട് ഒരു വീടുപണിയുവാൻ കഴിയുകയില്ലല്ലോ. അവൻ കുമ്മായത്തിന്റെയും ചുട്ട കളിമണ്ണിന്റെയും പണിക്കാവശ്യമുള്ള മറ്റ് സാധനങ്ങളുടെയും ഗുണങ്ങളെ അറിയുകയും യഥാർത്ഥമായി അനുസരിക്കുകയും ചെയ്യാത്തപക്ഷം അവൻ പണിയുന്നത് വീടായിത്തീരുന്നതല്ല. ചവറ്റുകൂടായിരിക്കയേയുള്ളു. പന്ത്രണ്ട് ശതാബ്ദകാലങ്ങളിലത്രയും പതിനെട്ടുകോടി ജനങ്ങളെ പാർപ്പിക്കാൻ തക്കവണ്ണം അത് നിലനിൽക്കുകയില്ല. അതുടൻ തന്നെ പൊളിഞ്ഞുവീഴും. മനുഷ്യർ പ്രകൃതിയുടെ നിയമങ്ങളെ അനുസരിച്ച് പ്രവർത്തിക്കണം. അയാൾ പ്രകൃതിയോടും സത്യത്തോടും പരമാർത്ഥതയിൽ പ്രത്യക്ഷമായി വ്യവഹരിക്കണം. അല്ലായ്കിലോ പ്രകൃതി അവനെ നിഷേധിക്കും. സത്യസാദൃശ്യമായുള്ളവയെല്ലാം പുറമെ മാത്രമേ രമണീയമായിരിക്കയുള്ളു. പ്രധാനപ്പെട്ട ലോകനായകന്മാർക്ക് അവരുടെ മിഥ്യാഭിമാനംകൊണ്ടുള്ള കാലക്ഷേപം ഒരു ദിവസത്തേയ്ക്കു മാത്രമേ നിലനിൽക്കൂ. അത് വ്യാജനിർമ്മിതമായ ഒരു ബാങ്ക് നോട്ട്

പോലെയാണ്. വ്യാജവൃത്തിക്കാർ അതിനെ അവരുടെ കുത്സിതമായ കയ്യിൽ നിന്നു മാറ്റിക്കൊടുക്കുന്നു. മറ്റുള്ളവനാണ് ക്ലേശിച്ച് ലഹള ഉണ്ടാക്കുകയും വ്യാജനിർമ്മിത നോട്ടുകൾ വ്യാജനിർമ്മിതങ്ങളാണെന്ന് ഭയങ്കരമായ പരമാർത്ഥത്തെ വിളിച്ചുപറയുകയും ചെയ്യുന്നത്.

മുഹമ്മദ് നബിയെയും ഇസ്ലാം മതത്തെയും ശരിയായി ഗ്രഹിക്കാതെ ദുഷിക്കുന്നവരെ കാർലൈൽ തന്റെ നിസ്സർഗ്ഗ ഗംഭീരമായ മുറിവാക്കുകളെക്കൊണ്ട് ഇപ്പറഞ്ഞ പ്രകാരത്തിലാണ് ശാസിച്ചിരിക്കുന്നത്.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഈ മനോഭാവം അക്കാലത്ത് എല്ലാവർക്കും അറിയാവുന്നതുകൊണ്ടായിരിക്കണം വക്കം അബ്ദുൽ ഖാദർ മൗലവിയെപ്പോലുള്ള ഒരു നവോത്ഥാന നായകൻ തന്റെ പത്രത്തിന്റെ പത്രാധിപരായി രാമകൃഷ്ണപിള്ളയെ നിയോഗിച്ചത്. പൊതുവെ മുസ്ലിം സമ്മേളനങ്ങളിൽ ക്ഷണിക്കപ്പെടുക എന്നതും പങ്കെടുക്കുക എന്നതും രാമകൃഷ്ണപിള്ളയുടെ പതിവുപരിപാടികളിൽ ഒന്നായിരുന്നു. ഇസ്ലാം മതത്തെക്കുറിച്ച് ആഴത്തിലുള്ള അറിവും അനുഭവവും ആ മതത്തിൽപ്പെട്ട കേരളീയരുടെ സാമൂഹ്യപ്രശ്നങ്ങളും രാമകൃഷ്ണപിള്ളയ്ക്ക് താൽപ്പര്യമുള്ള വിഷയങ്ങളായിരുന്നു. അതുകൊണ്ടായിരിക്കാം "മുഹമ്മദീയ സദാചാരപോഷിണി സഭ" എന്ന സംഘടന 1907 ജനുവരി 15 വെള്ളിയാഴ്ച ഹജ്ജ് പെരുന്നാൾ ദിനം കൊണ്ടാടിയപ്പോൾ രാമകൃഷ്ണപിള്ളയെ അധ്യക്ഷനായിത്തന്നെ ക്ഷണിച്ച് ആദരിച്ചത്. അതിൽ അദ്ദേഹം തന്റെ പതിവ് അനുസരിച്ച് ഒരു പ്രഭാഷണം എഴുതി വായിക്കുകയാണ് ചെയ്തത്. അതിന്റെ തുടക്കം തന്നെ മതസഹിഷ്ണുതയുടെയും സൗഹാർദത്തിന്റെയും കിരണങ്ങൾ നിറഞ്ഞതായിരുന്നു എന്നു കാണുക. രാമകൃഷ്ണപിള്ള അത് ഇങ്ങനെ എഴുതുന്നു:

> മാന്യന്മാരായ സഹോദരന്മാരെ! പരബ്രഹ്മ ഏകദൈവത്തിലുള്ള വിശ്വാസം നിങ്ങൾക്കും എനിക്കും ഒരുപോലെ ആകയാൽ നിങ്ങളെ സഹോദരരെ എന്ന പദംകൊണ്ട് സംബോധന ചെയ്തതിനെപ്പറ്റി നിങ്ങൾ പരിഭവിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. മുഹമ്മദീയരുടെ പ്രധാന പെരുന്നാളായ ഹജ്ജ് ദിവസത്തെ ആഘോഷിക്കുന്നതിനായി മുഹമ്മദീയ സദാചാര പോഷിണി സഭയുടെ ഉത്സാഹത്തിൽ കൂടിയിരിക്കുന്ന ഈ സഭയിൽ ഞാൻ അഗ്രാസനം വഹിക്കണമെന്ന് നിങ്ങൾ അഭിപ്രായപ്പെട്ടതിനെക്കുറിച്ച് എനിക്കുള്ള കൃതജ്ഞതയും സന്തോഷവും എത്രമാത്രമാണെന്നു പറവാൻ ഞാൻ ശക്തനല്ല. ഇന്നേദിവസം ലോകത്തിൽ മുഹമ്മദീയർ നിവസിക്കുന്ന പ്രദേശങ്ങളിലെല്ലാം വളരെ ഉത്സവാഘോഷങ്ങളാൽ കൊണ്ടാടപ്പെടുന്ന ഒരു സുദിനമാണല്ലോ. മുഹമ്മദീയരെല്ലാം ഒന്നുചേർന്ന് ഉത്സവമാഘോഷിക്കുവാൻ കൂടിയിരിക്കുന്ന ഈ മണൽപ്രദേശം ഗണ്യങ്ങളായ പല സ്മരണകളെയും എന്റെ

മനസ്സിൽ ഉദിപ്പിക്കുന്നുണ്ട്.

തുടർന്ന് രാമകൃഷ്ണപിള്ള ഇസ്ലാം മതത്തിന്റെയും അതിന്റെ സ്ഥാപകന്റെയും മഹത്വവും നന്മകളും വിവരിച്ച ശേഷം കേരളീയരായ മുസ്ലീങ്ങളുടെ വിദ്യാഭ്യാസരംഗത്തും മറ്റുമുള്ള പിന്നോക്കാവസ്ഥയെക്കുറിച്ച് പരിതപിക്കുകയും ചെയ്യുന്നു. ഇതിനുള്ള പരിഹാരങ്ങൾക്കായി മുസ്ലീങ്ങളുടെ ഒരു സംഘടന രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും അദ്ദേഹം വിരൽ ചൂണ്ടുന്നു. ഈ ഹജ്ജ് പെരുന്നാൾ സമ്മേളനം വിളിച്ചുചേർത്ത "മുഹമ്മദീയ സാചാരപോഷിണിസഭ" തന്നെ കൂടുതൽ വികസിപ്പിച്ച് ഈ കർത്തവ്യങ്ങൾ ഏറ്റെടുത്താലും മതിയാകും എന്നും അദ്ദേഹം സൂചിപ്പിച്ചു.

മതാടിസ്ഥാനത്തിലും ജാതി അടിസ്ഥാനത്തിലും സംഘടനകൾ ഉണ്ടാകുന്നതിന്റെ ദോഷഫലങ്ങളും അവ പ്രതിനിധീകരിക്കുന്നു എന്നവകാശപ്പെടുന്ന ജനവിഭാഗങ്ങളുടെ ആത്യന്തിക താൽപ്പര്യങ്ങൾക്ക് അവ എങ്ങനെ വിഘാതം സൃഷ്ടിക്കുന്നു എന്നും മറ്റുമുള്ള കാര്യങ്ങളെക്കുറിച്ച് നാമിപ്പോൾ ബോധവാന്മാരാണ്. എന്നാൽ നവോത്ഥാന പ്രസ്ഥാനത്തിന്റെയും ദേശീയ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ആദ്യരൂപങ്ങൾ ജാതിമതാടിസ്ഥാനത്തിലായിരുന്നു എന്ന കാര്യം ഒരു ചരിത്രവസ്തുതയാണ്. ഈ ചരിത്രദൗത്യം നിർവ്വഹിച്ചതിനുശേഷം വർഗ്ഗരാഷ്ട്രീയത്തിന്റെയും മതനിരപേക്ഷ രാഷ്ട്രീയത്തിന്റെയും പാതയിലേക്ക് പുരോഗമിക്കുന്നതിനു പകരം അവ യാഥാസ്ഥിതികത്വത്തിന്റെയും സ്ഥാപിത താല്പര്യത്തിന്റെയും ഉപകരണങ്ങളായി എന്നതും ചരിത്രസത്യം. എന്നാൽ രാമകൃഷ്ണപിള്ള ജീവിച്ചിരുന്ന കാലത്ത് ഈ പുതിയ സാഹചര്യങ്ങളും വെല്ലുവിളികളും ഉയർന്നുവന്നിരുന്നില്ല എന്നതും ഓർക്കേണ്ടതുണ്ട്. ഏതെങ്കിലും ജാതിക്കാരോ മതക്കാരോ സംഘടിക്കുന്നത് മറ്റു മതക്കാർക്കും ജാതിക്കാർക്കും എതിരായിരിക്കരുത് എന്നും അവരുമായിപ്പോലും സഹകരിച്ച് സ്വന്തം ജനവിഭാഗങ്ങൾക്ക് നന്മ വരുത്താനുമായിരിക്കണം അതിന്റെ ശ്രമമെന്നും രാമകൃഷ്ണപിള്ളയുടെ ഉദ്ബോധനങ്ങളിൽ നിന്ന് വ്യക്തമാണ്.

ലഘുരചനാ വൈദഗ്ധ്യം

അത്രയുംതന്നെ ഗൗരവം സ്ഫുരിക്കുന്ന താത്വിക ലേഖനങ്ങളല്ല *മല്ലൻ പേരാർ, അമ്മച്ചി പിലാവ്, കരകൗശലം.* സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ലേഖനങ്ങളും പുസ്തകങ്ങളും ലഘുലേഖകളും വായിച്ചുപോകുമ്പോൾ അത് തെറ്റിദ്ധാരണ ഉണ്ടാക്കാൻ വഴിയുണ്ട്. അദ്ദേഹം എപ്പോഴും ഗൗരവമുള്ള വിഷയങ്ങളെക്കുറിച്ച് അധികൃത ശ്രോതസ്സുകളെ ഉദ്ധരിച്ച് പണ്ഡിതോചിതമായ പ്രബന്ധങ്ങളും കൃതികളും മാത്രമേ എഴുതാറുള്ളൂ എന്നതാണ് തെറ്റിദ്ധാരണ. ഒരു പത്രപ്രവർത്തകൻ അത്തരം കടിച്ചാൽ പൊട്ടാത്ത വിഷയങ്ങളെക്കുറിച്ച് മാത്രം എഴുതിയാൽ പോരാ. പത്രങ്ങളും മാസികകളും വായിക്കുന്നവർക്ക് ഗൗരവമുള്ള ലേഖനങ്ങളോടൊപ്പം ലളി

തവും രസകരവുമായ ചെറിയ കുറിപ്പുകളും തമാശകളും നിരീക്ഷണങ്ങളും കൂടി എഴുതേണ്ടത് ആവശ്യമാണ്. ഇപ്പോൾ അധികമൊന്നും കാണാറില്ലെങ്കിലും വർത്തമാന പത്രങ്ങളുടെ മുഖപ്രസംഗകൂട്ടത്തിൽ ഗൗരവമുള്ള വിഷയങ്ങളെക്കുറിച്ച് എഴുതുന്ന ലേഖനങ്ങളോടൊപ്പം ഹാസ്യരസപ്രധാനമോ വായിച്ചുപോകാനൊരു പ്രയാസവുമില്ലാത്തതോ ആയ ലേഖനങ്ങൾ കൂടി ചേർക്കുക പതിവുണ്ട്. പഴയ നാടകങ്ങളിലെ 'കോമിക്ക് റിലീഫി'നുവേണ്ടി രംഗത്തിറക്കുന്ന വിദൂഷകന്മാരെപ്പോലെ. വിദൂഷകന്മാർ വെറും കോമാളികല്ല.അവരുടെ പ്രത്യേക ശൈലിയിൽ ഗൗരവമുള്ള കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യും. അത്തരം കോമിക് റിലീഫ് ലേഖനവിദ്യയിലും ഉൾപ്പെടുത്തുന്നതിൽ രാമകൃഷ്ണപിള്ള കൃതഹസ്തനായിരുന്നു എന്നു തെളിയിക്കുന്നതാണ് ഈ ലേഖനങ്ങൾ. ഇപ്പോൾ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയായ തെക്കൻ തിരുവിതാംകൂറിലെ ഐതിഹ്യങ്ങളെയും പഴഞ്ചൊല്ലുകളെയും ഉൾപ്പെടുത്തിയുള്ള ഒരു ആഖ്യാനമാണ് മല്ലൻ പേരാർ. വൈക്കം മുഹമ്മദ് ബഷീറിന്റെയും ഉറൂബിന്റെയും മറ്റ് കഥകൾപോലെ രസകരമായി വായിച്ചു പോകാവുന്ന *മല്ലൻ പേരാർ* നേരത്തെ നാം ചർച്ച ചെയ്ത *നരകത്തിൽ നിന്ന്* എന്ന നോവലുപോലെ രാമകൃഷ്ണപിള്ളയ്ക്ക് കഴിയുമായിരുന്ന മറ്റൊരു ലേഖനശൈലിക്ക് ഉദാഹരണമാണ്. മാർത്താണ്ഡവർമ്മ മഹാരാജാവ് എട്ടുവീടരെയും യോഗക്കാരെയും ഭയന്ന് ഒരിക്കൽ ആത്മരക്ഷാർത്ഥം ഒളിച്ചിരുന്ന ഒരു വലിയ പൊത്തുള്ള ഒരു മരമായിരുന്നു നെയ്യാറ്റിൻകര ക്ഷേത്രത്തിന്റെ മുമ്പിലുള്ള അമ്മച്ചി പിലാവ്. ഏതാനും വർഷം മുമ്പ് വരെ അതവിടെ നിലനിന്നിരുന്നു. ഈ ലേഖകനും ഒരിക്കൽ ഈ പേരു കേട്ട 'അമ്മച്ചിയെ' കണ്ടിട്ടുണ്ട്. മാർത്താണ്ഡവർമ്മ ആ പ്ലാവിന്റെ പൊത്തിൽ ഒളിച്ചിരുന്ന രക്ഷപെട്ടതിന്റെ കഥ വിവരിക്കുമ്പോൾ പതിനേഴാം നൂറ്റാണ്ടിൽ വിപ്ലവകാരികളാൽ വധിക്കപ്പെട്ട ചാൾസ് ഒന്നാമന്റെ ഒളിച്ചോട്ടങ്ങളെയും മറ്റും രാമകൃഷ്ണപിള്ള വിവരിക്കുന്നത് വലിയ പ്രയോജനമുള്ള അറിവൊന്നുമല്ലെങ്കിലും രസകരമായ വായനാനുഭവമാണ്.

കരകൗശലം എന്ന കൃതിയിൽ സവ്യസാചിയും വില്ലാളി വീരനുമായ അർജ്ജുനൻ കടന്നുവരുന്നു. കരകൗശലത്തിൽ വിദഗ്ദ്ധനായിരുന്നുവെങ്കിലും ബുദ്ധിസാമർത്ഥ്യത്തിൽ അർജ്ജുനൻ പിന്നോക്കമായിരുന്നുവെന്നും മറ്റുമുള്ള രസകരമായ നിരീക്ഷണങ്ങൾ ഇതേപോലെ വേറെ അധികം രാമകൃഷ്ണപിള്ള എഴുതിയില്ലല്ലോ എന്ന് വ്യസനിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുന്നു.

പാഞ്ചാലിയുടെ ബഹുഭർതൃത്വം എന്ന (*ആത്മപോഷിണി*, 1915) കുറിപ്പ് രസകരമെന്നപോലെ രാമകൃഷ്ണപിള്ളയുടെ ശാസ്ത്രബോധത്തിനും യുക്തിചിന്തയ്ക്കും സാക്ഷ്യം വഹിക്കുന്നതുകൂടിയാണ്. പാഞ്ചാലിയുടെ ബഹുഭർതൃത്വത്തെ ക്കുറിച്ച് *ആത്മപോഷിണി* ഉൾപ്പെടെ ചില പത്രങ്ങളിൽ വാശിയേറിയ ഒരു വിവാദം നടക്കുകയായിരുന്നു. പാഞ്ചാലിയെയും അവരുടെ

ഭർത്താക്കന്മാരായ പഞ്ചപാണ്ഡവരെയും കുറിച്ച് വ്യാസൻ *മഹാഭാരത*ത്തിൽ പറഞ്ഞ കാര്യങ്ങളുടെ വ്യാഖ്യാനങ്ങളും ദുർവ്യാഖ്യാനങ്ങളും വ്യാസൻ സ്വപ്നത്തിൽപോലും വിചാരിക്കാത്തതും എവിടെനിന്നു കിട്ടി എന്നു വ്യക്തമാകാത്തതുമായ ചില കെട്ടുകഥകളും വിചിത്രപ്രഭാഷണങ്ങളും എല്ലാം കടന്നുവന്ന വിവാദത്തിൽ പ്രസിദ്ധ സാഹിത്യകാരൻ കുന്നത്ത് ജനാർദ്ദനമേനോനെപ്പോലുള്ള പ്രഗത്ഭമതികളും പങ്കെടുത്തിരുന്നു. *ആത്മപോഷിണി*യിലും *കേരളോദയ*ത്തിലുമാണ് വിവാദം പൊടിപൊടിച്ചത്.

വാദങ്ങളുടെ പോക്ക് മനസ്സിലാക്കാൻ ഒന്നുരണ്ട് കാര്യങ്ങൾ. പാഞ്ചാലി പൂർവ്വജന്മത്തിൽ ഒരു താപസവര്യന്റെ പതിവ്രതയായിരുന്ന പത്നിയായിരുന്നെന്നും സമയത്തിൽ ഭൂരിഭാഗവും തപോനിഷ്ഠനായി കഴിഞ്ഞിരുന്ന അദ്ദേഹവുമായുള്ള വേഴ്ചയിൽ അസംതൃപ്തയായിരുന്നുവെന്നും അദ്ദേഹത്തിന്റെ തപോനിഷ്ഠയ്ക്ക് ഭംഗം വരുത്താൻ ശ്രമിച്ച് അവരെ വീണ്ടും ഭൂമിയിൽ പല ഭർത്താക്കന്മാരോടുകൂടി കഴിയാൻ ശപിച്ചു എന്നും ഒരു വിദ്വാൻ. അദ്ദേഹത്തിന്, വ്യാസന് കിട്ടാത്തതും വ്യാസന്റെ ഭാവനയിൽ രൂപംകൊള്ളാത്തതുമായ ഈ കഥ എവിടെനിന്നു കിട്ടി എന്നറിയില്ല. ഇതുപോലെ പലതും. രാമകൃഷ്ണപിള്ള ഇതെല്ലാം അന്ധവിശ്വാസങ്ങളും അസംബന്ധങ്ങളുമായി തള്ളിക്കളയുന്നു. വ്യാസന്റെ വിവരണവും അദ്ദേഹം സ്വീകരിക്കുന്നില്ല. സ്വയംവരം കഴിഞ്ഞ് ദ്രൗപതി (പാഞ്ചാലി) യുമായി എത്തിയ ധർമ്മപുത്രരോട് എല്ലാവസ്തുക്കളുംപോലെ വധുവിനെയും നിങ്ങൾ എല്ലാവരും ചേർന്ന് വരിക്കണം എന്ന് കുന്തിദേവി അനുശാസിച്ചതായിട്ടാണല്ലോ വ്യാസകഥ.

രാമകൃഷ്ണപിള്ളയാകട്ടെ മനുഷ്യസമൂഹത്തിന്റെ വികാസപരിണാമ ചരിത്രം പരിശോധിച്ച്, മൃഗതുല്യരായി ലൈംഗികബന്ധം പുലർത്തിയ കാലത്തുനിന്നും ബഹുഭർതൃത്വത്തിന്റെയും (പോളിയാൻഡ്രി) ബഹുഭാര്യാത്വത്തിന്റെയും (മോണോഗമി) ചരിത്രം വിവരിച്ചശേഷം ഒരു സംക്രമകാലയളവിൽ ക്ഷയോന്മുഖമായിരുന്ന ബഹുഭർതൃത്വസമ്പ്രദായത്തിന്റെ അവശിഷ്ടങ്ങൾ നിലനിന്നിരുന്നപ്പോഴത്തെ കഥയാകാം വ്യാസൻ വിവരിച്ചത് എന്ന് സിദ്ധാന്തിക്കുന്നു. ചെറിയ ഒരു കുറിപ്പാണ് അതെങ്കിലും രാമകൃഷ്ണപിള്ളയുടെ യുക്തിയും സാമൂഹ്യ വിജ്ഞാനനിയമങ്ങളിലുള്ള അവഗാഹവും സാമർത്ഥ്യവും പുരാണകഥകളോടുള്ള ശാസ്ത്രീയ സമീപനവും ഉദാഹരിക്കാൻ ഇത്രയും വിവരിച്ചു എന്നേയുള്ളു. അജ്ഞതാവിലസിതവും അന്ധവിശ്വാസ പ്രേരിതവുമായ ഇത്തരം വിതണ്ഡവാദങ്ങൾക്ക് ഉത്തരവാദിത്വപ്പെട്ട പത്രമാസികകൾ സ്ഥലം നഷ്ടപ്പെടുത്തരുതെന്നാണ് സ്വദേശാഭിമാനിയുടെ നിർദ്ദേശം.

പ്രശസ്ത ഇംഗ്ലീഷ് ഹാസ്യ സാഹിത്യകാരനായ ജോനാഥൻ സ്വിഫ്റ്റിന്റെ (1667-1745) *ഗള്ളിവറിന്റെ സഞ്ചാരങ്ങൾ* എന്ന കൃതിയിലെ ആദ്യത്തേതായ ലില്ലിപുട്ട് എന്ന സാങ്കൽപ്പിക ദ്വീപിലേക്കുള്ള യാത്ര തർജ്ജമ ചെയ്യാൻ രാമകൃഷ്ണപിള്ളയ്ക്ക് പരിപാടി ഉണ്ടായിരുന്നതായി തോന്നുന്നു. ഗള്ളിവറിന്റെ പേര് മലയാളീകരിച്ചു അദ്ദേഹം 'കലിവരൻ' ആക്കിയിരിക്കുകയാണ്. ലില്ലിപുട്ടിനെ 'ലീലാ പത്തനം' എന്നും വിവർത്തനം ചെയ്തിരിക്കുന്നു. ഇതു പൂർത്തിയാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

അദ്ധ്യായം 7

സ്വദേശാഭിമാനിയുടെ പാഠപുസ്തകങ്ങൾ

തിരുവിതാംകൂർ സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിന് സഹായകമാകുംവിധം രാമകൃഷ്ണപിള്ള രചിച്ച അഞ്ചു ലഘുകൃതികളാണ് *പൗരവിദ്യാഭ്യാസം, കൃഷിശാസ്ത്രം, അങ്കഗണിതം, ക്ഷേത്രഗണിതം, ബാലബോധിനി* (ഒന്നും രണ്ടും ഭാഗങ്ങൾ). എല്ലാം വിദ്യാലയങ്ങൾക്കുള്ള പാഠപുസ്തകങ്ങൾ തന്നെ. *സ്വദേശാഭിമാനി* പത്രം ഏറ്റെടുക്കുന്നതിന് മുമ്പുള്ള താരതമ്യേന ശാന്തമായ ജീവിത കാലത്ത് തന്റെ ഗുരുവായ എ ആർ രാജരാജവർമയുടെ സഹായിയായ ഉത്തമശിഷ്യനെന്ന നിലയിൽ രചിച്ചിട്ടുള്ളവയാണ് ഈ പാഠപുസ്തകങ്ങൾ. പാഠ്യപദ്ധതിക്ക് ഉതകുംവിധം ചിട്ടപ്പടി എഴുതിയ ലഘുകൃതികൾ ആണെങ്കിലും അവയിലെല്ലാം രാമകൃഷ്ണപിള്ളയുടെ വ്യക്തിമുദ്ര പതിഞ്ഞിട്ടുണ്ട്. ആ വ്യക്തി മുദ്രയിൽ അദ്ദേഹത്തിന്റെ ഊർജ്ജസ്വലമായ ഭാഷാശൈലിയും അദ്ദേഹം എപ്പോഴും നെഞ്ചോടു ചേർത്തു കൊണ്ടുനടന്നിട്ടുള്ള ആദർശങ്ങളും ഉൾപ്പെടുന്നു. പ്രത്യേകിച്ചും ഈ സവിശേഷതകൾ ഈ അഞ്ചുകൃതികളിൽ ഒന്നാമത്തേതായ *പൗരവിദ്യാഭ്യാസ* ത്തിൽ ഏറെ പ്രതിഫലിച്ചു കാണാം.

കാലഹരണപ്പെടാത്ത വിദ്യാഭ്യാസചിന്തകൾ

മുപ്പതോളം പുറങ്ങൾ മാത്രമുള്ള ഈ ലഘുഗ്രന്ഥം ആശയങ്ങളുടെ ബാഹുല്യം കൊണ്ടും ഇപ്പോഴും കാലഹരണപ്പെടാത്ത അഭിപ്രായങ്ങൾ കൊണ്ടും സമ്പന്നമാണ്. തന്റെ പൊതുജീവിതത്തിലും പത്രപ്രവർത്തനത്തിലും രാമകൃഷ്ണപിള്ള കൈകാര്യം ചെയ്യാത്ത വിഷയങ്ങൾ അത്യന്തം വിരളമാണെങ്കിലും അദ്ദേഹത്തിന്റെ മുഖ്യമായ താൽപര്യം രാഷ്ട്രമീമാം

സയും പൗരധർമ്മവും പൗരാവകാശങ്ങളും ആയിരുന്നുവല്ലോ. ഈ താൽപ
ര്യത്തെ മുൻനിറുത്തി ഇന്ത്യയിലും പ്രത്യേകിച്ച് തിരുവിതാംകൂർ സംസ്ഥാ
നത്തും നിലവിലില്ലാതിരുന്ന ജനാധിപത്യം, സോഷ്യലിസം, കമ്യൂണിസം
വരെയുള്ള രാഷ്ട്രീയ സിദ്ധാന്തങ്ങളേയും സംവിധാനങ്ങളേയും കുറിച്ച്
അദ്ദേഹം കൂലങ്കഷമായി പഠിച്ച് അവയിൽ ഉപസ്ഥിതി നേടിയിരുന്നു. അതു
കൊണ്ട് നിലവിലുള്ള സംവിധാനത്തിന്റെ അനുഭവങ്ങളോടൊപ്പം ഇനിയും
രൂപംകൊള്ളേണ്ട സംവിധാനത്തിലേക്കുള്ള കാൽവയ്പുകളെക്കുറിച്ചും
അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. അതാണ് ഈ കൃതി അക്കാലത്തേയും
പിൽക്കാലത്തേയും കൃതികളേക്കാൾ മെച്ചപ്പെട്ടിരിക്കുന്നത്. ഇതിലെ അധ
്യായങ്ങളുടെ തലവാചകങ്ങൾ തന്നെ ഇക്കാര്യം സൂചിപ്പിക്കുന്നു.

പ്രാഥമികതലത്തിൽ നിന്നാണല്ലോ വിദ്യാഭ്യാസം ആരംഭിക്കുക. (ഇ
പ്പോൾ പ്രാക് പ്രാഥമിക വിദ്യാലയങ്ങളും പരക്കെ നിലവിൽ വന്നു തുടങ്ങി
യിരിക്കുന്നു എന്ന വസ്തുത വിസ്മരിക്കുന്നില്ല.) കേരള സംസ്ഥാനം ചരി
ത്രപരമായ കാരണങ്ങളാൽ അതിന്റെ മൊത്തം നികുതി വരുമാനത്തിന്റെ
മൂന്നിലൊന്നോളം വിദ്യാഭ്യാസത്തിനാണ് ചെലവാക്കുന്നത്. മറ്റു സംസ്ഥാ
നങ്ങളേക്കാൾ കൂടുതലാണ് ഇതെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ഈ
ചെലവൽ തന്നെ ഏറ്റവും കൂടുതൽ വിനിയോഗിക്കുന്നത് ഉപരിവിദ്യാഭ്യാ
സത്തിനാണ്; പ്രത്യേകിച്ച് സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്. വളരെ
പ്രധാന്യം അർഹിക്കുന്നതുതന്നെ എങ്കിലും ഇന്നത്തെ നിലയിൽ അതിന്റെ
പ്രയോജനം പല കാരണങ്ങളാൽ വരേണ്യവർഗ്ഗങ്ങൾക്കാണ് പ്രയോജന
പ്പെടുക. ഭൂരിപക്ഷം പേർ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി വിദ്യാലയ
ങ്ങളോട് വിട പറയുന്നു. അതിലുമേറെപ്പേർ പ്രാഥമിക ഘട്ടത്തിൽ തന്നെ
വിദ്യാഭ്യാസ ശ്രേണിയിൽ നിന്ന് ഒഴിഞ്ഞുപോകുന്നു. ഈ കൊഴിഞ്ഞ്പോക്ക്
തടയാനും കൂടുതൽ ജനവിഭാഗങ്ങൾക്ക് ഉപരിവിദ്യാഭ്യാസം അഭിഗമ്യമാ
ക്കാനും പ്രാഥമിക വിദ്യാഭ്യാസതലത്തിൽ കൂടുതൽ ശ്രദ്ധചെലുത്തുകയും
വിഭവം വിനിയോഗിക്കുകയും ചെയ്യണം. ഇത് സാധാരണജനങ്ങളുടെ മേന്മ
ക്കുവേണ്ടിമാത്രമല്ല; ഉപരിവിദ്യാഭ്യാസത്തിന്റെ ഗുണമേന്മക്കും ആവശ്യമാ
ണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യയുടെ മറ്റുപ്രദേശങ്ങളെ അപേ
ക്ഷിച്ച് ഒരു ദുർഘടം കൂടി ഇന്നത്തെപോലെ രാമകൃഷ്ണപിള്ളയുടെ
കാലത്തും അനുഭവപ്പെട്ടിരുന്നു. അത് സ്വകാര്യവിദ്യാലയങ്ങളുടെ അതി
പ്രസരമാണ്. മാത്രമല്ല, ഒരേ പാഠ്യപദ്ധതിപ്രകാരമാണ് സ്വകാര്യവിദ്യാല
യങ്ങളും സർക്കാർ വിദ്യാലയങ്ങളും പ്രവർത്തിക്കുന്നതെങ്കിലും പലവിധ
ത്തിലുള്ള വ്യത്യസ്തതകൾമൂലം സ്വകാര്യവിദ്യാലയങ്ങൾ വരേണ്യ വർഗ്ഗ
ത്തിന്റെ കുത്തകയായിമാറുന്നു. അങ്ങനെ വിദ്യാഭ്യാസത്തിൽ വർഗ്ഗവേർതി
രിവ് സംഭവിക്കുന്നത് സമത്വത്തേയും ജനാധിപത്യത്തേയും അടിസ്ഥാന

പ്പെടുത്തിയുള്ള ആധുനിക സങ്കല്പങ്ങൾക്ക് വിരുദ്ധമാണ്. രാമകൃഷ്ണപിള്ളയുടെ കാലത്ത് നിർബന്ധിതമായ പ്രാഥമികവിദ്യാഭ്യാസം നിലവിൽ ഇല്ലായിരുന്നു എന്നു മാത്രമല്ല, അതേപ്പറ്റി സ്വപ്നം കാണാൻപോലും കഴിയാത്ത അവസ്ഥയായിരുന്നു. എന്നിട്ടും പല പാശ്ചാത്യരാജ്യങ്ങളുടേയും മാതൃക ഉയർത്തിക്കാട്ടി നിർബന്ധിതവും പ്രാഥമികവുമായ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം രാമകൃഷ്ണപിള്ള സമർത്ഥിക്കുന്നു. 1950-ൽ നിലവിൽ വന്ന റിപ്പബ്ലിക്കൻ ജനാധിപത്യ ഭരണഘടനയിലെ നയരൂപീകരണമാർഗ്ഗനിർദ്ദേശങ്ങളുടെ കൂട്ടത്തിൽ, പത്തുവർഷത്തിനകം നിർബന്ധിതമായ പ്രാഥമിക വിദ്യാഭ്യാസം ഏഴുമുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഭരണഘടനയ്ക്ക് അറുപതുവയസ്സിലേറെയായിട്ടും ആ വ്യവസ്ഥ ഒരു ജലരേഖയായി പരിണമിച്ചരിക്കുകയാണ്.

പണ്ടത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മുഖ്യലക്ഷ്യം മുന്ന് ആർ (Three R) കളിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം നൽകുകയാണെന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട് Reading, Writing and Arithmetic എന്നിവയാണ് ഈ മൂന്നെണ്ണം. ഇതുകൊണ്ടൊന്നും ആധുനികകാലത്തെ വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റപ്പെടുകയില്ല എന്നും ലോകകാര്യങ്ങൾ പഠിച്ചു പ്രാവീണ്യം നേടി ഉത്തമ പൗരന്മാരായി അവരെ വളർത്തണമെന്നും രാമകൃഷ്ണപിള്ള ആവശ്യപ്പെടുന്നു. രാമകൃഷ്ണപിള്ള അതാവശ്യപ്പെടുമ്പോൾ പ്രായപൂർത്തിവോട്ടാവകാശം നിലവിലില്ലായിരുന്നു. ഇപ്പോൾ പതിനെട്ടുവയസ്സു കഴിഞ്ഞ യുവതീയുവാക്കൾക്ക് വോട്ടവകാശമുള്ളപ്പോൾ ഇക്കാര്യം ഏറെ പ്രധാന്യം അർഹിക്കുന്നു. ഹ്രസ്വദൃഷ്ടികളായ നമ്മുടെ ചില നേതാക്കന്മാരും മാധ്യമക്കാരും വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം നിഷിദ്ധമാണെന്നു പറഞ്ഞുനടക്കുമ്പോൾ ഈ ഭരണഘടനാവ്യവസ്ഥയെ അവർ വ്യർത്ഥമാക്കുകയാണ്. രാമകൃഷ്ണപിള്ള ഇക്കാര്യത്തിനായി ഒരദ്ധ്യായം തന്നെ നീക്കിവെച്ചിരിക്കുന്നു: "വിദ്യാലയങ്ങളിൽ ലോകവ്യവഹാരം ആവശ്യം".

രാമകൃഷ്ണപിള്ളയ്ക്ക് മുമ്പ് കാൾമാർക്സും രാമകൃഷ്ണപിള്ളയ്ക്ക് ശേഷം മഹാത്മാഗാന്ധിയും നിർദ്ദേശിച്ചതു പോലെ വിദ്യാഭ്യാസം അക്ഷരത്തിലും പുസ്തകത്തിലും ഒതുങ്ങിപോകരുതെന്നും മനുഷ്യജീവിതത്തിന്റെ ആവശ്യഘടകമായ അധ്വാനം അതിന്റെ ഭാഗമായിരിക്കണമെന്നും രാമകൃഷ്ണപിള്ളയും വാദിക്കുന്നു. വിദ്യാഭ്യാസത്തിൽ തൊഴിലിന്റെ പ്രാധാന്യം തൊഴിലെടുക്കുവാനുള്ള പരിശീലനം നൽകിയും പിൽക്കാലത്ത് ഉപജീവനത്തിനായി ഒരു മാർഗ്ഗം കണ്ടുപിടിച്ചു കൊടുക്കാനും മാത്രമല്ല, Education through craft അഥവാ തൊഴിലിലൂടെ വിദ്യാഭ്യാസം എന്നതാണ് മാർക്സ് അദ്ദേഹത്തിന്റെ ക്രിട്ടിക്ക് ഓഫ് ഗോഥാ പ്രോഗ്രാമിലും (Critique of Gotha

programme) ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസപദ്ധതിയിലും നിർദ്ദേശിക്കുന്നത്. രാമകൃഷ്ണപിള്ള ഇപ്രകാരം 'തൊഴിലിലൂടെ വിദ്യാഭ്യാസം' എന്ന പദ്ധതി വിവരിക്കുന്നു:

> പൗരവിദ്യാഭ്യാസത്തെ സാധ്യപ്രായമാക്കുന്നതിനു രണ്ടു വഴികൾ ഉള്ളതായി മുൻ അധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. (1) പാഠശാലകളോടു ചേർന്ന പണിപ്പുരകളിലും കൃഷിത്തോട്ടങ്ങളിലും മറ്റുമുള്ളപ്രവൃത്തികളെ ഒരു വ്യവസ്ഥിതി അനുസരിച്ചു ക്രമപ്പെടുത്തി നടത്തുക. (2) വിദ്യാർത്ഥികളുടെ പാഠശാല നടപടികളെല്ലാം സ്വയംഭരണസമ്പ്രദായത്തിൽ വ്യവസ്ഥപ്പെടുത്തുക. ഇതിനെ രണ്ടുവിധത്തിൽ സാധിക്കാം. ഒന്നാമത്തെ മാർഗ്ഗം സംബന്ധിച്ചേടത്തോളം ഒരു സംഗതി സമ്മതിച്ചേ കഴിയൂ; അതാവിത്, പാഠശാലകളോടുചേർന്ന് നടത്തുന്ന പണിപ്പുരകൾ, പ്രയോഗശാലകൾ മുതലായവയിൽ പ്രവൃത്തി ശീലിക്ക വഴിക്ക്, സൂക്ഷ്മത, മതിശുദ്ധി, സാവധാനത, ആർജ്ജവം എന്ന കേവലഗുണങ്ങളെ വേണ്ടുംവിധം വളർത്തിക്കൊണ്ടു വരുവാൻ കഴിയുന്നു. യഥാർത്ഥമായ ഏതൊരു പ്രവൃത്തിയും സൽഗുണ പരിശീലനത്തിനുള്ള അഭ്യാസശാലയാണെന്നു നമ്മൾ ഓർമ്മവെക്കണം. ചെറുപ്പക്കാരായ വിദ്യാർത്ഥികളിൽ ഏറിയകൂറും മേൽപറഞ്ഞ സൽഗുണങ്ങളെ അഭ്യസിപ്പാൻ കൊള്ളാവുന്ന വരാണെന്നത് നിശ്ചയം തന്നെ. പ്രവൃത്തിയൊന്നും ശീലിച്ചിട്ടില്ലാത്തവരായും, യോഗ്യത തികയുംമുമ്പ് ഓരോരോ തൊഴിലുകളിൽ കടന്നിരിക്കുന്നവരായുള്ള ചെറുപ്പക്കാരെ സൽഗുണങ്ങൾ ശീലിപിപ്പാൻ വളരെ പ്രായസമാണെന്നത് നിശ്ചയം തന്നെ. ശരിയായ പ്രവൃത്തി, അതിന്മണ്ണം തന്നെ വ്യവസ്ഥയനുസരിച്ചുള്ള പ്രവൃത്തി പരിശീലനത്തിന്റെ ഫലമായ പ്രവൃത്തിപ്രീതി-ഇവയിൽ നിന്നും മാത്രമേ മേൽപറഞ്ഞ സൽഗുണങ്ങൾ വളർന്ന് വരികയുള്ളൂ. ഉയർന്നതരം വിദ്യാശാലകളിൽ പഠിച്ച് ബുദ്ധി സംസ്ക്കാരം സിദ്ധിച്ചവർക്ക് ഈ ഗുണങ്ങൾ ബുദ്ധിപ്രയത്നത്തിന്റെ മാത്രം ഫലമായിവരാം. എന്നാലും ഈ കേവലഗുണങ്ങൾ പൗരഗുണങ്ങളാവേണമെന്നില്ല. അതാവിത്, സ്വാത്മ പ്രകടനഗുണങ്ങൾ സാമാന്യേന സ്വാത്മത്യാഗഗുണങ്ങളായിത്തീരുകയില്ല ആ സ്വാത്മപ്രകടനഗുണങ്ങളെ പരോപകാരാർത്ഥം വിനിയോഗിക്കുമ്പോൾ, അവ സ്വാത്മത്യാഗഗുണങ്ങളായി ഭേദപ്പെടുന്നതുമാണ്. അതുകൊണ്ടാണ് പാഠശാലകളോടു ചേർന്ന് പണിപ്പുരകൾ, പ്രയോഗശാലകൾ, അടുക്കളകൾ, തോട്ടങ്ങൾ എന്നിതുകളിലെ പ്രവൃത്തിപരിശീലനത്തിനു പ്രാധാന്യം കല്പിച്ചിരിക്കുന്നത്.

കർഷകവൃത്തിയുടെ പുതിയ മാനങ്ങൾ

കൃഷിശാസ്ത്രം എന്ന ഈ ലഘുപാഠപുസ്തകം കൃഷിശാസ്ത്രവിദഗ്ദ്ധനായ എൻ.ശങ്കരപ്പിള്ള എന്ന ഒരു സുഹൃത്തിന്റെ സഹകരണത്തോടെ രാമകൃഷ്ണപിള്ള രചിച്ച കൃതിയാണ്. ഇന്നു നാം സാർവ്വത്രികമായി കേൾക്കുന്ന മുറവിളിയാണ് കാർഷികരംഗത്തെ പ്രതിസന്ധിയും തകർച്ചയും. വ്യാവസായികരംഗം കുതിച്ചുമുന്നേറുമ്പോൾ അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള മൂലധനനിക്ഷേപത്തിന്റേയും ഉത്പാദനത്തിന്റേയും കണക്കുകൾ ഉദ്ധരിച്ച് ഇന്ത്യ ഒരു ലോകമഹാശക്തിയായി വളരുന്നു എന്ന അവകാശവാദം ഭരണാധികാരികൾ ഉയർത്തുന്നു. എന്നാൽ ഈ അടുത്തകാലത്തായി ഭക്ഷ്യസുരക്ഷയെപ്പറ്റിയും മറ്റുമുള്ള പരിഭ്രാന്തികളും വിവാദങ്ങളും വീണ്ടും പൊതുജനാഭിപ്രായത്തെ കൃഷിയിലേക്ക് തിരിച്ചുകൊണ്ടുവന്നിരിക്കുന്നു. കൃഷിഭൂമി മറ്റു സംരഭങ്ങൾക്കായി ഏറ്റെടുക്കുന്നത് വലിയ പ്രതിഷേധങ്ങൾക്ക് വഴിവെച്ചിരിക്കുന്നു. കേരളം പോലെ കൃഷിക്കാരുടെ ദീർഘകാലാവശ്യമായ ഭൂവുടമാപരിഷ്കാരം നടപ്പിലാക്കി ഭൂപ്രഭുത്വം അവസാനിപ്പിച്ച സ്ഥലങ്ങളിൽ പോലും പുതിയ കാർഷികപ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുന്നു. കൃഷിഭൂമി കൃഷിക്കാർക്കായി നൽകാനുള്ള നിയമത്തിന്റെ അന്തിമഫലം പലപ്പോഴും കൃഷിചെയ്യാത്ത ഇടത്തരം ശമ്പളക്കാരുടെ കൈകളിലേക്ക് ഉടമാവകാശം പോയി എന്നതാണ്. അതിന്റെ ഫലമായി കൃഷിഭൂമി തരിശിടുന്ന സമ്പ്രദായം ആപത്കരമാം വണ്ണം വർദ്ധിച്ചിരിക്കുന്നു. ഈ ഭൂമിയുടമയുടെ മേലുള്ള കൈയേറ്റത്തിന്റെ ഒരു വകഭേദമാണ് കുന്നുകൾ ഇടിച്ചുതാഴ്ത്തുകയും കുളങ്ങൾ നികത്തുകയും ചെയ്യുന്ന പ്രവണതയും അതുണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും. ഈ ആധുനിക പ്രശ്നങ്ങളും പ്രതിസന്ധികളും ഉടലെടുക്കുന്നതിന് മുമ്പ്, അല്ലെങ്കിൽ അവയെക്കുറിച്ചുള്ള അവബോധം പ്രചരിക്കുന്നതിന് മുമ്പാണ് രാമകൃഷ്ണപിള്ളയും ശങ്കരപിള്ളയും ഈ പുസ്തകം രചിച്ചത് എങ്കിലും ഈ പുതിയ കാലത്തും അറിഞ്ഞിരിക്കേണ്ട അനവധി കാര്യങ്ങൾ അതിലുണ്ട്.

കാളയെ പൂട്ടിയ കലപ്പകൾക്കുപകരം പവ്വർടില്ലർ മുതലായ യന്ത്രസാമഗ്രികളും ചാണകവും ചാരവും ചവറും ഉപയോഗിക്കുന്നതോടൊപ്പം പുതിയ രാസവളങ്ങൾ ഉപയോഗിക്കേണ്ടതിനെക്കുറിച്ചും അവയുടെ ചേരുവകളെക്കുറിച്ചും കൃഷിവിദഗ്ധനായ ശങ്കരപിള്ളയുടെ സഹായത്തോടെ രാമകൃഷ്ണപിള്ള വിവരിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ഇതെഴുതുമ്പോൾ വായനക്കാർക്ക് പലർക്കും വലിയ പുതുമയായി തോന്നിയിരിക്കാം.

മണ്ണൊരുക്കേണ്ടത് എങ്ങനെ? വളം ചേർക്കേണ്ടതെങ്ങനെ, വിത്തു പാകുന്നതെങ്ങനെ? എന്നൊക്കെയുള്ള, വിധിനിഷേധ രൂപത്തിലുള്ള രാമ

കൃഷ്ണപിള്ളയുടെ പ്രതിപാദനം ഏതു നിർദ്ദേശം മുന്നോട്ടുവയ്ക്കുമ്പോഴും എന്തുകൊണ്ട് ആ നിർദ്ദേശം വയ്ക്കുന്നു എന്നും, എന്താണ് ഈ സവിശേഷ കാർഷിക കർമ്മത്തിനു പ്രേരകമെന്നും വിവരിക്കാൻ രാമകൃഷ്ണപിള്ള പ്രത്യേകം ശ്രദ്ധിക്കുന്നു. മണ്ണിന്റെ ഉത്ഭവവും ഘടനയും, തരാതരങ്ങളും വീര്യവും ക്ഷീണവും എല്ലാം വിവരിച്ചുകൊണ്ടാണ് അതിൽ ചേർക്കുന്ന വളത്തെക്കുറിച്ചും ഇറക്കേണ്ട കൃഷിയെക്കുറിച്ചും അദ്ദേഹം പ്രതിപാദിക്കുന്നത്. പലയിടത്തും വികലമായ കാർഷിക സമ്പ്രദായങ്ങൾ ഉളവാക്കിയേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചു സൂചനകൾ ഉണ്ടെങ്കിലും അക്കാലത്തെ പരിസ്ഥിതിയെക്കുറിച്ചുള്ള അവബോധം ഇന്നത്തെപ്പോലെ വ്യാപകമോ ഗഹനമോ ആയിരുന്നില്ല. അതിന്റെ കുറവ് പാഠപുസ്തകത്തിലും പ്രതിഫലിക്കുന്നു. ബ്രിട്ടീഷ് കൊളോണിയൽ ഭരണക്കാർ അവരുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്കനുസരണമായി ആവിഷ്കരിച്ച കാർഷികശാസ്ത്രത്തിൽ വിദഗ്ധനായിരുന്ന തകഴി ശങ്കരപിള്ള ഇക്കാര്യത്തിൽ രാമകൃഷ്ണപിള്ളയേയും വഴിതെറ്റിച്ചിരിക്കാം.

എന്തായിരുന്നു കൊളോണിയൽ കൃഷിശാസ്ത്രം? ഇന്ത്യയിലെ സാധാരണ ജനങ്ങൾക്ക് ആവശ്യമായ ധാന്യങ്ങളും പച്ചക്കറികളും മറ്റും ഉത്പാദിപ്പിക്കുന്നത് മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങളല്ല അവർ പ്രചരിപ്പിച്ചത്. ബ്രിട്ടനിലെ വ്യവസായങ്ങൾക്ക് ആവശ്യമായ വ്യാപാരവിളകളും ബ്രിട്ടീഷ് മുതലാളിമാർക്ക് ആദായവും ജനങ്ങൾക്ക് പാനീയവും നൽകാനുള്ള കാപ്പി - തേയില തോട്ടങ്ങളും, അതിവേഗം വികസിച്ചുകൊണ്ടിരുന്ന പടിഞ്ഞാറൻ മോട്ടോർ വ്യവസായത്തിനു ആവശ്യമായ റബ്ബർ ഉത്പാദിപ്പിക്കുന്ന തോട്ടങ്ങളും വികസിപ്പിച്ചെടുക്കുന്നതിലായിരുന്നു അവർക്ക് താൽപര്യം. മണ്ണിനും പ്രകൃതിക്കും എന്തു സംഭവിക്കും എന്നൊന്നും പരിഗണിക്കാതെ നെടുംകൃഷിയും കടുംകൃഷിയും രാസവളപ്രയോഗവും നടത്തുക എന്നതായിരുന്നു അവരുടെ കൃഷിശാസ്ത്രത്തിന്റെ രാഷ്ട്രീയം. അതിനും തീവണ്ടിപ്പാളങ്ങൾക്കുള്ള സ്ലീപ്പറിനും മറ്റുമായി വൻതോതിൽ വനം നശിപ്പിക്കാൻ അവർ മടിച്ചില്ല. മാധവ് ഗാഡ്ഗിലിനെയും രാമചന്ദ്ര ഗുഹയേയും പോലുള്ളവർ പ്രകൃതിയുടെ മേലുള്ള ഈ കടന്നാക്രമണത്തെ അനാവരണം ചെയ്ത് അതുമൂലം ഉണ്ടായ പരിസ്ഥിതി നശീകരണത്തെ കുറിച്ചു സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ശങ്കരപ്പിള്ളയും ഈ കൊളോണിയൽ കൃഷിശാസ്ത്രത്തിന്റെ ഒരു ഇരയായിരുന്നിരിക്കാമെന്ന് ഈ പുസ്തകത്തിലെ വിവരണങ്ങൾ വ്യക്തമാക്കുന്നു. പുസ്തകത്തിൽനിന്ന് ഈ വാദങ്ങൾക്കനുകൂലമായ ഉദ്ധരണികൾ ചേർക്കാൻ തുടങ്ങിയാൽ അത് ഈ പുസ്തകത്തിന്റെ പരിധിയെ ഉല്ലംഘിച്ചു എന്നു വരാം. ഇതുകാരണം നമ്മുടെ പരമ്പരാഗതമായ കാർഷിക സമ്പ്രദായങ്ങളും നാട്ടറിവുകളും ഈ കൃതിയിൽ കാര്യമായ സ്വാധീനം ചെലുത്തു

ന്നില്ല. ക്ലോഡ് അൽവാരിസിന്റെ *ഹോമോഫേബർ (Homo faber)* എന്ന ആധുനിക ശാസ്ത്രചരിത്രഗ്രന്ഥം ഈ വൈകല്യങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട്. ഇതിൽ ഉപയോഗിച്ചിരിക്കുന്ന ഇംഗ്ലീഷ് പദപ്രയോഗങ്ങളും വിവർത്തനങ്ങളും ഒരു പട്ടികയായി ചേർത്തിരിക്കുന്നതു നോക്കുക. വളരെ അർത്ഥവത്തും പ്രചുരപ്രചാരം ലഭിച്ചതുമായ മലയാള കാർഷിക പദങ്ങൾ വളരെ ദുർലഭമാണതിൽ. അതുതന്നെ കൊളോണിയൽ ശാസ്ത്രത്തിന്റെ അതിരുവിട്ട സ്വാധീനത്തെ വിളംബരം ചെയ്യുന്നു.

ഇപ്പോഴും നമ്മുടെ കാർഷികകോളേജുകളിലെ പാഠ്യപദ്ധതികൾ ഈ കൊളോണിയൽ കാഴ്ചപ്പാടിൽനിന്നും വിമുക്തമല്ല. ആഗോളവത്കരണത്തിന്റെയും സ്വതന്ത്രവ്യാപാരത്തിന്റെയും ഈ പുത്തൻ യുഗത്തിൽ ഇത്തരം വൈകല്യങ്ങൾ ഇതിലും വർദ്ധിക്കുമെന്നും അത് ഇന്ത്യൻ കാർഷികപ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കുമെന്നും കരുതുന്നതിൽ തെറ്റില്ല. മേൽപറഞ്ഞ കാരണങ്ങൾകൊണ്ട് രാമകൃഷ്ണപിള്ളയുടെയും ശങ്കരപിള്ളയുടെയും ഈ കൃഷിശാസ്ത്രം ഒരു സവിശേഷകാലഘട്ടത്തിലെ കാർഷിക പരിഷ്കരണ സംസ്കാരത്തിന്റെ പ്രതിഫലനമെന്ന നിലയിൽ ചരിത്രപ്രാധാന്യം മാത്രം അർഹിക്കുന്ന ഒന്നായി കരുതാം.

അങ്കഗണിതവും ക്ഷേത്രഗണിതവും

ഇംഗ്ലീഷിൽ Arithmetic എന്നു പറയുന്ന അങ്കഗണിതവും Geometry എന്നു പറയുന്ന ക്ഷേത്രഗണിതവുമാണ് അടുത്ത രണ്ടു പുസ്തകങ്ങൾ. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിന്റെ ആദ്യപകുതിയിൽ സർക്കാരിന്റെ പാഠ്യപദ്ധതിപ്രകാരം എഴുതിയതാണ് ഇവ രണ്ടും. അതിലെ വിശദീകരണങ്ങളും അതിൽ ചേർത്തിട്ടുള്ള അഭ്യാസങ്ങളും വളരെ സമർത്ഥമായി ചെയ്തിട്ടുള്ളവയാണ്. അവയെക്കുറിച്ച് വിമർശനപരമായി അധികമൊന്നും പറയാനില്ല. വളരെ ലളിതവും സരളവും ആയ ഭാഷയിൽ ഈ വിഷയങ്ങൾ ഇത്ര ഭംഗിയായി കൈകാര്യം ചെയ്യാൻ രാമകൃഷ്ണപിള്ളയ്ക്ക് മുൻപോ പിൻപോ മലയാളത്തിൽ മറ്റാർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയം.

അവയെപ്പറ്റി പറയാനുള്ള വിമർശനം ഇന്നത്തെ പാഠപുസ്തകങ്ങളെക്കുറിച്ചും പറയാവുന്നതാകയാൽ അതിനു അദ്ദേഹത്തെ മാത്രം കുറ്റപ്പെടുത്തുന്നതു ശരിയാകയില്ല. രാമകൃഷ്ണപിള്ളയുടെ ഗണിതശാസ്ത്ര ഗ്രന്ഥങ്ങളിലും ഇന്നത്തെ അതേപോലുള്ള ഗ്രന്ഥങ്ങളിലും കാണുന്ന ഒരു വലിയ പോരായ്മ ചരിത്രവീക്ഷണത്തിന്റെ അഭാവമാണ്. അങ്കഗണിതത്തെപ്പറ്റി എഴുതുമ്പോൾ അത് എത്ര താഴ്ന്ന ക്ലാസ്സിലുള്ള കുട്ടികൾക്കു വേണ്ടിയായാലും ഒരു ചരിത്രാംശം ചേർക്കുന്നത് രസകരവും പഠനത്തെ ഫലപ്രദമായി സഹായിക്കുന്നതും ആയിരിക്കും. ഉദാഹരണത്തിന് എങ്ങനെയാണ് മനുഷ്യൻ

എണ്ണാൻ തുടങ്ങിയതും പഠിച്ചതും. ഹരിക്കുക എന്നും ഗുണിക്കുക എന്നും പറഞ്ഞാൽ അതിനും അവയുടെ ചരിത്രം സൂചിപ്പിച്ച് രസിപ്പിച്ച് പഠിപ്പിക്കുന്നതിനുപകരം വെറും യാന്ത്രികമായ കൈക്രിയയാക്കി ചുരുക്കുന്നത് ഗണിതപ്രക്രിയകളുടെ ഹൃദയത്തിലേക്ക് പ്രവേശിക്കാൻ വിദ്യാർത്ഥികളെ സഹായിക്കില്ല. അമേരിക്കയിലും പഴയ സോവിയറ്റ് യൂണിയനിലും മറ്റും പ്രാഥമിക ഗണിതപാഠപുസ്തകങ്ങൾപോലും ഇപ്രകാരമാണ് രചിക്കപ്പെടുന്നത് എന്ന് ചില മാതൃകകൾ കണ്ടപ്പോൾ ബോധ്യമായി.

അതുപോലെ ക്ഷേത്രഗണിതത്തെപ്പറ്റി പറയുമ്പോൾ എന്താണ് ഈ ക്ഷേത്രം എന്ന വിശേഷണം വരാൻ കാരണം എന്ന് വിവരിക്കേണ്ടതുണ്ട്. ഇവിടം ക്ഷേത്രം ആരാധനാലയമല്ല, ഭൂമിയെക്കുറിച്ചാണ് പറയുന്നത്. ക്ഷേത്രം എന്നതിന് ഭൂമി എന്ന അർത്ഥവുമുണ്ട്. ക്ഷേത്രഗണിതത്തിന്റെ ആദ്യപഥികൻ ഒരുപക്ഷേ സിസിലിയിൽ താമസിച്ചിരുന്ന ഗ്രീക്കുപണ്ഡിതൻ പൈഥാഗോറസ് ആയിരിക്കാമെങ്കിലും അതിന് ഇന്നത്തെ വ്യാപ്തിയും സാർവ്വജനീനതയും നൽകിയത് ഈജിപ്തിലെ അലക്സാൻഡ്രിയയിൽ പാർത്തിരുന്ന യൂക്ലിഡ് (സു. 800 ക്രി.മു) എന്ന മഹാനാണ്. ഈജിപ്തിലെ നൈൽനദി ആണ്ടുതോറും വെള്ളപ്പൊക്കംകൊണ്ട് കരകവിഞ്ഞ് പരക്കുമ്പോൾ പലരുടെയും ഉടമസ്ഥതയിലുള്ള കൃഷിഭൂമികളുടെ അതിർവരമ്പുകൾ മാഞ്ഞുപോകും. അപ്പോൾ വീണ്ടും വീണ്ടും അവ അളന്നുതിട്ടപ്പെടുത്തുകയും അതിന്റെ കോണുകൾ നിശ്ചയിക്കുകയും വിസ്തീർണ്ണം കണക്കാക്കുകയും വേണം. അതുകൊണ്ടാണ് ഭൂമിയെ അളക്കുക എന്ന അർത്ഥത്തിൽ ജ്യോമെട്രി എന്ന പദപ്രയോഗം ജന്മംകൊണ്ടത്. (Geo എന്നാൽ ഭൂമി, metry എന്നാൽ അളവുമായി ബന്ധപ്പെട്ടത്). *എലിമെൻറ്സ്* (Elements) എന്ന കൃതിയിലാണ് യൂക്ലിഡ് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും പ്രശ്നങ്ങളും പരിഹാരങ്ങളും എല്ലാം വിവരിച്ചിട്ടുള്ളത്.

ഇതൊക്കെ വളരെ ചുരുങ്ങിയ തോതിലാണെങ്കിലും ക്ഷേത്രഗണിതത്തെക്കുറിച്ചുള്ള പുസ്തകത്തിൽ വിവരിച്ചുചേർത്താൽ മാത്രമേ അതു ബാലമനസ്സുകളിൽ സ്വാരസ്യത്തോടെ പതിയുകയുള്ളൂ. നേരത്തെ പറഞ്ഞതുപോലെ ഇപ്പോഴും ഈ സമ്പ്രദായം നമ്മുടെ പാഠപുസ്തകങ്ങളിൽ കാണുന്നില്ല. എൻ സി ഇ ആർ ടിയുടെ (N.C.E.R.T.) ചില പാഠപുസ്തകങ്ങൾ ഈ ശരിയായ സമ്പ്രദായം അംഗീകരിച്ചുകാണുന്നുണ്ടെങ്കിലും പൊതുവെ പാഠപുസ്തകങ്ങളിൽ അതൊന്നും കാണുന്നില്ല.

ഈ പരിമിതിക്ക് വിധേയമായി കഴിയുന്നത്ര ശുദ്ധമായ ഭാഷയിൽ സുഗ്രാഹ്യമാംവിധം രാമകൃഷ്ണപിള്ള ഈ പാഠപുസ്തകങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നു.

വ്യാകരണം : പഴമയും പുതുമയും

സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയുടെ പാഠ്യപുസ്തകപരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേതും ആയ കൃതിയാണ് *ബാലബോധിനി*. എന്തുകൊണ്ടാണ് ഈ പേര് ഇങ്ങനെയാകാൻ കാരണം എന്ന് അറിയുന്നില്ല. ഈ പുസ്തകം മലയാളവ്യാകരണം, ബാലികാബാലന്മാർക്ക് സുഗമമായി മനസ്സിലാക്കാൻ ഉതകുന്ന ഒരു കൃതിയാണ്. പക്ഷേ പേരുകേട്ടാൽ തോന്നുക ബാലികാബാലന്മാർ അറിഞ്ഞിരിക്കേണ്ട പല വിഷയങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ഒന്നാണ് ഇത് എന്നത്രേ.

രാമകൃഷ്ണപിള്ളയുടെ മറ്റു പാഠപുസ്തകങ്ങൾ പോലെ ഇതും അദ്ധ്യയനത്തിന് ഉതകുംവിധം സമർത്ഥമായി സംവിധാനം ചെയ്തിരിക്കുന്നു. അദ്ദേഹം പറയുന്നതുപോലെ *ലോംഗ്മാൻസ് സ്കൂൾ ഗ്രാമർ* തുടങ്ങി അക്കാലത്ത് പ്രചരിച്ചിരുന്ന വ്യാകരണ പുസ്തകങ്ങളുടെ മാതൃകയിലാണ് ഇതും എഴുതിയിട്ടുള്ളത്. എല്ലാ അദ്ധ്യായങ്ങളുടെയും ആമുഖമായി ഒരഭ്യാസം ചേർത്തിരിക്കുന്നു. അത് വായിച്ച് അതിലെ നാമപദങ്ങളോ ക്രിയകളോ വിശേഷണങ്ങളോ കണ്ടെത്തി എഴുതി പട്ടികയാക്കാൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകിയശേഷം ആ പദപ്രയോഗങ്ങളുടെ നിർവചനങ്ങളിലേക്കും വ്യാഖ്യാനഭേദങ്ങളിലേക്കും പ്രയോഗവൈവിധ്യങ്ങളിലേക്കും ഗ്രന്ഥകാരൻ പ്രവേശിക്കുന്നു. ഈ കൃതിയുടെ ആമുഖമായി 'കേരളപാണിനി' എന്നു വിശേഷിപ്പിക്കപ്പെടുന്ന മഹാനായ എ ആർ രാജരാജവർമ്മ ഈ സമ്പ്രദായത്തെ ഇപ്രകാരം പ്രശംസിക്കുന്നു.

> വ്യാകരണവിഷയത്തെ ഇതിലധികം ലഘുപ്പെടുത്തി ഒരു ലളിതതരമായ പുസ്തകം എഴുതുന്നതു കേവലം അസാദ്ധ്യം എന്നുതന്നെ പറയാം. അനേകം ലക്ഷ്യങ്ങളെ ആദ്യം എടുത്തുകാണിച്ച് അവയ്ക്കു സാധാരണമായ ഒരു അനുഗതധർമ്മം കണ്ടുപിടിച്ച് അതിന് ആസ്പദമാക്കി ലക്ഷണം ചൊല്ലുന്ന രീതി ഈ മാതിരി വിഷയങ്ങൾക്ക് വളരെ ഉചിതമായിരിക്കുന്നു. ബാലന്മാരെ ആദ്യമായി വ്യാകരണം പഠിപ്പിക്കേണ്ടതു ഈ മാതിരിയിലെഴുതിയിട്ടുള്ള പുസ്തകങ്ങൾ മുഖേന വേണമെന്നു ആരും സമ്മതിക്കും.

ഈ സമ്പ്രദായത്തെ രാജരാജവർമ്മ പ്രശംസിക്കുമ്പോൾ അദ്ദേഹം എഴുതിയ *കേരളപാണിനീയ*ത്തിന്റെ 1897 ലേയും 1918 ലേയും പതിപ്പുകൾ വായിച്ചിട്ടുള്ളവരുടെ മനസ്സിൽ ചില ചോദ്യങ്ങൾ ഉയർന്നുവരാതിരിക്കില്ല. *കേരളപാണിനീയ*ത്തിന്റെ ആദ്യപതിപ്പ് എഴുതുമ്പോൾ ഉണ്ടായിരുന്നത്, ആദ്യത്തെ പതിപ്പിൽ മഹാനായ സംസ്കൃതവൈയാകരണൻ പാണിനിയുടെ *അഷ്ടാധ്യായി*യുടെ ചുവടുപിടിച്ച് വ്യാകരണനിയമങ്ങൾ നിബന്ധിക്കുകയും

അങ്ങനെ ശരിയായ ഭാഷാപ്രയോഗങ്ങൾ സംബന്ധിച്ച വിധി നിഷേധപ്രമാണങ്ങൾ ആവിഷ്കരിക്കുകയുമാണ് ചെയ്തത്. എന്നാൽ ഇരുപത്തൊന്നു വർഷം കഴിഞ്ഞ് രണ്ടാം പതിപ്പിൽ എത്തുമ്പോഴേക്കും പാണിനിയുടെ സമ്പ്രദായം ആധുനികകാലത്തിനും ഭാഷാവ്യവഹാരത്തിനും യോജിച്ചതല്ല എന്നു കണ്ട് രാജരാജവർമ്മ ഉപേക്ഷിക്കുന്നു. അതേക്കുറിച്ച് രാജരാജവർമ്മ തന്നെ രണ്ടാമത്തെ പതിപ്പിന്റെ മുഖവുരയിൽ ഇപ്രകാരം എഴുതുന്നു.

> ഒരു ഭാഷയ്ക്ക് ഒരു വ്യാകരണം ഉപകാരം ചെയ്യുന്നത് രണ്ടുവിധം ആകാം. ആ ഭാഷയിലെ രൂപസിദ്ധിക്രമം, അന്വയസമ്പ്രദായം മുതലായത് തത്കാലത്തെ നടപ്പനുസരിച്ച് പരീക്ഷിച്ചു നോക്കീട്ടു അതിനെല്ലാം ഉപപത്തിയുണ്ടാക്കത്തക്കവിധം ചില സിദ്ധാന്തങ്ങളെ കല്പിച്ചുകൊള്ളുക. ഇത് അഭ്യൂഹം എന്നു പറയുന്ന കേവലയുക്തിയെ അടിസ്ഥാനമാക്കിപ്പുറപ്പെടുന്ന മാർഗ്ഗമാകയാൽ ഇതിനു അഭ്യൂഹിക പ്രസ്ഥാനമെന്നു പേർ. ഇങ്ങനെ അല്ലെങ്കിൽ വ്യാകരിക്കേണ്ടുന്ന ഭാഷയുടെ ഉൽപത്തിമുതൽ നാളിതുവരെയുള്ള ചരിത്രം ആരാഞ്ഞറിഞ്ഞ് പല പതനങ്ങളിലും ഉണ്ടായിട്ടുള്ള വ്യത്യാസങ്ങളെ കണ്ടുപിടിച്ച് അതുകളുടെ പോക്കിനു ചേർന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുക. ഇത് ആഗമത്തെ (ചരിത്രത്തെ) ആസ്പദമാക്കിയുള്ള പുറപ്പാടാകയാൽ ഇതിന് ആഗമിക പ്രസ്ഥാനമെന്നു പേർ. എളുപ്പത്തിൽ എഴുതിയുണ്ടാക്കാവുന്നത് അഭ്യൂഹിക വ്യാകരണമായിരിക്കും. എന്നാൽ ഉപയോഗമധികം ആഗമികവ്യാകരണം കൊണ്ടാണ്. വ്യാകരണത്തെ ശാസ്ത്രങ്ങളുടെ കൂട്ടത്തിൽ ഗണിക്കണമെങ്കിൽത്തന്നെ അത് ആഗമിക മാർഗ്ഗത്തിലുള്ളതായിരിക്കണം.

രാജരാജവർമ്മ *കേരളപാണിനീയം* എഴുതി പ്രസിദ്ധീകരിച്ചിട്ട് നാലു വർഷം തികയുന്നതിന് മുമ്പാണ് രാമകൃഷ്ണപിള്ളയുടെ *ബാലബോധിനി* പ്രസിദ്ധീകരിക്കപ്പെടുന്നത്. വ്യാകരണത്തിൽ എന്നപോലെ മറ്റു പല കാര്യങ്ങളിലും രാമകൃഷ്ണപിള്ളയുടെ ഗുരുഭൂതനും ആദർശപുരുഷനും ആയിരുന്ന രാജരാജവർമ്മയോടും *കേരളപാണിനീയ*ത്തോടുമുള്ള തന്റെ ആധമർണ്ണ്യം രാമകൃഷ്ണപിള്ള തുറന്നു സമ്മതിക്കുകയും ചെയ്യുന്നു. ഈ പുസ്തകം ഗുരുഭൂതന് ഭക്തിപുരസ്സരം സമർപ്പിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ *കേരളപാണിനി*യുടെ ആദ്യകാലത്തെ അഭ്യൂഹികാവ്യാകരണ പക്ഷപാതങ്ങൾ *ബാലബോധിനി*യിൽ പ്രകടമാകുന്നത് സ്വാഭാവികയും അക്ഷന്തവ്യവുമാണ്. പക്ഷേ നേരത്തെ ഉദ്ധരിച്ചുചേർത്ത വാചകങ്ങളിൽനിന്ന് വ്യക്തമാകുന്ന വസ്തുത രാജരാജവർമ്മ തന്റെ വ്യാകരണ സമ്പ്രദായങ്ങ ളെക്കുറിച്ചുള്ള വീണ്ടുവിചാരം അപ്പോഴേ ആരംഭിച്ചുകഴിഞ്ഞിരുന്നു എന്നാണ്. ലക്ഷ്യങ്ങളിൽനിന്ന് ലക്ഷണങ്ങളിലേക്ക്

എന്ന വിശേഷപ്രയോഗത്തിൽനിന്നു തന്നെ അത് ഊഹിക്കാവു ന്നതാണ്. ഈ സമ്പ്രദായദ്വയങ്ങളുടെ ആഴത്തിലേക്കൊന്നും രാമകൃഷ്ണപിള്ള പ്രവേശിക്കുന്നില്ല. ഒരു *ബാലബോധിനി*യിൽ അതിന്റെ ആവശ്യവുമില്ല. എങ്കിലും ഒച്ചിഴഞ്ഞ് അക്ഷരമാകുന്നത് പോലെ എന്ന് പറഞ്ഞ് അത് പൂജ്യപൂജാവ്യതിക്രമം ആയിരിക്കും എന്നതുകൊണ്ട് പറയുന്നില്ല. *ലോംഗ് മാൻസ് സ്കൂൾ ഗ്രാമറി*ന്റെ മാതൃകപ്രകാരം ഭാഷാപാഠങ്ങൾ നൽകി അതിൽ നിന്നു ആവശ്യമായ പദങ്ങൾ തെരഞ്ഞെടുക്കുക എന്ന രീതിയിലുള്ള അഭ്യാസങ്ങളിൽ നിന്ന് രാമകൃഷ്ണപിള്ള *കേരളപാണിനി*യുടെ രണ്ടാം പാണിനീയത്തിലേക്ക് ഒരു സ്വപ്നാടനക്കാരനെപ്പോലെ ചെന്നെത്തുന്നു ണ്ടെന്നത് അദ്ദേഹത്തിന്റെ പോരായ്മയല്ല മേന്മയാണ് കാണിക്കുന്നത്.

അദ്ധ്യായം 8

സ്വദേശാഭിമാനി പ്രസ്ഥാനവും രണ്ടു മൂവർസംഘങ്ങളും

കേരളത്തിന്റെ സ്വാതന്ത്ര്യ സമരത്തിന്റെയും ജനാധിപത്യ സ്ഥാപനത്തിന്റെയും ചരിത്രത്തിൽ വേലുത്തമ്പി ദളവയുടെ കുണ്ടറ വിളംബരത്തെയും, പാലിയത്തച്ഛന്റെ കലാപത്തെയും, പഴശ്ശി രാജയുടെ പോരാട്ടത്തെയും പോലെ ആധുനിക കാലത്തെ ഒരവിസ്മരണീയ സംഭവമാണ് *സ്വദേശാഭിമാനി* പത്രാധിപർ കെ. രാമകൃഷ്ണപിള്ളയെ (1878–1916) 1910 സെപ്തംബർ 26-ന് ഒരു അസാധാരണമായ രാജകീയ വിളംബരം മുഖേന തിരുവിതാംകൂറിൽനിന്ന് നാടുകടത്തിയത്.

നൂറിൽപ്പരം കൊല്ലങ്ങൾക്കുമുമ്പ് കൊടുങ്കാറ്റുയർത്തിയ ഈ പ്രക്ഷുബ്ധ സംഭവങ്ങളും ആശയസംഘട്ടനങ്ങളും അവയ്ക്ക് കാരണക്കാരനായിരുന്ന ധീരാത്മാവിന്റെ ജീവിതവും ആദർശങ്ങളും പ്രസരിപ്പിച്ച പൊടിപടലങ്ങൾ കെട്ടടങ്ങുകയും പ്രകാശരേണുക്കൾ മങ്ങിത്തുടങ്ങുകയും ചെയ്തിരിക്കുന്നു. ഈ സഹചര്യത്തിൽ ഈ വിവരങ്ങൾ എവിടെനിന്ന് ലഭിക്കും എന്ന് ജിജ്ഞാസുക്കൾ ആരാഞ്ഞേക്കാം. അവർക്കായി പറയുകയാണിവിടെ. സ്വദേശാഭിമാനി എഴുതിയ ചില കൃതികളും അദ്ദേഹത്തിന്റെ ജീവചരിത്രങ്ങളും അനുസ്മരണങ്ങളുമായി കുറെ കൃതികൾ ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

16 വർഷം, 29 പുസ്തകങ്ങൾ

ജന്മസ്ഥലമായ നെയ്യാറ്റിൻകരയിലെ സ്കൂളുകളിൽ പഠിച്ചുകൊണ്ടിരുന്ന കൗമാരപ്രായത്തിൽത്തന്നെ പത്രപ്രവർത്തനത്തിലുള്ള താല്പര്യം ഒരു 'ഭ്രാന്തു'പോലെ (അദ്ദേഹത്തിന്റെ പ്രഥമ ജീവചരിത്രകാരനായ കെ. ഭാസ്കരപിള്ളയുടെ പദപ്രയോഗം) അവശേഷിച്ചിരുന്ന രാമകൃഷ്ണപിള്ള കവിതയും ലേഖനങ്ങളും വാർത്തക്കുറിപ്പുകളും പരാതികളുമായി അന്നത്തെ


വിവിധ പത്രങ്ങൾക്ക് എഴുതിത്തുടങ്ങിയിരുന്നു. എഴുതിയ ആൾ പ്രായ പൂർത്തിയാകാത്ത ഒരു സ്കൂൾ വിദ്യാർത്ഥിയാണെന്ന് അറിയാതെ എഴുത്തിന്റെ ചാതുരിയും പ്രസക്തിയും ബോധ്യപ്പെട്ട പത്രാധിപന്മാർ അവ പ്രസിദ്ധീകരിക്കുകയും ചിലപ്പോൾ ചെറിയ തുകകൾ പ്രതിഫലമായി അയച്ചു കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. സ്കൂൾ വിദ്യാഭ്യാസം നെയ്യാറ്റിൻകരയിൽ പൂർത്തിയാക്കി 16-ാം വയസ്സിൽ ഉപരിപഠനത്തിനായി തിരുവനന്തപുരത്തെത്തിയതോടെ അദ്ദേഹം കൂടുതൽ സ്വതന്ത്രനാവുകയും രക്ഷകർത്താവായ അമ്മാവൻ വക്കീൽ കേശവപിള്ളയുടെ നീരസം പരിഗണിക്കാതെ ലേഖനവ്യാപാരത്തിൽ കൂടുതൽ ഊർജ്ജസ്വലനാവുകയും ചെയ്തു.


ചിലപ്പോൾ ഒന്നിലേറെ കാലികങ്ങളിൽ ഒരേസമയത്തായും *സ്വദേശാഭിമാനി* വരെ ഒമ്പതു പത്രങ്ങളിൽ അദ്ദേഹം പത്രാധിപത്യം വഹിച്ചിരുന്നു. നാടു കടത്തപ്പെട്ടതിനുശേഷവും അദ്ദേഹം മലബാറിലും കൊച്ചിയിലും വിവിധ സ്ഥലങ്ങളിൽ താമസിച്ച് രാഷ്ട്രീയവും സാഹിത്യപരവും വൈജ്ഞാനികവുമായ മേഖലകളിൽ പോരാട്ടങ്ങൾ തുടർന്നു.

അങ്ങനെ രാമകൃഷ്ണപിള്ളയുടെ മൊത്തം 38 വർഷത്തെ ജീവിതത്തിൽ പ്രവർത്തനകാലം 16 വർഷമായി കണക്കാക്കാം. ഇതിനിടയ്ക്ക് ദാരിദ്ര്യവും മാരകമായ രോഗവും ദേശാടനംകൊണ്ടു നഷ്ടപ്പെട്ട കാലയളവുകളും കുറയ്ക്കാം. ഈ 16 വർഷം കൊണ്ട് വിവിധ വിഷയസ്പർശികളായ അനേകമനേകം മുഖപ്രസംഗങ്ങൾക്കും ലേഖനങ്ങൾക്കും പുറമെ ഇരുപത്തിയൊമ്പതോളം കൃതികൾ പുസ്തകരൂപത്തിലും അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചിടടുണ്ട്. അതായത് പ്രതിവർഷം കഷ്ടിച്ച് രണ്ടു പുസ്തകങ്ങൾവീതം. അവയിൽ *വൃത്താന്തപത്രപ്രവർത്തനം* പോലുള്ള ബൃഹത്ഗ്രന്ഥങ്ങൾ മുതൽ *കൃഷി ശാസ്ത്രം*, *അങ്കഗണിതം* മുതലായവപോലുള്ള പാഠപുസ്തകങ്ങളും *കാൾ മാർക്സ് മോഹൻദാസ് ഗാന്ധി*, *ക്രിസ്റ്റഫർ കൊളംബസ്* തുടങ്ങിയവ പോലുള്ള ലഘു ജീവചരിത്രഗ്രന്ഥങ്ങളുംപെടും. രാമകൃഷ്ണപിള്ളയുടെ വിജ്ഞാന തൃഷ്ണയും ഗ്രഹണസാമർത്ഥ്യവും രചനാപാടവവും സർവോപരി കാലത്തിന് മുമ്പേ ജനിച്ചയാൾ എന്നു തോന്നിക്കുന്ന ഉത്പതിഷ്ണുതയും മനസ്സിലാക്കാൻ അവ ഉപകരിക്കും. *വൃത്താന്തപത്രപ്രവർത്തന* രംഗത്തും മാധ്യമരംഗത്തും ആശയ സംവേദനത്തിലെന്നപോലെ ഉല്പാദന സങ്കേതത്തിലും വിപ്ലവങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഇന്നും *വൃത്താന്തപത്രപ്രവർത്തനം* കാലഹരണപ്പെടാത്ത ആശയങ്ങളുടെയും നിർദേശങ്ങളുടെയും ഒരു ഖനിയായി അവശേഷിക്കുന്നത് അനുവാചകരെ അത്ഭുതപ്പെടുത്താതിരിക്കില്ല.

സ്വദേശാഭിമാനിയെപ്പറ്റി പുസ്തകങ്ങൾ

കുറ്റപത്രം നൽകുകയോ വിചാരണ ചെയ്യുകയോ വിധി പ്രസ്താവിക്കുകയോപോലും ചെയ്യാതെ, ഇതിനെ സംബന്ധിച്ച് ഒരു കോടതിയിലും


സ്വദേശാഭിമാനി
ഒരു ചരിത്രകാരപിള്ള


രാജദ്രോഹിയായ
രാജ്യസ്നേഹി
സ്വദേശാഭിമാനി


കൗമുദി
1878 - 1916


സ്വദേശാഭിമാനിയുടെ
പത്രപ്രവർത്തനം
രാജവാഴ്ചയുടെ
ദുഷ്ടിയിത്ത്
വിവ: പുതുപ്പള്ളി രാഘവൻ


ഭയകൗടില്യ ലോഭങ്ങൾക്കെതിരെ!
സ്വദേശാഭിമാനിയുടെ സമ്പൂർണ്ണകൃതികൾ


ഓർമ്മയും
ജീവചരിത്ര കൃതികളും

പരാതിപ്പെട്ടുകൂട എന്ന്കൂടി വ്യവസ്ഥ ചെയ്ത്, വാറണ്ടു കാണിക്കാതെ വീടും പ്രസ്സും അടച്ച് മുദ്രവച്ച് പത്രാധിപർ രാമകൃഷ്ണപിള്ളയെ രായ്ക്കുരാമാനം ആരുവാമൊഴി കടത്തിവിട്ട സംഭവം തിരുവിതാംകൂറിൽ വലിയ ചലനങ്ങ ളൊന്നും സൃഷ്ടിച്ചില്ല എന്നത് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ വിസ്മയം തോന്നാം. പക്ഷേ അതായിരുന്നു രാമകൃഷ്ണപിള്ളയുടെ രൂക്ഷമായ എതിർപ്പിന് വിധേയമായ അഴിമതിയുടെയും രാജസേവക പ്രഭാവത്തിന്റെയും ഭീരുത്വത്തിന്റെയും ഇടമായ അന്നത്തെ തിരുവിതാംകൂർ. ചില പത്രങ്ങൾ ന്യായീകരിച്ചു. ചുരുക്കം ചിലവ ഇത്രത്തോളം കടന്നകൈ വേണ്ടായിരുന്നു എന്ന് സ്വരം താഴ്ത്തി പറഞ്ഞു. *മലയാള മനോരമ* പോലെ ചിലവ ബുദ്ധി പൂർവ്വം മൗനം ഭജിച്ചു. എന്നാൽ മലബാറിലും കൊച്ചിയിലും മാത്രമല്ല, മദി രാശി പ്രവിശ്യയിലും മറ്റിടങ്ങളിലും ഈ കിരാത നടപടികളെ പൊതുജന നേതാക്കളും പത്രങ്ങളും കഠിനമായി അപലപിച്ചു.

ഒന്നാം ലോകമഹായുദ്ധത്തിനിടയിൽ (1914–1918) 1916–ലാണല്ലോ രാമ കൃഷ്ണപിള്ള ക്ഷയരോഗബാധിതനായി കണ്ണൂരിൽവച്ച് നിര്യാതനായതും കണ്ണൂർ കടപ്പുറത്തെ പയ്യാമ്പലത്ത് സംസ്കരിക്കപ്പെട്ട. യുദ്ധാനന്തര ഭാരത ത്തിൽ റൗലറ്റ് ആക്റ്റും ജാലിയൻ വാലാബാഗ് കൂട്ടക്കൊലയും (1919) ഗാന്ധി ജിയുടെ ആഹ്വാനമനുസരിച്ച് അഖിലേന്ത്യാ പ്രതിഷേധ ഹർത്താലും മറ്റും ഇന്ത്യയിലെ രാഷ്ട്രീയാന്തരീക്ഷത്തെ ഇളക്കിമറിക്കാൻ തുടങ്ങിയിരുന്നു. 1920–ൽ നിസ്സഹകരണവും സിവിൽ നിയമ ലംഘനവും സത്യഗ്രഹവുമെല്ലാം ഒരു പുത്തനുണർവ്വിന് തുടക്കം കുറിച്ചു. അതോടെ രാമകൃഷ്ണപിള്ളയുടെ നാടുകടത്തലും അദ്ദേഹത്തിന്റെ പോരാട്ടങ്ങളും ആശയങ്ങളും ഈ പുത്ത നുണർവ്വുമായി ചേർന്ന് തിരുവിതാംകൂറിലും മാറ്റങ്ങളുടെ കാറ്റ് വിതയ്ക്കാൻ തുടങ്ങി.

ഈ പുത്തനുണർവ്വിന്റെ ആദ്യത്തെ കനിയാണ് രാമകൃഷ്ണ പിള്ളയുടെ പത്നിയും, അദ്ദേഹത്തിന്റ അപകടകരവും ദുരിതമയവുമായ ജീവിതത്തിൽ അചഞ്ചലയായ പങ്കാളിയും അധ്യാപികയും കൃതഹസ്ത യുമായ എഴുത്തുകാരിയുമായിരുന്ന ബി. കല്യാണിഅമ്മയുടെ *വ്യാഴവട്ട സ്മര ണകൾ*. പിന്നീട് അവരുടെ മരണശേഷം 1964–ൽ പ്രസിദ്ധീകരിച്ച *ഓർമ യിൽനിന്നും* മകൾ കെ. ഗോമതി അമ്മയുടെ ഓർമ്മക്കുറിപ്പും ലേഖനങ്ങളു മടങ്ങുന്ന *ധന്യയായി ഞാൻ* (1978) എന്ന കൃതിയും സ്വദേശാഭിമാനിയുടെ ജീവിതത്തിലേക്കും ആദർശങ്ങളിലേക്കും ആധികാരികമായ വെളിച്ചം വീ ശുന്നു. പല ജീവചരിത്രക്കുറിപ്പുകളും പ്രബന്ധ വലിപ്പത്തിൽ വന്നിട്ടുണ്ടെ ങ്കിലും ഒരു സമ്പൂർണ്ണ ജീവചരിത്രമായി ഇന്നും വായിക്കാവുന്ന നല്ല പുസ്തകം 1956–ൽ പ്രസിദ്ധീകൃതമായ കെ. ഭാസ്കരപിള്ളയുടേതാണ്. സാഹിത്യകാരിയും അധ്യാപികയുമായിരുന്ന പി. കമലമ്മ സ്വദേശാഭി മാനിയുടെ ജീവചരിത്രക്കുറിപ്പോടുകൂടി പല ലേഖനങ്ങളും സ്വദേശാഭിമാ

നിയെപ്പറ്റിയുള്ള പ്രമുഖരുടെ ഓർമ്മക്കുറിപ്പുകളും കവിതകളും സമാഹരിച്ച് പ്രസിദ്ധീകരിച്ചതും പ്രയോജനപ്രദമാണ്.

സ്വദേശാഭിമാനി പത്രത്തിന്റെയും പ്രസ്സിന്റെയും ഉടമയായിരുന്ന വക്കം മൗലവിയുടെ മകനും പ്രസിദ്ധ ചിന്തകനുമായിരുന്ന വക്കം അബ്ദുൾ ഖാദർ എഴുതിയ *സ്വദേശാഭിമാനി* എന്ന നാടകം കല്പിതാംശങ്ങളൊന്നുമില്ലാതെ ചരിത്ര വസ്തുതകളും കഥാപാത്രങ്ങളുമടങ്ങിയ ഒരപൂർവ്വ സൃഷ്ടിയാണ്. സ്വദേശാഭിമാനിയുടെ ആദർശങ്ങളെയും അനുകൂലികളെയും പ്രതിയോഗികളെയും അന്നത്തെ സാമൂഹ്യ-രാഷ്ട്രീയാന്തരീക്ഷത്തെയും പഠിക്കാൻ ഈ നാടകരൂപത്തിലുള്ള പഠനം വളരെ വിലപ്പെട്ടതാണ്.

രാജദ്രോഹിയായ രാജ്യസ്നേഹി

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെക്കുറിച്ച് ഇന്നോളം വന്നിട്ടുള്ള വിവിധ കൃതികളിൽവച്ച് ഏറ്റവും ബൃഹത്തും സമഗ്രവും സമർഥവുമായ കൃതി പ്രശസ്ത പത്രപ്രവർത്തകനും ഗവേഷകനും നിരൂപകനുമായ ടി വേണുഗോപാലൻ രചിച്ച *സ്വദേശാഭിമാനി: രാജദ്രോഹിയായ രാജ്യസ്നേഹി* ആണ്. കേരള പ്രസ്സ് അക്കാദമി 1996-ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തെ ഒന്നാം സ്ഥാനത്തുനിന്ന് പിന്തള്ളാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല അടുത്തൊന്നും ആർക്കെങ്കിലും കഴിയുമെന്ന് പ്രതീക്ഷിക്കാനും വകയില്ല. പ്രസ് അക്കാദമി ചെയർമാൻ ആയിരുന്ന കാലത്ത് ഈ ലേഖകന്റെ നിർബന്ധത്തെ തുടർന്നാണ. ഇത് കൂടാതെ സ്വദേശാഭിമാനിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്ത് കൊണ്ട്വരുന്നതിനു വേണ്ടി സ്വദേശാഭിമാനിയുടെ മകൾ ഗോമതിയമ്മയുടെ ഭർത്താവായിരുന്ന ദേശീയനേതാവായിരുന്ന എ കെ പിള്ളയുടെ ഒരു ജീവചരിത്രം എഴുതണം എന്ന ഈ ലേഖകന്റെ അപേക്ഷ എ രാധാകൃഷ്ണൻ സ്വീകരിക്കുകയും പ്രസ് അക്കാദമി പ്രസിദ്ധീകരിക്കുകയും ചെയ്തു: *എ കെ പിള്ള ആദർശങ്ങളുടെ രക്തസാക്ഷി (1998)*

പത്രാധിപരുടെ ജീവചരിത്രസംഭവങ്ങൾ സന്ദർഭാനുസരം പരാമർശിച്ചിട്ടുണ്ടെങ്കിലും അവയെക്കാൾ വേണുഗോപാലൻ ഊന്നൽ നൽകുന്നത് അദ്ദേഹത്തിന്റെ ആശയപ്രപഞ്ചത്തിനും അവയെ ചുറ്റിപ്പറ്റി വളർന്നുവന്ന വിവാദങ്ങൾക്കും ചരിത്രത്തിലെ അദ്ദേഹത്തിന്റെ സ്ഥാനത്തിനുമാണ്. രാമകൃഷ്ണപിള്ളയുടെ സാഹിത്യവിമർശനങ്ങൾ തൽക്കർത്താക്കളോടുള്ള ഇഷ്ടാനിഷ്ടങ്ങളെ ആസ്പദമാക്കിയായിരുന്നു എന്നും ദളിതർക്ക് വിദ്യാലയത്തിൽ മേലാളന്മാരോടൊപ്പം പ്രവേശനവും പഠനവും അനുവദിച്ചതിലുള്ള സവർണാമർഷം ആണ് ദിവാൻ രാജഗോപാലാചാരിയെ എതിർക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്നുമുള്ള അടുത്ത കാലത്തെ നികൃഷ്ടമായ ആരോപണത്തെക്കുറിച്ചും, രാഷ്ട്രമീമാംസ, ജീവിതദർശനം തുടങ്ങിയവയെക്കു

റിച്ചുള്ള ദാർശനിക നിലപാടുകളെക്കുറിച്ചും വേണുഗോപാലൻ യുക്തിയുടെയും വസ്തുതകളുടെയും പിൻബലത്തോടെ വിവരിക്കുന്നു. രാമകൃഷ്ണപിള്ളയുടെ കാലത്തെയും ആ കാലം സൃഷ്ടിച്ച കോലങ്ങളെയും കുറിച്ചുള്ള വേണുഗോപാലന്റെ വിവരണവും വിശകലനവും തിരുവിതാംകൂർ ചരിത്രത്തിനുതന്നെ ഒരു സംഭാവനയാണ്. അതു വായിക്കുമ്പോൾ നമുക്ക് തോന്നുക സ്വദേശാഭിമാനിയെക്കുറിച്ചെന്നല്ല, മറ്റൊരു കേരളീയ മഹാനെയോ മഹതിയെയോ കുറിച്ചോ ഇത്തരമൊരു സമഗ്രപഠനം ഉണ്ടായിട്ടില്ലെന്നാണ്.

ആകെ 854 പുറങ്ങളുള്ള ഈ ബൃഹത്കൃതിയിൽ 15 അധ്യായങ്ങളും 11 അനുബന്ധങ്ങൾ, കടപ്പാടുകൾ, സൂചിക മുതലായവയുമുണ്ട്. പ്രധാന അധ്യായങ്ങളെ മൂന്ന് പുസ്തകങ്ങളായി (ഭാഗങ്ങളായി) തിരിച്ചിരിക്കുന്നു. അതിലാദ്യത്തെ ഭാഗത്തിന്റെ പേർ 'സ്വദേശാഭിമാനി പ്രസ്ഥാനത്തിന്റെ മൂവർസംഘം' എന്നാണ്. അതിലെ ആദ്യാധ്യായം തുടങ്ങുന്നത് ഈ പ്രസ്ഥാനത്തിന്റെ നിർവചനവും വിവരണവുംകൊണ്ടാണ്. വേണുഗോപാലൻ ഇങ്ങനെ തുടങ്ങുന്നു.

> ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രാമകൃഷ്ണപിള്ളയെന്ന യുവപത്രാധിപർ തന്റെ പത്രങ്ങളിലൂടെ, വിശേഷിച്ചും അവസാനം *സ്വദേശാഭിമാനി* പത്രത്തിലൂടെ ഉച്ചണ്ഡമാക്കിത്തീർത്ത രാജനീതി പ്രക്ഷോഭം കേരളത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ പരിവർത്തനത്തിന് വഴിതെളിയിച്ച ആദ്യത്തെ ബോധവൽക്കരണ പ്രക്രിയയാണ്. അന്ധമായ രാജഭക്തിയിലൂടെ ന്യൂനതയിൽനിന്ന് യഥാർത്ഥമായ രാജ്യഭക്തിയുടെ അർഥവ്യാപ്തി വ്യവഛേദിച്ച് കാണിച്ച് ജനങ്ങളിൽ മാറ്റത്തിനുള്ള ഇഛാശക്തി വളർത്തുന്ന ഒരു പ്രായോഗിക രാഷ്ട്രീയ സിദ്ധാന്തത്തിന്റെ അന്തഃസത്ത നൽകി അതിനെ ക്രിയാത്മക യത്നമാക്കി മാറ്റാനായിരുന്നു അദ്ദേഹത്തിന്റെ യത്നം. ഈ സ്വദേശാഭിമാനി പ്രസ്ഥാനമാണ് സവർണ-വർഗീയ - ഫ്യൂഡൽ വ്യവസ്ഥിതിയുടെ കാടത്തം മുഴുവൻ കാട്ടുന്ന രാജവാഴ്ചയുടെ സ്ഥാനത്ത് ജനാധിപത്യത്തിന്റെയും ആദ്യകാല സോഷ്യലിസത്തിന്റെയും സിദ്ധാന്തങ്ങൾ മേളിച്ചുള്ള അധികാര വ്യവസ്ഥിതി വിഭാവനം ചെയ്തത്. മറ്റൊരു നിലയ്ക്ക് പറഞ്ഞാൽ ചൂഷണം നടത്തി അലസജീവിതം നയിച്ച് രാജ്യത്തെ മുടിക്കുന്ന ആഢ്യവർഗ ന്യൂനപക്ഷത്തിന്റെ മേൽക്കോയ്മക്ക് പകരം രാജ്യത്തിന്റെ മുതലെടുത്ത് കൂട്ടുന്ന അധഃസ്ഥിത വർഗമായ ബഹുഭൂരിപക്ഷത്തിന്റെ - രാമകൃഷ്ണപിള്ളയുടെ ഭാഷയിൽ ജനസാമാന്യത്തിന്റെ - അസ്തിത്വത്തിനും വ്യക്തിത്വത്തിനും പ്രാതിനിധ്യം വഹിക്കുന്ന ഒരു രാഷ്ട്രീയ - സാമൂഹിക ക്രമമായിരുന്നു ആ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

പ്രഥമ മൂവർ സംഘം

ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഈ ലക്ഷ്യങ്ങൾ പൂർണമായി നിറവേറിയതായി അവകാശപ്പെടാനാവില്ലെങ്കിലും ഈ ആശയങ്ങൾ ലളിതങ്ങളും അനുകരണീയവുമായി നമുക്ക് തോന്നാം. എന്നാൽ നൂറു വർഷം മുമ്പ് അവ നൂതനമെന്ന് മാത്രമല്ല വിധ്വംസകവുമായിട്ടാണ് സാമാന്യജനങ്ങൾക്കെന്നല്ല അവരുടെ നേതാക്കൾക്കും വക്താക്കൾക്കും തോന്നിയത്. ഇതിലെ ആശയങ്ങളും വാദങ്ങളും പ്രത്യക്ഷരം സമർഥിക്കാനാണ് വേണുഗോപാലൻ തുടർന്ന് ശ്രമിക്കുന്നത്. അന്നത്തെ ഭൂരിപക്ഷത്തിന് ദഹിക്കാത്ത ഈ ആശയങ്ങളുടെ ജനയിതാവും ആസൂത്രകനും പടനായകനും രാമകൃഷ്ണപിള്ളയായിരുന്നു എങ്കിലും കൈനിലയിലിരുന്ന് ഉപദേശവും പ്രോത്സാഹനവും കൊടുത്തുപോന്നത് കെ. നാരായണകുരുക്കളാണ്. യുദ്ധഭൂമിയിലേക്കിറങ്ങാൻ രംഗം ഒരുക്കിക്കൊടുത്തത് വക്കം മൗലവിയും എന്ന് വേണുഗോപാലൻ ചൂണ്ടിക്കാട്ടുന്നു. ഈ രണ്ടുപേരെക്കൂടി ഉൾപ്പെടുത്താത്ത ചരിത്രവിവരണം വികലമായിരിക്കുമെന്ന് ഓർമ്മിപ്പിക്കുന്ന വേണുഗോപാലൻ ഇവരെ 'മൂവർസംഘം' എന്നാണ് വിശേഷിപ്പിക്കുന്നത്.

ഇവരുടെ ആശയങ്ങൾ ഒരേ ലക്ഷ്യത്തിലേക്ക് നയിക്കുന്നതായിരുന്നുവെങ്കിലും അവരുടെ വ്യക്തിഗത സ്വഭാവങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു എന്ന് ചൂണ്ടിക്കാട്ടുന്നു. 1861-ൽ തിരുവനന്തപുരത്ത് ജനിച്ച (മ. 1948) സർക്കാർ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി ജോലിയിൽനിന്ന് വിരമിക്കുമ്പോഴേക്കും നാരായണകുരുക്കൾ കാവിമൂടുന്ന ആത്മീയവാദിയായിത്തീർന്നിരുന്നു. ഒരുപക്ഷേ തുടക്കംതൊട്ടേ തന്റെ വിപ്ലവചിന്തകളോടൊപ്പം ഈ ആത്മീയപ്രവണതയും അദ്ദേഹത്തിലുണ്ടായിരുന്നിരിക്കാം. 1920-കളിൽ മഹാത്മാഗാന്ധിയുടെ രംഗപ്രവേശത്തിന് ശേഷം 'സത്യഗ്രഹി' എന്നൊരാഖ്യായിക എഴുതി തന്റെ ദേശസ്നേഹം അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു. രാമകൃഷ്ണപിള്ളയേക്കാൾ 17 വയസ്സ് കൂടുതലായിരുന്ന കുരുക്കളുടെ ആദ്യകൃതി പിൽക്കാലത്ത് രാമകൃഷ്ണപിള്ള പ്രസിദ്ധീകരിക്കുകയും രാഷ്ട്രീയരംഗത്തും കൊട്ടാരക്കെട്ടുകളിലും വലിയ കോളിളക്കങ്ങൾ സൃഷ്ടിക്കുകയും ചെയ്ത *പാറപ്പുറം* എന്ന ആഖ്യായികയാണ്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ നിലനിന്നിരുന്ന തിരുവിതാംകൂർ രാഷ്ട്രീയത്തെയും അഴിമതികളെയും രാജസേവക പ്രഭാവത്തെയും അന്യാപദേശ രൂപത്തിൽ പരിഹസിക്കുകയും വിമർശിക്കുകയും ചെയ്യുന്ന *പാറപ്പുറം* എന്ന കൃതി 1894-ൽ കുരുക്കൾ എഴുതുമ്പോൾ രാമകൃഷ്ണപിള്ള ഒരു സ്കൂൾ വിദ്യാർഥിമാത്രം. പക്ഷേ അത് പ്രസിദ്ധീകരിക്കാനുള്ള ധൈര്യമോ ത്യാഗസന്നദ്ധതയോ കുരുക്കൾക്കുണ്ടായില്ല. പന്ത്രണ്ടു വർഷത്തോളം അത് രഹസ്യമായിവച്ച് അതിന്റെ നേട്ടകോട്ടങ്ങൾ ഉൾപ്പെടെ സർവാവകാശവും നൽകി യഥാർഥ ഗ്രന്ഥകർത്താവിന്റെ പേര് വെളിപ്പെടുത്തില്ലെന്ന ഉറപ്പിൽ പ്രസിദ്ധീകരണത്തിന് രാമകൃഷ്ണപിള്ളക്ക് നൽകുകയാണ് കുരുക്കൾ ചെയ്തത്. ഭയമെന്ന വികാരം

തന്റെ അയലത്തുപോലും അനുഭവപ്പെട്ടിട്ടില്ലാത്ത രാമകൃഷ്ണപിള്ള അത് പ്രസിദ്ധീകരിച്ചു. പല പതിപ്പുകളായി. അതിനെതിരെ *പാറപ്പുറം കീറാപ്പുറം* എന്നൊരു പ്രതികരണവും തുടർന്ന് വിപണിയിലെത്തി. *പാറപ്പുറ*ത്തിനു ശേഷം അതിന്റെ തുടർച്ചയെന്ന നിലയിൽ *ഉദയഭാനു* എന്നൊരു ബഹുസഞ്ചികാഖ്യാനവും കുരുക്കൾ എഴുതിയതും ഗ്രന്ഥകർത്തൃനാമം ഗുപ്തമാക്കി രാമകൃഷ്ണപിള്ള പ്രസിദ്ധീകരിച്ചു.

ആധുനിക പാശ്ചാത്യ ചിന്തയിൽ എന്നപോലെ പൗരാണിക - പൗരസ്ത്യ ചിന്തയിലും അഗാധമായ അറിവു നേടുകയും പുതുപുത്തൻ പുസ്തകങ്ങളും ചിന്തകളും രൂപംകൊള്ളുന്നതനുസരിച്ച് അവ സ്വാംശീകരിക്കുകയും ആത്മീയതയുടെ അന്തർധാരയുണ്ടെങ്കിലും രാഷ്ട്രീയ-സാമ്പത്തിക സാമൂഹ്യ വീക്ഷണത്തിൽ വിപ്ലവാഭിമുഖ്യം പുലർത്തുകയും ചെയ്തിരുന്ന കുരുക്കൾ 1899-ൽ രാമകൃഷ്ണപിള്ള എന്ന ഇരുപത്തിയൊന്നുകാരൻ വിദ്യാർത്ഥി *കേരളദർപ്പണം* പത്രാധിപത്യം ഏറ്റെടുത്ത് അങ്ങോട്ടുചെന്ന് പരിചയപ്പെടുകയും പേരുവയ്ക്കാത്ത ലേഖനങ്ങൾ കൊടുത്തുതുടങ്ങുകയും ചെയ്യുകയാണുണ്ടായത്. ഇതാണ് തന്റെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ കഴിവും കരുത്തുമുള്ള ഒരു യുവധീരൻ എന്ന് കുരുക്കൾ കണ്ടു. പുതിയ പുസ്തകങ്ങൾ നൽകുകയും വിവിധ വിഷയങ്ങളെക്കുറിച്ച് നിരന്തരം അദ്ദേഹവുമായി സംവാദം നടത്തുകയും ചെയ്തു. ഈ വറ്റാത്ത വിജ്ഞാന സ്രോതസ്സിൽ ആകൺഠം ആചമിച്ച രാമകൃഷ്ണപിള്ള കുരുക്കളുടെ ഒരനൗപചാരിക ശിഷ്യനായിത്തീർന്നു എന്നു പറയാം.

പക്ഷേ തന്റെ ആശയങ്ങൾ തിരശ്ശീലയ്ക്കു പുറകിൽനിന്ന് നടീനടന്മാർക്ക് കാണികൾ കേൾക്കാതെ പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുന്ന 'പ്രോംപ്റ്ററെ'പ്പോലെ പ്രവർത്തിക്കാനേ കുരുക്കൾക്ക് തന്റേടം ഉണ്ടായിരുന്നുള്ളു. പക്ഷെ അതെല്ലാം സഹിക്കാം. നീണ്ട ചരിത്രത്തിൽ വല്ലപ്പോഴുമൊരിക്കൽ പ്രത്യക്ഷപ്പെടുന്ന രാമകൃഷ്ണപിള്ളയുടേതുപോലുള്ള സ്വപ്രത്യയ സ്ഥൈര്യവും കടുത്ത ആപന്മുഖങ്ങളിൽപോലും തെല്ലും പതറാത്ത ധീരതയും ത്യാഗസന്നദ്ധതയും എല്ലാവരിൽനിന്നും പ്രതീക്ഷിച്ചുകൂടല്ലോ.

എന്നാൽ ഈ ഭീരുത്വം മാത്രമായിരുന്നില്ല കുരുക്കളുടെ ദൗർബല്യം. പാണ്ഡിത്യത്തിന്റെയും വിപ്ലവാഭിമുഖ്യത്തിന്റെയും ആത്മീയതയുടെയും പുറകിൽ പതിയിരുന്ന കുരുക്കളുടെ സ്വാർഥതയും കൃതഘ്നതയും വേണുഗോപാലൻ ഇങ്ങിനെ വിവരിക്കുന്നു:

> വർഷങ്ങൾ കഴിഞ്ഞ്, ആപത്തുകൾ എല്ലാം നീങ്ങിക്കഴിഞ്ഞു എന്ന് ബോദ്ധ്യമായപ്പോൾ, പുറത്തുവന്ന് ആ പുസ്തകങ്ങളുടെ ഗ്രന്ഥകർതൃത്വം വെളിപ്പെടുത്തി ആ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് കൈപ്പറ്റാൻ രാമകൃഷ്ണപിള്ളയുടെ വിധവയായ ബി. കല്യാണിയമ്മയോട് പകർപ്പവകാശം ചോദിച്ചുവാങ്ങാനും അദ്ദേഹം മുതിർന്നു. പകർപ്പവ

കാശം ആദ്യമേ രാമകൃഷ്ണപിള്ളയ്ക്ക് കൊടുത്തിരുന്നുവെങ്കിലും പുസ്തകങ്ങൾ എഴുതിയത് കുരുക്കളായിരുന്നുവല്ലോ, അവയുടെ യഥാർഥത്തിലുള്ള അവകാശിയും അദ്ദേഹം തന്നെ. ഒരുപാധിയുംവ യ്ക്കാതെ കല്യാണി അമ്മ അത് സന്തോഷപൂർവ്വം വിട്ടുകൊടുക്കു കയും ചെയ്തു. പകരം രാമകൃഷ്ണപിള്ളയുടെ മക്കൾക്ക് ഭൂമി വാങ്ങി ക്കൊടുക്കാമെന്ന് ഒരുതരം കുറ്റബോധത്താൽ അദ്ദേഹം കൊടുത്ത വാക്ക് അവർ കാര്യമായി എടുത്തില്ല. അദ്ദേഹം അത് പാലിച്ചതുമില്ല.

ശ്രീനാരായണഗുരുവിനോടുകൂടി ആരംഭിക്കുന്ന കേരള നവോത്ഥാന ത്തിന്റെ പ്രമുഖനും പ്രഖ്യാതനുമായ നായകനായിരുന്നു ഗുരുവിന്റെ അടുത്ത മിത്രമായിരുന്ന വക്കം അബ്ദുൾ ഖാദർ മൗലവി. ഇസ്ലാം മതപണ്ഡിതനും ബഹുഭാഷാ വിദഗ്ദ്ധനും ആയിരുന്ന മൗലവി നല്ലൊരു ധനവാനുമായിരു ന്നു. അദ്ദേഹം തന്റെ മുഖ്യപ്രവർത്തനമണ്ഡലമായി തെരഞ്ഞെടുത്തത് മുസ്ലീങ്ങളുടെ ആചാര പരിഷ്കരണമായിരുന്നു. അതിനായി 1920-കളിൽ 'മുസ്ലിം ഐക്യസംഘം' രൂപീകരിച്ച് പ്രവർത്തിച്ച മൗലവി മികച്ച ഒരു സംഘാ ടകനും എഴുത്തുകാരനുമായിരുന്നു. എന്നാൽ തന്റെ പ്രവർത്തനങ്ങൾ മുസ്ലീ ങ്ങൾക്കിടയിൽ മാത്രമായി ഒതുങ്ങിപ്പോകരുതെന്ന നിഷ്കർഷയോടെയാണ് പേരു സൂചിപ്പിക്കുന്നതുപോലെ ഇന്ത്യക്കാരുടെ രാഷ്ട്രീയ സ്വാതന്ത്ര്യസമ രത്തെ സൂചിപ്പിക്കുന്ന *സ്വദേശാഭിമാനി* എന്ന വർത്തമാന പത്രം അദ്ദേഹം തുടങ്ങിയത്. അതിനകം തന്നെ ഉശിരനും സ്വതന്ത്രബുദ്ധിയും എന്ന് പേരെ ടുത്ത രാമകൃഷ്ണപിള്ളയെ അതിന്റെ പത്രാധിപരായി നിയോഗിച്ചു. ഒരി ക്കലും പത്രാധിപരുടെ സ്വാതന്ത്ര്യത്തിൽ കൈവയ്ക്കുകയില്ലെന്ന് വാഗ്ദാനം ചെയ്ത മൗലവി ആ സ്വാതന്ത്ര്യ പ്രയോഗം സ്വന്തം സുരക്ഷിതത്വത്തെ ബാധിക്കുന്ന ഘട്ടം വന്നപ്പോഴും വാഗ്ദാനം ലംഘിച്ചില്ല. പ്രസ്സും പത്രവും കണ്ടുകെട്ടിയതിന്റെ ധനനഷ്ടത്തിനു പുറമെ അറസ്റ്റും കാരാഗൃഹ വാസവും കൂടി വന്നേക്കാമെന്ന സ്ഥിതിവന്നപ്പോഴും ആ മഹാൻ പതറിയില്ല.

സമുദായ പരിഷ്കരണ പ്രവർത്തനവും *സ്വദേശാഭിമാനി*ക്കു പുറമെ *ഇസ്ലാം* എന്നൊരു അറബി മലയാള പത്രവും മറ്റു സാമുദായിക പരിഷ്ക രണ പ്രവർത്തനവും നടത്തി 1932-ൽ നിര്യാതനാകുമ്പോൾ കുടുംബസ്വത്ത് മിക്കവാറും ഒലിച്ചുപോയിരുന്ന വാഗ്ദാനപാലനത്തിന് പുറമെ അദ്ദേഹ ത്തിന്റെ രാഷ്ട്രീയാഭിപ്രായങ്ങളിൽ പങ്കുചേരുകയും ചെയ്തിരുന്ന മൗലവി തീർച്ചയായും 'സ്വദേശാഭിമാനി പ്രസ്ഥാന'ത്തിന്റെ മൂവർ സംഘത്തിലെ മുമ്പിൽതന്നെ എന്നതിൽ സംശയമില്ല. രാമകൃഷ്ണപിള്ളയുടെ കാര്യം ആദ്യ മേതന്നെ പറഞ്ഞുവെച്ചുവല്ലോ.

പിൽക്കാല മൂവർ സംഘം

ഇതുവരെ നാം ചർച്ച ചെയ്ത 'സ്വദേശാഭിമാനി പ്രസ്ഥാന'ത്തിന്റെ പ്രഭവത്തെയും പ്രഭാവത്തെയും കുറിച്ചും അതിലെ മുഖ്യനായകരെക്കുറിച്ചും



ഡി സി കിഴക്കേമുറി



കെ ഭാസ്കരപിള്ള



റ്റി വേണുഗോപാൽ

രാമകൃഷ്ണപിള്ളയുടെ അകാല ചരമത്തിനുശേഷം അദ്ദേഹത്തിന്റെ ആശയങ്ങളും ആദർശങ്ങളും പ്രചരിപ്പിക്കാൻ ശ്രമിച്ചവരെയും അവരുടെ കൃതികളെയുംകുറിച്ചുമാണല്ലോ. ഇനി നമുക്ക് പരിഗണിക്കാനുള്ളത് ഇന്ത്യ സ്വാതന്ത്ര്യം നേടുകയും പഴയ വിലക്കുകളെല്ലാം അസ്തമിക്കുകയും തിരുവതാംകൂറിലെ രാജാധിപത്യവും ദിവാൻഭരണവും നാമാവശേഷമാകുകയും ചെയ്തതിനെ തുടർന്ന് പ്രസ്ഥാനത്തിനും അതിന്റെ നായകനും ഉണ്ടായ പുനർജന്മത്തെക്കുറിച്ചുമാണ്. ഈ പുനർജന്മത്തിന് വഴിയൊരുക്കിയത് പ്രസ്ഥാനത്തിന് ജന്മം നൽകിയ മൂവർ സംഘത്തെ പിന്തുടർന്നുവന്ന മറ്റൊരു മൂവർസംഘമാണ് എന്ന് ഈ ലേഖകൻ കരുതുന്നു. പ്രഥമ മൂവർ സംഘത്തിന് ശേഷം ഒരു പിൽക്കാല മൂവർസംഘം എന്ന് പറയാം. സ്വാതന്ത്ര്യ സമരനായകനും എഴുത്തുകാരനും പുസ്തകപ്രസാധകരംഗത്തെ അതികായനും ആയ ഡി സി കിഴക്കേമുറിയും സ്വദേശാഭിമാനിയുടെ ശ്രദ്ധേയമായ ആദ്യ സമ്പൂർണ ജീവചരിത്രം എഴുതിയ വിവിധ ഭാഷാ പണ്ഡിതനും ന്യായാധിപനും ഗ്രന്ഥകർത്താവുമായ കെ. ഭാസ്കരപിള്ളയും നാം കുറെയേറെ ചർച്ച ചെയ്ത ടി വേണുഗോപാലനും ചേർന്നതാണ് ഈ 'പിൽക്കാല മൂവർ സംഘം.'

ഇവരിൽ ഡി സി കിഴക്കേമുറിയുടെ പങ്ക് അദ്ദേഹം തന്നെ കെ. ഗോമതി അമ്മയുടെ *ധന്യയായി ഞാൻ* എന്ന കൃതിയുടെ അവതാരികയിൽ സംക്ഷേപിച്ച് പറഞ്ഞിട്ടുള്ളത് ഉദ്ധരിക്കാം:

> സ്വദേശാഭിമാനിയെപ്പറ്റി പഠിക്കാനവസരം കിട്ടിയ കാലംമുതൽ എന്റെ മനസ്സിൽ അങ്കുരിച്ച ഒരാശയമാണ് തിരുവിതാംകൂറിൽ ദിവാൻ ഭരണം അവസാനിച്ചാലുടനെ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം തിരുവനന്തപുരത്ത് കൊണ്ടുവന്ന് സ്ഥാപിക്കണമെന്നത്. 1936 അടുത്ത് രാഷ്ട്രീയ രംഗത്ത് കുറച്ചൊക്കെ പ്രവർത്തിക്കാൻ തുടങ്ങിയതോടുകൂടി ഈ ആഗ്രഹത്തിന് ശക്തി കൂടുകയും ചെയ്തു.

ദിവാൻ ഭരണം അവസാനിച്ച ഉടനെ ഡി സി തന്റെ ആഗ്രഹനിവൃത്തിക്കായി യത്നം തുടങ്ങി. തിരുവനന്തപുരത്ത് ഏതാനും പ്രമുഖ രാഷ്ട്രീയ നേതാക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഒരു കമ്മറ്റി മെനഞ്ഞെടുത്തു. കുമ്പളത്തു ശങ്കുപ്പിള്ള പ്രസിഡന്റും കെ. ആർ. ഇലങ്കത്ത് ഖജാൻജിയും ഡി സി തന്നെ സെക്രട്ടറിയുമായി ഒരു കമ്മറ്റി. ഇതിന് തിരുവിതാംകൂറിലെ പുതിയ കോൺഗ്രസ് മന്ത്രിസഭ മുൻകയ്യെടുക്കണമെന്ന ആവശ്യത്തെ, ഇതിനകം തന്നെ കോൺഗ്രസിനകത്ത് മുറുകിക്കൊണ്ടിരുന്ന ഗ്രൂപ്പ് വഴക്കുകളുടെ അടിസ്ഥാനത്തിൽ കുമ്പളത്തു ശങ്കുപ്പിള്ളയുടെ രാഷ്ട്രീയനീക്കമാണെന്ന് ആരോപിച്ച് പ്രധാനമന്ത്രി (അന്ന് മുഖ്യമന്ത്രി എന്ന നാമകരണം നടപ്പിലായിട്ടില്ല.) പട്ടം താണുപിള്ളയും അനുകൂലികളും എതിർത്തെങ്കിലും സി കേശവനെപ്പോലുള്ള മന്ത്രിമാരും ജനങ്ങളിൽ വിലയപങ്കും അനുകൂലിക്കുകയും ചെയ്തതൊന്നും വിവരിക്കുന്നില്ല. ഏതായാലും അനൗദ്യോഗികമായിത്തന്നെ കുമ്പളത്തിന്റെ നേതൃത്വത്തിലും ഡി സിയുടെ കാർമികത്വത്തിലും പയ്യാമ്പലത്തുനിന്ന് സ്വദേശാഭിമാനിയുടെ ഭൗതികാവശിഷ്ടം തിരുവനന്തപുരത്ത് കൊണ്ടുവന്ന് സ്ഥാപിച്ചു. സ്വദേശാഭിമാനിയുടെ നാടുകടത്തലിന്റെ 38-ാം വാർഷികദിനമായിരുന്ന 1948 സെപ്തംബർ 26-ാം തീയതിയായിരുന്നു അതിന്റെ ചടങ്ങ്.

അടുത്ത രംഗം സുമാർ പത്തുവർഷം കഴിഞ്ഞ് ഐക്യകേരളത്തിന്റെ പ്രഥമ മന്ത്രിസഭയുടെ കാലത്തായിരുന്നു. മന്ത്രിസഭയെയോ മുഖ്യമന്ത്രി ഇ എം എസ് നമ്പൂതിരിപ്പാടിനെയോ സ്വദേശാഭിമാനിയുടെ കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ട ആവശ്യമൊന്നും ഇല്ലായിരുന്നു. എങ്കിലും ഡി സിയുടെ കമ്മറ്റി ജാഗ്രത പുലർത്തി. അടുത്ത സ്വാതന്ത്ര്യദിനത്തിൽത്തന്നെ (1957 ആഗസ്റ്റ് 15) തുടർ നടപടികൾ കൈക്കൊള്ളാൻ പ്രേരണ നൽകി. അതിനായി ഭാരതത്തിലെ ഒന്നാം പൗരനായിരുന്ന രാഷ്ട്രപതി രാജേന്ദ്രപ്രസാദിനെത്തന്നെ മുഖ്യമന്ത്രി ക്ഷണിച്ചു. അദ്ദേഹത്തിന്റെ സൗകര്യാർത്ഥം ആഗസ്റ്റ് 13-ന് സ്വദേശാഭിമാനിയുടെ അർധകായപ്രതിമ *സ്വദേശാഭിമാനി* പത്രകാര്യാലയം സ്ഥിതിചെയ്തിരുന്ന സ്ഥലത്തിന് തൊട്ട് ഇപ്പോഴത്തെ അക്കൗണ്ടന്റ് ജനറൽ ഓഫീസ് വളപ്പിൽ അനാച്ഛാദനം ചെയ്തു. അതോടെ ആധുനിക കേരളം അതിന്റെ രാജശിൽപ്പികളിൽ പെട്ട പ്രതിഭാശാലിയെ പിറന്ന മണ്ണിലേക്ക് വീണ്ടെടുത്തു.

അങ്ങനെ മഹാകവി ജോൺകീറ്റ്സിനെപ്പോലെ 23 വയസ്സിനകം മരിക്കുംമുമ്പ് പുതിയ കാവ്യസരണികൾ തുറന്ന് സഹൃദയരിൽനിന്ന് മഹാകവിപ്പട്ടം നേടിയ വി സി ബാലകൃഷ്ണപണിക്കർ സ്വദേശാഭിമാനിയെ നാടുകടത്തിയതിനെക്കുറിച്ച് നടത്തിയ പ്രവചനം സാക്ഷാൽക്കരിക്കപ്പെട്ടു. *രാമകൃഷ്ണഗീത* എന്ന പേരിൽ പണിക്കർ തന്റെ പത്രമായ *മലബാറി*യിൽ 1913-ൽ എഴുതിയ കവിതയിലെ പ്രവചനം ഇങ്ങനെ:

ഒരു ഭൂപതി നിൻ ഗുണങ്ങളെ
കരുതിടാതെ കളഞ്ഞുവെങ്കിലും
ഒരു നാളൊരു ചക്രവർത്തി-
തന്നുരസി പ്രാപ്തനുയർത്തിടും ഭവാൻ.

ചക്രവർത്തിമാരും രാജാക്കന്മാരും പഴകിദ്രവിച്ച ചരിത്രത്തിലേക്ക് തിരസ്കരിക്കപ്പെട്ട സ്വതന്ത്രഭാരതത്തിൽ ചക്രവർത്തിപദം വഹിക്കുന്നത് രാഷ്ട്രപതിയാണല്ലോ. രാഷ്ട്രപതി രാജേന്ദ്രപ്രസാദിന്റെ കൈകൾകൊണ്ടുതന്നെ സ്വദേശാഭിമാനിയുടെ വീരസ്മരണ ഉണർത്തപ്പെട്ടു. രാഷ്ട്രപതി രാജേന്ദ്രപ്രസാദിന്റെ കൈകൾകൊണ്ടുതന്നെ അനാച്ഛാദനം ചെയ്ത പാളയത്തെ രക്തസാക്ഷി സ്മാരകത്തിന്റെ ചത്വരത്തിലേക്ക്, മഹാകവി കുമാരനാശാന്റെ ഉൾപ്പുളകം ചേർക്കുന്ന പ്രതിമക്കും സരസ്വതീക്ഷേത്രമായ കേരള സർവ്വകലാശാലക്കും അഭിമുഖമായി സ്വദേശാഭിമാനിയുടെ പ്രതിമ അദ്ദേഹത്തിന്റെ നാടുകടത്തലിന്റെ ശതാബ്ദിവേളയിൽ സ്ഥാപിക്കപ്പെടുമ്പോൾ നവകേരളത്തിന്റെ ചരിത്രം തുടിക്കുകയാണ്. അനീതിയുടെയും ആധിപത്യത്തിന്റെയും ചരിത്രത്തോട് പ്രതികാരം വീട്ടുകയാണ്. അതോടൊപ്പം മഹാനായ വക്കം മൗലവിയുടെ ഒരു സ്മാരകംകൂടി ഉയരുന്നതോടെ ഒരു വൃത്തം പൂർത്തിയാക്കുകയാണ്.

തന്റെ സ്വാതന്ത്ര്യസമരകാല സ്വപ്നം സാക്ഷാത്ക്കരിച്ചശേഷവും ഡി സി അടങ്ങിയിരുന്നില്ല. സ്വദേശാഭിമാനിയുടെ വിസ്മൃതവും ദുർലഭവുമായ ഗ്രന്ഥങ്ങൾ പുനഃപ്രസിദ്ധീകരിക്കാനും അദ്ദേഹം ശ്രമം തുടങ്ങി. *വൃത്താന്തപത്രപ്രവർത്തനം*, *എന്റെ നാടുകടത്തൽ* തുടങ്ങി പല പുസ്തകങ്ങളും ഡി സിയുടെ ശ്രമഫലമായിട്ടാണ് വീണ്ടും മലയാളികൾക്ക് ലഭിക്കുന്നത്. കെ. ഗോമതി അമ്മയുടെ *ധന്യയായി ഞാൻ* എന്ന സമാഹാരവും ഡി സിയുടെ പരിശ്രമംമൂലമാണ് തയ്യാറാക്കപ്പെട്ടത്. വക്കം അബ്ദുൾ ഖാദറുടെ *സ്വദേശാഭിമാനി* നാടകവും അങ്ങനെ വീണ്ടും വെളിച്ചംകണ്ടു.

പിൽക്കാല മൂവർസംഘത്തിലെ രണ്ടാമൻ *സ്വദേശാഭിമാനി* എന്ന ഒരു പൂർണ ജീവചരിത്രം രചിച്ച കെ ഭാസ്കരപിള്ളയാണെന്ന് പറഞ്ഞുവല്ലോ. അതുപോലെ ഗ്രന്ഥകാരനെപ്പറ്റിയും ഗ്രന്ഥത്തെപ്പറ്റിയും ചുരുക്കം ചില വിവരങ്ങളും ഈ മൂവർസംഘത്തിൽ കാലഗണനയനുസരിച്ച് അന്തിമനും സംഭാവനയുടെ ഗരിമയനുസരിച്ച് മുമ്പനുമായ ടി വേണുഗോപാലന്റെ *രാജദ്രോഹിയായ രാജ്യസ്നേഹി*യാണ് സ്മര്യപുരുഷനെക്കുറിച്ച് വന്നിട്ടുള്ള പഠനങ്ങളിൽ ഏറ്റവും മികച്ചു നിൽക്കുന്നത് എന്നതിനോടൊപ്പം അദ്ദേഹം ജീവചരിത്രസംഭവങ്ങൾ ആവശ്യമായിടത്ത് വിസ്തരിക്കുന്നുണ്ടെങ്കിലും മുൻതൂക്കം നൽകുന്നത് സ്വദേശാഭിമാനിയുടെ ആശയപ്രപഞ്ചത്തിനാണെന്നും പറഞ്ഞുവല്ലോ. വേണുഗോപാലൻ കാലാനുക്രമമായി ജീവിതസംഭവങ്ങളുടെയും പുസ്തകങ്ങളുടെയും പട്ടിക ആദ്യമേതന്നെ നാലു പുറങ്ങ

ളിൽ ഒതുക്കിയിരിക്കുകയാണ്. അതുകൊണ്ട് കാലാനുക്രമമായി സ്വദേശാഭിമാനിയുടെ ജീവിത സംഭവങ്ങൾ ഗ്രഹിക്കാൻ താൽപ്പര്യപ്പെടുന്നവർ ഭാസ്കരപിള്ളയുടെ കൃതിയെ ആശ്രയിക്കണം. അതാണ് അതിന്റെ പ്രസക്തിയും മേന്മയും.

മുവരിൽ മുമ്പൻ വേണുഗോപാലൻ

സ്വദേശാഭിമാനി പത്രാധിപർ കെ രാമകൃഷ്ണപിള്ളയുടെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെയും ചരിത്രത്തിൽ ടി വേണുഗോപാലന് സ്ഥിരപ്രതിഷ്ഠ നേടാൻ അദ്ദേഹത്തിന്റെ *രാജ്യദ്രോഹിയായ രാജ്യസ്നേഹി* മാത്രം മതി എന്ന് ഇതേവരെ അതേപ്പറ്റി നടത്തിയ ചർച്ച വ്യക്തമാക്കും. പക്ഷേ അദ്ദേഹത്തിന്റെ സംഭാവനകൾ ആ പുസ്തകത്തിൽ ഒതുങ്ങുന്നില്ല. അല്പകാലംകൂടി കഴിഞ്ഞാൽ 'പൊടിഞ്ഞും അലിഞ്ഞും മണ്ണാകു'മായിരുന്ന സ്വദേശാഭിമാനിയുടെ പിൽക്കാല ലോകം കണ്ടിട്ടില്ലാത്ത പല മുഖപ്രസംഗങ്ങളും ലേഖനങ്ങളും പാഠപുസ്തകങ്ങൾതന്നെയും കഠിനാധ്വാനം ചെയ്ത് തേടിപ്പിടിച്ച് പ്രസിദ്ധീകരിക്കുക എന്ന ചരിത്രദൗത്യംകൂടി അദ്ദേഹം നിർവ്വഹിച്ചിരിക്കുന്നു. ഈ പ്രയത്നത്തിന്റെ ആദ്യത്തെ മധുരക്കനി വേണുഗോപാലൻ സമ്പാദനവും എഡിറ്റിങ്ങും നടത്തി ഒരു നല്ല പഠനത്തോടുകൂടി കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച സ്വദേശാഭിമാനിയുടെ സാഹിത്യഭാഷാശാസ്ത്രലേഖനങ്ങളുടെ ഒരു സമാഹാരമാണ്. (*സ്വദേശാഭിമാനിയുടെ ഗ്രന്ഥനിരൂപണങ്ങൾ*, 1991, സാഹിത്യ അക്കാദമി)

അതിനേക്കാൾ വലിയൊരു പദ്ധതി നിർവഹണത്തിൽ കൂടി അദ്ദേഹം പങ്കാളിയായി. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ടതും, സാംസ്കാരികപ്രവർത്തകനും നാടകപ്രതിഭയും രാഷ്ട്രീയ നേതാവുമായ പിരപ്പൻകോട് മുരളി അധ്യക്ഷനായ കേരള ഗ്രന്ഥശാലാ സഹകരണസംഘത്തിന്റെ *സ്വദേശാഭിമാനിയുടെ സമ്പൂർണകൃതികൾ* എന്ന പുസ്തകപരമ്പരയുടെ സമ്പാദകനും എഡിറ്ററും ഉപദേഷ്ടാവും ടി വേണുഗോപാലനാണ്. ഇവയുടെ ശേഖരണത്തിനായി വേണുഗോപാലൻ നടത്തിയ 'തീർഥയാത്രകളും' 'മലകയറ്റങ്ങളും' വിപുലവൃത്തത്തിൽപ്പെട്ട സഹായികളോടുള്ള കടപ്പാടുകളും എല്ലാം രണ്ടാം സഞ്ചികയിൽ 'സ്വദേശാഭിമാനിയുടെ കാൽപ്പാടുകളും കൈപ്പാടുകളും തേടി' എന്ന ഒരു കുറിപ്പിൽ വേണുഗോപാലൻ വിവരിക്കുന്നുണ്ട്. മാത്രമല്ല, സമ്പാദനവും എഡിറ്റിങ്ങും കുറ്റമറ്റതാക്കാൻ അനുവർത്തിക്കേണ്ട രീതികളും അദ്ദേഹം വിവരിക്കുന്നു.

> രേഖകളുടെ സമ്പാദനത്തിന് രചനാത്മകമായ ചില വശങ്ങളുണ്ട്. വെറുതെ പകർത്തിയെടുത്തതുകൊണ്ട് ആവില്ലല്ലോ. അവയുടെ ക്രമീകരണമാണ് പ്രധാനം. ഒന്ന് – എഴുതിയതിന്റെ കാലക്രമരീതിയിൽ ഒരാളുടെ ചിന്തയുടെ വികാസവും വൈവിധ്യഭംഗിയും വൈപുല്യവും കാണാൻ അത് സഹായിക്കും. ഇനയൊരു രീതി: ആശയങ്ങളുടെ

പരസ്പരബന്ധം കാണിക്കൽ. ഉദാഹരണത്തിന് സ്വദേശാഭിമാനിയെപ്പറ്റി പറയുമ്പോൾ, ആദ്യത്തെ ചില മുഖപ്രസംഗങ്ങളുടെ തുടർച്ചയായി കാണിക്കേണ്ടിവരുന്നത് അവസാനകാലത്തെഴുതിയവയാണ്. പഠനത്തിന് ഈ രണ്ടാമത്തെ രീതിയും സമ്പൂർണകൃതികൾ തയ്യാറാക്കുന്നതിന് ഒന്നാമത്തെ രീതിയും ആണ് അഭികാമ്യമായിത്തീരുന്നത്. എങ്ങനെയായാലും സമ്പാദകന് രണ്ടു രീതിയേയും കുറിച്ച് അവബോധമുണ്ടായേ പറ്റൂ.

ലേഖന സമാഹാരങ്ങളും സമ്പൂർണ്ണകൃതികളും തയ്യാറാക്കുന്നവർക്കെല്ലാം മാർഗനിർദ്ദേശകങ്ങളായ ഈ രീതികൾ ഫലപ്രദമായി അവലംബിച്ച് തയ്യാറാക്കിയ *സ്വദേശാഭിമാനിയുടെ സമ്പൂർണകൃതികൾ* മലയാളഭാഷയിലെ പുസ്തക പ്രസാദന ചരിത്രത്തിലെ ഒരു പുതിയ ചുവടുവയ്പ്പായിരിക്കും. ഇതിനകം നൂറ് സഞ്ചികകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞ *ഈ എം എസിന്റെ സമ്പൂർണകൃതികൾ* ശ്രദ്ധേയമായ മറ്റൊരു സാഹിത്യസംഭവമാണെങ്കിലും ഇ എം എസിന്റെ കൃതികൾ സുലഭ്യവുമായിരുന്നുവല്ലോ. എന്നാൽ നൂറ്റാണ്ടു പഴക്കമുള്ളതും നാശോന്മുഖവുമായ സ്വദേശാഭിമാനിയുടെ കൃതികൾ ശേഖരിച്ച് എഡിറ്റ് ചെയ്തതും പ്രസിദ്ധീകരിച്ചതും അതിലേറെ ദുഷ്കരമായ കൃത്യമായിരുന്നു. ആ ദുഷ്കരകൃത്യത്തിൽ ഏർപ്പെട്ട വേണുഗോപാലനും പിരപ്പൻകോട് മുരളിയും സ്വദേശാഭിമാനി പ്രസ്ഥാനത്തിന്റെ സമകാലിക വ്യാഖ്യാതാക്കളും പ്രചാരകരുമാണ്. ഇതെല്ലാം വച്ചു നോക്കുമ്പോൾ സ്വദേശാഭിമാനി പ്രസ്ഥാനത്തിന്റെ പിൽക്കാല മൂവർ സംഘത്തിലെ മുമ്പൻ ടി വേണുഗോപാലനാണ് എന്ന് നിസ്സംശയം പറയാം.

പുതുപ്പള്ളിയും ദാമോദരനും

നേരത്തെ പറഞ്ഞുവച്ചതുപോലെ ഈ മൂവർസംഘത്തിന്റെ നിർണായകമായ സേവനം എടുത്തുപറയുമ്പോഴും മറ്റാരും ഈ മഹാസംരംഭത്തിൽ



കെ.ദാമോദരൻ



പുതുപള്ളി രാഘവൻ

സംഭാവനകൾ ചെയ്തിട്ടില്ലെന്ന് ധരിക്കരുത്. അവരിൽ ചിലരുടെ സംഭാവനകളെപ്പറ്റി പരാമർശിച്ചിരുന്നുവെങ്കിലും ഈ മൂവർസംഘത്തിൽപ്പെടാത്ത രണ്ടു പ്രഗത്ഭമതികളുടെ സംഭാവനകളെക്കൂടി പരാമർശിച്ചുകൊണ്ട് അവസാനിപ്പിക്കാം. സ്വാതന്ത്ര്യസമര സേനാനിയും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാലനേതാവും മാധ്യമങ്ങൾ ഉൾപ്പെടെ പല വിഷയങ്ങളെപ്പറ്റിയും ആധികാരിക ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ആളുമായ പുതുപ്പള്ളി രാഘവനാണ് ഒരാൾ. കേരളത്തിലെ കമ്യൂണിസ്റ്റ് പാർടിയുടെ നാലു സ്ഥപകാംഗങ്ങളിൽ ഒരാളും പ്രസിദ്ധ സൈദ്ധാന്തികനുമായ കെ ദാമോദരനാണ് രണ്ടാമത്തെയാൾ. പല പുതിയ കണ്ടെത്തലുകളും അടങ്ങിയിട്ടുള്ള ലേഖനങ്ങൾ സ്വദേശാഭിമാനിയെപ്പറ്റി പുതുപ്പള്ളി എഴുതിയിട്ടുണ്ടെങ്കിലും *സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം: രാജവാഴ്ചയുടെ ദൃഷ്ടിയിൽ* (കേരള പ്രസ് അക്കാദമി) എന്ന കൃതിയാണ് ഏറ്റവും പ്രധാനം. സ്വദേശാഭിമാനിയുടെ നാടുകടത്തൽ നടപടിയെ സാധൂകരിക്കാൻ ദിവാൻ പി രാജഗോപാലാചാരി സർക്കാരിലേക്കെഴുതിയ ഒരു പ്രധാന റിപ്പോർട്ട് ഇന്ത്യയിലൊരിടത്തും കിട്ടാനില്ലായിരുന്നു. ആധുനിക കേരളചരിത്രം സംബന്ധിച്ച് പലതും എഴുതിയിട്ടുള്ള റോബിൻ ജെഫ്രിയുടെ സഹായത്തോടെ ഒരു ആസ്ത്രേലിയൻ സർവകലാശാല പുരാരേഖ ശേഖരത്തിൽനിന്ന് തേടിയെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ പുതുപ്പള്ളി എഴുതിയ കൃതി പുതിയ വസ്തുതകൾ പുറത്തുകൊണ്ടുവന്നു.

1940-കളുടെ അവസാനം കെ ദാമോദരൻ സ്വദേശാഭിമാനിയുടെ *കാൾ മാർക്സ്* എന്ന ജീവചരിത്രം കണ്ടെടുത്ത് ഒരു പഠനത്തോടെ പ്രസിദ്ധീകരിച്ചപ്പോൾ പലരും അൽപമൊന്നമ്പരന്നു. കെ നാരായണകുരുക്കളെയും ബി കല്യാണിയമ്മയെയും പോലെ രാമകൃഷ്ണപിള്ളയുമായി അടുത്ത ബന്ധമുണ്ടായിരുന്നവർക്ക് ഒരുപക്ഷേ അറിയാമായിരുന്നു എങ്കിലും ഇങ്ങനെ ഒരു കൃതി അദ്ദേഹത്തിന്റെ വകയായി ഉണ്ട് എന്ന് അധികമാരും അറിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് ജനസാമാന്യം സോവിയറ്റ് യൂണിയന്റെ ജനനത്തിന് അഞ്ചുവർഷം മുമ്പ് ഇങ്ങനെയും ഒരു പുസ്തകം രാമകൃഷ്ണപിള്ള മലയാളിക്ക് നൽകിയോ എന്ന് അമ്പരന്നത്.

1970-കളിൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിയുടെ മുൻ ജനറൽ സെക്രട്ടറി പി.സി. ജോഷിയുമായി സഹചരിച്ച് ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഒരു രേഖാധിഷ്ഠിത (ഡോക്യൂമെന്ററി) ചരിത്രരചനയിൽ ഏർപ്പെട്ടിരിക്കുമ്പോൾ തന്റെ മുൻ കണ്ടെത്തലിലേക്ക് ദാമോദരൻ വീണ്ടും തിരിഞ്ഞത്. *മാർക്സ് കംസ് ടു ഇന്ത്യ* (മനോഹർ ബുക്ക് സർവീസ് 1975) എന്ന അവരുടെ സംയുക്ത കൃതിയിൽ രാമകൃഷ്ണപിള്ളയുടെ ജീവചരിത്രവും കാൾ മാർക്സിന്റെ ഇംഗ്ലീഷ് വിവർത്തനവും ചേർത്തിരുന്നു.

പി.സി.ജോഷിയും കെ.ദാമോദരനും ചേർന്ന് തയ്യാറാക്കിയ *മാർക്സ് കംസ് ടു ഇന്ത്യ* എന്ന കൃതിയുടെ സവിശേഷ പ്രാധാന്യത്തെക്കുറിച്ച് സ്വദേശാഭിമാനിയുടെ മകൾ പ്രൊഫ.കെ.ഗോമതിഅമ്മ ഇപ്രകാരം വിലയിരുത്തുന്നു:

> *മാർക്സ് കംസ് ടു ഇന്ത്യ* എന്ന ഇംഗ്ലീഷ് ഗ്രന്ഥം ഇന്നത്തെ തപാലിൽ കിട്ടിയത് എന്റെ മുമ്പിൽ ഇരിക്കുന്നു- 'ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിലും ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ഔദാര്യത്താലും ഈയിടെ ഡൽഹിയിൽ പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥത്തിൽ കാറൽ മാർക്സിനെപ്പറ്റി 1912-ൽ ഇന്ത്യയിൽ ആദ്യം പ്രസിദ്ധപ്പെടുത്തിയ രണ്ട് ഗ്രന്ഥങ്ങളെക്കുറിച്ച് പരാമർശമുണ്ട്. ലാല ഹർദയാൽ ഇംഗ്ലീഷിൽ എഴുതിയ ജീവചരിത്രവും അതേ കൊല്ലത്തിൽ എന്റെ അച്ഛൻ മലയാളത്തിലെഴുതിയ ലഘുജീവചരിത്രത്തിന്റെ തർജമക്ക് പുറമെ ശ്രീ കെ ദാമോദരൻ എഴുതിയ എന്റെ അച്ഛന്റെ ജീവചരിത്രവും സമീക്ഷയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പ്രശസ്തി കേരളത്തിലും ഏറെക്കുറെ ഭാരതത്തിലും ഒതുങ്ങിനിന്നത് ഈ ഇംഗ്ലീഷ് ഗ്രന്ഥം മുഖേന അന്യരാജ്യങ്ങളിലും പരിചിതമാവുമെന്നല്ലേ പ്രതീക്ഷിക്കേണ്ടത്? ഗ്രന്ഥം ഒരാവർത്തി വായിച്ചു. എന്റെ ഓർമകൾ ഏഴ് ദശാബ്ദത്തോളം പിന്നിട്ടുപോവുകയാണ്. നാടുകടത്തൽ നടന്നിട്ട് 65 കൊല്ലം തികയാൻ ഇനി രണ്ടുമാസം കൂടി മതി. (*ധന്യയായ് ഞാൻ*- കോട്ടയം, 1979)

മഹാകവി പാല നാരായണൻ നായരുടെ കാവ്യഭാഷയിൽ കേരളം സഹ്യനെ പിന്നിട്ടും വളരുകയാണ്, അതോടൊപ്പം കേരളത്തിന്റെ അഭിമാനസ്തംഭമായ സ്വദേശാഭിമാനിയുടെ പ്രശസ്തിയും.

അനുബന്ധം: 1

സ്വദേശാഭിമാനിയെ നാടുകടത്താൻ പുറപ്പെടുവിച്ച രാജകീയ വിളംബരം

ശ്രീപ്തമനാഭദാസ വഞ്ചിപാല സർ രാമ
വർമ്മ കുലശേഖര കിരീടപതി മന്നെ സുൽ
ത്താൻ മഹാ രാജരാജ ബഹദൂർ ഷംഷർജംഗ്,
നൈട് ഗ്രാണ്ഡ് കമാണ്ഡൻ ആഫ് ദി മോസ്ട്
എക്സാൾടെഡ് ആർഡർ ആഫ് ദി സ്ടാർ ആഫ്
ഇൻദ്യാ, നൈട് ഗ്രാണ്ഡ് കമാണ്ഡൻ ആഫ് ദി
മോസ്ട് എമീനെണ്ട് ആർഡർ ആഫ് ദി ഇൻ
ദ്യൻ എമ്പയാർ, എഫ്.എം.യു., എം.ആർ.ഏ.
എസ്സ്.അഫീസ്യർ ദി ലാ ഇൻസ്ട്രക്ഷൻ പബ്ളിക്
മഹാരാജ അവർകൾ സകലമാനപേർക്കും
പ്രസിദ്ധപ്പെടുത്തുന്ന വിളംബരം.

തിരുവനന്തപുരത്തു നിന്നും പ്രസിദ്ധം ചെയ്യുന്ന സ്വദേശാഭിമാനി എന്ന വർത്തമാനപത്രത്തെ അമർച്ച ചെയ്യുന്നതും ആ പത്രത്തിന്റെ മാനേജിംഗ് പ്രൊപ്രൈറ്ററും എഡിറ്ററുമായ കെ.രാമകൃഷ്ണപിള്ളയെ നമ്മുടെ നാട്ടിൽ നിന്നും നീക്കം ചെയ്യുന്നതും പൊതുജനക്ഷേമത്തിന് ആവശ്യമെന്ന് നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ കെ.രാമകൃഷ്ണ പിള്ളയെ ഉടനെ അറസ്സ് ചെയ്തു നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തിക്കു പുറത്താക്കുകയും നാം വേറെവിധം ആജ്ഞാപിക്കുന്നതുവരെയ്ക്കും മേൽപ്പറഞ്ഞ കെ.രാമകൃഷ്ണപിള്ള നമ്മുടെ സംസ്ഥാനത്തിൽ തിരികെ വരികയോ പ്രവേശിക്കയോ ചെയ്യുന്നതിനെ വിരോധിക്കയും ചെയ്യണമെന്ന് നാം ഇതിനാൽ ആജ്ഞാപിക്കുന്നു. യാതൊരു സ്ഥലത്തും കാണപ്പെടുന്ന *സ്വദേശാഭിമാനി* എന്ന വർത്തമാനപത്രിന്റെ എല്ലാ പ്രതികളും മേൽപറഞ്ഞ സ്വദേശാഭിമാനി എന്ന വർത്തമാനപത്രം അച്ചടിച്ചുവരുന്ന അച്ചടിയന്ത്രവും അതിന്റെ അനുസാരികളും അതിനെ സംബന്ധിച്ചു മറ്റു വസ്തുക്കളും നമ്മുടെ ഗവൺമെന്റിലേക്കു കണ്ടുകെട്ടി എടുക്കപ്പെടണമെന്നും നാം ആജ്ഞാപിക്കുന്നു. മേൽ അടങ്ങിയ നമ്മുടെ ആജ്ഞകളെ അനുസരിച്ചോ ആസ്പദമാക്കിയോ അപ്രകാരമെന്നു ഗണിച്ചോ ചെയ്യപ്പെടുന്ന യാതൊരു പ്രവൃത്തിയേയും സംബന്ധിച്ചു നമ്മുടെ ഗവർമെന്റിന്റെയോ നമ്മുടെ

ഗവർമെന്റിലെ യാതൊരു ഉദ്യോഗസ്ഥന്റെയോ പേരിൽ സിവിലായോ ക്രിമിനലായോ യാതൊരു വ്യവഹാരത്തിനും ഇടയില്ലാത്തതാകുന്നു എന്നുംകൂടി നാം ആജ്ഞാപിക്കുന്നു.

എന്നു്,

1910-ാം വർഷം സെപ്തംബർ മാസം 26-ാം തീയതിക്കു
108-ാമാണ്ട് കന്നിമാസം 10-ാം തീയതി.

അനുബന്ധം 2

ജീവിത രേഖ

ജനനം - നെയ്യാറ്റിൻകരയിൽ 1878 മേയ് 25 (1053 ഇടവം 13)
അച്ഛൻ - നരസിംഹം പോറ്റി
അമ്മ - നെയ്യാറ്റിൻകര മുല്ലപ്പള്ളി വീട്ടിൽ ചക്കിയമ്മ
1886 - നെയ്യാറ്റിൻകര ഇംഗ്ലീഷ് സ്കൂൾ വിദ്യാർത്ഥി
1894 - തിരു:യൂണിവേഴ്സിറ്റി കോളേജിൽ എഫ്.എ.പഠനം
1898 - തിരു:യൂണിവേഴ്സിറ്റി കോളേജിൽ ബി.എ.പഠനം
1899 - *കേരള ദർപ്പണം* പത്രാധിപർ
1899 - പത്രപ്രവർത്തനത്തിന്റെ പേരിൽ അമ്മാവൻ കുടുംബത്തിൽ നിന്ന് പുറത്താക്കി.
1901 - *ഉപധ്യായൻ* മാസിക
1901 - ആദ്യവിവാഹം - പാൽക്കുളങ്ങര വെയിലൂർ വീട്ടിലെ നാണിക്കുട്ടി അമ്മ
1901 -(ഏപ്രിൽ 22) - *കേരള പഞ്ചിക* പത്രാധിപത്യം
1904 - ആദ്യഭാര്യ നാണിക്കുട്ടി അമ്മ മരിച്ചു
1904 - *മലയാളി* പത്രാധിപത്യം
1905 - രണ്ടാം വിവാഹം - വഞ്ചിയൂർ കുഴിവിള വീട്ടിൽ ബി.കല്ല്യാണി അമ്മ.
1905 - *കേരളൻ* മാസിക പത്രാധിപത്യം
1906 - (ജനുവരി17)- സ്വദേശാഭിമാനി പത്രാധിപത്യം
1907 - *വിദ്യാർത്ഥി* (വിദ്യാഭ്യാസ മാസിക) പത്രാധിപത്യം
- *ശാദര* (വനിതാ മാസിക) പത്രാധിപത്യം
1910 (സെപ്റ്റംബർ 26) - തിരുവിതാംകൂറിൽ നിന്ന് നാടുകടത്തി.
1911 - എഫ്.എ ഫൈനൽ പരീക്ഷ ജയിച്ചു (മദിരാശിയിൽ നിന്ന്)
1912 (സെപ്റ്റംബർ 28) - മലേഷ്യൻ മലയാളികൾ പാലക്കാട്ടു വച്ച് സ്വദേശാഭിമാനിക്ക് സ്വർണ്ണമുദ്ര സമ്മാനിച്ചു.
1913 - മേയ് മുതൽ പാലക്കാട്ടു സ്ഥിരതാമസമാക്കി.
- *ആത്മപോഷിണി* (കുന്നംകുളം) മാസിക പത്രാധിപത്യം
1915 താമസം കുടുംബസമേതം കണ്ണൂരിലേക്ക് മാറ്റി
1916 - മാർച്ച് 28 ന് 38-ാം വയസ്സിൽ കണ്ണൂരിൽ അന്തരിച്ചു.


അനുബന്ധം: 3

സ്വദേശാഭിമാനിയുടെ കൃതികൾ

1. അങ്കഗണിതം
2. അറുന്നൂറ് ഭൂവിവരണ ചോദ്യങ്ങൾ
3. ആചാര്യാചാരം
4. കാറൽ മാർക്സ്
5. കൃഷിശാസ്ത്രം
6. കേരളഭാഷോൽപ്പത്തി
7. ക്രിസ്റ്റഫർ കൊളംബസ്
8. തിരുവിതാംകൂർ നാടുകടത്തൽ
9. തിരുവിതാംകൂർ നാടുകടത്തൽ കേസ്
10. ദില്ലി ദർബാർ
11. നരകത്തിൽ നിന്ന്
12. നായന്മാരുടെ സ്ഥിതി
13. പൗരവിദ്യാഭ്യാസം
14. ബഞ്ചമിൻ ഫ്രാൻക്ലിൻ
15. ബാലബോധിനി
16. ഭാര്യാ ധർമ്മം
17. മന്നന്റെ കന്നത്വം
18. മോഹൻദാസ് ഗാന്ധി
19. രാമകൃഷ്ണീയം
20. വാമനൻ
21. വൃത്താന്തപത്രപ്രവർത്തനം
22. സോക്രട്ടീസ്
23. ക്ഷേത്രഗണിതസാധനപാഠങ്ങൾ

സ്വദേശാഭിമാനി പ്രസാധനം ചെയ്ത പുസ്തകങ്ങൾ

1. അന്യാപദേശമാല
2. ഉദയഭാനു
3. പാറപ്പുറം
4. വേദാന്തസാരം
5. സഭാപ്രവേശം തുള്ളൽ




കണ്ണൂർ പയ്യാമ്പലത്തെ സ്വദേശാഭിമാനി
രാമകൃഷ്ണപിള്ളയുടെ ശവകുടീരം



സ്വദേശാഭിമാനിയുടെ ഭാര്യ
ബി കല്യാണിഅമ്മ



സ്വദേശാഭിമാനിയുടെ മകൾ
ഗോമതി അമ്മ


Fear, Craft and Avarice CANNOT Rear a STATE.—Emerson.

TRAVANCORE

PRESENTED BY

The Malayasia Malayalees

TO

K. RAMAKRISHNA PILLAI, ESQ., B.A.,

(SWADESHABHIMANI.)

IN RECOGNITION OF

HIS CHIVALROUS PATRIOTISM

AND AS A SOUVENIR OF

His deportation (on causes unknown.)

The Malayasia Malayalees.

B. A. (Vanital)


Barrister at-law (Inner Temple)

Advocate & ex-officio Supreme Court.

S. S. & F. M. S.

സ്വദേശാഭിമാനി ബിരുദമുദ്ര

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്ക്
മലേഷ്യ മലയാളികൾ സമ്മാനിച്ച ബിരുദമുദ്ര




സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ വിവാഹക്ഷണപത്രം

7832



സ്വദേശാഭിമാനി
പ്രതിഭാവിലാസം
പി. ഗോവിന്ദപ്പിള്ള



കേരള നവോത്ഥാനചരിത്രത്തിൽ അവിസ്മരണീയ സ്ഥാനം വഹിച്ച സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സംഭാവനകളെ വിലയിരുത്തുന്ന കൃതി. ഒപ്പം ഒരു കാലഘട്ടത്തിന്റെ ചരിത്രവും. തൂലിക പടവാളാക്കി രാജസേവക പ്രഭുത്വത്തിനും അനാചാരങ്ങൾക്കും അനീതികൾക്കും എതിരെ പൊരുതിയ ധീരദേശാഭിമാനിയുടെ വിവിധ വിഷയങ്ങളിലുള്ള പാണ്ഡിത്യത്തിലേക്കും വെളിച്ചം വീശുന്നു.

സിതാര ബുക്സ്
പള്ളിക്കൽ പി.ഒ., കായംകുളം
വില 110 രൂപ